ചെവിയെനിക്കേകണ്ടാ ഭവൽക്കാലം,
ഞാനനാഗതമാം കാലത്തിൻ കവിയുടെ ഗാനമാം!

–അല്ലാമാ ഇഖ്ബാൽ

www.abulhasanalinadwi.org

الی حضرۃ سیدی و شیخی ملاذی و مولائی

حضرۃ مولانا سید ابو الحسن علی الحسنی الندوی

مدّ ظلہ و طوّل اللہ عمرہ

- المترجم الحقیر

عبد الصمد صمدانی

www.abulhasanalinadwi.org

ترجمہ "نقوش اقبال"

അല്ലാമാ ഇഖ്ബാൽ

www.abulhasanalinadwi.org

www.abulhasanalinadwi.org

അല്ലാമാ ഇഖ്ബാൽ

മൗലാനാ സയ്യിദ് അബുൽഹസൻ അലി നദ്‌വി

വിവർത്തനം

അബ്ദുസ്സമദ് സമദാനി

നവോത്ഥാനം പബ്ളിക്കേഷൻസ്
സർഹിന്ദ് നഗർ, കോട്ടക്കൽ.

www.abulhasanalinadwi.org

tittle
allama iqbal
(literature)
original title in urdu
nuqush-e-iqbal
original title in arabic
rawaiu iqbal
written by
hazrat maulana sayyid abul hasan ali nadwi
translated by
abdussamad samadani
published by
navothhanam publications
sirhind nagar, kottakkal- 676 503
malappuram dist, kerala, india
printed at
premier offset prints, calicut
first edition
march 1993
all rights with the publishers
price rs. 50.00.



തന്റെ സ്വന്തം പ്രതീകമായി അല്ലാമാ ഇഖ്ബാൽ തെരഞ്ഞെടുത്തത് 'ജീവനുള്ള നദി' (സിന്ദ്‌റൂദ്)യായിരുന്നു. *ജാവേദ് നാമ*യിൽ അദ്ദേഹം സ്വയം വിശേഷിപ്പിക്കുന്നത് അങ്ങനെയാണ്. കവർചിത്രത്തിലെ ഒഴുകുന്ന അരുവി പ്രസ്തുത പ്രതീകത്തിനു പ്രതിനിധീഭവിക്കുന്നു. ചിന്താനിമഗ്നനായിരിക്കുന്ന ഇഖ്ബാലിന്റെ ചിത്രം ഈ പശ്ചാത്തലത്തോടു ചേരുമ്പോൾ ചിന്തയുടെ പ്രവാഹവും ചിത്രീകരിക്കപ്പെടുന്നു.

കവർ തയ്യാറാക്കിയത്: യൂസുഫ്, ചിത്രാലയ, കോഴിക്കോട്.

www.abulhasanalinadwi.org

സമർപ്പണം

അസംഖ്യം ആളുകളെ അറിവിൻെറ ഉറവകളിലേക്കു നയിച്ച
മൗലാനാ അബ്ദുൽ ഹമീദ് മൗലവി. സാത്വികനായ പണ്ഡിതൻ,
കർമയോഗിയായ വാഗ്മി. ഈ വിനീതനെ ഉർദുഭാഷയുടെയും ഇഖ്ബാൽ
സാഹിത്യത്തിൻെറയും പടിവാതിൽക്കലെത്തിച്ചതും അദ്ദേഹത്തിൻെറ തിരുനോ
ട്ടം തന്നെ. വന്ദ്യഗുരുവും വാത്സല്യപിതാവുമായ അദ്ദേഹത്തിനു
വേണ്ടി പ്രാർഥിക്കണമെന്നു മാന്യവായനക്കാരോട് അപേക്ഷിച്ചു
കൊണ്ട് ഈ വിവർത്തനഗ്രന്ഥം ആ ധന്യസ്മരണയ്ക്കുമുമ്പിൽ
സമർപ്പിച്ചുകൊള്ളുന്നു. അല്ലാഹു അദ്ദേഹത്തെയും നമ്മെയും
അനുഗ്രഹിക്കുമാറാകട്ടെ!

–വിവർത്തകൻ

അങ്ങയുടെ പരിപാലനത്തിൽ കൈവന്നതെനിക്കു താരകത്തിൻ സൗഭാഗ്യം,
എൻ പ്രപിതാക്കളുടെ ഭവനമായീ അഭിമാനത്തിൻ ധനം;
അസ്തിത്വത്തിൻ കാര്യാലയത്തിലെ സുവർണ പുസ്തകമാണങ്ങ്,
ആപാദചൂഡം ദീനിൻെറ, ദുനിയാവിൻെറ പാഠമാണവിടുത്തെ ജീവിതം.
എന്നെ സേവിച്ചു അങ്ങ് ജീവിതകാലമത്രയും,
അങ്ങയെ സേവിക്കാൻ ഞാൻ യോഗ്യനായപ്പോഴോ വിട ചൊല്ലീ അങ്ങ്.
അങ്ങയുടെ ഓർമകളാൽ നിർഭരമെൻ ഹൃദയം,
കഅബയുടെ അന്തരീക്ഷം പ്രാർഥനാനിർഭരമായ പോൽ.
അങ്ങയുടെ ഖബ്റിടത്തിൽ തുഷാരം തളിച്ചീടട്ടെ നീലാകാശം,
ആ വീടു കാത്തീടട്ടെ പ്രകാശമാനമാം പച്ചപ്പടർപ്പുകൾ!

–അല്ലാമാ ഇഖ്ബാൽ

www.abulhasanalinadwi.org

www.abulhasanalinadwi.org

പ്രസാധകക്കുറിപ്പ്

നവോത്ഥാനം പബ്ളിക്കേഷൻസ് തികഞ്ഞ അഭിമാനത്തോടെയും നിറഞ്ഞ ചാരിതാർഥ്യത്തോടെയും മലയാളികൾക്കു നൽകുന്ന സ്നേഹോപഹാരമാണീ പുസ്തകം. ഗ്രന്ഥത്തിനു വിഷയമായ ദാർശനിക മഹാകവിയെയും വിശ്വപ്രശസ്ത പണ്ഡിതനായ ഗ്രന്ഥകാരനെയും നാവുകൊണ്ടും പേനകൊണ്ടും മലയാളികൾക്കു സുപരിചിതനായ വിവർത്തകനെയും പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. അല്ലാമാ ഇഖ്ബാലിനെ കുറിച്ചു കേൾക്കാൻ കാതോർത്തിരിക്കുന്ന കേരളീയർക്ക് ഒരു കൈവല്യം പോലെ ഈ വിശിഷ്ടഗ്രന്ഥം നൽകാൻ കഴിഞ്ഞതു വലിയ കാര്യമായിട്ടാണു ഞങ്ങൾ കരുതുന്നത്.

ഈ പുസ്തകത്തിൻെറ പ്രസാധനത്തിനു പിന്നിൽ പല മാന്യ വ്യക്തികളുടെയും സഹകരണത്തിൻെറ സുഖം ഞങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ട്. പ്രഥമവും പ്രധാനവുമായ കടപ്പാട് മനോഹരമായ മലയാളത്തിലേക്കു പുസ്തകത്തിൻെറ മൊഴിമാററം നിർവഹിച്ചുതന്ന ബഹുഭാഷാ പണ്ഡിതനായ വിവർത്തകനോടു തന്നെ.

കോഴിക്കോട്ടെ പ്രീമിയർ ഓഫ്സെററ് പ്രിൻറ്സ് ഞങ്ങളുടെ തിടുക്കം കണക്കിലെടുത്തു വളരെ പെട്ടന്നാണ് അച്ചടി തീർത്തുതന്നത്. പുസ്തകത്തിനും അതിൻെറ വിഷയത്തിനും ചേർന്ന മാതിരി മികവുററ രീതിയിലാണ് അവർ അതു നിർവഹിച്ചത്. അവരോടുള്ള ഞങ്ങളുടെ കൃതജ്ഞത നിസ്സീമമാണ്.

പുസ്തകത്തിൻെറ മുഖകാന്തി ആകർഷകമാക്കിയ 'ചിത്രാലയ'യിലെ കലാകാരനായ മി. യൂസുഫിനോടു ഞങ്ങൾക്കു പ്രത്യേകം നന്ദിയുണ്ട്.

സമയക്കുറവുകാരണം ധൃതിപിടിച്ചാണ് ഒടുക്കത്തെ മിനുക്കു പണികളെല്ലാം ചെയ്തത്. പ്രത്യേകിച്ചും, പ്രൂഫ് റീഡിംഗ് വളരെ തിരക്കിട്ടാണു ചെയ്തു തീർത്തത്. അതിൻെറ ക്ഷീണങ്ങൾ ലിപികൾക്കിടയിൽ കണ്ടേക്കാം.

മലയാളത്തിലെ ഇഖ്ബാൽവിജ്ഞാനശാഖയെ പുഷ്ടിപ്പെടുത്താൻ ഈ പുസ്തകത്തിനു സാധിക്കുമെന്ന് ഉറപ്പുണ്ട്.

വായനക്കാർക്ക് 'അല്ലാമാ ഇഖ്ബാലി'ലേക്കു സ്വാഗതം!

–നവോത്ഥാനം പബ്ളിക്കേഷൻസ് പ്രവർത്തകർ

www.abulhasanalinadwi.org

www.abulhasanalinadwi.org

വിവർത്തകക്കുറിപ്പ്

അല്ലാഹുവിൻെറ തിരുനാമത്തിൽ.....

പുണ്യറസൂൽ മുഹമ്മദ് മുസ്തഫാ തിരുമേനി(സ)യുടെയും തിരുകുടുംബത്തിൻെറയും അനുചരൻമാരുടെയും മേൽ അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ!

അല്ലാമാ ഇഖ്ബാലിനെ അധികരിച്ചു വിശ്വപ്രശസ്ത പണ്ഡിതനായ മൗലാനാ സയ്യിദ് അബുൽഹസൻ അലി നദ്‌വിസാഹിബ് രചിച്ച ഗ്രന്ഥം ഇഖ്ബാൽസാഹിത്യരംഗത്തു പുകൾപെററതാണ്. *റവാഇഉ ഇഖ്ബാൽ* എന്ന പേരിൽ അറബിയിൽ വിരചിതമായ ഈ കൃതിയും വിവിധ ഭാഷകളിലുള്ള അതിൻെറ തർജമകളും ഇതിനകം ലോകത്തങ്ങോളം ഒട്ടനവധി പേരെ ആകർഷിക്കുകയുണ്ടായി. മാന്യവായനക്കാരുടെ കൈയിലിരിക്കുന്ന മലയാള വിവർത്തനത്തിൻെറ പ്രസിദ്ധീകരണത്തോടെ കേരളത്തിലെ ഇഖ്ബാൽതല്പരരുടെ വലിയൊരു മോഹമാണു പൂവണിയുന്നത്.

ഈ ദൗത്യം ശ്രമകരമായിരുന്നു. ദാർശനികനായ വിശ്വമഹാകവി അല്ലാമാ ഇഖ്ബാലിനെ സംബന്ധിച്ച ഒരു പുസ്തകം പരിഭാഷപ്പെടുത്തുമ്പോൾ സ്വാഭാവികമായും ഉയർന്നുവരുന്ന കുറെ പ്രശ്നങ്ങളുണ്ട്. കവിതകളുടെ മൊഴിമാററം തന്നെ പ്രധാനം. ഏതൊരു കവിയുടെ രചനയും ഒരു ഭാഷയിൽ നിന്നു മറ്റൊരു ഭാഷയിലേക്കു പറിച്ചു നടുമ്പോൾ പലപ്പോഴും അതിൻെറ മൂല്യവും മൗലികതയും വലിയൊരളവോളം നഷ്ടപ്പെടുന്നുവെന്നതിൽ പക്ഷാന്തരമില്ല. ഇഖ്ബാലിനെപ്പോലെ ദാർശനിക സങ്കീർണതകൾ കവിതയ്ക്കു വിഷയമാക്കിയ ഒരു സാഹിത്യസാമ്രാട്ടിൻെറ സൃഷ്ടികളാവുമ്പോൾ പ്രയാസം ഇരട്ടിക്കുന്നു. അതിനും പുറമെയാണു ഭാഷാന്തരം ഉർദു, പേർഷ്യൻ ഭാഷകളിൽ നിന്നും മലയാളത്തിലേക്കാവുമ്പോൾ നേരിടേണ്ടിവരുന്ന വിഷമസന്ധികൾ. നമ്മുടെ മാതൃഭാഷയ്ക്കു ഒട്ടും പരിചയമില്ലാത്ത സങ്കേതങ്ങളുമായുള്ള സമരത്തിൽ ജയിക്കുക അത്ര എളുപ്പമല്ല. അക്ഷരങ്ങളിൽ തുടങ്ങുന്ന അന്തരം ആശയങ്ങളുടെ ലോകത്തേക്കു നീണ്ടുപോവുന്നതാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ വേണം ഈ വിവർത്തനകൃതിയെ നോക്കിക്കാണാൻ.

പദ്യത്തിലും ഗദ്യത്തിലും ആശയവിവർത്തനത്തെയും പദാനുപദ പരിഭാഷയെയും സമന്വയിപ്പിക്കുന്ന സമീപനമാണു സ്വീകരിച്ചിട്ടുള്ളത്.

www.abulhasanalinadwi.org

മഹാകവിയുടെയും ഗ്രന്ഥകാരന്റെയും ഉദ്ദേശ്യത്തെ അതിന്റെ തനതായ രീതിയിൽ വായനക്കാരെ അറിയിക്കാനുള്ള ശ്രമമെന്നു വേണമെങ്കിൽ ഈ ശൈലിയെ വിശേഷിപ്പിക്കാം. ആശയം അനായാസമായി ഗ്രഹിക്കാൻ സാധിക്കുന്നതോടൊപ്പം മൂലകൃതിയോടും മഹാകവിയുടെ കവിതകളോടും പരമാവധി കൂറുകാണിക്കാനും ഈ രീതിയാണു കരണീയമായി കണ്ടത്. ദുർഗ്രഹതയ്ക്കെതിരെ ജാഗ്രത പുലർത്താൻ ശ്രമിച്ചിട്ടുണ്ട്. സാധാരണക്കാരായ വായനക്കാരെ മുന്നിൽ കണ്ടുകൊണ്ടു ലളിതമായ വിവർത്തനത്തിനാണു മുൻതൂക്കം നൽകിയത്.

മൂലഗ്രന്ഥത്തിന്റെ ഉർദുപതിപ്പായ *നുഖൂശെ ഇഖ്ബാലി*നെയാണു വിവർത്തനത്തിന് അടിസ്ഥാനമാക്കിയത്. ഇംഗ്ളീഷ് പരിഭാഷയിൽ മൂലകൃതിയുടെ ചില ഭാഗങ്ങൾ കാണാനില്ല. ഏററവും പുതിയ അറബി, ഉർദു പതിപ്പുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള അവസാനത്തെ അധ്യായവും ഇംഗ്ളീഷു പരിഭാഷയിലില്ല. ഈദൃശകാരണങ്ങളാൽ ഇംഗ്ളീഷ് വിവർത്തനത്തെ ആശ്രയിക്കാൻ മുതിർന്നിട്ടില്ല. ഉർദുവിവർത്തനം ഗ്രന്ഥകാരന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നിർവഹിക്കപ്പെട്ടതാണെന്നതും അതിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. ഗ്രന്ഥകാരൻ പൂർണമായും പരിശോധിച്ച ശേഷമാണു *നുഖൂശെ ഇഖ്ബാൽ* പ്രസിദ്ധീകരിക്കുകയുണ്ടായത്. *നുഖൂശി*ന്റെ ഏററവും പുതിയ(ആറാം)പതിപ്പാണു മലയാള വിവർത്തനത്തിനാധാരം.

ഗ്രന്ഥകർത്താവിന്റെതല്ലാത്ത ചില ഭാഗങ്ങൾ ഉർദു തർജമയിൽ കടന്നുകൂടിയതു മലയാള പരിഭാഷയിൽ ഉൾപെടുത്തിയിട്ടില്ല. സ്വന്തം വകയായി അധ്യായങ്ങൾ കൂട്ടിച്ചേർക്കുകയും ഗ്രന്ഥകാരന്റെ അധ്യായങ്ങൾക്കു സാമാന്യം ദീർഘമായ കുറിപ്പുകൾ അനുബന്ധമായി എഴുതുകയും ചെയ്ത ഉർദു വിവർത്തകന്റെ സംഭാവനകളുടെ മൂല്യം കുറച്ചുകണ്ടില്ലെങ്കിലും അവ കൃതിയുടെ മൗലികതയെയും ശാസ്ത്രീയതയെയും ബാധിക്കുമെന്നു തോന്നി.

ഇഖ്ബാലിന്റെ ജീവിതവും സാഹിത്യവും ദർശനവും പരിചയപ്പെടുത്തുകയാണ് ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം. അതായത്, ഇഖ്ബാലിനെ സംബന്ധിച്ച പൊതുവായ പഠനത്തിനാണ് ഇതിൽ പ്രാമുഖ്യം നൽകിയിട്ടുള്ളത്. അതുകൊണ്ടു താരതമ്യേന അപ്രധാനങ്ങളായ ചെറിയ കവിതകളെ കുറിച്ചുള്ള ഭാഗങ്ങൾ ഈ പൊതുസ്വഭാവത്തിനു ചേരുന്നവയല്ല. അതിനാൽ അവ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ മഹാകവിയുടെ

www.abulhasanalinadwi.org

മാസ്ററർ പീസുകളെന്നുപോലും വിശേഷിപ്പിക്കപ്പെടുന്നവയടക്കമുള്ള പ്രശസ്തമായ കവിതകളെ വിശകലനം ചെയ്യുന്ന അധ്യായങ്ങൾതന്നെ ഈ പുസ്തകത്തിലുണ്ടെന്നത് എടുത്തുപറയേണ്ട സവിശേഷതയാണ്. *ജാവേദ് നാമ:, അർമുഗാനെ ഹിജാസ്, മസ്ജിദെ ഖുർതുബ:, മഥ്നവീ മുസാഫിർ, ഇബ്ലീസ് കീ മജ്ലിസെ ശൂറ* എന്നിവ ഉദാഹരണങ്ങൾ. ഇവയത്രയും വിവർത്തനത്തിലും വായിക്കാവുന്നതാണ്.

ഗ്രന്ഥരൂപത്തിൽ എഴുതിയതല്ല ഈ കൃതി എന്നോർക്കേണ്ടതുണ്ട്. ഗ്രന്ഥകാരൻ പലപ്പോഴായി തയ്യാറാക്കിയ പ്രഭാഷണങ്ങളും പ്രബന്ധങ്ങളും ക്രോഡീകരിച്ചു പ്രസിദ്ധീകരിച്ചതാണു മൂലകൃതി. അതിൻെറതായ പ്രത്യേകതകൾ പുസ്തകത്തിലുടനീളം ദൃശ്യമാണ്. ഒരു സവിശേഷത ചില സ്ഥലങ്ങളിലെ ആവർത്തനങ്ങളുടെതാണ്. ഒരേ കവിതതന്നെ വ്യത്യസ്തമായ പശ്ചാത്തലങ്ങളിൽ ഉദ്ധരിക്കപ്പെട്ടതായി കാണാം. മൂലകൃതിയോടു നീതി പുലർത്താൻ വേണ്ടി അത്തരം ആവർത്തനങ്ങൾ പലതും വിവർത്തനത്തിലും നിലനിർത്തുകയാണു ചെയ്തത്. എന്നാൽ ഒന്നുരണ്ടു സ്ഥലങ്ങളിൽ അനൗചിത്യവും അഭംഗിയും കടന്നുവരാതെ തന്നെ ചില ആവർത്തനങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞു.

അറബികളെ അഭിസംബോധന ചെയ്തുകൊണ്ടാണ് അറബി ഭാഷയിൽ മൂലകൃതിയുടെ രചന. അതിൻെറതായ സ്വാധീനത്തിൻെറ അടയാളങ്ങൾ പുസ്തകത്തിൽ ചിലേടങ്ങളിൽ കണ്ടേക്കാമെങ്കിലും അറബികൾക്കും അനറബികൾക്കും ഒരുപോലെ പഠനാർഹമാണത്. പ്രധാനമായും ഇഖ്ബാലിൻെറ ഇസ്ലാമിക സന്ദേശത്തിനാണു ഗ്രന്ഥകർത്താവ് ഊന്നൽ നൽകിയിട്ടുള്ളത്. അതു തന്നെയാണല്ലോ മഹാകവിയുടെ മുഖ്യസന്ദേശവും.

മൂലപുസ്തകത്തിൻെറ പുതിയ പതിപ്പുകളിൽ കാണപ്പെടുന്ന മദീനാ പ്രഭാഷണം മലയാള വിവർത്തനത്തിൻെറ അവസാനത്തെ അധ്യായമായി ചേർത്തിട്ടുണ്ട്. ഇംഗ്ളീഷ് പരിഭാഷയിൽ ഇല്ലാത്ത ഈ ഭാഗം ഉൾപ്പെടുത്തണമെന്ന് അഭിവന്ദ്യനായ ഗ്രന്ഥകാരൻ പ്രത്യേകം നിർദേശിച്ചിരുന്നു. ഇംഗ്ളീഷ് വിവർത്തനത്തിൽ മദീനാ പ്രഭാഷണം ഇല്ലെന്നതു ശ്രദ്ധേയമാണ്. ഈ അധ്യായം ഉൾപ്പെടുത്തിയതോടെ മലയാള വിവർത്തനത്തിനായി ഗ്രന്ഥകാരൻെറ പ്രത്യേക കുറിപ്പിൻെറ ആവശ്യമില്ലാതായി. *റവാഇഉ ഇഖ്ബാൽ* വർഷങ്ങൾക്കുമുമ്പു പ്രസിദ്ധീകരിച്ചതാകയാൽ ഗ്രന്ഥകർത്താവിൻെറ ഏതെങ്കിലും ഒരു പുതിയ സംഭാവന പുസ്തകത്തിലുണ്ടാവ

www.abulhasanalinadwi.org

ണമെന്നു കരുതിയായിരുന്നു അത്തരമൊരു കുറിപ്പിൻെറ ആവശ്യകത യെപ്പററി ചിന്തിച്ചത്. എന്നാൽ അടുത്തകാലത്തു ചെയ്ത മദീനാ പ്രഭാഷണത്തോടെ അതിൻെറ പ്രസക്തി ഇല്ലാതായി.

പുസ്തകം വായനക്കാർക്കു പരമാവധി പ്രയോജനകരമായിത്തീരാനും ആവശ്യമുള്ളിടത്തു വിശദീകരണങ്ങൾ നൽകാനും വേണ്ടി വിവർത്തകൻ സ്വന്തമായി അടിക്കുറിപ്പുകൾ ചേർത്തിട്ടുണ്ട്. അല്ലാമാ ഇഖ്ബാലിൻെറ ജീവിതത്തെയും സാഹിത്യസംഭാവനകളെയും സംബന്ധിച്ച പ്രാഥമികമായ വിവരങ്ങൾ അന്വേഷിക്കുന്നവർക്ക് ഇവ സഹായകമാകുമെന്നാണു പ്രതീക്ഷ. ഇസ്ലാമിക ദർശനത്തെ പരിചയമുള്ള വായനക്കാർക്കു സാധാരണമായി തോന്നാവുന്ന ഇസ്ലാമിക ശബ്ദങ്ങൾക്കു പോലും അടിക്കുറിപ്പുകൾ നൽകിയിരിക്കുന്നു. മററുള്ള വായനക്കാരെ പരിഗണിച്ചാണ് അങ്ങനെ ചെയ്തിട്ടുള്ളത്.

പ്രാർഥനാവചനങ്ങളുടെ ചുരുക്കമായി ഇസ്ലാമിലെ മഹത്തുക്കളുടെ പേരിനോടൊപ്പം ബ്രാക്കററിൽ കൊടുത്തിട്ടുള്ള 'അ', 'റ', 'ക' തുടങ്ങിയ അക്ഷരങ്ങൾ മൂലകൃതിയിൽ തന്നെ ഉള്ളതാണ്. മൂലകൃതിയിൽ ചേർക്കാത്ത സ്ഥലങ്ങളിൽ വിവർത്തനത്തിലും ചേർത്തിട്ടില്ല.

ഈ സംരംഭത്തിൽ സഹായിച്ചവർ പലരുണ്ട്. സമകാലിക ലോകത്തെ അത്യുന്നത ഇസ്ലാമിക പണ്ഡിതനായ നമ്മുടെ ഗ്രന്ഥകാരൻ മൗലാനാ സയ്യിദ് അബുൽഹസൻ അലി നദ്‌വിസാഹിബ് മുതൽ കേരളത്തിലെ ഇഖ്ബാൽപ്രേമികളും ഉർദുഭാഷാ തൽപരരുമടങ്ങുന്ന സുഹൃത്തുക്കൾവരെ നീണ്ടുപോകുന്നതാണ് അവരുടെ പട്ടിക. അവരുടെയൊക്കെ പിന്തുണയും പ്രോത്സാഹനവും പുസ്തകരൂപത്തിലാക്കി അവരെ തിരിച്ചേൽപ്പിക്കുകയാണെന്നു പറയുമ്പോൾ ഈ എളിയവൻെറ ഹൃദയം കൃതജ്ഞതകൊണ്ടു നിറയുന്നു.

കൂട്ടത്തിൽ എടുത്തുപറയേണ്ട ഒരാളുണ്ട്. സാഹിത്യകുതുകിയും ഇഖ്ബാലിൻെറ ജിജ്ഞാസുവായ ആസ്വാദകനുമായ സ്നേഹസഹോദരൻ അബ്ദുറസാഖ്, കാതിയോട്. വാമൊഴികൾ വരമൊഴികളാക്കുക മാത്രമല്ല, വിവർത്തകൻെറ ഹൃദയത്തോടൊപ്പം സ്വന്തം ആത്മാവുമായി സഞ്ചരിക്കുകയായിരുന്നു അബ്ദുറസാഖ്. ഈ പുസ്തകത്തിലെ ഓരോ അക്ഷരത്തിനും റസാഖിനെ അറിയാമെന്ന ആത്മഗതം മാത്രം നന്ദി!

സമാദരണീയനായ ഗ്രന്ഥകാരൻ വിവർത്തനകൃത്യം ഈ വിനീതനെ ഏൽപിച്ചതു [illegible]ങ്ങൾക്കുമുമ്പാണ്. പ്രധാനമായും പ്രസംഗപ്പാ

www.abulhasanalinadwi.org

ച്ചിൽ കാരണമായിട്ടാണ് അത് ഇത്രയും നീണ്ടുപോയത്. പിന്നീട് ഈയിടെ ബോംബെയിലും ലഖ്നോവിലും വച്ചു കണ്ടപ്പോൾ അദ്ദേഹം വിവർത്തനത്തെക്കുറിച്ചു വാത്സല്യപൂർവം അന്വേഷിക്കുകയും വീണ്ടും നിർബന്ധിക്കുകയും ചെയ്തു. അങ്ങനെ ആ യാത്ര കഴിഞ്ഞു വന്നപാടെ രണ്ടും കൽപിച്ചു ഭാഷാന്തരം ആരംഭിച്ചു. കൃത്യാന്തരബാഹുല്യം ഇടയ്ക്കു തടസ്സങ്ങൾ സൃഷ്ടിച്ചുവെങ്കിലും അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഈ വർഷത്തെ റമദാൻ അവസാനിക്കുന്നതിനു മുമ്പു പ്രസിദ്ധീകരിക്കണമെന്ന ആഗ്രഹം പൂർത്തീകരിക്കാൻ സാധിച്ചു. സകല സ്തുതിയും മുഴുവൻ നന്ദിയും അല്ലാഹുവിനാകുന്നു.

ഒരു കന്നിക്കാരൻ സമർപ്പിക്കുന്ന കാണിക്കയാണു വന്ദ്യരായ വായനക്കാരുടെ കൈയിലിരിക്കുന്ന ഈ വിവർത്തനപുസ്തകം. ഈ വിനീത വിവർത്തകൻ ലേഖനങ്ങൾ നിരവധി എഴുതിയിട്ടുണ്ടെങ്കിലും ഒരു പുസ്തകത്തിൻമേൽ കൈവയ്ക്കുന്നത് ആദ്യമായിട്ടാണ്. പ്രസംഗങ്ങൾ നിരവധി പരിഭാഷപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു പുസ്തകം പരിഭാഷപ്പെടുത്തുന്നതും ആദ്യം. കുററമററതാണെന്ന അവകാശവാദം ഒട്ടുമില്ല. പക്ഷേ, വിധി പറയേണ്ടതും പൊററുക്കേണ്ടതും വായനക്കാരാണല്ലൊ. കിഴക്കും പടിഞ്ഞാറും വെട്ടിത്തിളങ്ങുന്ന അല്ലാമാ ഇഖ്ബാലിൻെറ സൗഭാഗ്യതാരകം പ്രസരിപ്പിക്കുന്ന സുവർണ വെളിച്ചം മലയാളത്തിൻെറ വിഹായസ്സിലേക്കു ഇനിയും വേണ്ടത്ര കടന്നുവന്നിട്ടില്ല. മഹനീയമായ ശ്രമങ്ങൾ അനവധി നടത്തപ്പെടേണ്ട ഈ രംഗത്തു ചെറുതെങ്കിലുമായ ഒരു സംഭാവന അർപ്പിക്കാൻ ഈ സംരംഭത്തിനു സാധിച്ചാൽ, അങ്ങനെ ഈ പുസ്തകത്തിന് ഇഖ്ബാൽസാഹിത്യത്തിൻെറ സുന്ദരമായ മണിമാളികയിലേക്ക് ഒരു കൊച്ചു കിളിവാതിലെങ്കിലും തുറന്നുവയ്ക്കാൻ കഴിഞ്ഞാൽ ഇതിൻെറ വായനക്കാരോടൊപ്പം വിവർത്തകനും അഭിമാനത്തിനു വകയുണ്ടായേക്കും.

"ഭഗ്നാശനല്ല ഇഖ്ബാൽ,
തൻെറ ശൂന്യമാം കൃഷിപ്പാടങ്ങളെ ചൊല്ലി;
മണ്ണോ ഫലഭൂയിഷ്ഠം,
ഒരു തുള്ളി മഴകൂടി, ഹേ, സാഖി!"

—അല്ലാമാ ഇഖ്ബാൽ

മസ്ജിദുൽ മുജദ്ദിദ്,
സർഹിന്ദ് നഗർ, കോട്ടക്കൽ,
3-3-1993 (1413 റമദാൻ 10).

അബ്ദുസ്സമദ് സമദാനി

www.abulhasanalinadwi.org

www.abulhasanalinadwi.org

അധ്യായങ്ങൾ

1.	ഇഖ്ബാലു(റ)മായി എൻെറ ബന്ധം	19
2.	സേവനങ്ങൾ, സംഭാവനകൾ	33
3.	ഇഖ്ബാലിൻെറ വ്യക്തിത്വരൂപീകരണം	43
4.	പാശ്ചാത്യ സംസ്കൃതി	62
5.	ആധുനിക ബോധനശാസ്ത്രം	75
6.	കല, ദർശനം, ശാസ്ത്രം	86
7.	പൂർണപുരുഷൻ	92
8.	പിശാചിൻെറ ഉപദേശകസമിതി	107
9.	അറബികളോട്	116
10.	കൊർദോവയിലെ മസ്ജിദ്	125
11.	അബൂജഹലിൻെറ വിലാപം	138
12.	ജമാലുദ്ദീൻ അഫ്ഗാനിയുടെ കൂടെ	145
13.	പ്രവാചക സന്നിധിയിൽ	153
14.	ചരിത്രവീക്ഷണം	168
15.	കലാ സാഹിത്യങ്ങൾക്കു പുതിയ മുഖം	186

www.abulhasanalinadwi.org

www.abulhasanalinadwi.org

1

ഇഖ്ബാലു(റ)മായി എൻെറ ബന്ധം

ഇഖ്ബാൽകവിത പ്രശസ്തിയുടെ ഉച്ചകോടിയിൽ എത്തിനിൽക്കുമ്പോഴായിരുന്നു എൻെറ ബാല്യകാലവളർച്ച. തൻെറ കാലഘട്ടത്തെ സ്വാധീനിക്കുന്ന കാര്യത്തിൽ മറ്റൊരു കവിക്കും സാഹിത്യകാരനും സമാർജിക്കാൻ കഴിയാത്ത നേട്ടമാണ് ഇഖ്ബാൽ കൈവരിച്ചത്. അതുകൊണ്ടു തന്നെ, ചെറുപ്പകാലം തൊട്ടെ ഞാൻ അദ്ദേഹത്തിൽ ആകൃഷ്ടനായതിലും പിൽക്കാലത്ത് എൻെറ വിഷയമായി അദ്ദേഹത്തെ തെരഞ്ഞെടുത്തതിലും അദ്ഭുതത്തിന് അവകാശമില്ല.

ഇഖ്ബാലിനെ ഇഷ്ടപ്പെടുന്നതിനു പല കാരണങ്ങളുണ്ടാകാം. ഓരോ വ്യക്തിയുടെയും ഇഷ്ടത്തിന് അതിൻെറതായ ന്യായങ്ങളുമുണ്ടായേക്കാം. നാം കവിതയെ നമ്മുടെ തന്നെ സ്വപ്നസങ്കല്പങ്ങളുടെ ആവിഷ്കാരമായും സ്വന്തം ഹൃദയത്തിൻെറ ഭാഷയായും കാണുന്നു. മനുഷ്യനാകട്ടെ, മൗലികമായി വളരെയേറെ സ്വയംകേന്ദ്രീകൃതനും അഹംപ്രത്യയവാദിയുമായിട്ടാണി

നിര്യാണം പ്രാപിച്ച മഹത്തുക്കളുടെ പേരിനോടൊപ്പം ആദരസൂചകമായി പ്രയോഗിക്കപ്പെടുന്ന 'റഹ്മതുല്ലാഹി അലൈഹി' (അല്ലാഹുവിൻെറ അനുഗ്രഹം അദ്ദേഹത്തിനു മേൽ ഉണ്ടാകട്ടെ!) എന്ന വാചകത്തെ സൂചിപ്പിക്കുന്ന 'റ' ഉർദു കൃതിയിൽ ചില അധ്യായങ്ങളിലെ തലവാചകത്തിൽ ഇഖ്ബാലിൻെറ പേരിനോടൊപ്പം ചേർത്തിരിക്കുന്നു. -- വിവ.

www.abulhasanalinadwi.org

രിക്കുന്നത്. അവൻെറ ഇഷ്ടാനിഷ്ടങ്ങളുടെയും ആശയാഭിലാഷങ്ങളുടെയും കേന്ദ്രം ഒരു വലിയ പരിധി വരെ അവൻെറ തന്നെ സ്വത്വമത്രെ. അതിനാൽ തൻെറ വികാരവിചാരങ്ങളെ പ്രതിഫലിപ്പിക്കുന്നതെന്തും അവനെ ആകർഷിക്കുന്നു. ഈ പൊതുനിയമത്തിൽ നിന്നു ഞാൻ എന്നെയും ഒഴിവാക്കുന്നില്ല. ഇഖ്ബാൽകവിതയെ ഞാൻ ഇഷ്ടപ്പെടുന്നത്, അത് എൻെറ താൽപര്യത്തിൻെറ മാനദണ്ഡം പൂർണമായും പാലിക്കുകയും എൻെറ അനുഭവങ്ങളെയും അനുഭൂതികളെയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതു കൊണ്ടാണ്. അത് എൻെറ ചിന്തയോടും വിശ്വാസത്തോടും ഒരേ രാഗത്തിൽ യോജിക്കുക മാത്രമല്ല, പലപ്പോഴും എൻെറ ചേതനയോടും ഭാവനയോടും ഒരേ താളത്തിൽ മേളിക്കുകയും ചെയ്യുന്നു.

ഇഖ്ബാലിൻെറ കലയിൽ എനിക്കു താല്പര്യം തോന്നാനിടയാക്കിയതു പ്രധാനമായും തൻെറ സമകാലികരിലൊന്നും ദൃശ്യമാകാത്ത വിധം അദ്ദേഹത്തിൻെറ കവിതയിലും സന്ദേശത്തിലും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള ഉന്നതമായ തൃഷ്ണ, സ്നേഹം, വിശ്വാസം എന്നിവയാണ്. എൻെറ തന്നെ പ്രകൃതത്തിലും മനോഭാവത്തിലും ഈ മൂന്നു കാര്യങ്ങൾ അലിഞ്ഞുചേർന്നതായി എനിക്ക് അനുഭവപ്പെടാറുണ്ട്. അഗാധമായ അഭിവീക്ഷണവും അദമ്യമായ അഭിവാഞ്ഛയും പുലർത്തുകയും ഇസ്ലാമികനവോത്ഥാനത്തിൻെറ പ്രബോധനം നിർവഹിക്കുകയും പ്രപഞ്ചാധിനിവേശത്തിനും സ്വത്വങ്ങളുടെയും ചക്രവാളങ്ങളുടെയും വികാസത്തിനും വേണ്ടി ത്രസിക്കുകയും സ്നേഹത്തിൻെറയും സഹാനുഭൂതിയുടെയും വികാരങ്ങൾ വളർത്തുകയും ആദർശപരമായ ആവേശം ഉണർത്തുകയും വിശുദ്ധപ്രവാചകതിരുമേനി(സ)യുടെ മഹത്വത്തിലും അവിടുന്നു നൽകിയ സന്ദേശത്തിൻെറ സാർവലൗകികതയിലും സാർവകാലികതയിലും വിശ്വാസം സൃഷ്ടിക്കുകയും ചെയ്യുന്ന ഏതു സാഹിത്യവും എന്നെ സ്പർശിക്കാറുണ്ട്.

എൻെറ ആഭിമുഖ്യത്തിനു കാരണം ഇവയാണ്. ഇഖ്ബാൽ ഉയർന്ന ഉൾക്കാഴ്ചയുടെയും സ്നേഹത്തിൻെറയും വിശ്വാസത്തിൻെറയും കവിയാണ്. അദ്ദേഹത്തിൻെറ പക്കൽ ഒരു ദർശനവും സന്ദേശവുമുണ്ട്. ഇഖ്ബാൽ പാശ്ചാത്യ സംസ്കാരത്തിൻെറ കലാപകാരിയായ വിമർശകനാണ്. അദ്ദേഹം ഇസ്ലാമിൻെറ ഗതകാലമാഹാത്മ്യത്തെയും മുസ്ലിംകളുടെ ഭൂതകാല സൗഭാഗ്യത്തെയും സംബന്ധിച്ച് ഏറെ ചിന്താകുലനത്രെ. സങ്കുചിതദേശീയതയുടെ ശക്തനായ എതിരാളിയും മാനവികതയുടെയും ഇസ്ലാമികതയുടെയും ഏറ്റവും വലിയ പ്രബോധകനുമാണ് അദ്ദേഹം.

ഞാൻ ബാല്യകാലത്തു തന്നെ ഇഖ്ബാൽകവിത പഠിക്കാൻ തുടങ്ങിയിരുന്നു. ചില കവിതകൾ അറബിയിലേക്കു ഭാഷാന്തരം ചെയ്യുന്നതിനായി

www.abulhasanalinadwi.org

ശ്രമിക്കുകയും ചെയ്തിരുന്നു. പക്ഷേ, യഥാർഥത്തിൽ അക്കാലത്തു ഞാൻ *ബാങ്കെ ദറാ*[1] മാത്രമെ വായിച്ചിരുന്നുള്ളൂ. അദ്ദേഹത്തിൻെറ പേർഷ്യൻ സമാഹാരങ്ങൾ പുറത്തിറങ്ങിയിരുന്നുവെങ്കിലും ഞാൻ അവ ആസ്വദിച്ചിരുന്നില്ല.

ഞാൻ ആദ്യമായി ഇഖ്ബാലിനെ കണ്ടത് 1929 ലാണ്. അന്ന് എനിക്കു പതിനാറു വയസ്സുണ്ടായിരുന്നു. വിജ്ഞാനത്തിൻെറയും സംസ്കാരത്തിൻെറയും നഗരമായ ലാഹോറിലേക്കുള്ള എൻെറ യാത്രക്കിടയിലായിരുന്നു കൂടിക്കാഴ്ച. മെയ് മാസത്തിൻെറ അവസാനത്തിലെ ചുട്ടുപൊള്ളുന്ന ഒരു ദിവസമായിരുന്നു അത്. പഞ്ചാബ് യൂണിവേഴ്സിറ്റിയിലെ ഇസ്ലാമിക വിഷയങ്ങളുടെ പ്രൊഫസർ ഡോക്ടർ അബ്ദുല്ലാഹ് ചുഗ്താഈ എന്നെ ഇഖ്ബാലിൻെറ അടുത്തു കൊണ്ടുപോവുകയും അദ്ദേഹത്തിൻെറ കവിതകളുടെ അനുരാഗി എന്ന നിലയിൽ എന്നെ പരിചയപ്പെടുത്തുകയും ചെയ്തു. ഡോ. ചുഗ്താഈ എൻെറ പിതാവു മർഹൂം മൗലാനാ ഹകീം സയ്യിദ് അബ്ദുൽ ഹയ്യ് ഹസനി[2](റ)യെയും സംസാരമധ്യെ അനുസ്മരിച്ചു. ആയിടെ പ്രസിദ്ധീകൃതമായ തൻെറ അമൂല്യകൃതി *ഗുലെ റഅ്ന*[3]യുടെ പേരിൽ പിതാവിനെ ഇഖ്ബാലും മറ്റു സാഹിത്യകാരൻമാരും നിരൂപകൻമാരും അറിയുമാ

---

1. *ബാങ്കെ ദറാ* = ഒട്ടകസംഘത്തിൻെറ വിളിയാളം.

ഇഖ്ബാലിൻെറ പ്രസിദ്ധമായ ഉർദുകാവ്യസമാഹാരം. 1924ൽ പ്രസിദ്ധീകൃതമായി. സാധാരണക്കാർക്കിടയിൽ ഇഖ്ബാലിനെ ഒരു ലഹരിയാക്കിത്തീർക്കുന്നതിൽ ഈ കൃതി വഹിച്ചിട്ടുള്ള പങ്കു നിസ്തുലമാണ്. നിരന്തരമായി ഉദ്ധരിക്കപ്പെടുകയും ആളുകളുടെ ചുണ്ടിൽ എപ്പോഴും തത്തിക്കളിക്കുകയും ചെയ്യുന്ന ഇഖ്ബാൽകവിതകളിൽ നല്ലൊരു ഭാഗം ഇതിൽ നിന്നുള്ളതാണ്. പ്രധാനമായും ആദ്യകാലകവിതകളാണ് ഇതിൽ അടങ്ങിയിട്ടുള്ളത്. അതുകൊണ്ടു തന്നെ, ദേശീയതയുമായി ബന്ധപ്പെട്ട കവിതകൾ അധികവും ഈ കൃതിയിലാണുള്ളത്. ലാഹോറിലെ അൻജുമൻ ഹിമായത്തെ ഇസ്ലാമിൻെറ വാർഷിക സമ്മേളനങ്ങളിൽ മഹാകവി പാരായണം ചെയ്ത് അവതരിപ്പിക്കുക വഴി പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയ സൃഷ്ടികളും ഈ സമാഹാരത്തിൻെറ സവിശേഷതയത്രെ. – വിവ.

2. പണ്ഡിതനും ചരിത്രകാരനും ആയിരുന്ന മൗലാനാ സയ്യിദ് അബ്ദുൽ ഹയ്യ് സാഹിബ് (1869 - 1923) ലഖ്നോവിലെ ദാറുൽ ഉലൂം നദ്‌വതുൽ ഉലമയുടെ റെക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. *നുസ്ഹതുൽ ഖവാതിർ, അഥഖാഹതുൽ ഇസ്ലാമിയ: ഫിൽഹിന്ദ്, യാദെ അയ്യാം, ഗുലെ റഅ്ന* തുടങ്ങി അറബിയിലും ഉർദുവിലും കനപ്പെട്ട രചനകൾ നിർവഹിച്ചു. മൗലാനാ അബ്ദുൽ ഹയ്യ് സാഹിബിൻെറ സാഹിതീസേവനങ്ങളെ സംബന്ധിച്ച ഗവേഷണ പ്രബന്ധത്തിൻെറ പേരിലാണു കാലിക്കറ്റ് യൂണിവേഴ്സിറ്റി, പ്രമുഖ അറബി, ഉർദുപണ്ഡിതൻ ഡോക്ടർ സയ്യിദ് ഖുദ്റതുല്ലാഹ് ഹസനി ബാഖവിക്കു ഡോക്ടറേറ്റു നൽകിയത്. കൂടാതെ, പിതാവിനെ കുറിച്ചു രണ്ടാമത്തെ മകനായ മൗലാനാ സയ്യിദ് അബുൽഹസൻ അലി നദ്‌വിയും ഒരു പുസ്തകം എഴുതിയിട്ടുണ്ട്. മൂത്തമകൻ മൗലാനാ ഡോക്ടർ സയ്യിദ് അബ്ദുൽ അലി സാഹിബ്(റ) പണ്ഡിതനും ഭിഷഗ്വരനുമായിരുന്നു. — വിവ.

3. *ഗുലെ റഅ്ന* = സുന്ദരസൂനം (ഒരു പ്രത്യേകപൂവിനും 'ഗുലെറഅ്ന' എന്നു പറയാറുണ്ട്). ഉർദുകവികളെ സംബന്ധിച്ച ഒരു അനുസ്മരണ ഗ്രന്ഥം. — വിവ.

www.abulhasanalinadwi.org

യിരുന്നു. പൊതുവിൽ, ജനങ്ങളുടെ ശ്രദ്ധാകേന്ദ്രമായിത്തീർന്നിരുന്നു പ്രസ്തുത ഗ്രന്ഥം. ഇഖ്ബാലിന്റെ *ചാന്ദ്*[4] എന്ന കവിതയുടെ അറബിഭാഷാന്തരം ഞാൻ അദ്ദേഹത്തിനു സമർപ്പിച്ചു. ഇഖ്ബാൽ അതു കണ്ടശേഷം എന്റെ അറിവ് അളക്കാനായി ചില അറബിക്കവികളെ സംബന്ധിച്ചു ചോദിച്ചു. അങ്ങനെ, ആ അഭിമുഖം അവസാനിച്ചു. മഹാകവിയുടെ സംഭാഷണത്തിലും ജീവിതത്തിലും നിഴലിച്ചുകണ്ട വിനയം, ലാളിത്യം, നിഷ്കളങ്കത എന്നിവയാൽ ഹഠാദാകർഷിക്കപ്പെട്ടുകൊണ്ടാണു ഞാൻ തിരിച്ചു പോന്നത്.

പിന്നീട് 1929നും 1937നുമിടയിൽ പലപ്പോഴായി ഞാൻ ലാഹോറിൽ പോവുകയും അവിടെ മാസങ്ങളോളം തങ്ങുകയും ഉണ്ടായി. പക്ഷേ, മഹാകവിയെ കാണാൻ ആഗ്രഹം തോന്നിയില്ല. അദ്ദേഹം ഏറെക്കാലം നമ്മോടൊപ്പം ഉണ്ടാകുമെന്നായിരുന്നു എന്റെ ധാരണ. മാത്രവുമല്ല, വലിയ ആളുകളെ കാണുന്നതിൽ പ്രകൃത്യാ എനിക്കുള്ള ലജ്ജാശീലവും ഏകാന്തതയോടുള്ള താൽപര്യവും, കൂടാതെ, എന്റെ വിദ്യാർഥിജീവിതസംബന്ധിയായ തിരക്കുകളും സന്ദർശനം മാറ്റിവയ്ക്കാൻ ഇടയാക്കി.

അതിനിടെ, ഇഖ്ബാലിന്റെ രണ്ട് ഉർദുസമാഹാരങ്ങൾ പുറത്തു വന്നിരുന്നു. മഹാകവിയുടെ ഏറെക്കാലത്തെ പേർഷ്യൻരചനകൾക്കു ശേഷമായിരുന്നു ഇത്. ഇസ്‌ലാമിക കേന്ദ്രങ്ങളിലും സാഹിത്യസദസ്സുകളിലും ഈ കൃതികൾ ഏറെ ചർച്ച ചെയ്യപ്പെട്ടു. ഇഖ്ബാലിന്റെ കവിത്വവും ദർശനവും സുന്ദരമാംവിധം ഈ സമാഹാരങ്ങളിൽ പ്രകടമായിരുന്നു. അക്കാലത്തു *സർബെ കലീം*[5] ആയിരുന്നു എനിക്ക് ഏറെ ഇഷ്ടം. പക്ഷേ പിൽക്കാലത്തു *ബാലെ ജിബ്രീൽ*[6] എന്ന കൃതിയോടായി കൂടുതൽ താൽപര്യം. പകർത്തലും വിവർത്തനവും അധികവും ഈ ഗ്രന്ഥത്തിൽ നിന്നാവുകയും ചെയ്തു.

---

4. *ചാന്ദ്* = ചന്ദ്രൻ

ചന്ദ്രനെയും മനുഷ്യനെയും താരതമ്യം ചെയ്തുകൊണ്ട് എഴുതിയ കവിത. രണ്ടിനുമിടയിൽ സാമ്യങ്ങൾ ഒട്ടേറെയുണ്ടെങ്കിലും ചന്ദ്രന് ഇല്ലാത്ത ആത്മജ്ഞാനം മനുഷ്യനെ ചരാചരങ്ങളിലെ മറ്റെന്തിനെക്കാളും ഉയർത്തുന്നതായി കവി സൂചിപ്പിക്കുന്നു. – വിവ.

5. *സർബെ കലീം* = കലീമിന്റെ പ്രഹരം

'കലീം' എന്നതു മൂസാനബി(അ)യെ സൂചിപ്പിക്കുന്നു. 1936ൽ പ്രസിദ്ധീകൃതമായ ഈ കൃതിയിൽ ഇഖ്ബാൽ, ആധുനികലോകത്തിന്റെ പ്രശ്നങ്ങളെ ഇസ്‌ലാമിക വീക്ഷണത്തിലൂടെ നോക്കിക്കാണുകയാണ്. 'വർത്തമാന കാലത്തിന് എതിരായ യുദ്ധപ്രഖ്യാപനം' എന്നാണ് മഹാകവി തന്നെ ഈ ഗ്രന്ഥത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. സാമ്രാജ്യത്വത്തോടുള്ള അടങ്ങാത്ത അമർഷം ഇതിന്റെ മുഖമുദ്രയാണ്. കാവ്യഭംഗിയെക്കാൾ കൂടുതൽ ദാർശനിക ഗരിമമുഴച്ചുനിൽക്കുന്ന രചനയാണിത്. – വിവ.

6. *ബാലെ ജിബ്രീൽ* = ജിബ്രീലിന്റെ ചിറക്.

1935ൽ പ്രസിദ്ധീകൃതമായി. സ്വാതന്ത്ര്യത്തോടും സാമൂഹിക പരിവർത്തനത്തോടുമുള്ള അടങ്ങാത്ത ആഭിമുഖ്യം ഇതിലെ വരികളിൽ പ്രകടമാണ്. ദർശനത്തെക്കാൾ കാവ്യഭംഗി തുടിച്ചുനിൽക്കുന്ന ഈ കൃതിയിലെ കവിതകൾ സംഗീതസാന്ദ്രമത്രെ. – വിവ.

www.abulhasanalinadwi.org

അക്കാലത്തു ഞാൻ ദാറുൽ ഉലൂം നദ്‌വതുൽ ഉലമയിൽ അധ്യാപകനായിരുന്നു. അഭിവന്ദ്യസഹോദരൻ മർഹൂം മസ്ഊദ് ആലം നദ്‌വിയുടെ കൂടെയായിരുന്നു താമസം. ഞങ്ങൾ ഒന്നിച്ചിരുന്ന് ഇഖ്ബാൽകവിതകൾ വായിച്ചു രസിക്കുമായിരുന്നു. മൗലാനാ മസ്ഊദ് ആലം സാഹിബ് ഇഖ്ബാലിൻെറ ശക്തനായ അനുകൂലിയും ആവേശഭരിതനായ പ്രചാരകനുമായിരുന്നു. ഇഖ്ബാലിനെക്കാളേറെ ടാഗോർ അറബുനാടുകളിൽ അറിയപ്പെടാൻ ഇടയായതിൽ ഞങ്ങൾ അസന്തുഷ്ടരായിരുന്നു. ഈജിപ്പിലെയും സിറിയയിലെയും അറബി സാഹിത്യകാരൻമാർക്കിടയിൽ ഏറെപ്പേർ ടാഗോറിനെയാണ് ഇഷ്ടപ്പെട്ടിരുന്നത്. ഈ സ്ഥിതിവിശേഷത്തിൻെറ ഉത്തരവാദിത്തം ഞങ്ങൾ ഏറ്റെടുത്തു. അറബികൾക്ക് ഇഖ്ബാലിനെ പരിചയപ്പെടുത്താൻ ഞങ്ങൾ ഒന്നും ചെയ്തിരുന്നില്ല. ടാഗോറിനെയും മറ്റും പ്രശംസിക്കുന്ന ലേഖനങ്ങൾ അറബിപ്രസിദ്ധീകരണങ്ങളിൽ കാണുമ്പോഴൊക്കെ ഇഖ്ബാലിൻെറ അറബി വിവർത്തനത്തിനുള്ള ഞങ്ങളുടെ ദൃഢനിശ്ചയം കൂടുതൽ ശക്തമാകുമായിരുന്നു. അതൊരു കടംവീട്ടലും ഉത്തരവാദിത്ത നിർവഹണവുമായി ഞങ്ങൾ കണക്കാക്കാൻ തുടങ്ങി.

ദൈവാധീനമെന്നു പറയട്ടെ, ഇസ്‌ലാമിൻെറ ഈ മഹാകവിയുമായി അദ്ദേഹത്തിൻെറ നിര്യാണത്തിന് ഏതാനും മാസങ്ങൾക്കുമുമ്പ് ഒരു വിശദമായ കൂടിക്കാഴ്ചയ്ക്ക് എനിക്ക് അവസരമുണ്ടായി. 1356 റമദാൻ16 (1937നവംബർ 22) ന് ആയിരുന്നു അത്. ഞാൻ എൻെറ പിതൃസഹോദരീ ഭർത്താവും ലാഹോർ ഓറിയൻറൽ കോളെജിലെ മുൻ പ്രൊഫസറുമായ മൗലാനാ സയ്യിദ് തൽഹ: ഹസനി[7]യുടെയും പ്രിയസഹോദരൻ മൗലവി സയ്യിദ് ഇബ്റാഹിം ഹസനിയുടെയും കൂടെ ഇഖ്ബാലിൻെറ വസതിയിൽ പോയി. അദ്ദേഹത്തിൻെറ ദീർഘമായ രോഗത്തിൻെറ കാലമായിരുന്നു അത്. പക്ഷേ, അദ്ദേഹം ഉത്സാഹത്തോടെയും ഉൻമേഷത്തോടെയും ഞങ്ങളെ സ്വീകരിച്ചു. ഞങ്ങളുടെ ആഗമനം മഹാകവിയെ സന്തോഷിപ്പിച്ചു എന്നു തോന്നുന്നു. ചുരുക്കത്തിൽ, അദ്ദേഹത്തിൻെറ ക്ഷീണം കുറഞ്ഞപോലെ. ഞങ്ങളുടെ കൂടിക്കാഴ്ച വളരെ ആഹ്ലാദകരമായിരുന്നു. അദ്ദേഹത്തിൻെറ വൃദ്ധനായ സേവകൻ അലി ബഖ്ഷ് ഇടക്കിടെ വന്ന് ഏറെ നേരത്തെ ഇരുത്തവും സംസാരവും തടയാൻ ശ്രമിക്കുന്നുണ്ടായിരുന്നു. പക്ഷേ. അദ്ദേഹം അതു ഗൗനിച്ചില്ല. ഈ സംഭാഷണത്തിൽ നിരവധി വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. അജ്ഞാന കാലഘട്ടത്തിലെ അറബിക്കവിത പരാമൃഷ്ടവിഷയമായപ്പോൾ അതിലെ സത്യസന്ധത, വാസ്തവികത, ആവേശം, വീരത്വം എന്നിവയെക്കുറിച്ചു താൽ

7. ദുഃഖകരമെന്നു പറയട്ടെ, 1390 റജബ് 22 (1970 സെപ്റ്റംബർ 25) വെള്ളിയാഴ്ച കറാച്ചിയിൽ നിര്യാണം പ്രാപിച്ചു.

www.abulhasanalinadwi.org

പര്യപൂർവം സംസാരിച്ച ഇഖ്ബാൽ, *ഹമാസ്*[8]:യിലെ ചില കവിതകൾ ചൊല്ലുകയും ചെയ്തു. കർമത്തോടുള്ള അഭിവാഞ്ഛയും യാഥാർഥ്യത്തോടുള്ള ആഭിമുഖ്യവും സൃഷ്ടിച്ചെടുക്കാനാണ് ഇസ്‌ലാം അതിൻെറ അനുയായികളെ പഠിപ്പിക്കുന്നത് എന്ന് ഇഖ്ബാൽ പറഞ്ഞു. സങ്കല്പങ്ങളിൽ നിന്ന് അകന്നു സത്യത്തെ സമീപിക്കുക എന്ന കാര്യത്തിൽ ഇക്കാലത്തെ ശാസ്ത്രവും ഇസ്‌ലാമിൻെറ അടുത്തെത്തി നിൽക്കുന്നു. രണ്ടു നൂറ്റാണ്ടു കാലം മുസ്‌ലിംകൾക്കിടയിൽ ഈ പ്രവണത സജീവമായി നിലനിന്നു. തദ്ഫലമായി അവർക്കു വിശ്വാസത്തിലും കർമത്തിലും സ്വഭാവമഹിമയിലും ധാർമിക ഗുണത്തിലും ഉറച്ചു നിൽക്കാൻ കഴിഞ്ഞു. എന്നാൽ, യവനൻമാരുടെ ദൈവശാസ്ത്രതത്വവിചാരങ്ങൾ പൗരസ്ത്യലോകത്തെ രോഗഗ്രസ്തവും ശൂന്യവുമാക്കിത്തീർത്തു. പരാഭൗതികശാസ്ത്രങ്ങളുടെ ദാസ്യത്തിൽ നിന്നു മോചനം നേടി, പ്രയോജനാത്മകമായ വൈജ്ഞാനിക മേഖലകളിലേക്കു പ്രവേശിച്ചപ്പോഴാണ് യൂറോപ്പിൻെറ ദ്വിതീയജൻമം സാധിതമായത്. പക്ഷേ, ഇന്നു യൂറോപ്പിനെയും പിന്തിരിപ്പൻ മാർഗത്തിലേക്കു നയിക്കുന്ന പ്രശ്നങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. അറബുപ്രകൃതമാണ് ഇസ്‌ലാമിന് ഏറ്റവും അനുയോജ്യമെന്ന് ഇഖ്ബാൽ പറഞ്ഞു. എന്നാൽ, ക്രൈസ്തവത യൂറോപ്പിനു ചെയ്ത ദ്രോഹമാണു പേർഷ്യൻ പ്രത്യയവാദങ്ങൾ ഇസ്‌ലാമിനോടു ചെയ്തത്. പൊതുവിൽ, ആര്യൻചിന്ത രണ്ടു മതങ്ങളെയും അതിൻെറ പിടുത്തത്തിൽ അമർത്തിക്കളഞ്ഞു.

സൂഫിസത്തെ പരാമർശിക്കവെ, ചില സൂഫികളുടെ കാടുകയറിയ ചിന്തയെ ഇഖ്ബാൽ വിമർശിച്ചു. സംഗീതത്തിലും ഉൻമാദത്തിലുമായിരുന്നില്ല, കുതിരപ്പുറമേറി പടവെട്ടുന്നതിലും രക്തസാക്ഷ്യം രുചിക്കുന്നതിലുമായിരുന്നു പുണ്യപ്രവാചകതിരുമേനി(സ)യുടെ അനുചരൻമാർ ആശ്വാസവും ആനന്ദവും കണ്ടെത്തിയിരുന്നത്. ഇന്ത്യയിലെ ഇസ്‌ലാമിക നവോത്ഥാനത്തെക്കുറിച്ചുള്ള സംസാരത്തിൽ ശൈഖ് അഹ്മദ് സർഹിന്ദി(റ)[9], ശാഹ് വലിയുല്ലാഹ് ദഹ്‌ലവി(റ)[10], സുൽത്താൻ മുഹ്‌യുദ്ദീൻ ഔറംഗസേബ് ആലം

---

8. അജ്ഞാനകാലത്തെ അറബു കവിതകളുടെ ഒരു സമാഹാരം. – വിവ.

9. ഹസ്റത് ഇമാം റബ്ബാനി മുജദ്ദിദ് അൽഫ്ഥാനി ശൈഖ് അഹ്മദ് സർഹിന്ദി(റ). (1564-1624)ഹിജ്റ രണ്ടാം സഹസ്രാബ്ദത്തിനുവേണ്ടി ആഗതനായ ഇസ്‌ലാമിക നവോത്ഥാനനായകൻ. പ്രവാചകചര്യ(സുന്നത്ത്) മുറുകെപ്പിടിക്കുന്ന കാര്യത്തിൽ തീവ്രവും കർശനവുമായ നിലപാടാണ് ഇമാമിനുള്ളത്. മുസ്‌ലിം ചരിത്രത്തിലെ സങ്കരമതനിർമാണസംരംഭങ്ങളെ ധീരമായി ചെറുത്തുതോല്പിച്ച് അന്ത്യപ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ)യുടെ പ്രവാചകത്വദൗത്യത്തെ ശക്തമായി പ്രതിരോധിച്ചു. സൂഫിസത്തിൻെറ ജീർണതകൾക്കെതിരെ സമരം ചെയ്തു നിസ്തുലമായ വൈദഗ്ധ്യത്തോടെ ശരീഅത്തിനെയും തരീഖത്തിനെയും സംയോജിപ്പിക്കുകയും ചെയ്തു. ഇഖ്ബാലിൻെറ മേൽ മുജദ്ദിദി(റ)ൻെറ സ്വാധീനം അഗാധമാണ് . – വിവ.

www.abulhasanalinadwi.org

ഗീർ(റ) എന്നിവരെ ഇഖ്ബാൽ വളരെയേറെ പ്രശംസിച്ചു. അവരുടെ അസ്തിത്വവും കഠിനപ്രയത്നങ്ങളും ഇല്ലായിരുന്നുവെങ്കിൽ ഇന്ത്യൻ സംസ്കാരവും തത്വചിന്തയും ഇസ്ലാമിനെ വിഴുങ്ങിക്കളയുമായിരുന്നുവെന്നു താൻ എപ്പോഴും പറയാറുള്ള കാര്യം അദ്ദേഹം അനുസ്മരിച്ചു.

പാക്കിസ്ഥാനെക്കുറിച്ചു പറയവെ[11], സ്വന്തമായ രാജ്യമില്ലാത്ത ഒരു ജനതയ്ക്കും തങ്ങളുടെ മതവും സംസ്കാരവും സ്ഥാപിച്ചു നിലനിർത്താൻ സാധ്യമല്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മതവും സംസ്കാരവും, അധികാരവും ശക്തിയും കൊണ്ടുതന്നെയാണു നിലനിൽക്കുന്നത്. അതുകൊണ്ടു പാക്കിസ്ഥാൻ തന്നെയാണു സാമ്പത്തിക പ്രയാസങ്ങളടക്കമുള്ള മുസ്ലിം പ്രശ്നങ്ങൾക്കു പരിഹാരം. സാന്ദർഭികമായി ഇസ്ലാമിൻെറ നിർബന്ധദാനക്രമത്തെയും പൊതുനിധി സംവിധാനത്തെയും ഇഖ്ബാൽ അനുസ്മരിച്ചു. ഇന്ത്യയിൽ മുസ്ലിംകളുടെ ഭാവി ചർച്ച ചെയ്തുകൊണ്ട്, അമുസ്ലിംകൾക്കിടയിൽ ഇസ്ലാമിക പ്രബോധനത്തിൻെറ പ്രാധാന്യത്തിലേക്കു താൻ ചില മുസ്ലിംഭരണകൂടങ്ങളുടെ ശ്രദ്ധ ക്ഷണിച്ചത് അദ്ദേഹം സൂചിപ്പിച്ചു. മുസ്ലിംകൾക്കിടയിലെ പ്രബോധനദൗത്യം, അറബിഭാഷയുടെ വികാസം, ഒരു ലോകബാങ്കിൻെറ സംസ്ഥാപനം. എന്നീ വിഷയങ്ങളെക്കുറിച്ചും പ്രസ്തുത ഭരണകൂടങ്ങളെ ഉണർത്തുകയുണ്ടായി. മുസ്ലിം നിലപാടുകൾക്കു വേണ്ടി വാദിച്ചുകൊണ്ടു സമുദായശബ്ദത്തെ ശക്തിപ്പെടുത്താനും, അതിൻമേൽ സ്വാധീനം ചെലുത്താനും ഉന്നതനിലവാരമുള്ള ഒരു ഇംഗ്ലീഷുപത്രം എത്രമേൽ അനിവാര്യമാണെന്നും താൻ അവരെ ധരിപ്പിക്കുകയുണ്ടായി. ഖേദകരമെന്നു പറയട്ടെ, അവർ ആരും പ്രശ്നങ്ങളുടെ പ്രാധാന്യമോ, ഭീഷണികളുടെ ഗൗരവമോ മനസ്സിലാക്കിയില്ല. അവർ സങ്കുചിതവാദികളും സ്വാർഥമതികളും ആയിരുന്നു.

മഹാകവിയുടെ സംഭാഷണത്തിൽ നിന്നു ഞങ്ങൾക്കു മനസ്സിലായത് അദ്ദേഹം കൂടിക്കാഴ്ച നീണ്ടുപോവാൻ ആഗ്രഹിക്കുന്നുവെന്നായിരുന്നു. പക്ഷേ, അദ്ദേഹത്തിൻെറ വിശ്രമത്തിനു സമയം നൽകാനായി വിടചോദി

---

10. ഇസ്ലാമിക പണ്ഡിതനും ചിന്തകനും സമുദ്ധാരകനും കർമശാസ്ത്ര വിശാരദനും സൂഫിയും. ശാഹ്സാഹിബ്(റ) (1703-1763) ആണ് ഇന്ത്യയിൽ ഹദീസുസാഹിത്യപ്രചാരണത്തിനു മുൻകൈയെടുത്തത്. *ഹുജ്ജതുല്ലാഹിൽ ബാലിഗ, അത്തഫ്ഹീമാതുൽ ഇലാഹിയ,അൻഫാസുൽ ആരിഫീൻ* എന്നിവയടക്കം ഇസ്ലാമിക വിശ്വാസം, കർമശാസ്ത്രം, തത്വശാസ്ത്രം, സാമൂഹികശാസ്ത്രം, ചരിത്രം, പരാഭൗതികശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ ഉജ്വലമായ നിരവധി കൃതികൾ സംഭാവന ചെയ്തിട്ടുണ്ട്. – വിവ.

11. പാക്കിസ്ഥാൻ നിലവിൽ വരുന്നതിനു പൂർണമായും പത്തു വർഷങ്ങൾക്കു മുമ്പുള്ള കാര്യമാണ് ഇത്.

www.abulhasanalinadwi.org

ക്കുന്നതാണു ഭംഗി എന്നു തോന്നി. സലാം പറഞ്ഞു പിരിഞ്ഞ ഞങ്ങൾ അന്നോ, പിറ്റേന്നോ ലാഹോർ വിടുകയും ചെയ്തു.

അഭിമുഖമധ്യേ, തൻെറ രചനകളുടെ അറബി വിവർത്തനത്തിനായി അനുമതി ചോദിച്ചപ്പോൾ സന്തോഷപൂർവം അദ്ദേഹം അനുവാദം നൽകിയത് ഓർക്കുന്നു. *സർബ്ബെ കലീമി*ൽനിന്ന് എനിക്ക് ഇഷ്ടപ്പെട്ട ഏതാനും കവിതകൾ ഞാൻ ചൊല്ലിക്കേൾപ്പിച്ചിരുന്നു. ഡോക്ടർ അബ്ദുൽ വഹാബ് അസ്സാം തൻെറ ചില രചനകൾ അറബിയിലേക്കു ഭാഷാന്തരം ചെയ്യാൻ ഉദ്ദേശിക്കുന്നതായി അദ്ദേഹം പറയുകയും ചെയ്തിരുന്നു. ആറുമാസം കഴിഞ്ഞ്, 1938 ഏപ്രിൽ 21ന് ഞങ്ങൾ ഇഖ്ബാലിൻെറ നിര്യാണവാർത്ത കേട്ടപ്പോൾ, അദ്ദേഹത്തിൻെറ കവിത്വത്തെയും വ്യക്തിത്വത്തെയും സംബന്ധിച്ചു പഠനം നടത്താനുള്ള തീരുമാനം ഒന്നുകൂടി ഉറപ്പിച്ചു. ഇവ്വിഷയകമായി ഞാൻ എൻെറ ബഹുമാന്യസ്നേഹിതൻ മൗലാനാ മസ്ഊദ് ആലംസാഹിബിന് അദ്ദേഹം താമസിച്ചിരുന്ന പാറ്റ്നയിലേക്കു കത്തെഴുതി. മഹാകവിയുടെ വേർപാടിൽ പരസ്പരം അനുശോചനമറിയിച്ചുകൊണ്ട്, ഈ കർത്തവ്യ നിർവഹണത്തിൽ സഹകരിക്കാമെന്നു ഞങ്ങൾ ഇരുവരും തീരുമാനിച്ചു. താൻ ഇഖ്ബാലിൻെറ ജീവിതത്തെയും സന്ദേശത്തെയും കുറിച്ച് എഴുതിക്കൊള്ളാമെന്നു മൗലാനാ മസ്ഊദ് ആലംസാഹിബ് സമ്മതിച്ചു. ഞാൻ കവിതകൾ അറബിയിലേക്കു മൊഴിമാറ്റം ചെയ്യണമെന്ന് അദ്ദേഹം നിർദ്ദേശിക്കുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിനു വിവർത്തനകൃത്യവുമായി അത്ര ബന്ധമുണ്ടായിരുന്നില്ല. അങ്ങനെ ഞങ്ങൾ ജോലി തുടങ്ങി. കെയ്റോവിൽനിന്നു മുഹിബ്ബുദ്ദീൻ ഖതീബിൻെറ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കുന്ന *അൽഫത്ഹ്* പത്രത്തിൽ മൗലാനാ മസ്ഊദ് ആലംസാഹിബ് ഇഖ്ബാലിനെ കുറിച്ച് ഉജ്വലമായ ഒരു ലേഖനമെഴുതി. ഇഖ്ബാലിൻെറ ജീവിതത്തെ സംബന്ധിച്ചു ഞാനും ഒരു ലേഖനമെഴുതി. അത് അല്പകാലം കഴിഞ്ഞു ഹിജാസ് റേഡിയോ പ്രക്ഷേപണം ചെയ്തു. പഠനവും രചനയുമായി ബന്ധപ്പെട്ട തിരക്കുകൾ കാരണം പിന്നീടു പത്തുവർഷക്കാലത്തേക്ക് ഈ ജോലി നടന്നില്ല.

1950ൽ എനിക്കു ഹിജാസ്, ഈജിപ്ത്, സിറിയ എന്നിവിടങ്ങളിലേക്കു യാത്രചെയ്യാൻ അവസരമുണ്ടായി. അവിടത്തെ ഒരു വർഷത്തിലേറെക്കാലത്തെ താമസത്തിനിടയിൽ, ഞാൻ ഇഖ്ബാലിനെയും അദ്ദേഹത്തിൻെറ കാവ്യ, ദർശനങ്ങളെയും സംബന്ധിച്ച് ഏതാനും പ്രബന്ധങ്ങൾ തയ്യാറാക്കി ദാറുൽഉലൂമിലും കെയ്റോ യൂണിവേഴ്സിറ്റിയിലും വായിച്ചു. 1956ൽ സിറിയൻ സഞ്ചാരത്തിനിടയിൽ ദമാസ്കസിൽ വച്ചു മറ്റൊരു ലേഖനമെഴുതി. 'മുഹമ്മദ് ഇഖ്ബാൽ പ്രവാചകനഗരിയിൽ' എന്ന പേരിൽ ദമാസ്കസ്

www.abulhasanalinadwi.org

റേഡിയോ അതു പ്രക്ഷേപണവും ചെയ്തു. എന്നാൽ, ഇഖ്ബാൽകവിതയുടെ വിവർത്തനത്തിന് ആവശ്യമായ സന്നദ്ധത അപ്പോഴുമില്ലായിരുന്നു. അതിന് ഒരു കാരണം, ഡോ. അബ്ദുൽ വഹാബ് അസ്സാം ആ ജോലി ആരംഭിച്ചു എന്നതായിരുന്നു. അറബിയിലും പേർഷ്യനിലുമുള്ള വ്യുൽപത്തിയും ഇഖ്ബാലുമായുള്ള മാനസികമായ അടുപ്പവും കാരണമായി ഇക്കാര്യത്തിന് അദ്ദേഹമായിരുന്നു കൂടുതൽ അനുയോജ്യൻ. പിൽക്കാലത്ത് അദ്ദേഹത്തിൻെറ ചില തർജമകൾ കാണാൻ ഇടയായി.[12] മൂലകാവ്യങ്ങളുടെ കരുത്തും വശ്യശക്തിയും വിവർത്തനത്തിൽ ചോർന്നുപോയതായി എൻെറ ചില സുഹൃത്തുക്കൾ പറഞ്ഞു. ഇഖ്ബാൽചിന്തയുടെ അനാവരണം ഇത്തരമൊരു ഭാഷാന്തരം കൊണ്ടു സാധ്യമാവില്ലെന്നും അത് ഇഖ്ബാലിൻെറ പ്രശസ്തിയോടു നീതി പുലർത്തുന്നതല്ലെന്നും അവർ അഭിപ്രായപ്പെട്ടു. ഞാൻ അവ നോക്കിയപ്പോൾ എനിക്കു മനസ്സിലായതു തർജമയ്ക്കു വൈജ്ഞാനികമോ, ധാരണാസംബന്ധിയോ, കവിതയെ ബാധിക്കുന്നതോ ആയ സാങ്കേതിക തകരാറുകളൊന്നുമില്ലെന്നാണ്. അടിസ്ഥാനപരമായ പോരായ്മ, പദ്യവിവർത്തനത്തിൻെറ ഭാരമേറ്റെടുക്കുക വഴി ഡോ. അസ്സാമിനു തന്നോടുതന്നെ നീതി ചെയ്യാനായില്ല എന്നതാണ്. മൂലകാവ്യത്തിൻെറയും ഭാഷാന്തരത്തിൻെറയും ഗുണങ്ങൾ നഷ്ടപ്പെട്ടു എന്നതായിരുന്നു ഈ പ്രക്രിയയുടെ അനന്തരഫലം. മാത്രവുമല്ല, അവിടവിടെയായി പ്രത്യക്ഷപ്പെട്ട അവ്യക്തത വായനക്കാരനും കാവ്യാസ്വാദനത്തിനുമിടയിൽ മറ വീഴ്ത്തുകയും ചെയ്തു. അറബിസാഹിത്യകാരനും പേർഷ്യൻ ഭാഷാനിപുണനുമായ ഡോ. അസ്സാമിനെപ്പോലുള്ള ഒരു വ്യക്തിക്ക്, അദ്ദേഹം ചില പ്രസിദ്ധ ഈജിപ്ഷ്യൻ പ്രസിദ്ധീകരണങ്ങളായ *അർറിസാലഃ*, *അസ്സഖാഫഃ* എന്നിവയിൽ എഴുതിയ ഉജ്വലമായ ലേഖനങ്ങളിൽ ചെയ്തിട്ടുള്ളതുപോലെ, ഇഖ്ബാൽചിന്തയെ അനാവരണം ചെയ്ത ശേഷം അത് അറബിഗദ്യത്തിലേക്കു മൊഴിമാറ്റം ചെയ്യുകയായിരുന്നു ഉത്തമം.

ഏതൊരു ഭാഷയ്ക്കും അതിൻെറതായ പശ്ചാത്തലവും മനഃശാസ്ത്രവും ഉണ്ടാകും. അവയുടെ വേരുകളാകട്ടെ, സാമൂഹിക ജീവിതത്തിലും ചരിത്രത്തിലും ചെന്നെത്തുന്നതുമായിരിക്കും. ഇക്കാര്യങ്ങൾ ഗൗനിക്കാതെയുള്ള പദാനുപദ വിവർത്തനം മൂലരചനയുടെ സൗന്ദര്യത്തെയും ഉദ്ദേശ്യത്തെയും തകർത്തുകളയും. അതെന്തായാലും ഡോ: അസ്സാം ഇസ്ലാമിനും സാഹിത്യത്തിനും വലിയ സേവനമാണു ചെയ്തത്. ഏതൊരാളുടെയും ആദരവും

---

12. *റിസാലതുൽ മശ്രിഖ്*, *ദർബുൽ കലിം* എന്നിവയാണവ. *അസ്റാറെ ഖുദി*, *റുമൂസെ ബേഖുദി*, *ജാവേദ് നാമ*:എന്നീ കൃതികളുടെ ചില ഭാഗങ്ങളും അദ്ദേഹം ഭാഷാന്തരം ചെയ്തിട്ടുണ്ട്.

www.abulhasanalinadwi.org

നന്ദിയും പ്രശംസയും അർഹിക്കുന്ന കൃത്യമാണ് അദ്ദേഹം നിർവഹിച്ചത്. അസ്സാമിൻെറ വിവർത്തനം അദ്ദേഹത്തിൻെറ അറബീയത, ഹൃദയസൗന്ദര്യം, ദൃഢനിശ്ചയം, ആത്മാർഥത, ഇസ്ലാമിക ചിന്തയിലുള്ള അഭിരുചി എന്നിവയ്ക്ക് ഉത്തമദൃഷ്ടാന്തമത്രെ. അസ്സാമിനെപ്പോലെ ഒരു പരിഭാഷകനെ ലഭിച്ചത് ഇഖ്ബാലിൻെറ ഭാഗ്യമാണെന്നു പറയണം. അദ്ദേഹത്തിൻെറ ഈ പ്രയത്നവും പ്രേമവും തീർച്ചയായും ഇഖ്ബാലിൻെറ ആത്മാവിനെ ആനന്ദിപ്പിക്കുന്നുണ്ടാകണം. അല്ലാഹു അദ്ദേഹത്തിന് ഉത്തമമായ പ്രതിഫലം പ്രദാനം ചെയ്യട്ടെ !

എൻെറ കൃത്യാന്തരബാഹുല്യം കാരണം ഇഖ്ബാൽകവിതയുടെ വിവർത്തനം മുടങ്ങിപ്പോയതിനെക്കുറിച്ചു പറയുകയുണ്ടായല്ലോ. പക്ഷേ, ഒരു സംഭവം എൻെറ ഉറങ്ങിക്കിടന്ന തീരുമാനത്തെ ഉണർത്തുകയും ഉത്സാഹത്തെ ചൂടു പിടിപ്പിക്കുകയും ചെയ്തു. ദമാസ്കസിലെ പ്രശസ്തമായ *അൽമുസ്ലിമൂൻ*[13] എന്ന പ്രസിദ്ധീകരണത്തിൽ പ്രസിദ്ധനായ അറബി സാഹിത്യകാരൻ അലി തൻതാവി എഴുതിയ തുറന്ന കത്തു ഞാൻ വായിച്ചു. ഇഖ്ബാൽ അറബികൾക്കിടയിൽ അറിയപ്പെടുന്നതിനും അദ്ദേഹത്തിൻെറ കവിതയുടെ സന്ദേശം ശരിയായ അർഥത്തിൽ മനസ്സിലാക്കപ്പെടുന്നതിനും വേണ്ടി ഇഖ്ബാൽകവിതകളുടെ വിവർത്തനം നിർവഹിക്കാൻ ആ എഴുത്തിലൂടെ അലി തൻതാവി എന്നോട് ആവശ്യപ്പെടുകയായിരുന്നു. അദ്ദേഹം എഴുതി: "താങ്കൾ ഇഖ്ബാലിൻെറ തെരഞ്ഞെടുത്ത കവിതകൾ വിവർത്തനം ചെയ്ത്, ഇഖ്ബാൽ ചിന്തയുടെ മഹത്വം മനസ്സിലാക്കുന്നതിനും അതിൻെറ രഹസ്യം അറിയുന്നതിനും ഞങ്ങൾക്ക് അവസരം നൽകുമോ? എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിൻെറ ലഭ്യമായ അറബിതർജമകൾ ഞങ്ങൾക്കിടയിലെ അപരിചിതത്വത്തിൻെറ ഭിത്തി പൂർണമായും തകർക്കുവാൻ പര്യാപ്തമല്ല. അതിനാൽ, ഈ മഹത്തായ സേവനത്തെയും താങ്കൾ ഏറ്റെടുത്ത കർത്തവ്യങ്ങളിൽ ഉൾപ്പെടുത്തി ആ പുഷ്പവാടിയൊന്നു ചുറ്റിക്കാണാൻ ഞങ്ങൾക്കു സന്ദർഭം നൽകുമോ? അതുമല്ലെങ്കിൽ, പൂക്കളുടെ സുഗന്ധമെങ്കിലും എത്തിച്ചുനൽകി പൂങ്കാവനം നിഷേധിക്കപ്പെട്ടരോടു കരുണ കാണിക്കുമോ?"

ഈ അർഥനയ്ക്കുള്ള ഉത്തരം അത്യുത്സാഹപൂർവമാണു നൽകപ്പെട്ടത്. അതോടെ അണഞ്ഞു പോയിരുന്ന ആവേശം വീണ്ടും ഉണർന്നു. തളർന്നുപോയ സന്നദ്ധത സജീവമാവുകയും ചെയ്തു. അനന്തരഫലമെന്നോണം,

---

13. പുസ്തകം 3. ലക്കം 6.

www.abulhasanalinadwi.org

മസ്ജിദെ ഖുർതുബ[14]യുടെ വിവർത്തനം ഒറ്റയിരിപ്പിൽ പൂർത്തിയായി. മാത്രവുമല്ല, വിവർത്തനത്തിൻെറ കാര്യത്തിൽ അവഗണിക്കാൻ കഴിയാത്ത ഒരു അന്തഃപ്രേരണ എനിക്ക് അനുഭവപ്പെട്ടു. അതിൻെറ പിറകെ തുടർച്ചയായി അനവധി ലേഖനങ്ങളും എഴുതി.

ഞാൻ ഇഖ്ബാലിനെ പാപവിമുക്തനും പരിശുദ്ധനുമായ വ്യക്തിയോ, മതാചാര്യനോ, ആത്മീയനായകനോ, മതനിയമശാസ്ത്രവിശാരദനോ ആയി കണക്കാക്കുന്നില്ലെന്ന കാര്യം ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. ഇഖ്ബാലിൻെറ കാവ്യങ്ങൾ ഉദ്ധരിക്കുന്നതിലും അദ്ദേഹത്തിനു സ്തുതി പാടുന്നതിലും അദ്ദേഹത്തിൻെറ ചില തീവ്രവാദികളായ അനുയായികൾ പുലർത്തുന്നതു പോലുള്ള അതിശയോക്തിയുടെ വക്കത്തും ഞാൻ എത്തിയിട്ടില്ല. ഹകീം സനാഈ(റ),[15] അത്താർ(റ),[16] അന്തർജ്ഞാനിയായ റൂമി(റ)[17] തുടങ്ങിയവർ മതശാസനകളെ സംബന്ധിച്ച സൂക്ഷ്മത, ബാഹ്യാന്തരികങ്ങളുടെ

---

14. സ്പെയിനിലെ കൊർദോവയിൽ സ്ഥിതി ചെയ്യുന്നതും ശില്പചാതുരി വിളിച്ചോതുന്നതുമായ പ്രസിദ്ധ മസ്ജിദിനെ പുരസ്കരിച്ച് ഇഖ്ബാൽ എഴുതിയ ദീർഘമായ കവിതയാണിത്. അദ്ദേഹത്തിൻെറ ഏറ്റവും മികവുറ്റ രചനകളിലൊന്നായി സാഹിത്യനിരൂപകൻമാർ ഇതിനെ വാഴ്ത്തിയിട്ടുണ്ട്. വിശദമായ പഠനം ഈ പുസ്തകത്തിലെ പത്താം അധ്യായത്തിലുണ്ട്. – വിവ.

15. പ്രമുഖനായ ഒരു പേർഷ്യൻ കവി. ക്രി. 1150ൽ ഗസ്നഃയിൽ നിര്യാണം. *ഹദീഖഃ* ആണു പ്രധാനകൃതി. അല്ലാമാ ഇഖ്ബാൽ 1933 ഒക്ടോബറിൽ അഫ്ഗാനിസ്താനിൽ പോയപ്പോൾ പ്രവാചകപ്രേമിയായ സനാഈ(റ)യുടെ അന്ത്യവിശ്രമസ്ഥാനം സന്ദർശിച്ച്. അവിടെ ഇരുന്ന് ഏറെനേരം പൊട്ടിക്കരഞ്ഞു കണ്ണീർ വാർത്തത് ഇരുവരും തമ്മിലുള്ള മാനസികമായ അടുപ്പത്തെ വ്യക്തമാക്കിയ സംഭവമായിരുന്നു. – വിവ.

16. പേർഷ്യൻ കവി ഫരീദുദ്ദീൻ അത്താർ (റ). ക്രി. 1230ൽ ഇറാനിലെ നിശാപൂരിൽ ജനിച്ചു. വളർന്നതു *മശ്ഹദി*ൽ. പിതാവു നൽകിയ പേര് മുഹമ്മദ്. അത്താർ എന്ന പേരിൽ പ്രസിദ്ധൻ. സുഗന്ധദ്രവ്യ(അത്തർ)വ്യാപാരവുമായി കുടുംബത്തിനുള്ള ബന്ധമാണ് ഈ പേരിന് ആധാരം. പ്രവാചകപ്രേമം തുളുമ്പി നിൽക്കുന്ന നിരവധി കവിതകൾ രചിച്ചിട്ടുണ്ട്. പക്ഷികളുടെ സംവാദത്തെ പ്രതീകാത്മകമായി അവതരിപ്പിക്കുന്ന പ്രസിദ്ധകൃതി *മൻതിഖു ത്വൈർ* അത്താറിൻെറതാണ്. സൂഫിസമാണ് ഈ കൃതിയുടെ അന്തർധാര. ഇസ്ലാമിക ചരിത്രത്തിലെ പ്രമുഖരായ സൂഫികളുടെ ഹ്രസ്വചരിത്രം വിവരിക്കുന്ന ഒരു ഗദ്യകൃതിയും അത്താറിൻെറതായുണ്ട്: *തദ്കിറതുൽ ഔലിയാഅ്* – വിവ.

17. പേർഷ്യൻ മഹാകവിയും സൂഫിഗുരുവുമായ ജലാലുദ്ദീൻ റൂമി(റ) (ക്രി. 1207-1273). ജനനം ബൽഖിൽ. ജീവിതം ചെലവഴിച്ചതും നിര്യാണം പ്രാപിച്ചതും ഖൂൻയഃയിൽ. മുപ്പത്തിയെട്ടാം വയസ്സിൽ പ്രസിദ്ധനായ ആത്മീയ തേജസ്വി ശംസ് തബ്രീസി(റ)നെ കണ്ടുമുട്ടുന്നതു വരെ കവിത എഴുതാറുണ്ടായിരുന്നില്ല. നിരക്ഷരനായ ശംസ് തബ്രീസു(റ)മായുള്ള സംഗമം റൂമി(റ)യെ പേർഷ്യയുടെ ഏറ്റവും വലിയ മിസ്റ്റിക്കു കവിയാക്കിത്തീർത്തു. റൂമി(റ)യുടെ 26660 ദ്വിപദികളുള്ള *മഥ്നവി* ലോകപ്രസിദ്ധമാണ്. 40000 ഈരടികളുള്ള *ദീവാൻ* ആണു മറ്റൊരു കൃതി. ഇരുകൃതികളും ശംസ്തബ്രീസി (റ)നാണു സമർപ്പിക്കപ്പെട്ടി

www.abulhasanalinadwi.org

ഏകാത്മത, പ്രബോധനവും പ്രവർത്തനവും തമ്മിലുള്ള ഐക്യത എന്നിവയുടെ കാര്യത്തിൽ അദ്ദേഹത്തെക്കാൾ എത്രയോ മുമ്പിലാണെന്നാണു ഞാൻ കരുതുന്നത്. ഇസ്‌ലാമിക വിശ്വാസത്തെയും ദർശനത്തെയും പുരസ്കരിച്ച് ഇഖ്ബാൽ നടത്തിയ ചില വ്യാഖ്യാനങ്ങളുമായി യോജിക്കുക പ്രയാസകരവുമാണ്. ചില ആവേശഭരിതരായ ചെറുപ്പക്കാർ പറയാറുള്ളതുപോലെ, ഇഖ്ബാലിനെക്കാൾ നന്നായി ആരും ഇസ്‌ലാമിനെ ഗ്രഹിച്ചിട്ടില്ലെന്നോ ഇസ്‌ലാമിക വിജ്ഞാനങ്ങളെയും യാഥാർഥ്യങ്ങളെയും മറ്റുള്ളവരൊന്നും പ്രാപിച്ചിട്ടില്ലെന്നോ എനിക്ക് അഭിപ്രായമില്ല. ജീവിതത്തിൻെറ ഏതു ദശയിലും ഞാൻ സ്വീകരിച്ച നിലപാട് ഇതാണ്: ഇഖ്ബാൽ ഇസ്‌ലാമിക വിജ്ഞാനങ്ങളുടെ ജിജ്ഞാസുവായ ഒരു വിദ്യാർഥിയായിരുന്നു; തൻെറ പ്രാമാണികരായ സമകാലികരെ അദ്ദേഹം പ്രയോജനപ്പെടുത്താറുണ്ടായിരുന്നു.[18]

ഇഖ്ബാലിൻെറ വിജ്ഞാനത്തിൻെറയും കാവ്യകലയുടെയും സന്ദേശത്തിൻെറയും മഹത്വവുമായി സമരസപ്പെട്ടു പോകാത്ത ചില ദുർബലവശങ്ങൾ അദ്ദേഹത്തിൻെറ അനുപമവ്യക്തിത്വത്തിനുണ്ട്.[19] അവ ദൂരീകരിക്കാനുള്ള അവസരം അദ്ദേഹത്തിനു ലഭിച്ചതുമില്ല. അതെസമയം, സമകാലികനായ മറ്റൊരു കവിയുടെയോ, ചിന്തകൻെറയോ ജിഹ്വയാൽ നിർവഹിക്കപ്പെടാത്തവിധം, കാലാനുസൃതമായി ചില തത്വങ്ങളും യാഥാർഥ്യങ്ങളും അല്ലാഹു ഇഖ്ബാലിനെക്കൊണ്ടു പറയിപ്പിക്കുകയുണ്ടായെന്നു ഞാൻ മനസ്സിലാക്കുന്നു.

രിക്കുന്നത്. പ്രൊഫസർ ആർ.എ. നിക്കൾസൺ *മഥ്നവി* ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. ഇഖ്ബാലിനു ശക്തമായ പ്രചോദനമായിരുന്നു റൂമി(റ). ഒരു ആത്മീയഗുരുവിനെപ്പോലെയായിരുന്നു അദ്ദേഹം റൂമി(റ)യെ കണക്കാക്കിയിരുന്നത്. ഇഖ്ബാൽ ദർശനത്തെയും കവിതയെയും രൂപകൽപന ചെയ്യുന്നതിൽ ജലാലുദ്ദീൻ റൂമി(റ) ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. – വിവ.

18. മൗലാനാ അൻവർ ശാഹ് കശ്മീരി(റ), മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി (റ), മൗലാനാ മസ്ഊദ് ആലം നദ്‌വി(റ) എന്നിവർക്ക് ഇഖ്ബാൽ അയച്ച കത്തുകൾ അദ്ദേഹത്തിൻെറ സ്വഭാവമഹിമ, വിനയം, വൈജ്ഞാനിക താൽപര്യം എന്നിവയുടെ ഉത്തമദൃഷ്ടാന്തങ്ങളത്രെ.

19. *മതചിന്തയുടെ പുനഃസംരചന ഇസ്‌ലാമിൽ* എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകൃതമായതും ഉർദുവിലേക്കും അറബിയിലേക്കും ഭാഷാന്തരം ചെയ്യപ്പെട്ടതുമായ അദ്ദേഹത്തിൻെറ മദിരാശി പ്രഭാഷണങ്ങളിലെ നിരവധി ആശയങ്ങളുടെയും ചിന്തകളുടെയും വിശദീകരണവും ന്യായീകരണവും സർവാംഗീകൃതമായ സാമ്പ്രദായികവിശ്വാസപ്രമാണങ്ങളുമായി പൊരുത്തപ്പെട്ടു പോവുക ക്ലേശകരമാണ്. ഇഖ്ബാലിൻെറ പ്രസ്തുത വീക്ഷണങ്ങളെക്കുറിച്ച് ഇതേ നിലപാടായിരുന്നു വന്ദ്യഗുരുനാഥൻ മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി (റ)യുടെത്.

www.abulhasanalinadwi.org

മുഹമ്മദീയസന്ദേശത്തിൻെറ അനശ്വരത, മുസ്ലിം സമൂഹത്തിൻെറ ഭദ്രത, അതിൻെറ നേതൃഗുണം, ആനുകാലിക സിദ്ധാന്തങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും പാപ്പരത്തം എന്നിവയിലുള്ള ഉത്തമബോധ്യം ഇഖ്ബാലിൻെറ ചിന്തയ്ക്കു വ്യക്തതയും ദൃഢതയും പ്രദാനം ചെയ്ത് അദ്ദേഹത്തിൻെറ സ്വത്വരൂപീകരണം സാധിച്ചെടുത്തു എന്നാണ് എനിക്കു തോന്നുന്നത്. ഇക്കാര്യത്തിൽ അദ്ദേഹം പാശ്ചാത്യതയുടെ യാഥാർഥ്യവുമായി പരിചയമോ, അതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളിലും ചരിത്രത്തിലും അഗാധമായ അഭിജ്ഞതയോ ഇല്ലാത്ത മതപണ്ഡിതൻമാരുടെ പോലും മുമ്പിലാകുന്നു.

അവസാനമായി ഒരിക്കൽ കൂടി പറഞ്ഞുകൊള്ളട്ടെ, ഇഖ്ബാൽ എനിക്കു ദൃഢനിശ്ചയത്തിൻെറയും സ്നേഹത്തിൻെറയും വിശ്വാസത്തിൻെറയും കവിയാണ്. എൻെറ കാര്യത്തിൽ തന്നെ ഞാൻ സാക്ഷി പറയാം, എപ്പോഴൊക്കെ അദ്ദേഹത്തിൻെറ കവിത വായിച്ചിട്ടുണ്ടോ, അപ്പോഴൊക്കെ ഹൃദയത്തിൽ ആവേശം തുടികൊട്ടിയിട്ടുണ്ട്; ചേതോഹരമായ വികാരങ്ങൾ ആന്ദോളനം ചെയ്തിട്ടുണ്ട്; അനുഭൂതിയുടെ തരംഗമാലകൾ ഉണർന്നിട്ടുണ്ട്; സിരകളിൽ ഇസ്ലാമിക ശൗര്യത്തിൻെറ ദ്രുതപ്രവാഹം സംഭവിച്ചിട്ടുമുണ്ട്. എൻെറ വീക്ഷണത്തിൽ ഇതാണ് ഇഖ്ബാൽകവിതയുടെ മൗലികമായ മൂല്യം.

ഈ ഗ്രന്ഥം അറബിയിൽ എഴുതാനുമുണ്ടൊരു കാരണം.[20] മധ്യപൗരസ്ത്യമേഖലയിൽ, പാശ്ചാത്യ സംസ്കാരവും ദർശനവും തത്വചിന്തയും ചെലുത്തിയ അതിർത്തി വിട്ട സ്വാധീനം എൻെറ കണ്ണിൽപ്പെട്ടിരുന്നു. ഇസ്ലാമിക, അറബു ലോകങ്ങൾ എപ്രകാരമാണു പൗരാണികവും ആധുനികവുമായ അന്ധതയുടെ വഴിത്തിരിവിൽ വന്നെത്തി നിൽക്കുന്നതെന്നും ഞാൻ നോക്കിക്കണ്ടിരുന്നു. ഒരു വശത്ത് അമിതമായ ദേശീയത, മറുവശത്തു സോഷ്യലിസവും കമ്യൂണിസവും. കലാസാഹിത്യങ്ങൾ മുതൽ രാഷ്ട്രീയ, വാണിജ്യബന്ധങ്ങൾ വരെ ഇവ രണ്ടിൻെറയും സ്വാധീനവലയത്തിൽ പെട്ടുപോവുകയും ചെയ്തു. എന്നാൽ അറബു ലോകത്തിൻെറ യഥാർഥദൗത്യം മനസ്സിലാക്കി, അതിന് ആത്മാർഥമായ സേവനം അർപ്പിക്കാനും വാനലോകപ്രബോധനങ്ങൾക്കും ധാർമികഗുണങ്ങൾക്കും മരണമൊഴി എന്നു പറയാവുന്ന ഈ അജ്ഞനാന്ധകാരത്തിന് എതിരായ യുദ്ധത്തിൽ തങ്ങളുടെ ബുദ്ധിപരമായ മുഴുവൻ വിഭവങ്ങൾ വിനിയോഗിക്കാനും അഭ്യസ്തവിദ്യരെ പിടികൂടിയ മതപരി

---

20. *റവാഇഉ ഇഖ്ബാൽ* എന്ന പേരിൽ അറബിയിലാണു ഗ്രന്ഥകാരൻ ഈ കൃതി രചിക്കുകയുണ്ടായത്. പിന്നീട് *നുഖൂശെ ഇഖ്ബാൽ* എന്ന പേരിൽ മൗലവി ശംസ് തബ്രീസ് ഖാൻ ഉർദുവിലേക്കും *ഗ്ലാറി ഓഫ് ഇഖ്ബാൽ* എന്ന പേരിൽ മുഹമ്മദ് ആസിഫ് ഖിദ്വായി ഇംഗ്ളീഷിലേക്കും ഭാഷാന്തരം ചെയ്തു. – വിവ.

www.abulhasanalinadwi.org

ത്യാഗത്തിനെതിരെ അണിചേരാനും സാധിക്കുന്ന എഴുത്തുകാർ ആ പ്രദേശങ്ങളിൽ വിരളമായിത്തീരുകയായിരുന്നു.

മലിനവും വിഷലിപ്തവുമായ പാശ്ചാത്യനാഗരികതയുടെയും സ്വന്തം നിലയും വിലയും മറന്നു, തങ്ങളുടെ പ്രബോധനപരമായ പദവിയെക്കുറിച്ച് അശ്രദ്ധ പൂണ്ട അറബു ലോകത്തിൻെറയും പശ്ചാത്തലം പരിഗണിക്കുമ്പോൾ ഇഖ്ബാലിൻെറ മൂല്യവും മഹത്വവും വർധിക്കുകയാണു ചെയ്യുന്നത്. ഇസ്ലാമിൻെറ കളിത്തൊട്ടിലിൽ നിന്നു വളരെ അകലെ, ബ്രിട്ടീഷുകാർക്കും അവരുടെ സംസ്കാരത്തിനും ആധിപത്യമുള്ള ഒരു രാജ്യത്ത്, ഒരു നവമുസ്ലിം ബ്രാഹ്മണകുടുംബത്തിൽ ജനിച്ച അദ്ദേഹം, പാശ്ചാത്യ വിജ്ഞാനത്തിൻെറയും കലാസാഹിത്യങ്ങളുടെയും പ്രമുഖ കേന്ദ്രങ്ങളിൽനിന്നു വിദ്യാഭ്യാസം നിർവഹിക്കുന്നു. എന്നാൽ, മുഹമ്മദീയ സന്ദേശത്തിലുള്ള അദ്ദേഹത്തിൻെറ വിശ്വാസം ബലിഷ്ഠമായിത്തീരുകയാണു ചെയ്യുന്നത്. പരിശുദ്ധ പ്രവാചകതിരുമേനി(സ)യുടെ വ്യക്തിത്വത്തിലും മുസ്ലിം സമൂഹത്തിൻെറ ഗുണമേൻമയിലും അതിൻെറ ഭാവിയിലും അദ്ദേഹത്തിനുള്ള ആശ്രയം വർധിക്കുന്നു. ഇസ്ലാമികതയുടെ കീർത്തനവും പടിഞ്ഞാറൻ തത്വചിന്തയോടും സംസ്കാരത്തോടുമുള്ള അമർഷവും അദ്ദേഹത്തിൻെറ പരിവേഷമായിത്തീരുന്നു. അദ്ദേഹം തൻെറ കലാപരമായ സകല കഴിവുകളും ഈ ചിന്തയുടെയും ആദർശത്തിൻെറയും മാർഗത്തിൽ ചെലവഴിക്കുന്നു. അങ്ങനെ അദ്ദേഹം വിശ്വാസത്തിലൂന്നിയ കവിതയുടെയും പ്രബോധനാത്മകമായ വീക്ഷണത്തിൻെറയും ദാർശനികമായ പക്വതയുടെയും പ്രതീകമായിത്തീർന്ന്, ഉപഭൂഖണ്ഡത്തിൻെറ ചലനമറ്റു കിടന്ന സാഗരത്തിൽ തൻെറ ചിന്തകളുടെ പ്രഹരത്താൽ പ്രളയതുല്യമായ അസ്വാസ്ഥ്യം സൃഷ്ടിക്കുന്നു. അതിൻെറ അലമാലകളാകട്ടെ, ഇന്ത്യാസമുദ്രം കടന്ന് അറബു തീരത്തെത്തി ഇസ്ലാമിക ലോകത്തിൻെറ ഭൂപ്രദേശത്തിൽ ആഘാതമേല്പിക്കുന്നു.

അതുകൊണ്ടു ഞാൻ മനസ്സിലാക്കി, ഇസ്ലാമിൻെറ പുതിയ തലമുറയ്ക്കും വളർന്നുവരുന്ന അറബു മക്കൾക്കും സമർപ്പിക്കാവുന്ന ഏറ്റവും നല്ല ചിന്താപരമായ ഉപഹാരം ഇതു തന്നെയാണെന്ന്. ഈ പുസ്തകം സമർപ്പിക്കവെ, ഇത് ദൃഢനിശ്ചയത്തെയും അഭിനിവേശത്തെയും ചലിപ്പിച്ചു, മനോഭാവങ്ങളിലെ ജീർണത തകർക്കാൻ ഒരു ഉപാധിയായിത്തീർന്നു, ചിന്തയിലും സാഹിത്യത്തിലും പുതിയൊരു കൈവഴി സൃഷ്ടിക്കാനുള്ള പ്രചോദനം പ്രദാനം ചെയ്യുമെന്നാണ് എൻെറ പ്രത്യാശ.

അല്ലാഹുവാകുന്നു ഉദ്ദേശ്യങ്ങൾക്കു പിറകിൽ. •

www.abulhasanalinadwi.org

2

സേവനങ്ങൾ സംഭാവനകൾ

(1951ൽ സുഊദി റേഡിയോ പ്രക്ഷേപണം ചെയ്ത പ്രഭാഷണം)

ഇഖ്ബാൽ പഞ്ചാബിലെ സിയാൽകോട്ടിൽ 1877ൽ[1] ജനിച്ചു. അദ്ദേഹത്തിൻെറ കുടുംബം കശ്മീരി ബ്രാഹ്മണരുടെതായിരുന്നു. രണ്ടു നൂറ്റാണ്ടു കാലം മുമ്പ് ഒരു പ്രപിതാമഹൻ[2] ഇസ്ലാം സ്വീകരിച്ചതു മുതൽ ഈ

---

1. ഗ്രന്ഥത്തിൻെറ ആദ്യകാല എഡിഷനുകളിലും ഇംഗ്ലീഷ് പരിഭാഷയിലും മറ്റും ജനനതിയ്യതി 1873 ഫെബ്രുവരി 22 എന്നായിരുന്നു ചേർത്തിരുന്നത്. ജനനതിയ്യതിയെ സംബന്ധിച്ച അഭിപ്രായ വ്യത്യാസങ്ങളും സംശയങ്ങളും നിലനിന്നിരുന്ന കാലത്തു പ്രസ്തുത തിയ്യതിയും പ്രചാരത്തിൽ ഉണ്ടായിരുന്നു. എന്നാൽ വിദഗ്ധരുടെ പഠനഗവേഷണങ്ങൾക്കു ശേഷം മഹാകവിയുടെ ജനനം 1877 നവംബർ 9 വെള്ളിയാഴ്ചയാണെന്നു സ്ഥിരീകരിക്കപ്പെടുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിലാണു പുതിയ പതിപ്പുകളിൽ ഗ്രന്ഥകാരൻ തന്നെ 1877 എന്നു മാറ്റിയിരിക്കുന്നത്. – വിവ.

2. പതിനഞ്ചാം നൂറ്റാണ്ടിൽ ഇസ്ലാം ആശ്ലേഷിച്ച ബാബാലോൽ ഹാജ്. ഹജ്ജ് തീർഥാടനത്തിൻെറ വലിയ കമ്പക്കാരനായിരുന്ന ഇദ്ദേഹം നിരവധി തവണ കാൽനടയായി ഹജ്ജ് ചെയ്തിട്ടുണ്ടെന്നു പറയപ്പെടുന്നു. ഇദ്ദേഹത്തിനു മുമ്പുള്ള ബാബാ സാലിഹ് ആണ് ഇഖ്ബാലിൻെറ കുടുംബത്തിൽ നിന്നു മുസ്ലിം ആയിത്തീർന്ന ആദ്യത്തെ വ്യക്തി എന്നും അഭിപ്രായമുണ്ട്. – വിവ.

www.abulhasanalinadwi.org

കുടുംബം നൻമയുടെയും ഭക്തിയുടെയും വർണം കൊണ്ട് അലംകൃതമായി. ഇഖ്ബാലിൻെറ പിതാവ്[3] തന്നെ നിർമലനായ സൂഫി ആയിരുന്നു.

സിയാൽകോട്ടിലെ ഇംഗ്ലീഷ് സ്കൂളിൽ നിന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടി പരീക്ഷ പാസ്സായ ശേഷം അദ്ദേഹം പട്ടണത്തിലെ കോളെജിൽ പഠിക്കാൻപോയി. അവിടെവച്ചാണ് ഇഖ്ബാലിനു മികവുറ്റ പണ്ഡിതനായ സയ്യിദ് മീർഹസനു[4]മായി ഇടപഴകാൻ അവസരം ലഭിച്ചത്. തൻെറ വിദ്യാർഥികൾക്കിടയിൽ വൈജ്ഞാനികതൃഷ്ണ ജനിപ്പിക്കുന്നതിൽ അദ്ദേഹത്തിനു പ്രത്യേക വൈദഗ്ധ്യം ഉണ്ടായിരുന്നു. അദ്ദേഹത്താൽ സ്വാധീനിക്കപ്പെട്ട് ഇസ്ലാമികവിഷയങ്ങളിലേക്കു തിരിഞ്ഞ ഇഖ്ബാലിനു തൻെറ ഗുരുവിൻെറ ഉപകാരം ഒരിക്കലും മറക്കാൻ കഴിയുമായിരുന്നില്ല.

ഇഖ്ബാൽ ലാഹോറിലെ ഗവൺമെൻറു കോളെജിൽ നിന്ന് തത്വശാസ്ത്രവും അറബിയും ഇംഗ്ലീഷും പ്രധാന വിഷയങ്ങളായെടുത്തു ബി.എ. ബിരുദം നേടി. അവിടെവച്ച് അദ്ദേഹം പ്രൊഫ. ആർണൾഡ്,[5] *മഖ്സൻ* പത്രാധിപർ സർ ശൈഖ് അബ്ദുൽ ഖാദിർ എന്നിവരുമായി പരിചയപ്പെട്ടു. 1901ൽ ഇഖ്ബാലിൻെറ *ചാന്ദ്* അടക്കമുള്ള ആദ്യകാല കവിതകൾ *മഖ്സനിൽ* പ്രത്യക്ഷപ്പെട്ടത് പുതിയൊരു ശബ്ദത്തിൻെറ മുഴക്കമായിട്ടാണു സാഹിത്യകേന്ദ്രങ്ങൾ കണക്കാക്കിയത്. അതോടെ, യുവകവി ശ്രദ്ധാകേന്ദ്രമായി. അതിനിടയിൽ അദ്ദേഹം പ്രശസ്തരീതിയിൽ എം.എ.ബിരുദം നേടുകയും ചരിത്രം, തത്വ

---

3. ശൈഖ് നൂർ മുഹമ്മദ് ഖാദിരിയാ തരീഖത്തിൽ ശൈഖ് ആയിരുന്നു. 'ശൈഖ് നഥു' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. തൊണ്ണൂറാം വയസ്സിൽ, 1920 ആഗസ്റ്റ് 17നു സിയാൽകോട്ടിൽ നിര്യാതനായി. അദ്ദേഹത്തിൻെറ പത്നി (ഇഖ്ബാലിൻെറ മാതാവ്) ബീഗം ഇമാം ബീബി എഴുപതെട്ടാം വയസ്സിൽ 1914 നവംബർ 9നു നിര്യാതയായി.– വിവ.

4. അറബിയിലും മതവിഷയങ്ങളിലും പണ്ഡിതനായിരുന്നു. ഇഖ്ബാലിൻെറ കൂടി പരിശ്രമഫലമായി ബ്രിട്ടീഷുഗവൺമെൻറ് അദ്ദേഹത്തിനു 'ശംസുൽ ഉലമാ' ബഹുമതി നൽകിയിരുന്നു. – വി.വ.

5. പ്രൊ. ആർണൾഡുമായി ആത്മബന്ധമായിരുന്നു ഇഖ്ബാലിന്. ഇന്ത്യ വിട്ട് ഇംഗ്ലണ്ടിലേക്ക് അദ്ദേഹം തിരിച്ചുപോയപ്പോൾ ഇഖ്ബാൽ എഴുതിയ ശോകകാവ്യമാണു *നാലായെ ഹിറാവ്* (വിരഹത്തിൻെറ വിലാപം). 'കലീമെ സുറൂഹെ സീനായെ ഇൽമ് (അറിവിൻെറ സീനാപർവതത്തിലെ കലീം) എന്നാണ് ഈ കവിതയിൽ ഇഖ്ബാൽ അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. പ്രൊഫ. ആർണൾഡിൻെറ മരണത്തിൽ അനുശോചിച്ചുകൊണ്ട്, അദ്ദേഹത്തിൻെറ പത്നിക്ക് ഇഖ്ബാൽ എഴുതിയ വികാരതീവ്രമായ കത്ത് ഇരുവരുടെയും മാനസികബന്ധത്തിനു മറ്റൊരു സാക്ഷിയത്രെ. തൻെറ ഡോക്ടറേറ്റ് ഗവേഷണപ്രബന്ധം പുസ്തകരൂപത്തിലാക്കിയപ്പോൾ ഇഖ്ബാൽ അതു സമർപ്പിച്ചതും തൻെറ വന്ദ്യഗുരുവിൻെറ പേരിലാണ്. *ദി പ്രീച്ചിംഗ് ഓഫ് ഇസ്ലാം* എന്ന പ്രസിദ്ധഗ്രന്ഥത്തിൻെറ കർത്താവാണു പ്രൊഫ. ആർണൾഡ്. കലീം നിർവഹിച്ച ഈ കൃതിയുടെ മലയാളപരിഭാഷ *ഇസ്ലാം പ്രബോധനവും പ്രചാരവും* എന്ന പേരിൽ ഐ.പി.എച്ച്. പ്രസിദ്ധീകരിച്ചിട്ടുണ്ട് – വിവ.

www.abulhasanalinadwi.org

ശാസ്ത്രം, രാഷ്ട്രമീമാംസ എന്നീ വിഷയങ്ങളിൽ അധ്യാപകനായി ലാഹോർ ഓറിയൻറൽ കോളെജിൽ നിയമിതനാവുകയും ചെയ്തു. പിന്നീടു ഗവൺമെൻറ് കോളെജിലേക്കു മാറി അവിടെ തത്വശാസ്ത്രവും ഇംഗ്ലീഷും പഠിപ്പിച്ചു. ഇഖ്ബാലിൻെറ അറിവും യോഗ്യതയും അധ്യാപകർക്കും വിദ്യാർഥികൾക്കുമിടയിൽ അംഗീകരിക്കപ്പെടുകയും അദ്ദേഹം വിദ്യാഭ്യാസവകുപ്പ് അധികൃതരുടെ വിശ്വാസം സമാർജിക്കുകയും ചെയ്തു.

1905ൽ കേംബ്രിഡ്ജിൽ ചേർന്ന ഇഖ്ബാൽ തത്വശാസ്ത്രത്തിലും സാമ്പത്തികശാസ്ത്രത്തിലും പ്രത്യേക ബിരുദങ്ങൾ നേടാനായി മൂന്നു വർഷം ലണ്ടനിൽ താമസിച്ചു. ഈ കാലയളവിൽ ഇസ്ലാമിക വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നിർവഹിക്കാനും പ്രബന്ധങ്ങൾ രചിക്കാനും അദ്ദേഹം സമയം കണ്ടെത്തി. അതു വൈജ്ഞാനികകേന്ദ്രങ്ങളിൽ അദ്ദേഹത്തിനു പ്രസിദ്ധിയും സ്വീകാര്യതയും നൽകുകയും ചെയ്തു. ആയിടക്കു തന്നെ, പ്രൊഫ. ആർണഡിൻെറ അഭാവത്തിൽ ലണ്ടൻ സർവകലാശാലയിൽ അറബിവകുപ്പിൽ അധ്യാപകനായി അദ്ദേഹം ജോലി നോക്കുകയും മ്യൂണിച്ചിൽ പോയി തത്വചിന്തയിൽ ഡോക്ടറേറ്റ് നേടുകയും ചെയ്തു. വീണ്ടും ലണ്ടനിൽ തിരിച്ചെത്തി നിയമബിരുദം കരസ്ഥമാക്കി അവിടത്തെ കൊമേഴ്സ് കോളെജിൽ അധ്യാപകനായി. രാഷ്ട്രമീമാംസയിലും സാമ്പത്തികശാസ്ത്രത്തിലും പ്രത്യേകം പഠനം നടത്തിയശേഷം 1908ൽ സ്വദേശത്തേക്കു യാത്ര തിരിച്ചു. സിസിലി[6]യിലൂടെ കടന്നുപോകവെ ഇഖ്ബാലിൻെറ കണ്ണുകൾ ആർദ്രമായി.

ഇനി കരയുകെൻ നയനമേ,
ഹൃദയം തുറന്നു നീ രക്തബാഷ്പത്താൽ;
അതാ ദൃശ്യമായി,
അറബു സംസ്കൃതി തൻ അസ്ഥിമാടം.

ഈ ബഹുമതികളെല്ലാം ഇഖ്ബാൽ നേടിയെടുത്തതു മുപ്പത്തിരണ്ടോ, മുപ്പത്തിമൂന്നോ വയസ്സിന് ഇടയിലായിരുന്നു. വിദേശത്തു നിന്നു തിരിച്ചെത്തിയ അദ്ദേഹത്തിനു സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ചേർന്നു സ്വീകരണം നൽകി. ഇഖ്ബാൽ അഭിഭാഷകജോലിയിലും ഏർപ്പെട്ടു. പക്ഷേ, അദ്ദേഹത്തിന് അതുമായി പൊരുത്തപ്പെട്ടുപോകാൻ കഴിഞ്ഞില്ല. അഭിഭാഷകവൃത്തി അദ്ദേഹത്തിന് അഭിരുചിയുള്ള രംഗവുമായിരുന്നില്ല. ആലോചനയിലും ചിന്തയിലും പുസ്തകരചനയിലും കവിതയെഴുത്തിലുമാണ്

6. യൂറോപ്പിലേക്കു കടന്ന മുസ്ലിംകൾ വിജ്ഞാനത്തിൻെറയും സംസ്കാരത്തിൻെറയും കേന്ദ്രങ്ങളാക്കിത്തീർത്ത രാജ്യമായിരുന്നു സ്പെയിനും സിസിലിയും. എന്നാൽ മുസ്ലിം ഭരണം തകർന്നതോടെ രണ്ടിൻെറയും പ്രതാപം അസ്തമിക്കുകയും ചെയ്തു. – വി വ.

www.abulhasanalinadwi.org

അദ്ദേഹം തൻെറ അധികസമയവും ചെലവഴിച്ചത്. അൻജുമൻ ഹിമായത്തെ ഇസ്‌ലാമിൻെറ വാർഷിക സമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുക്കാറുണ്ടായിരുന്നു.

ഒരു സമ്മേളനത്തിൽ *ശികവ്*[7]യും മറ്റൊന്നിൽ *ജവാബെ ശികവ്*[8]യും അദ്ദേഹം അവതരിപ്പിച്ചു. സാധാരണ ജനങ്ങൾക്കിടയിൽ അതുല്യമായ അംഗീകാരം സിദ്ധിച്ച ഈ കവിതകൾ സമുദായഗീതങ്ങളായി മാറി. ഭാഷയുടെയും ശൈലിയുടെയും കാര്യത്തിലും ഈ കവിതകൾ മികവുറ്റതാണെന്നു പറയേണ്ടിരിക്കുന്നു. അക്കാലത്തു തന്നെ ഇഖ്ബാൽ *തറാനയെ ഹിന്ദി*[9]യും *തറാനയെ മില്ലി*[10]യും എഴുതി. ഇവ രണ്ടും അനന്യസാധാരണമായ പ്രശസ്തിയും സ്വീകാര്യതയും നേടി. ദേശീയവും സാമുദായികവുമായ സമ്മേളനങ്ങളുടെ ഉദ്ഘാടനം ഈ കവിതകളെക്കൊണ്ടു നിർവഹിക്കുക പതിവായി.

1910ൽ നടന്ന ട്രിപ്പോളി,ബാൾക്കൻ യുദ്ധങ്ങൾ ഇഖ്ബാലിനെ ശക്തിയായി സ്വാധീനിക്കുകയും അദ്ദേഹത്തിൻെറ ഹൃദയവികാരങ്ങളെ അതിയായി വ്രണപ്പെടുത്തുകയും ചെയ്തു. ഈ സ്വാധീനം പാശ്ചാത്യ സംസ്കാരത്തോടും യൂറോപ്യൻ സാമ്രാജ്യത്വത്തോടുമുള്ള അടങ്ങാത്ത അമർഷമായി. മുസ്‌ലിംകളുടെ ദുഃഖത്തിൽ ചുടുബാഷ്പം ഒഴുക്കുകയും പടിഞ്ഞാറിനെതിരെ കൂരമ്പുകൾ എയ്യുകയും ചെയ്യുന്ന ഉദ്ദീപകകാവ്യങ്ങൾ രചിക്കാനും അത് ഇടയാക്കി.

---

7. *ശികവ്* = പരിദേവനം.

8. *ജവാബെ ശികവ്* = പരിദേവനത്തിനു പ്രത്യുത്തരം.

സമുദായത്തിൻെറ അവശതകളെപ്പറ്റി മഹാകവി സ്രഷ്ടാവിനോടു നടത്തുന്ന പരിദേവനമാണ് ആദ്യകവിതയിലെ പരാമർശമെങ്കിൽ, രണ്ടാമത്തെതിൽ സ്രഷ്ടാവ് നൽകുന്ന മറുപടിയാണു പ്രതിപാദ്യം. മുസ്‌ലിംകൾക്കിടയിൽ വിചാരവിപ്ലവത്തിനു തിരികൊളുത്തിയ ഇവ രണ്ടും സാഹിത്യകേന്ദ്രങ്ങളെയും ഹഠാദാകർഷിക്കുകയുണ്ടായി. പ്രസിദ്ധ ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാരൻ ഖുഷ്‌വന്ത് സിംഗ് രണ്ടും ഇയ്യിടെ ഇംഗ്ലീഷിലേക്കു ഭാഷാന്തരം ചെയ്തിട്ടുണ്ട്. മർഹൂം ടി.ഉബൈദ് സാഹിബിൻെറ മലയാള പരിഭാഷയും പ്രസിദ്ധീകൃതമായിയുന്നു. – വിവ.

9. ജവഹർലാൽ നെഹ്റു ഈ കവിത ദേശീയഗാനമാക്കാൻ ആഗ്രഹിച്ചിരുന്നതായി കേട്ടിട്ടുണ്ട്. പക്ഷേ, നിർഭാഗ്യവശാൽ വിഭജനാനന്തരം ഇഖ്ബാൽ പാകിസ്താൻെറയും ടാഗോർ ഇന്ത്യയുടെയും ദേശീയ കവികളായി കണക്കാക്കപ്പെടുകയും ടാഗോറിൻെറ ഗീതം ദേശീയ ഗാനമായിത്തീരുകയും ചെയ്തു. – ഉർദു വിവ. (മൗലവി ശംസ് തബ്രീസ് ഖാൻ).

10. *തറാനയെ മില്ലി* = സമുദായഗീതം

ഇസ്‌ലാമിൻെറ ആദർശപരമായ മഹിമയും മുസ്‌ലിംകളുടെ സാർവലൗകിക സാഹോദര്യവും വിളംബരം ചെയ്യുന്ന പ്രസിദ്ധ കവിത. 'സാരേ ജഹാം സെ അച്ഛാ...' എന്നു തുടങ്ങുന്ന പ്രസിദ്ധമായ *തറാനയെ ഹിന്ദി*ക്കു ശേഷം വിരചിതമായ ഈ കവിത സങ്കുചിത ദേശീയതയ്ക്കെതിരായ പ്രഹരമാണ്. ഇവ രണ്ടും ഇഖ്ബാലിൻെറ ചിന്താപരമായ പരിണാമത്തിനാണു പ്രതിനിധീഭവിക്കുന്നത്. – വിവ.

www.abulhasanalinadwi.org

കലാപത്തിൻെറയും വിപ്ലവത്തിൻെറും ഈ ആത്മാവ് അക്കാലത്തെ ഇഖ്ബാൽകവിതകളിലെല്ലാം നിറഞ്ഞു നിൽക്കുന്നതായി കാണാം. *ബിലാദെ ഇസ്‌ലാമിയ:* (ഇസ്‌ലാമികരാജ്യങ്ങൾ), *വതനിയത്* (ദേശീയത), *ഹിലാലെ ഈദ്* (പെരുന്നാൾ ചന്ദ്രക്കല), *മുസ്‌ലിം, ഫാതിമ: ബിൻത് അബ്ദുല്ലാഹ്* (ട്രിപ്പോളി യുദ്ധവേളയിൽ സെറിനെയ്ക്ക ഉപരോധത്തിൽ വച്ചു രക്തസാക്ഷ്യം വരിച്ച വീരാംഗന), *സിദ്ദഖ്(റ), ബിലാൽ(റ), തഹ്‌സീബെ ഹാസിർ* (ആധുനിക സംസ്കാരം), *ദീൻ, ഹുസൂറെ റിസാലത് മആബ് മേം*[11] (പ്രവാചകസന്നിധിയിൽ) എന്നിവ ഉദാഹരണങ്ങളാണ്. ഇസ്‌ലാമികനേതൃത്വത്തിന് അവകാശവാദം ഉന്നയിക്കുമ്പോൾ തന്നെ, വിശുദ്ധപ്രവാചകതിരുമേനി(സ)യുമായി ഹൃദയപരമോ, ആത്മീയമോ, ആയ യാതൊരു കൂറും ഇല്ലാത്ത മുസ്‌ലിംനേതാക്കളുടെ നിലപാടിൽ ഇഖ്ബാൽ വേദനിക്കുകയാണ് ഈ കവിതകളിൽ. പ്രവാചകപുംഗവ(സ)നെ കുറിച്ചു തികച്ചും അജ്ഞരായി യൂറോപ്പിലേക്കു തീർഥാടനം ചെയ്യുന്ന നേതൃമ്മന്യൻമാരുമായി തനിക്കു ബന്ധമില്ലെന്ന് അദ്ദേഹം വെട്ടിത്തുറന്നു പറയുന്നു:

കേണു കരഞ്ഞു പറയുകയായിരുന്നു,
പ്രവാചക വിശ്രമസ്ഥാനത്തിങ്കൽ, കഴിഞ്ഞ നാളൊരു തപ്തഹൃദയൻ;
ഈജിപ്തിലുമിന്ത്യയിലും, മുസ്ലിം സമൂഹത്തിൻ
ആണിക്കല്ലുകൾ തകരുകയാണെന്ന്.
പടിഞ്ഞാറിൻ പുണ്യം തേടും തീർഥാടകർ,
അർരാം സഹസ്രങ്ങൾ നേതാക്കളായ് ചമഞ്ഞുവെന്നാലും;
നിന്നെയറിഞ്ഞിടാത്ത ഇക്കൂട്ടരെക്കൊണ്ടു
ഞങ്ങൾക്കെന്തുണ്ടു കാര്യം?

ഭാവനാലോകത്തുവച്ച് കവി പ്രവാചകദർബാറിൽ ഹാജരാകുന്നു. തനിക്കായി എന്തു സമ്മാനമാണ് കൊണ്ടുവന്നതെന്നു പുണ്യറസൂൽതിരുമേനി(സ) തിരക്കുന്നു. കവിയുടെ കാഴ്ചദ്രവ്യം ഏതെന്ന് ഈ വരികൾ വ്യക്തമാക്കുന്നു:

സുഗന്ധം പോൽ വന്നു നീ, ഭുവനത്തിൻ പുഷ്പവാടിയിൽ നിന്ന്;
നമുക്കായ് കൊണ്ടുവന്നതേതു സമ്മാനം?

.....

ഞാൻ കാണിക്കയായ് കൊണ്ടു വന്നതൊരു ചഷകം,
അതിലുള്ളതോ സുരലോകത്തുപോലുമസുലഭം,

11. എല്ലാം *ബാങ്കെദറ*യിലെ കവിതകൾ. – വിവ.

www.abulhasanalinadwi.org

അതിൽ ജ്വലിക്കുന്നതോ അങ്ങയുടെ സമുദായത്തിന്നാദിജാത്യം,
ട്രിപ്പോളിയിലെ രക്തസാക്ഷികൾ തൻ ചൂടുനിണം.

പിന്നീട് 1914ൽ ലോകമഹായുദ്ധത്തിന്റെ ലാവ പൊട്ടിയൊലിച്ചതും തദ്ഫലമായി മുസ്ലിംലോകത്തുണ്ടായ സംഭവവികാസങ്ങളും അദ്ദേഹത്തെ ദുഃഖാകുലനായ കവിയും പോരാളിയായ പ്രബോധകനും ഇതോനിയായ ദാർശനികനും ഉൾക്കണ്ണുള്ള നിരീക്ഷകനും ആക്കിത്തീർത്തു. ഭാവിയെക്കുറിച്ചു നിഗമനത്തിൽ എത്താനും പ്രവചനങ്ങൾ നടത്താനും യാഥാർഥ്യങ്ങളെയും ഗുണപാഠങ്ങളെയും കവിതയുടെ വസ്ത്രമണിയിക്കാനും വാഗ്വൈഭവവും ആത്മജ്വാലയും കൊണ്ടു വിശ്വാസത്തിന്റെയും അവബോധത്തിന്റെയും സ്വത്വത്തിന്റെയും നിർഭയതയുടെയും അഗ്നി ജ്വലിപ്പിക്കാനും അദ്ദേഹത്തിനു സാധിച്ചു. ഇക്കാലത്ത് അദ്ദേഹത്തിന്റെ നെഞ്ചകത്തിന്റെ ആവേശവും ഹൃദന്തത്തിന്റെ പ്രവാഹവും മാനസത്തിന്റെ ഒഴുക്കും പുരോഗതി പ്രാപിക്കുകയായിരുന്നു. ഈ കാലഘട്ടത്തിലെ കവിതകളിൽ ഇഷ്ടപുഷ്പത്തിന്റെ സ്ഥാനം അലങ്കരിക്കുന്നതാണ് *ഖിസ്റെ റാഹ്*[12] എന്ന കാവ്യം. ഇതിലെ ഓരോ വരിയും കാവ്യകല, സാഹിത്യം, യാഥാർഥ്യബോധം എന്നിവയുടെ വൈശിഷ്ട്യം വിളിച്ചോതുന്നു. *തുലൂയെ ഇസ്ലാം*[13] ആകട്ടെ 'ഗസലിന്റെ ഗേഹം, എന്നു പറയാവുന്നതാണ്. അതിനോടു തുല്യമായ ഒന്ന് ഇസ്ലാമിക സാഹിത്യത്തിൽ അപൂർവ്വമായി മാത്രമേ ലഭ്യമാകൂ. 1924ൽ പ്രസിദ്ധീകൃതമായതു മുതൽ ഇന്നോളം ഉർദുവിന്റെ ചക്രവാളത്തിൽ അസ്തമിക്കാത്ത താരകമായി നിലകൊള്ളുകയാണ് *ബാങ്കെ ദറാ*. അതിന്റെ സ്വരമാകട്ടെ, വനരോദനമായി കലാശിച്ചിട്ടുമില്ല. ഈ കൃതിയുടെ പ്രസാധനം മുതൽ ഇഖ്ബാലിന്റെ നിര്യാണം വരെയുള്ള കാലഘട്ടം അദ്ദേഹത്തിന്റെ ചിന്താപരമായ പക്വതയ്ക്കും വൈജ്ഞാനികമായ അനന്തതയ്ക്കും പ്രസിദ്ധമാണ്. ഈ കാലയളവിൽ അദ്ദേഹത്തിന്റെ ലക്ഷ്യബോധം, പ്രബോധനം, സന്ദേശം എന്നിവയ്ക്കു കൂടുതൽ വ്യക്തത കൈവന്നു. അദ്ദേഹത്തിന്റെ പേർഷ്യൻസമാഹാരങ്ങൾ പുറത്തിറങ്ങുകയും ചെയ്തു.

ഇഖ്ബാൽ ആശയപ്രകാശനത്തിനു പേർഷ്യൻഭാഷ തെരഞ്ഞെടുത്തത്, ഉർദുവിനെക്കാൾ അതിന്റെ മേഖല വിശാലമായതുകൊണ്ടായിരുന്നു. അറബി കഴിഞ്ഞാൽ ഇസ്ലാമിക ലോകത്തെ രണ്ടാംഭാഷയും ഇറാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങൾക്കു മാതൃഭാഷയും ആയിരുന്നു അത്. ഇന്നും

---

12. *ഖിസ്റെ റാഹ്* = മാർഗദർശി.
ബാങ്കെദറാ സമാഹാരത്തിലെ ഒരു കവിത. – വിവ.
13. *തുലൂയെ ഇസ്ലാം* = ഇസ്ലാമിന്റെ ഉദയം.
*ബാങ്കെ ദറാ*യിലെ മറ്റൊരു കവിത. – വിവ.

www.abulhasanalinadwi.org

ഇന്ത്യയ്ക്ക് അകത്തും പുറത്തും അതിനോടു പ്രത്യേകതാൽപര്യം വച്ചു പുലർത്തുന്നവർ ധാരാളം ഉണ്ട്. റഷ്യ, തുർക്കി, തുർക്കിസ്ഥാൻ എന്നിവയോളം വ്യാപിച്ചുകിടക്കുന്നതാണ് അതിന്റെ സ്വാധീനം. ഇക്കാലത്തു തന്നെ ഇഖ്ബാലിന്റെ ഉർദുസമാഹാരങ്ങൾക്കു പുറമെ *അസ്റാറെ ഖുദി*,[14] *റുമൂസെ ബേഖുദി*,[15] *പയാമെ മശ്ശിഖ്*,[16] *സബൂറെ അജം*,[17] *ജാവേദ് നാമ*,[18] *പസ്ചെ ബായദ് കർദ്*,[19] *മുസാഹിർ*,[20] എന്നീ പേർഷ്യൻ കൃതികളും പുറത്തിറങ്ങി. മദിരാശി പ്രഭാഷണങ്ങളും (*മതചിന്തയുടെ പുനഃസംരചന ഇസ്ലാമിൽ*) കേംബ്രിഡ്ജ് പ്രസംഗവും പിന്നീടാണു പ്രസിദ്ധീകരിക്കപ്പെട്ടത്.

ഈ പറഞ്ഞ കൃതികളെല്ലാം സാഹിത്യകാരൻമാരും മത, തത്വചിന്താരംഗങ്ങളിലെ വിദഗ്ധരും തുല്യമായി ശ്രദ്ധിക്കുകയും ആദരപൂർവം സ്വീകരിക്കുകയും ചെയ്തു. വിവിധ ഭാഷകളിൽ അവയുടെ വിവർത്തനങ്ങളും

---

14. *അസ്റാറെ ഖുദി* = സ്വത്വത്തിന്റെ നിഗൂഢതകൾ.

ഇഖ്ബാലിന്റെ ദർശനം ഏറെ പ്രകടമായ കൃതി. ഖുദി(സ്വത്വം) സംബന്ധമായ മഹാകവിയുടെ ആശയങ്ങൾ അവതരിപ്പിക്കുന്ന ഈ പേർഷ്യൻ സമാഹാരം സ്വത്വവികാസത്തെയും സ്വത്വസാക്ഷാൽക്കാരത്തെയും ചർച്ച ചെയ്യുന്നു. – വിവ.

15. *റുമൂസെ ബേഖുദി* = സ്വത്വരാഹിത്യത്തിന്റെ രഹസ്യങ്ങൾ 1915ൽ പ്രസിദ്ധീകൃതമായി. *അസ്റാറി*നെപ്പോലെ തന്നെ ഏറിയ കുറും തത്വചിന്താപരം – വിവ.

16. *പയാമെ മശ്ശിഖ്* = മിശിഖിന്റെ സന്ദേശം.

1923ൽ പ്രസിദ്ധീകൃതമായ പേർഷ്യൻ കവിതാസമാഹാരം. പ്രസിദ്ധ ജർമ്മൻ മഹാകവി ഗോയ്ഥെയ്ക്കുള്ള മറുപടി ആണ് ഈ കൃതി. – വിവ.

17. *സബൂറെ അജം* = പേർഷ്യൻ സങ്കീർത്തന പുസ്തകം.

1927ൽ പ്രസിദ്ധീകരണം – വിവ.

18. *ജാവേദ് നാമ* = അനശ്വരഗ്രന്ഥം.

1932ൽ പ്രസാധനം ചെയ്യപ്പെട്ടു. മഹാകവിയുടെ ഭാവനാസമ്പന്നമായ ആകാശാരോഹണം പ്രതിപാദിക്കുന്ന ഈ പേർഷ്യൻ കൃതി ദാന്തെയുടെ *ഡിവൈൻ കോമഡി*ക്കുള്ള മറുപടിയായും ഗണിക്കപ്പെടാം. ഇതാണ് ഇഖ്ബാലിന്റെ മാസ്റ്റർ പീസ് എന്നു ചില നിരൂപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. രണ്ടു കൃതികൾക്കും പ്രചോദനം വിശുദ്ധപ്രവാചക(സ)ന്റെ പ്രസിദ്ധമായ ആകാശാരോഹണസംഭവം (മിഅ്റാജ്) ആണെന്നതു ശ്രദ്ധേയമത്രെ – വിവ.

19. ഈ പേർഷ്യൻ മഹാകവിയുടെ പൂർണമായ പേര് *പസ്ചെ ബായദ് കർദ് ഏ അഖ്വാമെ ശർഖ്* = ഹേ! പൗരസ്ത്യ രാജ്യങ്ങളേ, ഇനി എന്തു ചെയ്യാം! 1936ൽ പ്രസാധനം – വിവ.

20. *മുസാഹിർ* = പഥികൻ.

1936ൽ തന്നെ പ്രസിദ്ധീകരിക്കപ്പെട്ട മറ്റൊരു പേർഷ്യൻ മഹാകവി. – വിവ.

www.abulhasanalinadwi.org

പുറത്തിറങ്ങി. പ്രൊഫസർ ആർ.എ.നിക്കൾസൺ[21] *അസ്റാറെ ഖുദി*യുടെ ഇംഗ്ലീഷ് ഭാഷാന്തരം നിർവഹിച്ചു. ജർമനിയിലും ഇറ്റലിയിലും ഇഖ്ബാലിന്റെ കാവ്യദർശനങ്ങളെ സംബന്ധിച്ച പഠനത്തിനായി അക്കാദമികൾ സ്ഥാപിതമായി.

ഇഖ്ബാൽ പഞ്ചാബ് നിയമസഭയിൽ അംഗമായിരുന്നു. 1930ൽ ചേർന്ന മുസ്ലിംലീഗിന്റെ അലഹബാദ് സമ്മേളനത്തിലെ ആധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം ആദ്യമായി പാകിസ്താന്റെ ആശയം അവതരിപ്പിച്ചു. 1930-31ലെ വട്ടമേശസമ്മേളനത്തിൽ ഇഖ്ബാൽ മുസ്ലിംകളുടെ പ്രതിനിധിയായി പങ്കെടുത്തു. ഇംഗ്ലണ്ടിലായിരിക്കെ ഫ്രാൻസിലെയും സ്പെയിനിലേയും ഇറ്റലിയിലെയും ഭരണകൂടങ്ങൾ, ആ രാജ്യങ്ങൾ സന്ദർശിക്കാൻ അദ്ദേഹത്തെ ക്ഷണിച്ചു. സ്പെയിനും ഇറ്റലിയും സന്ദർശിച്ച ഇഖ്ബാൽ മാഡ്രിഡിൽ ഇസ്ലാമികകലയെ സംബന്ധിച്ച് ഏതാനും പ്രഭാഷണങ്ങൾ നിർവഹിക്കുകയുണ്ടായി. മുസ്ലിംകൾ നാടുകടത്തപ്പെട്ടതിനു ശേഷം ആദ്യമായി കൊർദോവാ മസ്ജിദിൽ അദ്ദേഹം പ്രാർഥന നടത്തുകയും അറബികളുടെ എട്ടു നൂറ്റാണ്ടുകാലത്തെ ഭരണത്തിന്റെയും അവരുടെ ഭൂതകാലപ്രതാപത്തിന്റെയും ഓർമകളുമായി ഹൃദയം പൊട്ടിക്കരയുകയും ചെയ്തു. ഇസ്ലാമിക സ്പെയിനിന്റെ സാംസ്കാരികസത്തയും അതിന്റെ ഗതകാലസൗന്ദര്യവും ഇഖ്ബാലിന്റെ ഭാവനയിലൂടെ കാവ്യരൂപം പൂണ്ടു. കവിയുടെ കണ്ണിനു മുമ്പിൽ കഴിഞ്ഞകാലമഹത്വത്തിന്റെ ചിത്രരേഖകൾ തെളിഞ്ഞപോലെ. കൊർദോവയിലെ മസ്ജിദ് തന്റെ വിജനതയെപ്പറ്റി വിലപിച്ചുകൊണ്ടു സുജൂദിനുള്ള മോഹത്താൽ തുടിക്കുകയാണ്. അവിടത്തെ അന്തരീക്ഷമാകട്ടെ, ബാങ്കൊലികൾക്കായി കാതോർത്തു കാത്തിരിക്കുകയും. സ്പെയിൻ അതിന്റെ ഇസ്ലാമിക കാലഘട്ടത്തിന്റെ തപ്തസ്മരണകളിലാണ് ഇന്നും. മികച്ച ലോകസാഹിത്യങ്ങളിൽ ഉൾപ്പെടുത്താൻ യോഗ്യമായ ഈ കവിതയിൽ ഇഖ്ബാലിന്റെ ചിന്തയും കലയും ഔന്നത്യം പ്രാപിച്ചിരിക്കുന്നു.

സ്പെയിനിൽ ആവേശോജ്വലമായ സ്വീകരണമാണ് ഇഖ്ബാലിനു ലഭിച്ചത്. ഇറ്റലിയിൽ മുസ്സോളിനിയും അദ്ദേഹത്തെ സ്വീകരിച്ചു. ഇഖ്ബാലിന്റെ ഗ്രന്ഥങ്ങളിലൂടെ അദ്ദേഹത്തിന്റെ ദർശനത്തെ മുസ്സോളിനി മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. ഇരുവരും ഏറെ നേരം സംഭാഷണത്തിൽ ഏർപ്പെ

---

21. വൈജ്ഞാനിക ലോകത്തു പ്രസിദ്ധനായ ഓറിയൻറലിസ്റ്റു പണ്ഡിതൻ. കേംബ്രിഡ്ജിൽ വച്ച് കണ്ടുമുട്ടിയ ശേഷം ഇഖ്ബാലിന്റെ സുഹൃത്തായിരുന്നു. സൂഫിസത്തെ സംബന്ധിച്ചു പ്രത്യേകപഠനം നടത്തിയിരുന്നു. അറബി, ഉർദു, പേർഷ്യൻ ഭാഷകളിൽ നിന്നു പലതും വിവർത്തനം ചെയ്തിട്ടുള്ള ഇദ്ദേഹം ഇംഗ്ലീഷിൽ അറബിസാഹിത്യചരിത്രവും എഴുതിയിട്ടുണ്ട് – വിവ.

www.abulhasanalinadwi.org

ടു. ഉത്തര ആഫ്രിക്കയിലെ ഫ്രഞ്ച് അധിനിവിഷ്ട പ്രദേശങ്ങളും പാരീസിലെ മസ്ജിദും സന്ദർശിക്കാൻ ഫ്രാൻസിലെ ഭരണാധികാരികൾ ഇഖ്ബാലിനെ ക്ഷണിച്ചു. ദമാസ്കസിൻെറ ദുരിതപൂർണമായ തകർച്ചയ്ക്കു വളരെ നിസ്സാരമായ വിലയാണ് ഇതെന്ന് പറഞ്ഞുകൊണ്ടു, രോഷം പൂണ്ട മുസ്ലിം മഹാകവി ക്ഷണം തിരസ്കരിച്ചു. കേംബ്രിഡ്ജ്, റോം, സോർബോൺ, മാഡ്രിഡ് എന്നിവിടങ്ങളിലെ യൂണിവേഴ്സിറ്റികളും റോമൻ റോയൽ സൊസൈറ്റിയും കൂടാതെ, സ്നേഹജനങ്ങളും ഇഖ്ബാലിനെ ആദരിച്ചുകൊണ്ടു സ്വീകരണങ്ങൾ സംഘടിപ്പിച്ചു. മടക്കയാത്രയിൽ അദ്ദേഹം 'അൽമുഅ്തമറുൽ ഇസ്ലാമി' സമ്മേളനത്തിൽ പങ്കെടുക്കാൻ ജറൂസലേമിൽ പോവുകയും വഴിമധ്യെ *സൗഖ് ഒ ശൗഖ്*[22] എന്ന ഉജ്വലമായ കവിത രചിക്കുകയും ചെയ്തു.

ശാഹ് നാദിർ ഖാൻ ശഹീദി(റ)ൻെറ ക്ഷണപ്രകാരം 1933ൽ വിദ്യാഭ്യാസ വിചക്ഷണരുടെ സംഘത്തോടൊപ്പം ഇഖ്ബാൽ അഫ്ഗാനിസ്ഥാൻ സന്ദർശിച്ചു. സർ റാസ് മസ്ഊദും[23] അല്ലാമാ സുലൈമാൻ നദ്‌വി(റ)യും സംഘത്തിലുണ്ടായിരുന്നു. രാജാവു മഹാകവിയോട് ഉള്ളുതുറന്നു സംസാരിച്ചു. ദീർഘനേരം സംഭാഷണത്തിൽ ഏർപ്പെട്ട ഇരുവരും ഇടക്കിടെ കരയുന്നുണ്ടായിരുന്നു. സുൽത്താൻ മഹ്മൂദ് ഗസ്നവി(റ)യുടെയും ഹകീം സനാഈ(റ)യുടെയും മഖ്ബറകളിൽ എത്തിയ മഹാകവിയുടെ വികാര, വിചാരങ്ങൾ ദുഃഖക്കണ്ണീരായി ചാലിട്ടൊഴുകുകയും കവിതകളായി രൂപാന്തരം പ്രാപിക്കുകയും ചെയ്തു. ഈ യാത്രയിലെ അനുഭവങ്ങളാണു *മുസാഫിർ* എന്ന കവിതയിൽ നിറഞ്ഞുനിൽക്കുന്നത്.

ഇഖ്ബാൽ ഏറെക്കാലം വിവിധ രോഗങ്ങൾക്ക് ഇരയായിക്കൊണ്ടിരുന്നു. അവസാനം, ആരോഗ്യം പൂർണമായി ക്ഷയിക്കുകയും അദ്ദേഹം ശയ്യാവലംബിയാവുകയും ചെയ്തു. പക്ഷേ, ഈ അവസ്ഥയിലും കവിതയെഴുത്തും അഭിമുഖസംഭാഷണങ്ങളും അനുസ്യൂതം തുടർന്നു. ദേശീയതയുടെ നിഷേധം ഇക്കാലത്തെ രചനകളുടെ പ്രത്യേകതയാണ്. ഈ കാലഘട്ടത്തിലാണ് അദ്ദേഹം പാടിയത് :

---

22. *സൗഖ് ഒ ശൗഖ്* = ഔത്സുക്യവും ആസക്തിയും.

ഉർദുസമാഹാരമായ *ബാലെ ജിബ്രീ*ലിലെ ഒരു കവിത. ഇതിലെ മിക്ക ഭാഗവും എഴുതിയതു ഫലസ്ഥീനിൽ വച്ചാണ്. – വിവ.

23. സർ സയ്യിദ് അഹ്മദ് ഖാൻെറ പൗത്രനായ സർ സയ്യിദ് റാസ് മസ്ഊദ്. ഇഖ്ബാലിൻെറ മിത്രം. ഭോപാലിൽ വിദ്യാഭ്യാസമന്ത്രിയായിരുന്നു. ഇരുവരുടെയും ബന്ധം അഗാധമത്രെ – വിവ.

www.abulhasanalinadwi.org

ഹറമിലെ[24] വിശുദ്ധർക്കുണ്ടൊരു പറുദീസ,
സ്ഥൈര്യത്തിന്നവകാശികൾക്കുമുണ്ടൊരു പറുദീസ;
പറയുകയെന്നാൽ, ഇന്ത്യൻ മുസ്‌ലിംകളോടാനന്ദം കൊള്ളാൻ,
ദൈവമാർഗത്തിലെ പോരാളികൾക്കുമുണ്ടൊരു പറുദീസ !

തന്റെ നിര്യാണത്തിന് ഏതാനും നിമിഷങ്ങൾക്കു മുമ്പ് ഇഖ്ബാൽ ചൊല്ലിയ ഈ വരികൾ അദ്ദേഹത്തിന്റെ മോഹാവേശങ്ങളുടെ വിശദീകരണവും ജീവിതത്തിന്റെ വ്യാഖ്യാനവുമത്രെ:

വിടചൊല്ലിപ്പിരിഞ്ഞ രാഗം വന്നാലുമില്ലെങ്കിലും,
ഹിജാസിൻ[25] മാരുതൻ വീശിയാലുമില്ലെങ്കിലും,
ഈ സാധുവിൻ ദിനങ്ങൾക്കന്ത്യമായി;
മറ്റൊരു നിഗൂഢജ്ഞൻ വന്നാലുമില്ലെങ്കിലും.

പിന്നീട് അദ്ദേഹം ഒടുക്കത്തെ അനശ്വരമായ കവിത മൊഴിഞ്ഞു:

പറഞ്ഞു തരട്ടെയോ ഞാൻ,
സത്യവിശ്വാസി തൻ അടയാളം;
മരണം വരുമ്പോൾ അവൻ തൻ അധരങ്ങളിൽ,
പൂത്തുല്ലസിക്കും മന്ദഹാസം.

ഇഖ്ബാൽ ഇസ്‌ലാമിന്റെ സത്യവൽക്കരണത്തിലും സത്യവിശ്വാസിയുടെ അവബോധത്തിലും ഉറച്ചുനിന്നു എന്നതിന്റെ അവസാനത്തെ ദൃഷ്ടാന്തമായിരുന്നു ഇത്. അങ്ങനെ അദ്ദേഹം തന്റെ വൃദ്ധനായ രസവകന്റെ മടിയിൽ കിടന്ന് അന്ത്യശ്വാസം വലിച്ചു. ഹൃദയങ്ങൾക്കു ചൂടും ചലനവും വെളിച്ചവും പ്രദാനം ചെയ്ത മതത്തിന്റെയും സാഹിത്യത്തിന്റെയും ആ സൗഭാഗ്യസൂര്യൻ ഇസ്‌ലാമികലോകത്തങ്ങോളം വ്യാപിച്ചു കിടക്കുന്ന സുഹൃൽജനങ്ങളെയും ശിഷ്യഗണങ്ങളെയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് 1938 ഏപ്രിൽ 21ലെ സൂര്യോദയത്തിനു മുമ്പ് അസ്തമിച്ചു.

---

24. കഅബ സ്ഥിതി ചെയ്യുന്ന മക്കയിലെ മസ്ജിദുൽ ഹറാമിനെ പ്രത്യേകമായും മസ്ജിദുകളുടെ പവിത്രമായ സ്ഥാനത്തെ പൊതുവായും സൂചിപ്പിക്കുന്ന പദം. മസ്ജിദുൽ ഹറാമിനോടൊപ്പം മദീനയിലെ മസ്ജിദുന്നബവിയെ കൂടി ഉദ്ദേശിച്ചു 'ഹറമൈൻ' (രണ്ടു ഹറമുകൾ) എന്നും പറയാറുണ്ട് – വിവ.

25. മക്കയും മദീനയും സ്ഥിതി ചെയ്യുന്ന അറേബിയയുടെ യഥാർഥനാമം. സുഊദി അറേബിയ എന്നത് അവിടെ ഭരണം നടത്തുന്ന സുഊദി രാജവംശവുമായി ബന്ധപ്പെടുത്തി പറയാറുള്ളതാണ് – വിവ.

www.abulhasanalinadwi.org

3

ഇഖ്ബാലിന്റെ വ്യക്തിത്വരൂപീകരണം

[ഈ അധ്യായം 1951 മാർച്ച് 28നു കെയ്റോവിലെ പ്രശസ്ത വിദ്യാകേന്ദ്രമായ ദാറുൽ ഉലൂമിൽ ചെയ്ത പ്രഭാഷണമാണ്. നിരവധി സവിശേഷതകളാൽ പ്രസിദ്ധമായിരുന്ന ഈ സ്ഥാപനത്തിലെ അധ്യാപകരായിരുന്നു മർഹൂം ശൈഖ് ഹസനുൽ ബന്നയും സയ്യിദ് ഖുതുബ് ശഹീദും. കോളെജിന്റെ വിദ്യാഭ്യാസപരമായ അന്തരീക്ഷവും അധ്യാപകരുടെയും വിദ്യാർഥികളുടെയും സാന്നിധ്യവും പരിഗണിച്ച് അല്ലാമാ ഇഖ്ബാലിന്റെ വ്യക്തിത്വത്തെ, അതിന്റെ വികാസത്തിന്റെയും വിദ്യാഭ്യാസപരമായ ഘടകങ്ങളുടെയും പശ്ചാത്തലത്തിൽ വിശകലനം ചെയ്തിരിക്കുകയാണ് ഈ പ്രസംഗത്തിൽ. അതീവതാൽപര്യത്തോടെയും അത്യാവേശത്തോടെയുമാണു സദസ്സ് ഈ ഭാഷണം ശ്രവിച്ചത്.]

ഇഖ്ബാലിന്റെ വ്യക്തിത്വരൂപീകരണത്തിനു ചില അടിസ്ഥാനങ്ങളുണ്ട്. ബഹുമുഖമായ വർണശബളിമയോടെ സമകാലികർക്കിടയിൽ ഇഖ്ബാലിനെ ശ്രദ്ധേയനാക്കിയ ഈ അടിസ്ഥാനങ്ങൾക്കാകട്ടെ അദ്ദേഹത്തിന്റെ വിദ്യാഭ്യാസപരവും സാഹിത്യപരവുമായ പരിശ്രമങ്ങളുമായി വലിയ ബന്ധമൊന്നുമില്ല. ഇഖ്ബാലിന്റെ വ്യക്തിത്വത്തിൽ ദൃശ്യമാവുന്ന സമഗ്രത, ഉന്നതചിന്ത, ഭാവന, താപം, വേദന, വൈകാരികത എന്നിവയ്ക്കും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മറ്റൊരു മുഖവുമായിട്ടാണു ബന്ധം. നമുക്ക് അതിനെ അവബോധമെന്നും വിശ്വാസമെന്നും വിളിക്കുക.

www.abulhasanalinadwi.org

യഥാർഥത്തിൽ, ഇഖ്ബാലിൻെറ വ്യക്തിത്വത്തെ നിർമിക്കുകയും വികസിപ്പിക്കുകയും ചെയ്തതിൽ അദ്ദേഹത്തിനു കാലികവിജ്ഞാനങ്ങളും പാശ്ചാത്യ വിദ്യാഭ്യാസവും പകർന്നു നൽകിയ വർത്തമാനകാല സ്ഥാപനങ്ങൾക്കും സർവകലാശാലകൾക്കും മാത്രമല്ല പങ്കുള്ളത്. എന്നാൽ, ഇഖ്ബാൽ ഇന്ത്യയിലെയും ഇംഗ്ലണ്ടിലെയും ജർമനിയിലെയും വിദഗ്ധരിൽ നിന്ന് ആധുനിക ശാസ്ത്രങ്ങളും പാശ്ചാത്യ വിജ്ഞാനങ്ങളും നേടുകയും അവിടത്തെ കലാശാലകളിൽ നിന്നു ദാഹം തീർക്കുകയും ചെയ്തുവെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. എത്രത്തോളമെന്നാൽ, ഇസ്ലാമിക ലോകത്തു പടിഞ്ഞാറിൻെറ സംസ്കാരം, ചിന്തകൾ, വിജ്ഞാനീയങ്ങൾ എന്നിവയുടെ വിദഗ്ധർക്കിടയിൽ അദ്ദേഹം അതുല്യനായി. പാശ്ചാത്യതത്വചിന്ത, സാമൂഹിക ശാസ്ത്രം, ധർമശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രമീമാംസ എന്നിവയിൽ വിശേഷജ്ഞനായിത്തീർന്ന അദ്ദേഹം ആധുനികവും പൗരാണികവുമായ ശാസ്ത്രങ്ങളിൽ അഗാധമായ അവഗാഹവും നേടി. പക്ഷേ അവിടെ വച്ച് അവസാനിപ്പിച്ച് ആധുനിക വിദ്യാഭ്യാസസ്ഥാപനങ്ങൾ നൽകിയ കായ്കനികളുടെ രുചിയും രസവും നുകർന്നു സംതൃപ്തി അടഞ്ഞിരുന്നുവെങ്കിൽ അദ്ദേഹം ഇന്നു നമ്മുടെ ചർച്ചാവിഷയമാവുകയോ ഇസ്ലാമികസാഹിത്യത്തിലും അതിൻെറ ചരിത്രത്തിലും അദ്ദേഹത്തിൻെറ കവിതയുടെ നാദവീചികൾ പ്രതിധ്വനിക്കുകയോ അറിവിൻെറ ആധ്യക്ഷ്യവും ചിന്തയുടെ നേതൃത്വവും ഇസ്ലാമിൻെറ ധിഷണയും അദ്ദേഹത്തിനു വേണ്ടി സ്വയം വിശാലമാകുകയോ ചെയ്യുമായിരുന്നില്ല. അത്തരമൊരു അവസ്ഥയിൽ ഈ ഉന്നതപദവികളിൽ അദ്ദേഹത്തിന് അഭിമാനം അനുഭവപ്പെടുകയും ഇല്ലായിരുന്നു. ഈ പറഞ്ഞതിനൊക്കെ ചില വ്യവസ്ഥകൾ ആവശ്യമാണ്. ഒരു വ്യക്തിയും അധ്യയനാധ്യാപനങ്ങളെക്കൊണ്ടോ വൈജ്ഞാനികരംഗത്തെ വൈവിധ്യം കൊണ്ടോ രചനകളുടെ ആധിക്യം കൊണ്ടോ ഇത്ര ഉന്നതമായ സ്ഥാനത്തെത്തുകയില്ല. ഇഖ്ബാൽ താൻ ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങളെക്കൊണ്ടു സായൂജ്യമടഞ്ഞ് അവിടത്തെ കലാ, ശാസ്ത്രങ്ങളുടെ മുടിനാരിഴ കീറുന്ന പ്രവർത്തനങ്ങളിൽ തൻെറ താൽപര്യം പരിമിതപ്പെടുത്തിയിരുന്നുവെങ്കിൽ, അദ്ദേഹം ഏറിയാൽ തത്വശാസ്ത്രത്തിലും സാമൂഹികശാസ്ത്രത്തിലും സാഹിത്യത്തിലും ചരിത്രത്തിലും കൃതഹസ്തനായ ഒരു അധ്യാപകനോ പ്രൊഫസറോ ഉന്നത നിലവാരമുള്ള ഒരു ഗ്രന്ഥകാരനോ കാലികശാസ്ത്രങ്ങളുടെ ഒരു വിദഗ്ധനോ അല്ലെങ്കിൽ പ്രതിഭാശാലിയായ ഒരു സാഹിത്യകാരനോ കവിയോ ആകുമായിരുന്നു. അതുമല്ലെങ്കിൽ പ്രഗദ്ഭനായ ഒരു അഭിഭാഷകനോ ഒരു നല്ല ന്യായാധിപനോ മെച്ചപ്പെട്ട ഒരു മന്ത്രിയോ ഒക്കെ ആയേനെ. പക്ഷേ ഇഖ്ബാൽ ഈ പറഞ്ഞ ഏതെങ്കിലുമൊരു രംഗത്താണു പ്രവർത്തിച്ചിരുന്നതെങ്കിൽ ലോകത്തിലെ വലിയ വലിയ പണ്ഡിതൻമാർക്കും സാഹിത്യകാരൻമാർക്കും കവികൾക്കും ഗ്രന്ഥകാരൻമാർക്കും ഭരണാധികാരികൾക്കും

www.abulhasanalinadwi.org

സംഭവിച്ചതു പോലെ അദ്ദേഹവും കാലത്തിൻെറ യവനികയ്ക്കുള്ളിൽ മറയുമായിരുന്നു. അദ്ദേഹം ആരായിരുന്നുവെന്നോ എന്തായിരുന്നുവെന്നോ ആരുമാരും അറിയുകയും ചെയ്യുമായിരുന്നില്ല. എന്നാൽ ഇഖ്ബാലിൻെറ ധിഷണയും പ്രതിഭയും അനശ്വരമായ സന്ദേശവും മസ്തിഷ്കങ്ങളെയും ഹൃദയങ്ങളെയും അധീനമാക്കുന്നതിൽ അവയ്ക്കുള്ള ശക്തി വിശേഷവും എല്ലാം തന്നെ ഈ ഐഹികമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു വേറിട്ടു നിൽക്കുകയാണ്. മറ്റൊരു വൈജ്ഞാനിക സ്ഥാപനവുമായിട്ടത്രെ അവ ബന്ധപ്പെട്ടിരിക്കുന്നത്. ആ സ്ഥാപനത്തിൽ നിന്നാണ് അദ്ദേഹം വിദ്യാഭ്യാസം നേടിയതും വികാസം പ്രാപിച്ചതും.

നിങ്ങളിൽ അധികം പേരും ഈ സവിശേഷസ്ഥാപനത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിലും ആലോചനകളിലും മുഴുകി വിഷണ്ണരാകുമെന്നാണ് എനിക്കു തോന്നുന്നത്. മഹാനായ ഈ കവിക്കു ജൻമം നൽകിയ ആ സ്ഥാപനം ഏതായിരിക്കും? ഏതു ഭാഷയായിരിക്കും അവിടത്തെ അധ്യയന മാധ്യമം? അവിടത്തെ പാഠ്യവിഷയങ്ങൾ ഏതൊക്കെയായിരിക്കും? ഏതു തരത്തിലുള്ള അധ്യാപകരായിരിക്കും അവിടെ പഠിപ്പിക്കുന്നവർ? ഇഖ്ബാലിനെ പോലുള്ള വലിയ വ്യക്തിത്വങ്ങളെ സൃഷ്ടിക്കുന്ന ഈ സ്ഥാപനത്തിന് ഔന്നത്യം പുലർത്തുന്ന കൈകാര്യകർത്താക്കളും പരിപാലകരും ഉണ്ടാവണമല്ലോ. ഈ സ്ഥാപനത്തെക്കുറിച്ച് അറിയേണ്ട താമസം അതിൽ പ്രവേശനം നേടാൻ നിങ്ങൾ പരിശ്രമിക്കുകയും നിങ്ങളുടെ പഠനവും പരിശീലനവും ഈ അതുല്യവും അനർഘവുമായ സ്ഥാപനത്തെ ഏൽപിക്കുകയും ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ഈ സ്ഥാപനത്തിൽ നിന്നു വിദ്യാഭ്യാസം നേടിയവരാരും തോൽക്കുന്ന പ്രശ്നമില്ല. അവിടെ നിന്നു പുറത്തിറങ്ങിയവരാരും പാഴായിപ്പോവുകയുമില്ല. ശാസ്ത്ര, ചിന്താമണ്ഡലങ്ങളിലെ വിശാരദൻമാരെയും വിജ്ഞാനീയങ്ങളുടെ ആവിഷ്കർത്താക്കളെയും ആശയരംഗത്തെ പരിഷ്കർത്താക്കളെയും സമുദായത്തിൻെറ നവോത്ഥാനനായകൻമാരെയും മാത്രം സംഭാവന ചെയ്യുന്ന സ്ഥാപനമാണ് ഇത്. അവർ എഴുതി വയ്ക്കുന്നതിനെ ചുറ്റിപ്പറ്റിയാണു മതപാഠശാലകളിലെയും കലാശാലകളിലെയും അധ്യാപകരും അധ്യേതാക്കളും പഠനഗവേഷണങ്ങളിൽ മുഴുകുന്നത്. അവരുടെ ഗ്രന്ഥങ്ങൾക്കു വ്യാഖ്യാനങ്ങൾ രചിക്കപ്പെടുന്നു. അവരാൽ സ്ഥാപിതമായ സിദ്ധാന്തങ്ങൾ സ്ഥിരീകരിക്കപ്പെടുന്നു. അവരുടെ ഒരു വാക്കു ഗ്രന്ഥങ്ങളെയും ഗ്രന്ഥം ഗ്രന്ഥപ്പുരകളെയും നിറയ്ക്കാൻ പര്യാപ്തമായ വിഷയങ്ങളായിത്തീരുന്നു. ഈ സ്ഥാപനത്തിൽ ചരിത്രം പഠിപ്പിക്കുകയല്ല, സൃഷ്ടിക്കുകയാണു ചെയ്യുന്നത്. ആശയങ്ങളുടെയും വീക്ഷണങ്ങളുടെയും വിശകലനമല്ല, സംസ്ഥാപനമാണ് അവിടെ സംഭവിക്കുന്നത്. മുദ്രകളുടെയും ചിഹ്നങ്ങളുടെയും അന്വേഷണമ

www.abulhasanalinadwi.org

ല്ല. ജനമാണ് അവിടെ നടക്കുന്നത്. ഈ സ്ഥാപനം എങ്ങും എന്നും ലഭ്യമാണ്. യഥാർഥത്തിൽ ഏതൊരുവന്റെയും കുടപ്പിറപ്പായ ഒരു ആന്തരിക കലാലയമാണിത്. ഇത് ഹൃദയത്തിന്റെ വിദ്യാനികേതനവും മനഃസാക്ഷിയുടെയും അന്തഃപ്രജ്ഞയുടെയും പാഠശാലയുമാണ്. ആത്മീയപരിരക്ഷയും ദൈവികമായ പരിപാലനവും പ്രദാനം ചെയ്യുന്ന കേന്ദ്രമാണിത്.

മറ്റ് അനേകം മഹത്തുക്കളെപ്പോലെ ഇഖ്ബാലും ഈ സ്ഥാപനത്തിൽ നിന്നു വിദ്യാഭ്യാസം പൂർത്തിയാക്കി. ഇഖ്ബാലിന്റെ സ്വഭാവവും വ്യക്തിത്വവും അറിവും ശ്രേഷ്ഠതയും എല്ലാം അദ്ദേഹം ഏറെക്കാലം ചെലവഴിച്ച ഈ ആത്മവിദ്യാലയത്തോടാണു കടപ്പെട്ടിരിക്കുന്നത്. ബാഹ്യമായ സ്ഥാപനങ്ങളെക്കാൾ ആന്തരികമായ സ്ഥാപനമാണ് ഇഖ്ബാലിന്റെ ജീവിതത്തിനു വൈകാരികസാന്ദ്രതയും ചൂടും ശുഷ്കാന്തിയും പുതിയൊരു കരുത്തും നൽകിയതെന്ന് അദ്ദേഹത്തിന്റെ കവിതയുടെ പഠനം തെളിയിക്കുന്നു. ഈ സവിശേഷ വിദ്യാസ്ഥാനത്തു നിന്നു വിദ്യാഭ്യാസം നേടിയിട്ടില്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ വ്യക്തിത്വം ഇത്രമേൽ ആകർഷകമാകുമായിരുന്നില്ല. അദ്ദേഹത്തിന്റെ തിരിച്ചറിവു ജീവനുള്ള ജ്വാലയായി തിളങ്ങുകയോ അതിന്റെ അഗ്നിനാളങ്ങൾ ഹൃദയങ്ങളെയും നയനങ്ങളെയും അത്യാവേശപൂർവം എന്നെന്നും ജ്വലിപ്പിക്കുകയോ ചെയ്യുമായിരുന്നില്ല. ഇഖ്ബാൽകവിതകളിൽ ഈ സ്ഥാപനത്തിലെ അധ്യാപകരും അതിന്റെ പരിപാലകരും ആദരാതിരേകത്തോടെ നിരന്തരം അനുസ്മരിക്കപ്പെട്ടിരിക്കുന്നു.

ഇഖ്ബാലിന്റെ വ്യക്തിത്വത്തെ രൂപകൽപന ചെയ്ത അതിന്റെ സുപ്രധാനമായ അഞ്ചു മൂലകങ്ങളും ഇതു വരെ വിവരിച്ച ആന്തരികമായ കലാശാലയുമായിട്ടാണു ബന്ധപ്പെട്ടിരിക്കുന്നത് എന്നു കാണാം. ഈ പഞ്ചഘടകങ്ങളാണ് ഇഖ്ബാലിന്റെ വ്യക്തിസ്വരൂപത്തിന് അനശ്വരമായ ജീവൻ ഏകിയത്.

ഇവയിൽ ആദ്യത്തെതു വിശ്വാസാവബോധങ്ങളുടെതാണ്. അതാണ് ഇഖ്ബാലിന്റെ ഏറ്റവും വലിയ പരിപാലകനും മാർഗദർശിയും. അദ്ദേഹത്തിന്റെ ശേഷിയുടെയും ശേമുഷിയുടെയും ജ്ഞാനത്തിന്റെയും ഉൾക്കാഴ്ചയുടെയും പ്രഭവകേന്ദ്രവും ഇതു തന്നെ. പക്ഷേ ഇഖ്ബാലിന്റെ വിശ്വാസം ഉണങ്ങി വരണ്ടതല്ല. നിർജീവമായ യാന്ത്രികവിശ്വാസവുമല്ല അത്. പ്രത്യുത, ഇഖ്ബാലിന്റെ അവബോധം വിശ്വാസത്തിന്റെയും പ്രേമത്തിന്റെയും മനോഹരമായ സംയോജനമത്രെ. അദ്ദേഹത്തിന്റെ ഹൃദയവികാരങ്ങളെയും മാനസവിചാരങ്ങളെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും ഇഷ്ടാനിഷ്ടങ്ങളെയും ചുരുക്കത്തിൽ മുഴുജീവിതത്തെ തന്നെയും നിയന്ത്രിച്ചത് ഈ വിശ്വാസം ആയിരുന്നു. ഇതുകൊണ്ടാണ് ഇഖ്ബാലിന്റെ ഇസ്ലാമിക

www.abulhasanalinadwi.org

വിശ്വാസം അങ്ങേയറ്റം ദൃഢതരമായിത്തീർന്നത്. പുണ്യപ്രവാചക(സ)നോടുള്ള അദ്ദേഹത്തിൻെറ സ്നേഹവായ്പും വികാരാവേശവും പ്രേമാതിരേകവും ആകട്ടെ അത്യുന്നതി പ്രാപിച്ചിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇസ്ലാം എന്നെന്നും ജീവിക്കുന്ന മതമാണ്. അതിനെ കൂടാതെ മാനുഷ്യകത്തിനു വിജയസൗഭാഗ്യങ്ങളിലേക്ക് ഒരു വഴിയില്ല. വിശുദ്ധ നബിതിരുമേനി(സ)യാകട്ടെ സൻമാർഗദർശനപ്രകാശത്തിൻെറ അവസാനത്തെ മണിഗോപുരവും പ്രവാചകത്വത്തിൻെറ പരിസമാപ്തികനും ഏവർക്കും നായകനുമത്രെ:

മാർഗങ്ങളറിഞ്ഞോർ, ദൈവദൂതർക്കന്ത്യമായ് വന്നോർ,
സകലർക്കും നേതാവായിടുമവർ നൽകി;
വഴിത്താരയിലെ മൺതരികൾക്കായ്,
സീനായ്[1] താഴ്വാരത്തിൻ വെളിച്ചം!

പാശ്ചാത്യ സംസ്കാരത്തിൻെറ കാന്തികവലയത്തിൽ ആയുസ്സിൻെറ നല്ലൊരംശം ചെലവഴിച്ചിട്ടു പോലും തീർത്തും ഭൗതികമായ അതിൻെറ ബാഹ്യമായ വർണപ്പൊലിമ ഇഖ്ബാലിനെ വശീകരിച്ചില്ല. വിശുദ്ധ റസൂൽ തിരുമേനി(സ)യോടുള്ള അദ്ദേഹത്തിൻെറ ഗാഢാനുരാഗത്തിൻെറയും സ്നേഹവികാരത്തിൻെറയും ആത്മീയബന്ധത്തിൻെറയും ഫലമായിരുന്നു ഇത്. വാസ്തവത്തിൽ സത്യസന്ധമായ സ്നേഹവും യഥാർഥമായ പ്രേമവും ഹൃദയത്തിനും നയനത്തിനും നല്ല സംരക്ഷകനും കാവൽക്കാരനുമായിത്തീരുകയാണ് ഇവിടെ:

മഞ്ഞളിപ്പിക്കാനായില്ലെൻ കണ്ണുകളെ,
പടിഞ്ഞാറിൻ പ്രതിഭ തൻ പ്രകാശത്തിന്;
മദീനയിലെയും നജഫി[2]ലെയും മൺധൂളിയാകുന്നു,
എൻെറ കണ്ണിലെഴുതിയ സുറുമ.

★☆★☆

അഭിജ്ഞനാണു ഞാൻ,
വർത്തമാനകാലവിജ്ഞാനങ്ങൾ നൽകും ശിക്ഷയെപ്പറ്റി;

---

1. മൂസാനബി(അ) തൗറാത് വേദഗ്രന്ഥം ഏറ്റുവാങ്ങിയതും അല്ലാഹുവുമായി സംസാരിച്ചതും മറ്റ് ഒട്ടേറെ സംഭവങ്ങളും കാരണമായി പ്രത്യേക പ്രശസ്തിക്കു പാത്രമായ പ്രസിദ്ധമായ പർവതം. – വിവ.

2. നാലാം ഖലീഫ ഹസ്റത് അലി(റ) അന്ത്യവിശ്രമം കൊള്ളുന്ന ഇറാഖിലെ ഒരു നഗരം. – വിവ.

www.abulhasanalinadwi.org

എറിയപ്പെട്ടിരിക്കയാണീ അഗ്നികുണ്ഠത്തിൽ,
ഖലീലി[3]നെപ്പോലെ ഞാനും.

★☆★☆

എനിക്കെതിരെ ഫറോവമാർ എന്നും
പതിയിരിപ്പാണെങ്കിലുമില്ല ദുഃഖം;
എൻ കൂപ്പായക്കൈകളിൽ,
തിളങ്ങി നിൽപു ധവളഹസ്തം.[4]

★☆★☆

തിങ്കൾക്കലയും കാർത്തിക നക്ഷത്രവും തന്നെ,
എനിക്കിരയായിത്തീർന്നിടുകിലെന്തേ വിസ്മയം;
ശിരസ്സു നമിച്ചിരിക്കുന്നു ഞാൻ,
പ്രവാചക സവിധത്തിങ്കൽ.

അല്ലാമാ ഇഖ്ബാൽ *അസ്റാറെ ഖുദി*യിൽ ഇസ്ലാമിക സമൂഹത്തിന്റെ അടിസ്ഥാനങ്ങളെപ്പറ്റി ചർച്ച ചെയ്യവെ പുണ്യനബിതിരുമേനി(സ)യോടുള്ള തന്റെ ആത്മീയബന്ധവും പൂർണമായ വിധേയത്വവും അഗാധമായ സ്നേഹവും അനുസ്മരിക്കുന്നുണ്ട്. വിശുദ്ധ നബിതിരുമേനി(സ)യെ പരാമർശിക്കുമ്പോൾ അദ്ദേഹത്തിന്റെ കാവ്യോൻമാദം ഹർഷോല്ലാസം സൃഷ്ടിക്കുന്നു. പിന്നെ പ്രവാചകപ്രശംസാഗീതങ്ങളുടെ പ്രവാഹമാണ്. പ്രേമ, വിശ്വാസങ്ങളുടെ അരുവി അണപൊട്ടി ഒഴുകിയപോലെ. ഇഖ്ബാലിന്റെ സ്നേഹാർദ്രമായ വികാരങ്ങൾ വിശകലനം ചെയ്യുന്നതിനു വേണ്ടി അദ്ദേഹത്തിന്റെ തൽസംബന്ധമായ ഏതാനും കവിതകൾ കാണുക:

മുസ്തഫയുടെ ഭവനം മുസ്ലിമിൻ ഹൃദയം,
മുസ്തഫയെന്ന നാമത്തിലല്ലോ നമ്മുടെ അഭിമാനമഖിലം.

.....

അവിടുന്നു നിദ്ര കൊണ്ടത് ഓലപ്പായയിൽ;
ആ തൃച്ചവടികളെ ചുംബിച്ചതോ സീസറിൻ കിരീടവും.
ഹിറാ[5] ഗുഹ തന്നേകാന്തതയിൽ താപ്പോർത്തോരവർ,

3. 'ഖലീലുല്ലാഹ്' (അല്ലാഹുവിന്റെ കൂട്ടാളി) എന്നതിന്റെ ചുരുക്കം. ഇബ്റാഹിം നബി(അ)യുടെ വിശേഷണം. ഏകദൈവത്വം പ്രഖ്യാപിച്ചതിന്റെ പേരിൽ അധർമകാരിയായ നംറൂദ് രാജാവു ത്യാഗിവര്യനായ ഇബ്റാഹിംനബി(അ)യെ അഗ്നികുണ്ഠത്തിൽ എറിഞ്ഞതും ഒരു പോറലും ഏൽക്കാതെ പുഞ്ചിരി തൂകി പ്രവാചകൻ രക്ഷപ്പെട്ടതുമായ സംഭവമാണ് ഇവിടെ ഉദ്ദേശ്യം. – വിവ.

4. മൂസാനബി(അ)യുടെ ഒരു അദ്ഭുത ദൃഷ്ടാന്തത്തിലേക്കാണു സൂചന. – വിവ.

5. നാൽപ്പതാം വയസ്സിലെ പ്രവാചകത്വലബ്ധിക്കു മുമ്പ് പുണ്യറസൂൽതിരുമേനി(സ) പതിവായി സ്രഷ്ടാവിൽ ധ്യാനനിമഗ്നനായി ഇരിക്കാറുണ്ടായിരുന്ന ഗുഹ. പ്രവാചകത്വനിയോഗവും വിശുദ്ധ ഖുർആന്റെ അവതരണാരംഭവും ഇവിടെ വച്ചായിരുന്നു. മക്കയിലെ 'ജബലുർറഹ്മ' എന്ന മലയിലാണ് ഇതു സ്ഥിതി ചെയ്യുന്നത്. – വിവ.

www.abulhasanalinadwi.org

സ്ഥാപിച്ചേകിയതോ രാഷ്ട്രം, ഭരണം, നിയമം.

നിദ്രാവിഹീനനായി ഇരവുകളേറെ കഴിച്ചു നബി,
തൻെറയാൾക്കാർ സീസറിൻ സിംഹാസനത്തിൽ സുഷുപ്തി കൊണ്ടീടുവാൻ.

യുദ്ധവേളയിൽ ആ ഖഡ്ഗത്തിൽ നിന്ന് അഗ്നിസ്ഫുരുകിയൊഴുകി,
പ്രാർഥനാവേളയിലോ ആ നയനത്തിൽ നിന്ന് അശ്രു ചാലിട്ടൊഴുകി.

ദൈവസഹായത്തിനായ് കേണു പ്രാർഥിക്കവെ,
ആമീൻ ചൊല്ലി കരവാൾ;
രാജപരമ്പരകളെ നിശ്ശേഷം,
തകർത്തു കളഞ്ഞതാണാ കരവാൾ.

വിശ്വത്തിൻ നവീനനിയമങ്ങൾക്കാരംഭമായി;
പൗരാണിക സാമ്രാജ്യങ്ങൾക്കോ അന്ത്യവുമായി.

മതത്തിൻ താക്കോലിനാലവിടുന്ന്,
തുറന്നു നൽകി പ്രപഞ്ചത്തിൻ കവാടം;
അവരെപ്പോൽ മറ്റൊരാളെ,
ഗർഭം ചുമന്നതില്ലീ ഭുവനം.

മേലാളനും കീഴാളനും,
അക്കണ്ണിൽ സമൻമാർ;
തിരുമേനിക്കൊപ്പം ഒരേ പാത്രത്തിൽ
നിന്നാഹരിച്ചീലയോ അടിയാളർ.

യുദ്ധത്തടവുകാരിയായി ആ സവിധത്തിലെത്തി,
തായിലെ രാജപുത്രി;
മറയ്ക്കാത്ത മുഖത്തോടെ, കാലിൽ ചങ്ങലക്കെട്ടോടെ,
ലജ്ജയാൽ നമ്രശിരസ്കയായി ലലനാമണി;
പാവം പെൺകൊടിക്കില്ലാ വദന വസ്ത്രമെന്ന്,
പരിശുദ്ധ പ്രവാചകനറിഞ്ഞീടവെ,
കനിഞ്ഞു നൽകി മേലങ്കി,
അവൾക്കായ് മുഖം മറച്ചീടുവാൻ.

.....

ശത്രുക്കൾക്കായ് തുറന്നു,
കാരുണ്യത്തിൻ കവാടങ്ങൾ;

www.abulhasanalinadwi.org

മക്കാ നഗരിയിലോ മുഴങ്ങി,
പ്രതികാരമില്ലെന്ന[6] പ്രഖ്യാപനം.

നാം രാജ്യങ്ങളുടെ തടവറഭിത്തികളറിയാത്തോർ,
ഇരു കണ്ണുകളുടെയും വെളിച്ചം ഒരു കണ്ണിൻെറതായിക്കാണുന്നോർ;
നാം ഹിജാസുകാർ, ചൈനക്കാർ, പേർഷ്യക്കാർ,
എന്നിട്ടുമൊരേ ഉഷസ്സിൻ തുഷാരബിന്ദുക്കൾ നാം.

മദീനയിൽ മദ്യം വിളമ്പുന്നവൻെറ,
നോട്ടത്തിൻ ഉൻമാദലഹരിയിലാണു നമ്മൾ;
വീഞ്ഞും ചഷകവും പോൽ,
ഒന്നിച്ചുപോയീ നമ്മൾ.

വംശവിവേചനങ്ങളെ തകർത്തെറിഞ്ഞു,
ഈ ചപ്പുചവറുകളെ ചുട്ടു ചാമ്പലാക്കിക്കളഞ്ഞു.
.....
നാദം നിലച്ചൊരെൻ മുളന്തണ്ട്,
പ്രേമരാഗങ്ങളാൽ സജീവമായി;
എൻ നെഞ്ചിലോ തുടികൊട്ടി,
ഒരു നൂറു താളങ്ങൾ.

അവരെ പ്രശംസിച്ചിവൻ പാടീടും,
സങ്കീർത്തനങ്ങളെക്കുറിച്ചെന്തു പറഞ്ഞീടാൻ;
അവരെപ്പിരിഞ്ഞതിനാൽ കരഞ്ഞീലയോ,
നിർജീവമാം മരത്തടി[7] പോലും.

ആ വെളിച്ചം തെളിയുന്നിടത്തല്ലയോ,
മുസൽമാൻെറ ഉൺമ;
ആ പാതയിൽ നിന്നല്ലയോ,
സീനായികളുടെ ഉദ്ദവം.

---

6. ഇസ്‌ലാമിൻെറ പുരോഗമനസിദ്ധാന്തങ്ങളോടുള്ള അസ്‌ക്യത കാരണമായി നബി തിരുമേനി(സ)യെയും അനുയായികളെയും കഷ്ടപ്പെടുത്തിയ മക്കയിലെ മർദകരായ പ്രമാണിമാർക്കു മദീനയിൽ നിന്നു വിജയിയായി തിരിച്ചെത്തിയ ശേഷം പുണ്യപ്രവാചകൻ(സ) പൊതുമാപ്പു നൽകിയ സംഭവത്തിലേക്കു സൂചന. തന്നെയും അനുയായികളെയും പീഡിപ്പിച്ചു കൊടിയ ശത്രുക്കൾ അടക്കമുള്ള മക്കാനിവാസികളോടു മാനവവിമോചകനായ വിശ്വാചാര്യൻ അന്നു പ്രഖ്യാപിച്ചതു ഇപ്രകാരമായിരുന്നു: "നിങ്ങൾ പൊയ്ക്കൊള്ളുക. നിങ്ങളെ വെറുതെ വിട്ടിരിക്കുന്നു. ഇന്നു നിങ്ങളോടു പ്രതികാരമില്ല." – വിവ.

7. റസൂൽ തിരുമേനി(സ) ഒരു മിമ്പറിൽ (മസ്ജിദിലെ പ്രസംഗപീഠം) നിന്ന് ഇറങ്ങുമ്പോൾ അതിലെ മരത്തടി വിരഹത്താൽ വിലപിച്ച സംഭവത്തിലേക്കു സൂചന. റൂമി(റ)യുടെ *മഥ്നവി*യിൽ ഇതെക്കുറിച്ചു പരാമർശമുണ്ട്. – വിവ.

www.abulhasanalinadwi.org

ഇഖ്ബാലിന്റെ പ്രവാചകപ്രേമം വർധിച്ചു കൊണ്ടേയിരുന്നു. എത്ര ത്തോളമെന്നാൽ, അവസാനകാലത്തു വിശുദ്ധനബി(സ)യുടെ നാമമോ മദീ നാനഗരിയോ പരാമർശിക്കപ്പെടേണ്ട താമസം അസ്വസ്ഥനായി അദ്ദേഹം പൊട്ടിക്കരയുമായിരുന്നു. അദ്ദേഹത്തെക്കൊണ്ടു ദിവ്യപ്രചോദിതമായ കവി തകൾ എഴുതിപ്പിച്ചത് ഈ അഗാധമായ പ്രേമാവേശമായിരുന്നു. ഉദാഹരണ ത്തിന്, അല്ലാഹുവിനെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറയുകയാ ണ്:

അവഹേളിക്കരുതെന്നെ നീ,
പ്രവാചക സാന്നിധ്യത്തിൽ വച്ച്;
വിചാരണ ചെയ്തീടുക നീ,
എന്നെ മറ്റൊരിടത്തു വച്ച്.

പ്രേമത്തിന്റെയും വിശ്വാസത്തിന്റെയും എത്ര ചേതോഹരമായ അ നാവരണമാണ് ഈ വരികൾ!

ഈ സമഗ്രമായ വിശ്വാസവും സത്യസന്ധമായ പ്രേമവും തന്നെയാ ണ് ഇഖ്ബാലിന്റെ കവിതയ്ക്കു ചൂടും ചൂരും മൃദുലതയും മനോഹാരിത യും പ്രദാനം ചെയ്തത്. ചരിത്രപഠനത്തിൽ നിന്നു നിങ്ങൾക്കു ബോധ്യപ്പെ ടുന്ന ഒരു വസ്തുതയുണ്ട്. ഹൃദയാവർജകമായ കവിത, അഗാധമായ ചിന്ത, ഉ ന്നതമായ ധൈഷണികത, അപ്രമേയമായ പ്രതിഭ, ജാജ്വല്യമാനമായ ജ്ഞാ നം, സ്ഥായിയായ സ്ഥൈര്യം, വിശേഷപ്പെട്ട വ്യക്തിത്വം എന്നിവയുടെയെ ല്ലാം യഥാർഥ പ്രഭവകേന്ദ്രം വിശ്വാസവും പ്രേമവും ആണെന്ന പരമാർഥം. ലോകചരിത്രത്തിൽ മനുഷ്യമഹത്വത്തിന്റെ സ്മാരകങ്ങളായി ദൃശ്യമാകുന്ന തെന്തും കടപ്പെട്ടിരിക്കുന്നതും ഇവയോടു തന്നെ. ഇവ രണ്ടുമില്ലെങ്കിൽ മനു ഷ്യൻ ഒരു മാംസപിണ്ഡം മാത്രം. ഇവയില്ലാത്ത സമൂഹമോ ആടുമാടുക ളുടെ കൂട്ടത്തെക്കാൾ ഒട്ടും മെച്ചപ്പെട്ടതല്ല. കവിതയുടെ കാര്യവും തഥൈവ. പ്രേമ, വിശ്വാസങ്ങളുടെ നീരോട്ടമില്ലാത്ത കവിതയ്ക്കു വൃത്തവും അലങ്കാ രവും ശൈലിയും ഈണവും എല്ലാം ഉണ്ടായെന്നു വരാം. പക്ഷേ അനശ്വ രമായ കാവ്യമായിത്തീരാൻ അവയ്ക്കു സാധിക്കില്ല. ഈ രണ്ടു ഗുണങ്ങളു ടെയും ആന്തരാത്മാവിൽ നിന്നു ജീവൻ ലഭിക്കാത്ത ഏതു പുസ്തകവും വെറും കടലാസുകഷണങ്ങളുടെ കൂമ്പാരം മാത്രമാണ്. ദൈവാരാധനയുടെ സ്ഥിതി പോലും വ്യത്യസ്തമല്ല. വിശ്വാസത്തിന്റെയും പ്രേമത്തിന്റെയും ഉ ഷ്ണമേശാത്ത ആരാധനകൾ കേവലം അനുഷ്ഠാനങ്ങളായി കലാശിക്കു ന്നു. എന്തിനേറെ പറയുന്നു, പ്രേമ,വിശ്വാസങ്ങളുടെ വൈകാരിക തീക്ഷ്ണ തയ്ക്കു വിധേയമാകാത്ത ജീവിതത്തിനു മരണവുമായി അധികം അകലമി ല്ല. അങ്ങനെയുള്ള ജീവിതം കൊണ്ട് എന്തു ഫലം? അഭിരുചികൾ മൃതിയട

www.abulhasanalinadwi.org

യുകയും ജീവന്റെ ജ്വാലകൾ അണഞ്ഞു പോകുകയും ചെയ്യുന്ന സന്നിഗ്ധഘട്ടത്തിൽ വിശ്വാസവും പ്രേമവുമാണു മനുഷ്യജീവിതത്തെ സജീവമാക്കി, അതിനെ വെളിച്ചം കൊണ്ടു നിറയ്ക്കുന്നത്. അപ്പോൾ ജീവൻ തുടിക്കുന്ന ആവേശോജ്വലവും വിഷാദാത്മകവുമായ ഉദ്ദീപക കാവ്യങ്ങൾ പിറവിയെടുക്കുന്നു. അസാധാരണമായ വീരത്വത്തിന്റെയും അസാമാന്യമായ കരുത്തിന്റെയും കഥകൾ കേൾക്കാറാകുന്നു. വിജ്ഞാനസാഹിത്യങ്ങളുടെ മുദ്രകളും അനശ്വരതയെ പുൽകുന്നു. എത്രത്തോളമെന്നാൽ ഈ പ്രേമമെങ്ങാനും കല്ലിലോ മണ്ണിലോ വെള്ളത്തിലോ സന്നിവേശിച്ചാൽ അവയും അമരത്വത്തെ പ്രാപിക്കുന്നു. അതിന്റെ വ്യക്തമായ ഉദാഹരണമാണു കൊർദോവാ മസ്ജിദിലും സഹ്റാ ദുർഗത്തിലും താജ്മഹലിലും ദൃശ്യമാകുന്നത്:

ഹൃദ്രക്തത്തിൻ പ്രവാഹമില്ലെങ്കിൽ,
രചനകളൊക്കെയും നിഷ്ഫലം;
കരൾചോര തുടിച്ചില്ലെങ്കിൽ,
സംഗീതമോ വെറും ശബ്ദഘോഷം.

ജനങ്ങൾക്കിടയിൽ വലിയൊരു തെറ്റുധാരണ നിലനിൽക്കുന്നുണ്ട്. അറിവുള്ളവർ അവരുടെ വിവരത്തിന്റെ പരപ്പും ധൈഷണികശക്തിയും പ്രതിഭാവിലാസവും കൊണ്ടു മറ്റുള്ളവരെ കവച്ചുവയ്ക്കുമെന്നാണ് ആളുകൾ കരുതുന്നത്. അപ്രകാരം കവികൾ അവരുടെ നൈസർഗികമായ കവിത്വസിദ്ധി, പദങ്ങളുടെ സമർഥമായ തെരഞ്ഞെടുപ്പ്, ആശയങ്ങളുടെ അപാരത എന്നിവയുടെ പേരിലും പരിഷ്കർത്താക്കളും നേതാക്കളും അവരുടെ ബുദ്ധിശക്തി, രാഷ്ട്രീയനയജ്ഞത, പ്രവർത്തനതന്ത്രം, വാഗ്വിലാസം എന്നിവയുടെ പേരിലും ഒരാൾ മറ്റൊരാളെ കടത്തിവെട്ടുമെന്നാണു പൊതുധാരണ. യാഥാർഥ്യമെന്തെന്നാൽ ഈ പറഞ്ഞവരുടെയൊക്കെ ഔൽകൃഷ്ട്യത്തിന്റെയും ഔന്നത്യത്തിന്റെയും മാനദണ്ഡം അവരുടെ സ്നേഹവും ആത്മാർഥതയുമാണ്. അവർക്കു മഹത്വം നേടിക്കൊടുക്കുന്നത് അവരുടെ നിസ്വാർഥതയും ഉദ്ദേശ്യശുദ്ധിയുമത്രെ. ലക്ഷ്യബോധം അവരുടെ ആത്മാവിനെയും ഹൃദയത്തെയും പിടികൂടുന്നു. അത് അവരുടെ ചിന്തയെയും പ്രവൃത്തിയെയും കീഴടക്കുന്നു. തദ്ഫലമായി അവരുടെ സ്വന്തമായ അഭീഷ്ടങ്ങൾ പിൻതള്ളപ്പെടുകയും വ്യക്തിത്വം അലിഞ്ഞ് ഇല്ലാതാവുകയും ചെയ്യുന്നു. പിന്നെ അവർ എന്തെങ്കിലും ചെയ്യുന്നതും പറയുന്നതും എഴുതുന്നതുമെല്ലാം ലക്ഷ്യബോധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും. ചുരുക്കത്തിൽ അവരുടെ ചിന്തയും ഭാവനയും മസ്തിഷ്കവും ഹൃദയവും മുഴുജീവിതം തന്നെയും അതിന് അധീനപ്പെടുന്നു.

www.abulhasanalinadwi.org

ആധുനിക സംസ്കാരത്തിൻെറ ഏറ്റവും വലിയ ദുരന്തം ഭൗതികതയാണ്. പ്രയോജനാത്മകത, വാണിജ്യപരത, ഭോഗപരത എന്നിവയോ അതിൻെറ ദുഷ്ഫലങ്ങളും. ഇവയെല്ലാം ചേർന്നു നമ്മുടെ ഇളംതലമുറയെ നശിപ്പിച്ചുകളഞ്ഞു. അതിൻെറ ഫലമായി അവരുടെ ഹൃദയങ്ങൾക്ക് ഇന്നു വിശ്വാസത്തിൻെറ ചൂടും അവബോധത്തിൻെറ ആവേശവും യഥാർഥ സ്നേഹത്തിൻെറ തീക്ഷ്ണതയും നഷ്ടമായിരിക്കയാണ്. ആധുനികലോകം അചേതനമായ ഒരു വസ്തുവായിരിക്കുന്നു. അതിനു ജീവനും ആത്മാവുമില്ല, സന്തോഷസന്താപത്തിൻെറ വികാരങ്ങളുമില്ല. ഒരു നിഷ്ഠൂരൻെറ കൈയിൽ കിട്ടിയ നിശ്ചലമായ സാധനം പോലെയാണ് അത്. അയാളുടെ ഇഷ്ടം പോലെ അതിനെ ചലിപ്പിക്കാനും പ്രവർത്തിപ്പിക്കാനും സാധിക്കും.

ഇഖ്ബാലിൻെറ കവിത മറ്റു പ്രശസ്ത കവികളുടെ രചനകളിൽ നിന്നു വളരെയേറെ വ്യത്യസ്തമായിട്ടാണിരിക്കുന്നത്. അതു നമ്മിൽ കോളിളക്കം സൃഷ്ടിച്ചു ഭൗതികത്വത്തിൻെറ ചങ്ങലക്കെട്ടുകളെയും ദുഷിച്ചു നാറിയ സാമൂഹിക മാനദണ്ഡങ്ങളെയും തകർത്തു കളയുന്ന ജ്വാലയായി ഉയരുന്നു. കവിയുടെ വിശ്വാസത്തിൻെറ ശക്തിയും ഹൃദയത്തിൻെറ വേദനയും ആത്മാവിൻെറ അസ്വാസ്ഥ്യവും നമുക്കു ബോധ്യപ്പെടുന്നു. ഇത്ര വലിയ ഒരു വ്യക്തിത്വത്തെ വാർത്തെടുത്ത ആ വിദ്യാലയത്തെ പറ്റിയും നാം ഓർത്തു പോകുന്നു.

ഇനി ഇഖ്ബാലിൻെറ വ്യക്തിത്വത്തെ രൂപീകരിച്ച രണ്ടാമത്തെ ഘടകത്തെ പറ്റി പറയാം.എല്ലാ മുസ്ലിം വീടുകളിലും അതുണ്ട്. പക്ഷേ കഷ്ടം, ഇന്നത്തെ മുസൽമാൻ അതിൻെറ വെളിച്ചത്തിൽ നിന്ന് അകന്നാണ് കഴിയുന്നത്. അതിൻെറ ജ്ഞാനത്തെക്കുറിച്ച് അവൻ അശ്രദ്ധനാണ്. അത്യുൽകൃഷ്ടമായ ഖുർആൻ ആണ് എൻെറ വിവക്ഷ. ഒരു വ്യക്തിയോ ഗ്രന്ഥമോ ഇത്ര ശക്തിയായി ഇഖ്ബാലിനെ സ്വാധീനിക്കുകയുണ്ടായില്ല. ഇഖ്ബാലിൻെറ വിശ്വാസം ഒരു നവമുസ്ലിമിൻെറതാണല്ലോ. അതുകൊണ്ടു ഖുർആനുമായുള്ള ബന്ധം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം കുടുംബപരമായ ഒരു അനന്തരാവകാശമല്ല. മറ്റു മുസ്ലിംകളുമായി താരതമ്യം ചെയ്യുമ്പോൾ വിശുദ്ധ ഗ്രന്ഥത്തോടുള്ള ബന്ധവും ആഭിമുഖ്യവും അത് പഠിക്കാനുള്ള അഭിരുചിയും അദ്ദേഹത്തിൽ വളരെ കൂടുതലായിരുന്നു. ഇഖ്ബാലിൻെറ ഖുർആൻ പഠനരീതി തന്നെ വ്യത്യസ്തമായിരുന്നു. ഇതു സംബന്ധമായി അദ്ദേഹം തന്നെ വിവരിച്ച ഒരു സംഭവമുണ്ട്. ദിവസം തോറും പ്രഭാതപ്രാർഥനയ്ക്കു പിറകെ ഖുർആൻ പാരായണം ചെയ്യുക അദ്ദേഹത്തിൻെറ പതിവായിരുന്നു. അതു കാണുമ്പോഴൊക്കെ എന്താണു ചെയ്യുന്നതെന്നു പിതാവ് അന്വേഷിക്കുകയും ചെയ്യുമായിരുന്നു. ഖുർആൻ പാരായണം ചെയ്യുകയാണെന്ന് ഇഖ്ബാൽ മറുപടിയും നൽകും. ഏതാനും ദിവസങ്ങളിൽ ഇതു തുടർന്നു.

www.abulhasanalinadwi.org

അവസാനം ഒരു ദിവസം ഇഖ്ബാൽ ചോദിച്ചു: "അബ്ദുജാൻ, താങ്കൾ എന്നും എന്നോട് അന്വേഷിക്കുന്നു; ഞാൻ ഒരേ മറുപടിയും നൽകുന്നു. നിങ്ങൾ നിശ്ശബ്ദനായി തിരിച്ചു പോവുകയും ചെയ്യുന്നു." പിതാവിന്റെ മറുപടി ഇപ്രകാരമായിരുന്നു: "ഖുർആൻ ഇപ്പോൾ ഇവിടെ വച്ചു നിനക്കായി അവതീർണമായ പോലെ പരിഗണിച്ചു നീ അതു പാരായണം ചെയ്യുക." അന്നു മുതൽ അപ്രകാരം ഇഖ്ബാൽ ഖുർആൻ പഠിക്കാൻ ആരംഭിച്ചു. യഥാർഥത്തിൽ അതു തനിക്കായി ഇറക്കപ്പെട്ടതാണെന്ന വിചാരത്തോടെയായിരുന്നു പാരായണവും പഠനവും. അദ്ദേഹം തന്നെ ഇതു വ്യക്തമാക്കുന്നതു ശ്രദ്ധിക്കുക:

നിൻ മനഃസാക്ഷിക്കു മേൽ,
വിശുദ്ധഗ്രന്ഥം അവതീർണമാകും വരെ,
നിൻ മനസ്സിൻ കെട്ടുകളഴിക്കില്ല,
റാസി[8]യും *കശ്ശാഫി*ൻ[9] കർത്താവും.

അല്ലാമാ ഇഖ്ബാൽ ഖുർആനികമായ ചിന്തയിലാണു തന്റെ ജീവിതകാലം മുഴുവൻ വിനിയോഗിച്ചത്. ഖുർആൻ പറഞ്ഞും പാരായണം ചെയ്തും അദ്ദേഹം ദിവസങ്ങൾ ചെലവഴിച്ചു. ഇഖ്ബാലിന്റെ ഈ ഇഷ്ടഗ്രന്ഥം അറിവിന്റെ പുതിയ കണ്ടെത്തലുകളിലേക്കു നയിച്ച്, അദ്ദേഹത്തിനു നൂതനമായ വെളിച്ചവും അവബോധവും ബലവും നൽകുകയും ചെയ്തു. ഖുർആൻ പഠനം പുരോഗമിക്കുംതോറും അദ്ദേഹത്തിന്റെ ചിന്തയും വിശ്വാസവും വർധിച്ചുകൊണ്ടേയിരുന്നു. എന്തുകൊണ്ടെന്നാൽ, എന്നെന്നും ജീവിക്കുന്നതും മനുഷ്യനെ അതീന്ദ്രിയജ്ഞാനവും അനന്തമായ സൗഭാഗ്യവും കൊണ്ട് അനുഗ്രഹിക്കുന്നതുമായ ഗ്രന്ഥമാണ് അത്. മനുഷ്യജീവിതത്തിന്റെ ഏതു മണ്ഡലവും തുറന്നു തരുന്ന അദ്ഭുതകരമായ താക്കോലായ ഖുർആൻ സമഗ്രമായ ഭരണഘടനയും അന്ധകാരമധ്യത്തിലെ വിളക്കുകാലുമത്രെ.

മൂന്നാമത്തെ ഘടകം ആത്മജ്ഞാനത്തിന്റെയും സ്വതന്ത്രസാക്ഷാൽക്കാരത്തിന്റെയുമാണ്. ആന്തരികമായ അറിവിന് അല്ലാമാ ഇഖ്ബാൽ

8. സുപ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവു ഫഖ്റുദ്ദീൻ റാസി(റ). അന്തർജ്ഞാനിയായ തന്റെ ഇഷ്ടഗുരു ജലാലുദ്ദീൻ റൂമി(റ)ക്കു ബദലായിക്കൊണ്ടു യുക്ത്യാധിഷ്ഠിത ചിന്തയുടെ പ്രതീകമെന്ന നിലയ്ക്കു പലപ്പോഴും ഇഖ്ബാൽ അവതരിപ്പിക്കുന്നതു റാസി(റ)യെ ആണെന്നതും ശ്രദ്ധേയമാണ്. – വിവ.

9. *കശ്ശാഫ്* = അനാവരണം ചെയ്യുന്നത്.

പ്രസിദ്ധമായ ഖുർആൻ വ്യാഖ്യാനഗ്രന്ഥം. അല്ലാമാ സമഖ്ശരി ആണ് ഇതിന്റെ കർത്താവ്. മുസ്‌ലിം ചരിത്രത്തിൽ യുക്തിപ്രധാനമായ തത്ത്വവിചാരത്തിനു വഴിയൊരുക്കിയ മുഅ്തസിലി പ്രസ്ഥാനവുമായി അദ്ദേഹത്തിനു ബന്ധമുണ്ടായിരുന്നു. – വിവ.

www.abulhasanalinadwi.org

വമ്പിച്ച പ്രാധാന്യം നൽകുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ മനുഷ്യ വ്യക്തിത്വത്തിൻെറ അടിത്തറ തന്നെ സ്വത്വത്തെ കണ്ടെത്തുന്നതിലാണു കുടികൊള്ളുന്നത്. സ്വത്വസാക്ഷാൽക്കാരം സാധിക്കാത്ത ജീവിതത്തിൽ അ ഗ്നിയുമില്ല, ലഹരിയുമില്ല:

മുങ്ങിത്തപ്പുക നീ ചിന്തതിൻ ആഴങ്ങളിൽ,
കണ്ടെത്തുക നീ ജീവിതത്തിൻ നിഗൂഢതകൾ;
എൻെറതാകുന്നില്ലെങ്കിൽ വേണ്ട, പക്ഷേ,
നീ നിൻെറതാകാതിരിക്കരുതൊരിക്കലും.
ദേഹി തൻ ലോകം?
അഗ്നിയുടെ, ലഹരിയുടെ, അനുഭൂതിയുടെ, തൃഷ്ണയുടെ ലോകം;
ദേഹത്തിൻ ലോകമോ?
ചതി, വിരുതുകളുടെ, ലാഭ, ലോഭങ്ങളുടെ ലോകം.
കൈയിൽ വന്നാൽ പിന്നെ പോകില്ല,
സ്വത്വത്തിൻ സമ്പത്ത്;
ജഡത്തിൻ നിധിയോ വെറും നിഴൽ മാത്രം,
വരുന്നു പോകുന്നു ധനം.
ആത്മാവിൻ ലോകത്തു കണ്ടില്ല ഞാൻ,
പടിഞ്ഞാറുകാരൻെറ ആധിപത്യം;
അവിടെക്കാൺമതില്ല,
ശൈഖ്, ബ്രാഹ്മണരുടെ സാന്നിധ്യം.
എന്നിൽ നാണക്കേടുണ്ടാക്കി,
ഖലന്ദറി[10]ൻെറ ഈ വിവരണം;
അപരർക്കു മുമ്പിൽ നീ ശിരസ്സു നമിച്ചീടുകിൽ,
നിൻെറതല്ല ദേഹവും ദേഹിയും.

അർഥതലങ്ങളുടെ വ്യാപ്തിയോടൊപ്പം പദഘടനയിലും ശബ്ദക്രമീക രണത്തിലും സംഗീതാത്മകതയിലും മികച്ചു നിൽക്കുന്ന ഈ വരികൾ വീണ്ടും വീണ്ടും ചൊല്ലാൻ ആരും ആഗ്രഹിച്ചു പോകും.

ഇഖ്ബാലിൻെറ ചിന്തയിൽ അന്തർജ്ഞാനത്തിൻെറ മൂല്യം വലിയ താണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ആത്മജ്ഞാനമാണു മനുഷ്യ നെ അധികാര രഹസ്യങ്ങൾ പഠിപ്പിക്കുന്നത്. അത്താറും(റ) റൂമി(റ)യും

---

10. സ്വത്വസാക്ഷാൽക്കാരം സാധിച്ച സാത്വികനെയാണ് സ്വതവെ ഇതുകൊണ്ട് അർ ഥമാക്കാറ്. ചില സൂഫികളുടെ പേരിനോടൊപ്പം 'ഖലന്ദർ' എന്നു ചേർത്തു കാണുന്നതും ഈ ഉദ്ദേശ്യത്തിലാണ്. ഉദാ: ഇഖ്ബാൽകൃതികളിൽ പരാമർശിക്കപ്പെടുന്ന ശൈഖ് ബൂ അലി ഖലന്ദർ പാനിപ്പത്തി(റ). ഖലന്ദരിയ്യ: എന്ന പേരിൽ അറിയപ്പെടുന്ന ഒരു സൂഫിമാർഗ വുമുണ്ട്. – വിവ.

www.abulhasanalinadwi.org

റാസി(റ)യും ഗസ്സാലി(റ)യും എല്ലാം തന്നെ അതിൻെറ സഹായത്താലാണു നേട്ടങ്ങൾ കൈവരിച്ചത്. ഈ സ്വത്വബോധത്തിൻെറ പിൻബലമാണ് ഔന്ന ത്യത്തെ ക്ഷീണിപ്പിക്കുന്ന അന്നത്തെക്കാൾ മരണമാണു മെച്ചമെന്ന് ഇഖ്ബാ ലിനെക്കൊണ്ട് പറയിപ്പിച്ചത്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഹസ്റത് അലി(ക)[11]യുടെ മാതൃകയിലുള്ള ദാരിദ്ര്യം പേറുന്ന സാധുമനുഷ്യനാണു ദാ രിയസിനെക്കാളും അലക്സാന്ദറെക്കാളും ബഹുമാന്യൻ. ആത്മജ്ഞാനം സിദ്ധിച്ച വ്യക്തിക്കു ധൈര്യപൂർവം പറയാനാകും:

ശൂരൻമാരുടെ നിയമം സത്യസന്ധതയും നിർഭയതയും;
അല്ലാഹുവിൻ വ്യാഘ്രങ്ങൾക്കറിയില്ല സൃഗാലസൂത്രങ്ങൾ.

ഇഖ്ബാലിൻെറ സ്വത്വവീക്ഷണം അദ്ദേഹത്തിൻെറ ഉൺമയിൽ ത ന്നെ പ്രകടമാകുന്നതു കാണാം. അദ്ദേഹത്തിൻെറ ജീവിതം മുഴുവനും അ ഹംബോധത്തിൻെറ മഹത്തായ മാതൃകയാണ്. സ്വത്വബോധം,സ്വാശ്രയത്വം, ആത്മവിശ്വാസം, ആത്മാഭിമാനം എന്നിവ അദ്ദേഹത്തിൽ നിറഞ്ഞു നിൽ ക്കുന്നു. തൻെറ ഈ അനുഭവങ്ങളിലേക്കു മറ്റുള്ളവരെ ക്ഷണിച്ചുകൊണ്ടും തന്നെത്തന്നെ സംബോധന ചെയ്തുകൊണ്ടും അദ്ദേഹം എഴുതി:

രക്ഷകനെ അറിഞ്ഞീടാത്ത,
മന്നവർ വെറും യാചകർ;
അവനെ തിരിച്ചറിഞ്ഞാലോ,
ഭിക്ഷുകൻ ദാരിയസും ജംഷീദും.[12]
ഹൃദയത്തിൻ സ്വാതന്ത്ര്യം രാജാധിപത്യം,
ആമാശയമോ മരണഹേതുകം;
തീരുമാനം നിൻെറത് മാത്രം,
ഹൃദയമോ, ആമാശയമോ?

ഇഖ്ബാൽ തെരഞ്ഞെടുത്തത് ഹൃദയമായിരുന്നു.

ഈ അഹംബോധമാണ് ഇഖ്ബാലിനെ ധൈഷണികവും സാഹിതീയ വുമായ മാർഗഭ്രംശങ്ങളിൽ നിന്നു സംരക്ഷിച്ചത്. നമ്മുടെ സാധാരണസാഹി ത്യകാരൻമാരും കവികളും ഏതു മേച്ചിൽപുറത്തും മേയാനും സകല

11. 'കർറമല്ലാഹു വജ്ഹഹൂ' (അദ്ദേഹത്തിൻെറ മുഖത്തെ അല്ലാഹു മാനിക്കട്ടെ!) എന്നു ഗ്രന്ഥകാരൻ പ്രയോഗിച്ചതിനെ ഉദ്ദേശിച്ചുകൊണ്ടാണ് 'ക' എന്നു ചേർത്തത്. ഹസ്റത് അലിയോടുള്ള ആദരസൂചകമായി അദ്ദേഹത്തിൻെറ പേരിനോടൊപ്പം പ്രത്യേകമായി ഉപ യോഗിക്കാറുള്ളതാണ് ഇത്. – വിവ.

12. പേർഷ്യൻ ജീവിതത്തിലും സാഹിത്യത്തിലും ഒരു ഉപാഖ്യാനമായി മാറിയ രാ ജാവ്. – വിവ.

www.abulhasanalinadwi.org

താഴ്വാരങ്ങളിലും അലയാനും[13] തങ്ങളുടെ വിശ്വാസാദർശങ്ങളുമായി ബന്ധമുണ്ടായാലും ഇല്ലെങ്കിലും ഏതു വിഷയത്തെക്കുറിച്ചും എഴുതാനും സന്നദ്ധരായിരിക്കുന്നത് ഈ അപഭ്രംശം കാരണമായിട്ടാണ്. ഇതിൻെറയൊക്കെ ഫലം എന്തെന്നാൽ അന്ത്യം വരെയും തങ്ങളുടെ വ്യക്തിത്വത്തെ കണ്ടറിയാൻ ഇക്കൂട്ടർക്കു കഴിയുന്നില്ല. പക്ഷേ ഇഖ്ബാൽ ഇതിന് ഒരു അപവാദമായിരുന്നു. അദ്ദേഹം ആദ്യം മുതലെ തൻെറ വ്യക്തിസത്തയെയും സ്വതസിദ്ധമായ ഗുണങ്ങളെയും കണ്ടെത്തുകയും ശരിയായി വിലയിരുത്തുകയും ചെയ്തു. അതുകൊണ്ടാണു തൻെറ കാവ്യകല ഉപയോഗിച്ചു മുസ്ലിംകളെ നവജീവൻ നൽകി ഉത്തേജിപ്പിക്കാനും കാർമികത്വത്തിൻെറയും നേതൃത്വത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും കരുത്തിൻെറയും ബോധം അവരിൽ ജനിപ്പിക്കാനും അദ്ദേഹത്തിനു സാധിച്ചത്.

ഇഖ്ബാൽ ജൻമനാ കവിയായിരുന്നു. കവി ആകാതിരിക്കാൻ ശ്രമം നടത്തിയിരുന്നുവെങ്കിൽ പോലും അദ്ദേഹം അതിൽ വിജയിക്കുമായിരുന്നില്ല. കവിത പാടാൻ അദ്ദേഹം നിർബന്ധിക്കപ്പെടുകയായിരുന്നു. വേദന വാർന്നൊഴുകുന്ന ഹൃദയത്തിൽ നിന്ന് അന്വർഥമായ ആശയങ്ങൾ പ്രവഹിച്ചതാണ് ആ കവിത. കവിത്വസിദ്ധിയിൽ അസാധാരണ വൈദഗ്ധ്യമുണ്ടായിരുന്ന കലാകാരനായിരുന്നു ഇഖ്ബാൽ. സമകാലികരായ കവികൾ അദ്ദേഹത്തിൻെറ കവനവൈഭവത്തിൽ മാത്രമല്ല ദാർശനികമൂല്യം, ഭാഷാനൈപുണി, പദവിന്യാസം, അലങ്കാരവർണനകളുടെയും ഉപമകളുടെയും നൂതനമായ പ്രയോഗം എന്നിവയിലും ആകൃഷ്ടരായിരുന്നു. തൻെറ കവിതയുടെ പരിപോഷണത്തിന് ഇംഗ്ലീഷ്, ജർമൻ, പേർഷ്യൻ കവിതാസാഹിത്യങ്ങളേയും അദ്ദേഹം പ്രയോജനപ്പെടുത്തി. ഇഖ്ബാലിൻെറ സമകാലികരിൽ ഔന്നത്യമുള്ള ഒരു കവിയും ഉണ്ടായിരുന്നില്ല എന്ന് ഇതുകൊണ്ട് അർഥമാക്കരുത്. കവികൾക്കോ സാഹിത്യകാരൻമാർക്കോ അന്നും പഞ്ഞമുണ്ടായിരുന്നില്ല. ഭാഷാശൈലിയിലും ആശയസമ്പുഷ്ടിയിലും അവർ ഒട്ടും പിന്നിലുമായിരുന്നില്ല. എന്നാൽ ഇഖ്ബാലിനെ അവരിൽ നിന്നു വേർതിരിച്ചത് അദ്ദേഹത്തിൻെറ കവിതയുടെ ഗാംഭീര്യവും സാഹിത്യത്തിൻെറ ശക്തിയും പ്രതിഭയുടെ നൈസർഗികതയും കലയുടെ പ്രബുദ്ധതയും സർവോപരി, ഇസ്ലാമിൻെറ സന്ദേശവുമാണ്.

ഇഖ്ബാൽ ഒരു ദേശീയകവി ആയിരുന്നില്ല. മദ്യ, മദിരാക്ഷികളിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട റൊമാൻറിക് കവിയുമല്ല അദ്ദേഹം. കേവല തത്വചിന്തയുടെ കുരുക്കുകളിൽ പിണഞ്ഞു കിടക്കുന്നതുമല്ല അദ്ദേഹ

---

13. കവികളെ കുറിച്ചുള്ള ഖുർആനിക പരാമർശത്തിലേക്കാണു ഗ്രന്ഥകാരൻ സൂചന നൽകുന്നത്. – വിവ.

www.abulhasanalinadwi.org

ത്തിൻെറ കവിത. ഇസ്‌ലാമിൻെറ വിളിയാളവും ഖുർആനിൻെറ സന്ദേശവും ആണ് അദ്ദേഹത്തിൽ നിറഞ്ഞു നിന്നത്. പുമണം പരത്തുന്ന ഇളംകാറ്റു പോലെ അല്ലെങ്കിൽ ഇക്കാലത്തു വാർത്തകൾ വഹിക്കുന്ന വൈദ്യുതതരംഗങ്ങളെപ്പോലെ ഇഖ്ബാൽ കവിതയുടെ മാധ്യമത്തിലൂടെ ഇസ്‌ലാമിനെ പ്രചരിപ്പിച്ചു.അദ്ദേഹത്തിൻെറ കവിത ഉറങ്ങിക്കിടന്ന ഒരു ജനതയെ വിളിച്ചുണർത്തി അവരുടെ അന്തരംഗങ്ങളിൽ വിശ്വാസാവബോധങ്ങളുടെ അഗ്നിസ്ഫുലിംഗങ്ങൾ പടർത്തി എന്നത് അവിതർക്കിതമാണ്. തന്നെ തിരിച്ചറിയുന്നതിലും തൻെറ ദൈവദത്തമായ വ്യക്തിത്വത്തെ കണ്ടെത്തി അതിനെ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിലും ഇഖ്ബാൽ നേടിയ വിജയമാണ് ഇതിൻെറ എല്ലാം നിദാനം.

ഇഖ്ബാൽകവിതയ്ക്ക് ആശയഗാംഭീര്യവും ദാർശനികഗൗരവവും പ്രദാനം ചെയ്ത നാലാമത്തെ ഘടകത്തിനും അദ്ദേഹത്തിൻെറ പഠനപാരായണങ്ങളുമായി ബന്ധമൊന്നും ഇല്ല. ഇഖ്ബാലിൻെറ വിഭാതവേളയിലെ നിശ്വാസങ്ങൾക്കാണ് ഇതിൽ കാര്യമായ പങ്കുള്ളത്. ലോകം മുഴുവൻ നിദ്രയിലാണ്ടു കഴിയുമ്പോൾ നിശീഥിനിയുടെ അന്ത്യയാമങ്ങളിൽ അദ്ദേഹം ഉണർന്നെഴുന്നേറ്റു തൻെറ നാഥൻെറ മുമ്പിൽ സാഷ്ടാംഗം നമിച്ചു തേങ്ങിക്കരയുമായിരുന്നു. ഇതാണ് അദ്ദേഹത്തിൻെറ ആത്മാവിനു നവോൻമേഷവും ഹൃദയത്തിനു നവ്യാനുഭൂതിയും പ്രദാനം ചെയ്തത്. സൂര്യോദയത്തിനു മുമ്പു സമ്പാദിച്ച ഈ ഉൻമാദരസത്തിൽ നിന്നു കരുത്തു നേടിക്കൊണ്ടു ദിനം തോറും അദ്ദേഹം പുതിയ കവിതകൾ എഴുതിക്കൊണ്ടേയിരുന്നു. അവയാകട്ടെ സഹജീവികൾക്കു പുതിയൊരു ജീവിതമേകാൻ പര്യാപ്തവുമായി. ഇഖ്ബാലിൻെറ അടുക്കൽ പ്രഭാതപ്രാർഥന മാനവ ജീവിതത്തിൻെറ പ്രിയപ്പെട്ട നിധിയാണ്. പണ്ഡിതരും പരിത്യാഗികളും ജ്ഞാനികളും ചിന്തകരുമായ മഹാമനീഷികൾക്കു പോലും അതിനെ അവഗണിക്കാൻ കഴിഞ്ഞിട്ടില്ല:

അത്താർ ആയാലും, റൂമി ആയാലും,
ഗസ്സാലി ആയാലും, റാസി ആയാലും,
കരഗതമായില്ലൊന്നും അവർക്കാർക്കും,
ഉഷസ്സിൻ ചുടുനിശ്വാസമെന്നിയേ.

കാലത്തുണരുന്നതിൽ കർക്കശക്കാരനായിരുന്ന ഇഖ്ബാൽ യാത്രാവേളയിലും അല്ലാത്തപ്പോഴും ഏതു സമയത്തും എവിടെ വച്ചും നേരത്തെ ഉണരുക പതിവായിരുന്നു:

വാൾത്തല പോൽ മൂർച്ചയേറിയ,
ലണ്ടൻ നഗരത്തിലെ ശൈത്യത്തിലും,

www.abulhasanalinadwi.org

കാലത്തുണരുകയെന്ന ശീലം,
ഉപേക്ഷിച്ചില്ല ഞാനൊരിക്കലും.

തന്നിൽ നിന്ന് എന്തൊക്കെ നിഷേധിക്കപ്പെട്ടാലും നേരത്തെ ഉണരുന്നതിൻെറ ആനന്ദമൂർച്ച തിരിച്ചെടുക്കരുതെന്നു കവി തൻെറ നാഥനോടു കേണു പറയുന്നു:

കവർന്നെടുക്കല്ലേ നാഥാ,
പുലർകാല നെടുവീർപ്പ്;
ചേർക്കരുതേ നീ,
നിൻ തിരുനോട്ടനിഷേധത്തിൽ അനുഗ്രഹം.

തൻെറ ഈ ചൂടും നിശ്വാസവും വേദനയും അസ്വാസ്ഥ്യവും ഇന്നത്തെ യുവസമൂഹത്തിൽ ദൃശ്യമാകാൻ ആഗ്രഹിക്കുന്ന മഹാകവി തൻെറ ഹൃദയോഷ്മളതയും പ്രേമാതിരേകവും മുസ്ലിംചെറുപ്പക്കാർക്കു പകർന്നു നൽകണമെന്നു പ്രാർഥിക്കുന്നതു കാണുക:

യുവാക്കൾക്കേകണേ ഹൃദയതാപം,
എൻ പ്രേമം, എൻെറ അന്തർ ദർശനം.

മറ്റൊരു കവിതയിൽ:

പകർന്നു നൽകൂ യുവതയ്ക്ക് എൻെറ ഉഷ്ണശ്വാസം,
പ്രദാനം ചെയ്തു രാജാളിപ്പക്ഷി തൻ കുഞ്ഞുങ്ങൾക്കു തൂവലും ചിറകും;
ദൈവമേ ഇതു തന്നെയാണെൻെറ അഭിലാഷം,
എൻെറ അന്തർനേത്രത്തിൻ വെളിച്ചം ഏവർക്കുമെത്തിച്ചു നൽകു നീ.

ഇഖ്ബാലിൻെറ ഈ പ്രാർഥനകൾ വ്യഥാവിലായില്ല. മുസ്ലിം ലോകത്തങ്ങോളം ഇസ്ലാമികവീക്ഷണം ഉൾക്കൊണ്ടു വളർന്നു വരുന്ന പുതിയ തലമുറ അതാണു തെളിയിക്കുന്നത്:

ഈ ആഴിയുടെ ആഴങ്ങളിൽ തുള്ളിക്കളിക്കുന്നതെന്തെന്നു നോക്കൂ,
നിറം മാറുന്നതെന്തു നീലാകാശം?

ഇഖ്ബാലിൻെറ വ്യക്തിത്വത്തിൻെറ അഞ്ചാമത്തെ പ്രേരകശക്തി മൗലാനാ ജലാലുദ്ദീൻ റൂമി(റ)യുടെ *മഥ്നവീ മഅ്നവി* ആണ്. പേർഷ്യനിൽ എഴുതപ്പെട്ട ഈ പ്രസിദ്ധകൃതി വൈകാരികതീക്ഷ്ണതയുടെയും ആന്തരിക അസ്വാസ്ഥ്യത്തിൻെറയും മനോഹരമായ ആവിഷ്കാരമത്രെ. മൗലാനാ റൂമി(റ)യുടെ കാലത്തു ഗ്രീക്കുകാരുടെ ശാസ്ത്രതുഷ്ടതത്വചിന്ത മുസ്ലിംലോകത്തെ കീഴ്പ്പെടുത്തിയിരുന്നു. തത്വശാസ്ത്രസംബന്ധിയായ വരട്ടുവാദങ്ങളും

www.abulhasanalinadwi.org

അവ സൃഷ്ടിക്കുന്ന മുടിനാരിഴ കീറിയ ചർച്ചകളും മുസ്‌ലിം മസ്തിഷ്കങ്ങളെയും മതകലാശാലകളെയും സ്വാധീനിച്ചിരുന്നു. ഗ്രീക്കുചിന്തയുടെ ഈ നീരാളിപ്പിടുത്തത്തിൽ നിന്നു കുതറി മാറാൻ ആർക്കും സാധിക്കുമായിരുന്നില്ല. ഈ പതിതോവസ്ഥയിൽ മനംനൊന്താണു മൗലാനാ റൂമി(റ) *മഥ്നവി* എഴുതാനാരംഭിച്ചത്. സാഹിത്യത്തിൻെറ മികവ്, ആശയങ്ങളുടെ പുതുമ, ഉപമകളുടെ ഉൾക്കാമ്പ് എന്നിവയുടെ ഒരു നിധിയാണ് ഇത്. അസംഖ്യം പേരെ ആകർഷിക്കുകയും അവരുടെ ചിന്താഗതികളെ ഉടച്ചു വാർക്കുകയും ചെയ്ത ഈ ഗ്രന്ഥം ഇസ്‌ലാമികസാഹിത്യത്തിൽ അതുല്യവും അനർഘവുമാണ്. യൂറോപ്യൻ സംസ്കാരത്തിൻെറ നിരീശ്വരവാദപരവും യുക്ത്യാധിഷ്ഠിതവുമായ ചിന്താധാരകളുമായി ബന്ധപ്പെടുക വഴി ഇഖ്ബാലിൻെറ ഉള്ളിൽ ഭൗതികതയുടെയും ആധ്യാത്മികതയുടെയും സംഘർഷം വളർന്നു വന്നപ്പോഴാണു *മഥ്നവി*യുടെ സഹായം തേടിയത്. ഹൃദയത്തിൻെറ കോളിളക്കങ്ങളിലും ചിന്തയുടെ ആശയക്കുഴപ്പങ്ങളിലും അത് അദ്ദേഹത്തിനു വലിയൊരു കൂട്ടാളിയായി. എത്രത്തോളമെന്നാൽ, റൂമിലെ ഗുരുവിനെ തൻെറ സമ്പൂർണ വഴികാട്ടിയായി അദ്ദേഹം തെരഞ്ഞെടുത്തു. പാശ്ചാത്യഭൗതികവാദം കൂടുതൽ സങ്കീർണമാക്കിയ ബുദ്ധിയുടെയും യുക്തിയുടെയും കെട്ടുകളഴിച്ചുകളയാൻ റൂമി(റ)യുടെ ജ്വാല നൽകുന്ന ചൂടിനേ കഴിയുകയുള്ളൂ എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. തൻെറ ചിന്തയുടെ കണ്ണിൽ തിളങ്ങുന്ന വെളിച്ചത്തിൻെറയും തൻെറ നിസ്സാരമായ പിഞ്ഞാണത്തിൽ ഒളിഞ്ഞിരിക്കുന്ന ചിന്താസാഗരത്തിൻെറയും പിന്നിലുള്ള പ്രേരകശക്തി റൂമി(റ)യുടെ നൻമയാണെന്ന് അദ്ദേഹം ഊറ്റം കൊള്ളുകയും ചെയ്യുന്നു:

> റൂമിയുടെ അഗ്നി നൽകും,
> ചൂടിലാണു നിൻ സിദ്ധൗഷധം;
> നിൻ മനസ്സിനെ മയക്കിക്കളഞ്ഞു,
> പടിഞ്ഞാറുകാരൻ മന്ത്രവാദി.
>
> ആ നൻമയിൽ നിന്നല്ലയോ കത്തിച്ചെടുത്തു,
> ഞാനെൻ നയനത്തിൻ വെളിച്ചം;
> ആ ഔദാര്യത്താലല്ലോ
> എൻെറ തോൽപാത്രം ജൈഹൂൻ നദി[14] യായത്.

മൗലാനാ റൂമി(റ)യോടുള്ള സ്നേഹാദരം നിരന്തരം പ്രകടിപ്പിക്കുന്ന ഇഖ്ബാൽ അദ്ദേഹത്തെ പിറെ റും (റൂമിലെ ഗുരു)[15] എന്നാണു വിശേഷി

14. തുർക്കിസ്താനിലെ പ്രസിദ്ധമായ നദി – വിവ.

15. റൂമിലെ ഗുരുവര്യൻ ഉള്ളം തെളിഞ്ഞ മാർഗദർശകൻ,
പ്രേമലഹരി തൻ ഒട്ടകസംഘത്തിനു നെടുനായകൻ. – ഇഖ്ബാൽ.

www.abulhasanalinadwi.org

പ്പിക്കുന്നത്:

റൂമിലെ ഗുരുവിൻ സമ്പർക്കം,[16]
എന്നെപ്പഠിപ്പിച്ചു ഈ രഹസ്യം;
ശിരസ്സുകൾ കീശയിലിട്ട ലക്ഷം ജ്ഞാനികളെക്കാൾ,
ശിരസ്സുയർത്തിപ്പിടിച്ചൊരു കലീം ആകുന്നു മെച്ചം.

ഭൗതികതയും കൃത്രിമതയും കരാളനൃത്തമാടുന്ന ഇരുപതാം നൂറ്റാണ്ടിലും മറ്റൊരു റൂമിയെ പ്രതീക്ഷിക്കുകയാണ് ഇഖ്ബാൽ. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഭൗതികവാദത്തിൻെറ തുരുമ്പു കളയാൻ റൂമിയുടെ തീജ്വാല നൽകുന്ന സ്നേഹതാപത്തിനു മാത്രമെ സാധിക്കുകയുള്ളു:

പേർഷ്യയുടെ പുഷ്പജോദ്യാനങ്ങളിൽ,
പിറവിയെടുത്തില്ല പിന്നെയൊരു റൂമി;
ഇറാനിലെ വെള്ളവും മണ്ണും അന്നുമിന്നും ഒന്നു തന്നെ;
തബ്രീസും തഥൈവ, ഹേ, സാഖി[17]!

പക്ഷേ, ഇഖ്ബാൽ നിരാശനല്ല. ഒഴിഞ്ഞുകിടക്കുന്ന തൻെറ കൃഷിയിടങ്ങളുടെ കാര്യത്തിൽ തികഞ്ഞ ശുഭാപ്തിവിശ്വാസമാണ് അദ്ദേഹത്തിനുള്ളത്:

ഭഗ്നാശനല്ല ഇഖ്ബാൽ,
തൻെറ ശൂന്യമാം കൃഷിപ്പാടങ്ങളെ ചൊല്ലി;
മണ്ണോ ഫലഭൂയിഷ്ഠം,
ഒരു തുള്ളി മഴ കൂടി; ഹേ, സാഖി!

ഇവയാണ് ഇഖ്ബാലിൻെറ വ്യക്തിത്വരൂപീകരണത്തിൻെറ പഞ്ച സ്തംഭങ്ങൾ. അമൂല്യമായ ആത്മവിദ്യാലയത്തിലെ നൻമ നിറഞ്ഞ വിദ്യാഭ്യാസത്തിൻെറ ഇത്തരം സദ്ഫലങ്ങളാണ് അദ്ദേഹത്തിന് ആദർശബലവും വിശ്വാസദാർഢ്യവും ചിന്താഭദ്രതയും പ്രദാനം ചെയ്തത്. ചുരുക്കത്തിൽ ഇവയാണ് ഇഖ്ബാലിനെ 'ഇഖ്ബാലാക്കിയത് ' എന്നു പറയാം.

---

16. *മഥ്നവി*യുടെ പാരായണം.

17. അറബി, ഉർദു, പേർഷ്യൻ സാഹിത്യങ്ങളിൽ സാർവത്രികമായ ഒരു പ്രതീകം. മദ്യം വിളമ്പുന്ന പരിചാരകനോ പരിചാരികയോ ആണു ഭാഷാർഥമെങ്കിലും മദ്യം ആധ്യാത്മിക നിഗൂഢതകളുടെ (ചിലപ്പോൾ സത്യത്തിൻെറയും) പ്രതീകമാകയാൽ 'സാഖി'ആത്മീയചഷകത്തെ നിറയ്ക്കുന്ന അന്തർജ്ഞാനിയായ വഴികാട്ടിയോ, സൂഫിമാർഗത്തിലെ ശൈഖോ, നേർവഴിക്കു നയിക്കുന്ന നേതാവോ, ദൈവം തന്നെയോ ആകാവുന്നതാണ്. മദീനയിലെ മദ്യം വിളമ്പുകാരനെന്നു, വിശുദ്ധ പ്രവാചകതിരുമേനി(സ)യെ ഉദ്ദേശിച്ച് ഇഖ്ബാൽ തന്നെ പ്രയോഗിച്ചിട്ടുണ്ട് – വിവ.

www.abulhasanalinadwi.org

4

പാശ്ചാത്യ സംസ്കൃതി

[ഗ്രന്ഥകാരന്റെ *മുസ്ലിം മമാലിക് മേം ഇസ്ലാമിയത് ഔർ മഗ്രിബിയത് കി കശ്മകശ്* എന്ന കൃതിയിൽ നിന്നെടുത്തതാണ് ഈ അധ്യായം]

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മുസ്ലിം യുവാക്കൾ പാശ്ചാത്യവിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കപ്പെടാൻ തുടങ്ങി. അവർ വിഖ്യാതമായ യൂറോപ്യൻ കലാശാലകളിൽ ചേർന്നു പഠിക്കാനും അത് ഇടയാക്കി. അതോടെ, ഭരണവർഗത്തെക്കുറിച്ചുള്ള ഭയപ്പാട് അവരുടെ ഹൃദയത്തിൽ നിന്നു നീങ്ങി. വൈജ്ഞാനികബന്ധങ്ങളിലൂടെ സാംസ്കാരികവിനിമയം വളർന്നു. പ്രസിദ്ധമായ സർവകലാശാലകളിൽ നിന്നു പ്രശസ്തമായ വിദഗ്ധരുടെ മേൽനോട്ടത്തിൽ നേടിയ ഉന്നതവിദ്യാഭ്യാസം വഴി മുസ്ലിംകൾക്കു പടിഞ്ഞാറിനെ അടുത്തു കാണാനും അതിനെ മൂല്യനിർണയം ചെയ്യാനും അവസരം ലഭിച്ചു.

ദർശനം, കല, സാഹിത്യം തുടങ്ങിയ മാധ്യമങ്ങൾ മുഖേന മുസ്ലിംകൾ പാശ്ചാത്യനാഗരികതയുടെ രഹസ്യങ്ങൾ പരിചയപ്പെട്ടു. അതിന്റെ ധിക്കാരം നിറഞ്ഞതും പക്ഷപാതപരവുമായ ദേശീയതയെയും അവർ കണ്ടറിഞ്ഞു. പടിഞ്ഞാറൻ ജീവിതരീതിയുടെ മറ്റു ദുർബലവശങ്ങൾക്കൊപ്പം

www.abulhasanalinadwi.org

അതിന്റെ ആന്തരികശൂന്യതയും സാംസ്കാരിക തകർച്ചയും അവരുടെ മുമ്പിൽ അനാവൃതമായി. ഉന്നതമായ മാനുഷികമൂല്യങ്ങളിൽ നിന്നു പാശ്ചാത്യ സംസ്കൃതി അന്യമായി നിലകൊള്ളുന്നത് എങ്ങനെയെന്നും, അതിന്റെ നായകൻമാർ അത്തരം ഗുണങ്ങൾക്കു നേരെ വിമുഖത കാട്ടുന്നത് എന്തിനെന്നും മുസ്ലിംകൾ മനസ്സിലാക്കി. ചുരുക്കത്തിൽ ആ സംസ്കാരത്തെ പുഴുക്കളെപ്പോലെ തിന്നു നശിപ്പിച്ചു കൊണ്ടിരുന്നതും തുടക്കം മുതലെ അതിന്റെ മൗലികപ്രകൃതിയുടെ ഭാഗമായി നിലകൊണ്ടിരുന്നതുമായ തകർച്ചയുടെ മുഴുവൻ ഘടകങ്ങളെയും അവർ കണ്ടെത്തി. ചിന്താപരമായ ഉണർച്ചയും കർമപരമായ തൃഷ്ണയും പക്ഷേ, യൂറോപ്പിലെ താമസം കൂടാതെ സാധിക്കുമായിരുന്നില്ല. പാശ്ചാത്യ തത്വചിന്തയുമായി അഗാധമായ ബന്ധവും ധീരമായ അഭിവീക്ഷണവും അനുകരണത്തിൽ നിന്നു മുക്തമായ ധിഷണയും ഈ പ്രതിപ്രവർത്തനത്തിന് ആവശ്യമായിരുന്നു.

ഒളിഞ്ഞിരുന്ന വിശ്വാസത്തിന്റെ ജ്വാല വീണ്ടും ആളിക്കത്തി. ആധുനിക വിദ്യാഭ്യാസം നേടിയ മുസ്ലിംകളിൽ അതോടെ പടിഞ്ഞാറിന്റെ കാര്യത്തിൽ നിരാശ പടരാൻ തുടങ്ങി. ശരിയായ ദിശയിൽ ശക്തവും വസ്തുനിഷ്ഠവുമായ വിമർശനത്തിനു ശക്തി കൈവന്നു.

കലാപകാരികളായ ഈ വിമർശകരുടെ ഒന്നാം നിരയിലായിരുന്നു ഇഖ്ബാൽ. ആധുനികവിദ്യാഭ്യാസം നേടിയ മുസ്ലിംകൾക്കിടയിൽ നിന്ന് അദ്ദേഹത്തെക്കാൾ വലിയൊരു സൂക്ഷ്മജ്ഞാനി കഴിഞ്ഞ നൂറു കൊല്ലക്കാലത്തു ജൻമമെടുക്കുകയുണ്ടായിട്ടില്ലെന്നു പറയാം. ആധുനിക പൗരസ്ത്യലോകത്തിന്റെ ഏറ്റവും വലിയ ദാർശനികനാകുന്നു അദ്ദേഹം. പാശ്ചാത്യ സംസ്കാരത്തിന്റെ കാര്യത്തിൽ ഇഖ്ബാലിന്റെതു പോലുള്ള അഗാധമായ ജ്ഞാനവും ധീരമായ വിമർശനവും ഇതര പൗരസ്ത്യപണ്ഡിതരിൽ കാണുക സാധ്യമല്ല. പാശ്ചാത്യ സംസ്കാരത്തിന്റെ അടിസ്ഥാനപരമായ ദൗർബല്യങ്ങളെയും ബലഹീനമായ പാർശ്വവശങ്ങളെയും പ്രകൃതിപരമായ തകർച്ചയെയും ഇഖ്ബാൽ നിരീക്ഷിച്ചിട്ടുണ്ടായിരുന്നു. പാശ്ചാത്യസംസ്കൃതിയുടെ സ്വാധീനത്തിനു വിധേയമായ മസ്തിഷ്കങ്ങൾ മതം, സദാചാരം, ആധ്യാത്മികമൂല്യങ്ങൾ എന്നിവയോടു പുലർത്തുന്ന സമീപനം ഇഖ്ബാൽ മനസ്സിലാക്കി. ആ സംസ്കാരത്തിന്റെ ആത്മീയ അവിശുദ്ധി അതിന്റെ ഹൃദയത്തെയും കണ്ണിനെയും ശുഷ്കമാക്കി. അതോടെ സംതൃപ്തമായ ഹൃദയമെന്ന സൗഭാഗ്യം അതിനു നഷ്ടമാവുകയും ചെയ്തു. ഇഖ്ബാൽ പറയുന്നു:

> പടിഞ്ഞാറുകാരന്റെ സംസ്കാരം ഹൃദയ, മസ്തിഷ്കങ്ങൾ തൻ വൈകൃതം,
> അതിനാത്മാവോ, അവിശുദ്ധം;
> ആത്മാവു പോയാൽ പിന്നെ സർവം ശൂന്യം,
> തെളിഞ്ഞ മനഃസാക്ഷിയും ഉന്നതചിന്തയും ശുദ്ധചിത്തവും.

www.abulhasanalinadwi.org

സാംസ്കാരികമായ ധാടിയും മോടിയും സാമ്രാജ്യങ്ങളുടെ വൈപുല്യവും എല്ലാം കൈമുതലായി ഉണ്ടായിട്ടു പോലും പാശ്ചാത്യർ നിത്യമായ അസ്വാസ്ഥ്യവും അസംതൃപ്തിയും അനുഭവിക്കേണ്ടി വന്നു. വിദ്യുച്ഛക്തിയും നീരാവിയും അതിൻെറ അന്തരീക്ഷത്തെ മലിനീകരിച്ചു. വൈദ്യുതിയുടെ വെളിച്ചം ആവശ്യമാണ്. പക്ഷേ, അതുകൊണ്ടു ചിന്താപരമായ വഴി തെളിഞ്ഞു കാണില്ല. അദൃശ്യമായ ലോകങ്ങളുടെ ചൈതന്യത്തിൽ നിന്ന് ഒരു കിരണത്തെപ്പോലും അത് ജ്വലിപ്പിക്കുകയുമില്ല:

അതിരു കടന്ന ഈ ആർഭാടം, ഈ ഭരണം, ഈ വ്യാപാരം,
അന്ധകാരനിബിഡമാം നെഞ്ചകത്തിലെ ഹൃദയത്തിലോ ശാന്തി ശൂന്യം;
ഇരുണ്ടു പോയീ യന്ത്രധൂമത്താൽ പടിഞ്ഞാറിൻെറ ആകാശം,
ഈ അനുഗ്രഹത്തിൻ താഴ്വാരമോ ദൈവകാരുണ്യത്തിനനർഹം.
ശൈശവദശയിലേ ഈ സംസ്കാരം വലിക്കുന്നു അന്ത്യശ്വാസം,
യഹൂദൻെറ കരങ്ങളിലാണെന്നു തോന്നുന്നു ക്രൈസ്തവതയുടെ
കൈകാര്യ നിർവഹണം.

മതനിഷേധ സംസ്കാരത്തിൻെറ അടിത്തറ തന്നെ മത, സദാചാരമൂല്യങ്ങളോടുള്ള ശാത്രവമാണെന്ന് ഇഖ്ബാൽ ഊന്നിപ്പറയുന്നു. ഭൗതികതയുടെ ബിംബാലയത്തിൽ കാലാകാലങ്ങളിൽ പുതുവിഗ്രഹങ്ങളെ പ്രതിഷ്ഠിക്കലാകുന്നു അതിൻെറ ഇഷ്ടവിനോദം. ഈ ദൈവവിരുദ്ധ സംസ്കാരം സത്യത്തിൻെറ വക്താക്കൾക്കെതിരെ സദാ സമരത്തിലാണെന്നു *മഥ്നവി പസ് ചെ: ബായദ് കർദ്* എന്ന കൃതിയിൽ ഇഖ്ബാൽ ചൂണ്ടിക്കാട്ടുന്നു. ഈ കുഴപ്പത്തിൻെറ കൂലിക്കാർ[1] ഹറമിൻെറ വിശുദ്ധമന്ദിരത്തിൽ ലാത്ത്, ഉസ്സ:[2] വിഗ്രഹങ്ങൾ വച്ചു പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതിൻെറ ഹൃദയവും ആത്മാവും തകരുന്നു. ഹൃദയത്തിൻെറ മാത്രമല്ല, അതിൻെറ ഉടമയുടെയും ഊഷ്മളത നഷ്ടമാവുന്നു. പകൽക്കൊള്ളയിലെന്ന പോലെ മനുഷ്യൻെറ ആത്മാവിനെ തട്ടിയെടുത്തു അവൻെറ വില കളയുന്ന കവർച്ചക്കാരനാണിത്:

ഈ മതരഹിത സംസ്കാരത്തെക്കുറിച്ചു ജാഗ്രത !
ഹൃദയമുള്ളവരുമായി സമരത്തിലാണല്ലൊ അത്.
ഈ കുഴപ്പക്കാർ വിതയ്ക്കുന്നതു കുഴപ്പമല്ലാതൊന്നുമല്ല,
ഹറമിൽ അത് പുനഃസ്ഥാപിപ്പതോ, ലാത്ത്, ഉസ്സ: വിഗ്രഹങ്ങളും.
അതിൻെറ ആഭിചാരത്താൽ ഉൾക്കണ്ണിനു പോയീ കാഴ്ച;

1. ഇവിടെ ഉദ്ദേശ്യം മക്കയിലെ വിശുദ്ധ കഅബ സ്ഥിതി ചെയ്യുന്ന ദൈവിക ഭവനമായ പുണ്യസ്ഥാനം. – വിവ.

2. അജ്ഞാന കാലത്തെ അറബികൾ ആരാധിച്ചിരുന്ന വിഗ്രഹങ്ങൾ. – വിവ.

www.abulhasanalinadwi.org

അതിൻെറ വളർച്ചയാൽ ആത്മാവോ ദഹാർത്തമായ്,
അതു കൊല ചെയ്വൂ ഹൃദയത്തിൻ ജിജ്ഞാസാസത്തെ;
അല്ല! അത് തകർപ്പൂ ഹൃദയത്തെ തന്നെ.
പണ്ടത്തെ കള്ളൻെറ കവർച്ചകളൊരോന്നും കാണാൻപോകുന്ന പുരം;
തുലീപുപൂവു പോലും കരയുമത്രെ, എൻെറ ഇതളിനോടവർ
ചെയ്തതെന്താണെന്ന്?

മാനവികതയെ തകർക്കലാണ് ഈ സംസ്കാരത്തിൻെറ സ്വഭാവം. മാനുഷ്യകത്തിൻെറ നാശമോ, അതിൻെറ മുഖ്യതൊഴിലും. അതു നിലനിൽക്കുന്നിടത്തോളം കാലം സമാധാനമോ സംതൃപ്തിയോ നിഷ്കളങ്കസ്നേഹമോ ഋജുവായ ദൈവഭക്തിയോ സാധിതപ്രായമാവുകയില്ല:

ഹാ, കഷ്ടം! യൂറോപ്പിന് ഈ പദവി അജ്ഞാതം;
നോക്കുന്നില്ല ദൈവ വെളിച്ചത്താൽ, അതിൻ നേത്രം.
നല്ലതും തീയതും തമ്മിൽ ഇല്ല, അതിനു വിവേചനം;
അതിൻെറ വിജ്ഞാനം അപക്വം, ദൗത്യമോ അപൂർണം.
വിഴുങ്ങുന്നു അതിൽ സമുദായത്തെ സമുദായം;
ഒരാൾ വിതയ്ക്കുന്നു മറ്റൊരാൾ കൊയ്യുന്നു.
പാവങ്ങളുടെ അപ്പം അപഹരിക്കലാണതിൻ ജ്ഞാനം;
ഭ്രാതൃഹത്യയാണതിൻ തന്ത്രം.

ആധുനിക സംസ്കാരത്തിൻെറ ഇര മനുഷ്യൻ തന്നെയാകുന്നു. മനുഷ്യനാണ് അതു സൃഷ്ടിച്ച കമ്പോളസംസ്കാരത്തിൻെറ ഊർജകേന്ദ്രവും ഉപകരണവും. ജൂതകൗശലത്തിൻെറ സൃഷ്ടിയായ ഉയർന്ന ജീവിത നിലവാരവും വർധിച്ച ചെലവുകളും മനുഷ്യൻെറ ഹൃദയത്തിൽ നിന്നു സത്യത്തിൻെറ പ്രകാശം കവർന്നെടുത്തു. ഈ വ്യവസ്ഥ മാറാത്ത കാലത്തോളം ചേതനയും മതവും നാഗരികതയും കേവലസ്വപ്നങ്ങളായിരിക്കും:

മനുഷ്യൻെറ നാശം നവസംസ്കൃതി തൻ ഉദ്യോഗം,
മനുഷ്യനെ മൂടലോ അതിൻ ഇഷ്ടവാണിജ്യം;
ബാങ്കുകളേ, നന്ദി ! ജൂതകൗശലത്തിൻ തന്ത്രം,
കവർന്നെടുത്തു മനുഷ്യൻെറ ഉള്ളിൻ വെളിച്ചം.
വ്യവസ്ഥയിതു തകരാത്ത കാലം,
പ്രതിഭ, സംസ്കൃതി, മതങ്ങൾ കേവലസ്വപ്നം.

പ്രായം കൊണ്ട് ഈ സംസ്കാരം ചെറുപ്പമാണെങ്കിലും അത് അകാലനിര്യാണത്തിൻെറ അന്ത്യശ്വാസം വലിച്ചു കൊണ്ടിരിക്കുകയാണ്.

www.abulhasanalinadwi.org

ശൈശവദശയിലെ ഈ സംസ്കാരം വലിക്കുന്നു, അന്ത്യശ്വാസം;
യഹൂദന്റെ കരങ്ങളിലാണെന്നു തോന്നുന്നു ക്രൈസ്തവതയുടെ
കൈകാര്യ നിർവഹണം.

പക്ഷേ, ഈ മരണം ഒരു സ്വാഭാവികമരണമായിരിക്കുകയില്ല. പ്രത്യുത, സ്വന്തം കത്തികൊണ്ടുള്ള ആത്മഹത്യയായിരിക്കും. ഇളങ്കൊമ്പിൽ വച്ചു കെട്ടുന്ന കൂട് എങ്ങനെ തകരാതിരിക്കും? പാശ്ചാത്യസംസ്കാരത്തിന്റെ അസ്ഥിവാരം അതീവദുർബലവും അസ്ഥിരവുമത്രെ. കാലത്തിന്റെ ആക്രമണങ്ങളെ നേരിടാൻ അതിന്റെ സ്ഫടികച്ചുവരുകൾക്കാവില്ല. യൂറോപ്പിന്റെ ശാസ്ത്രീയഗവേഷണങ്ങളോ, പാശ്ചാത്യലോകത്തിനും മനുഷ്യസമുദായത്തിനു മൊത്തത്തിലും വെല്ലുവിളിയായി മാറിക്കഴിഞ്ഞു:

പ്രകൃതി തൻ നിധികളെ നഗ്നമാക്കിക്കളഞ്ഞു ആ ദുഷ്ടചിന്ത;
അതിന്റെ ഇടിമിന്നലിൻ അപകടത്തിലാണതിൻ കൂട്.

ഈ ലോകം ഒരു നവലോകത്തിനു ജൻമം നൽകാനുള്ള പേറ്റുനോവ് അനുഭവിക്കുകയാണ്. വിശ്വശാന്തിയും മനുഷ്യനൻമയും തകർത്തുകളഞ്ഞ പടിഞ്ഞാറുകാരുടെ സംസ്കാരമോ മരണവക്ത്രത്തിലും:

ജനിപ്പൂ ഒരു പുതുലോകം, ചരമമടയുകയാണു പഴയ ലോകം;
യൂറോപ്യൻ ചൂതാട്ടക്കാരുടെ ചൂതുശാല!

ഈ സംസ്കാരത്തിന്റെ നിറപ്പകിട്ടിന് ഒരു കുറവുമില്ല. അതിന്റെ ജീവിതജ്വാലയാകട്ടെ തെളിഞ്ഞു കത്തുന്നുമുണ്ട്. പക്ഷേ, ദിവ്യവെളിപാടുകളുടെ വാഹകനായ ഒരു മൂസ(അ)യോ, വിഗ്രഹഭഞ്ജനം സാധിച്ചു തീനാളങ്ങളെ പൂമെത്തയാക്കാൻ പോന്ന ഒരു ഇബ്റാഹീ(അ)മോ ഇല്ലെന്നതാണ് അതിന്റെ പ്രശ്നം.

അതിൽ യുക്തിക്കു വികാസമുണ്ട്. പക്ഷേ, സ്നേഹത്തിനും മാനുഷിക വികാരത്തിനും സ്ഥാനമില്ല. ആധുനിക ലോകത്തെ പുരോഗമനകാരികളായ വിപ്ലവകാരികൾ പോലും പതിവുസമ്പ്രദായങ്ങളുടെ പുറന്തോടു പൊട്ടിച്ചു പുറത്തുവരുന്നില്ല. അവരുടെ 'വിപ്ലവമസ്തിഷ്കം' യഥാർഥത്തിൽ 'അനുകരണമസ്തിഷ്കം' മാത്രമാകുന്നു.

ഓർക്കുന്നു ഞാൻ പടിഞ്ഞാറിൻ വീഞ്ഞുശാലയിലായിരുന്ന കാലം,
ചഷകത്തിന് അലക്സാന്ദറുടെ കണ്ണാടിയെക്കാൾ[3] തിളക്കം!
കുടിയൻമാർക്കോ പരിചാരകന്റെ മത്തു പിടിച്ച നോട്ടം തന്നെ ദൈവം;
സാഖിയുടെ കടാക്ഷമോ പ്രവാചകനും!

3. അലക്സാന്ദറുടെ മാന്ത്രികക്കണ്ണാടിയിലേക്കു സൂചന. – വിവ.

www.abulhasanalinadwi.org

ഇല്ല, അവിടെയൊരു കലീമിൻ കിരണം, ഇല്ല ഒരു ഖലീലിൻ ജ്വാലയും.
തല തിരിഞ്ഞ ബുദ്ധി അല്ല പ്രേമസൗഭാഗ്യത്തിൻ മിത്രം,
അതിന്നന്തരീക്ഷത്തിലില്ല അസ്വസ്ഥമാം ചുടുനിശ്വാസം;
അതിന്നധികാരികൾക്കോ, ഇല്ല ഉൻമത്തമാം ആത്മാവിൻ നടനം.[4]

★☆★☆

യൂറോപ്യരാൽ മാനവസമൂഹം രോഗഗ്രസ്തം,
ജീവിതമോ നിത്യവേദനയിലും;
സ്വന്തം കത്തിക്കിരയായീ യൂറോപ്പ്,
വളർന്നു വാനത്തിൻ താഴെ മതനിഷേധം.
അതിൽ നിന്നല്ലോ മാനവൻെറ വിഷമങ്ങളത്രയും,
അതിനാലല്ലോ മാനവതയുടെ മൂകദുഃഖവും;
അതിൻ ദൃഷ്ടിയിൽ മനുഷ്യൻ വെറും മണ്ണും വെള്ളവും;
ജീവിതത്തിൻ സാർഥവാഹകസംഘമോ അലക്ഷ്യവും.

യൂറോപ്പിൽ കലാവിജ്ഞാനങ്ങളുടെ വെളിച്ചം വേണ്ടുവോളമുണ്ട്. പക്ഷേ ആ കരിങ്കടലിൽ ജീവൻെറ ജലധാരകളില്ല. അതു ഭൗതികതയിൽ ഊട്ടപ്പെട്ടിരിക്കുന്നു. എത്രത്തോളമെന്നാൽ, അവിടെ ഗാംഭീര്യത്തിലും മനോഹാരിതയിലും ബാങ്കുകെട്ടിടങ്ങൾ ചർച്ചുമന്ദിരങ്ങളെക്കാൾ മികവുറ്റവയാണ്. അതിൻെറ വ്യാപാരത്തിൽ ഒരാളുടെ ലാഭം നിരവധി പേരുടെ മരണത്തിൽ കലാശിക്കുന്ന അവസ്ഥയാണുള്ളത്. യൂറോപ്പ് മേനി നടിക്കുന്ന വിജ്ഞാനം, ശാസ്ത്രം, രാഷ്ട്രീയം, ഭരണം എന്നിവയാകട്ടെ, അകക്കാമ്പില്ലാത്തതും അർഥശൂന്യവുമാകുന്നു. പടിഞ്ഞാറിൻെറ നേതാക്കൾ മനുഷ്യമക്കളുടെ രക്തം ഊറ്റിക്കുടിക്കുകയും മാനവസമത്വത്തെയും സാമൂഹ്യനീതിയെയും കുറിച്ചു ഗിരിപ്രഭാഷണം നടത്തുകയും ചെയ്യുന്നു. തൊഴിലില്ലായ്മ, ദാരിദ്ര്യം,നഗ്നത, മദ്യാസക്തി എന്നിവയാണ് അവരുടെ സംഭാവനകൾ. അല്ലെങ്കിലും ദൈവാനുഗ്രഹം സിദ്ധിക്കാത്ത ഒരു ജനതയ്ക്ക് ആവിയുടെയും വൈദ്യുതിയുടെയും വിവരത്തിനപ്പുറം പോകാനാവില്ല തന്നെ. യന്ത്രങ്ങളുടെ ആധിപത്യവും ലാഭക്കൊതിയും നിലനിൽക്കുന്ന സമൂഹത്തിൽ ഹൃദയങ്ങളുടെ മരണവും പരസ്പരസ്നേഹത്തിൻെറ തകർച്ചയും മനുഷ്യനൻമയുടെ നാശവും തീർച്ചയാണ്:

യൂറോപ്പിൽ കുറവില്ല, കലാശാസ്ത്രങ്ങൾക്ക്;
ആ ഇരുട്ടിൽ ജീവൻെറ പ്രവാഹമില്ലെന്നു മാത്രം.
നിർമാണ ചാതുരിയിലും ഗാംഭീര്യത്തിലും ആർഭാടത്തിലും,

4. *പയാമെ മശ്രിഖ്.*

www.abulhasanalinadwi.org

ദേവാലയങ്ങളെ കടത്തിവെട്ടി ബാങ്കുകെട്ടിടങ്ങൾ.
പുറമേക്കു കച്ചവടം, അകത്തോ ചൂതാട്ടം,
ദൈവന്റെ ലാഭം ലക്ഷങ്ങൾക്കു മരണം;
ഈ ശാസ്ത്രം, വിജ്ഞാനം, ഈ ദർശനം, ഭരണം,
കൂടിക്കുന്നതോ ചോര, കൊടുക്കുന്നതോ സമത്വപാഠം !
തൊഴിലില്ലായ്മ, ദാരിദ്ര്യം, നഗ്നത, മദ്യാസക്തി;
നിസ്സാരമോ, പടിഞ്ഞാറുകാരന്റെ നേട്ടങ്ങൾ!
ദൈവാനുഗ്രഹത്തിൽ നിന്നന്യമായൊരു ജനത,
നീരാവിയും വൈദ്യുതിയുമാണതിന്റെ സിദ്ധികൾക്കതിർത്തി.

പാശ്ചാത്യ സംസ്കാരത്തെക്കുറിച്ചു കുറെക്കൂടി വിശദമായ നിരീക്ഷണങ്ങളാണ് ഇഖ്ബാലിന്റെ *മതചിന്തകളുടെ പുനഃസംരചന ഇസ്ലാമിൽ* എന്ന പുസ്തകത്തിലുള്ളത്. പടിഞ്ഞാറിന്റെ ഭൗതികതയെയും തജ്ജന്യമായ സമസ്യകളെയും വിശകലനം ചെയ്തുകൊണ്ട് അദ്ദേഹം എഴുതി:

"……തന്റെ ധൈഷണിക പ്രവർത്തനങ്ങളുടെ പരിണതഫലമെന്നോണം ആധുനിക മനുഷ്യന്റെ ആത്മീയജീവിതം അവസാനിച്ചിരിക്കുന്നു. ചിന്താമണ്ഡലത്തിൽ തന്നോടു തന്നെയും രാഷ്ട്രീയമേഖലയിൽ മറ്റുള്ളവരുമായും അവൻ തുറന്ന സംഘട്ടനത്തിലാണ്. തന്റെ നിഷ്കരുണമായ അഹംബോധത്തെയും അറ്റമില്ലാത്ത അർഥലോഭത്തെയും നിയന്ത്രിക്കാനാകാതെ വിഷമിക്കവെ, അവന്റെ ഉന്നതമായ ഉദ്ദേശ്യങ്ങൾ തകരുകയും ജീവിതത്തോടു മടുപ്പുമാത്രം അവശേഷിക്കുകയും ചെയ്യുന്നു. ദൃഷ്ടിക്കു ഗോചരമാകുന്ന സംവേദനേന്ദ്രിയത്തെ മാത്രം ആശ്രയിച്ചു കൊണ്ടു 'വസ്തുത'യിൽ വിലയം പ്രാപിച്ചതിനാൽ, അവൻ തന്റെ തന്നെ ഉൺമയുടെ നിഗൂഢമായ അഗാധതകളിൽനിന്നു പൂർണമായും അന്യനായിരിക്കുന്നു. തന്റെ ക്രമനിബദ്ധമായ ഭൗതികതയുടെ ജാഗരണത്തിന്റെ ഫലമായി അവസാനം വന്നെത്തിയിട്ടുള്ളതു ഹക്സ്ലി പരിതാപത്തോടെ അനുമാനം ചെയ്ത ആ ഊർജസ്തംഭനമാകുന്നു.…

ഒരു പുതിയ മതത്തിന്റെ അത്യാവേശമെല്ലാം അടങ്ങുന്ന ആധുനിക നിരീശ്വരസോഷ്യലിസത്തിനു വിശാലമായ കാഴ്ചപ്പാടുണ്ട്. പക്ഷേ, അതിന്റെ താത്വികാടിത്തറ ഇടതുപക്ഷക്കാരായ ഹെഗലിയൻമാരുടെതാകയാൽ, അതിനു ശക്തിയും ലക്ഷ്യവും പ്രദാനം ചെയ്യുമായിരുന്ന കേന്ദ്രത്തിന് എതിരെ തന്നെ അതു കലാപമുയർത്തിയിരിക്കുകയാണ്. ദേശീയതയും നിരീശ്വരസോഷ്യലിസവും മാനവസംവിധാനങ്ങളുടെ സമകാലിക സ്ഥിതിയിലെങ്കിലും ഈർഷ്യയുടെയും സംശയത്തിന്റെയും മനഃശാസ്ത്രപരമായ ശക്തികളെ ഉപയോഗപ്പെടുത്തുക വഴി ആത്മീയോർജത്തിന്റെ ഒളിഞ്ഞിരിക്കുന്ന പ്രഭവ

www.abulhasanalinadwi.org

സ്ഥാനങ്ങളെ അടച്ചുപൂട്ടുകയാണു ചെയ്യുന്നത്. മധ്യകാല അതീന്ദ്രിയതയുടെയോ ദേശീയതയുടെയോ ദൈവരഹിതസമഷ്ടിവാദത്തിൻെറയോ സങ്കേതങ്ങളെക്കൊണ്ട് സുഖപ്പെടുത്താവുന്നതല്ല നിരാശയിൽപ്പെട്ടുഴലുന്ന മാനവതയുടെ രോഗങ്ങൾ.

....താൻ എങ്ങുനിന്ന്, എങ്ങോട്ട് എന്നതിനെക്കുറിച്ചു തൻെറ ഉദ്ഭവത്തെയും ഭാവിയെയും കുറിച്ച്, ഒരു പുതിയ ദർശനനിലവാരത്തിലേക്ക് ഉയർന്നുകൊണ്ടു മാത്രമെ, മനുഷ്യത്വരഹിതമായ കിടമൽസരങ്ങളിൽ നിലനിൽക്കുന്ന ഒരു സമൂഹത്തെയും മത, രാഷ്ട്രീയമൂല്യങ്ങളുടെ ആന്തരിക സംഘർഷത്താൽ ആധ്യാത്മികത നഷ്ടമായൊരു സംസ്കാരത്തെയും അതിജയിക്കാൻ മനുഷ്യനു സാധിക്കൂ".[5]

മൃഗീയമായ മത്സരങ്ങളും വർഗസമരങ്ങളും ഇല്ലാതെ പാശ്ചാത്യസമൂഹത്തിനു ചലിക്കാൻ കഴിയില്ലെന്ന് ഇഖ്ബാൽ പറയുന്നു. ആത്മീയ, ഭൗതിക മൂല്യങ്ങളുടെ വിഘടനവും മത, രാഷ്ട്രീയ വിഭജനവും അതിൻെറ ഘടനാപരമായ ഏകതയെ തകർത്തു കളഞ്ഞിരിക്കുന്നു. ഏതു ചിന്തകനെയും പോലെ ഇഖ്ബാലും മുതലാളിത്തത്തെയും കമ്യൂണിസത്തെയും ഒരേ നാണയത്തിൻെറ ഇരുവശങ്ങളായിട്ടാണു കാണുന്നത്. ഭൗതികതയുടെയും മനുഷ്യത്വത്തിൻെറ പരിധിനിർണയത്തിൻെറയും മേഖലകളിൽ രണ്ടും പരസ്പരം യോജിക്കുന്നു. ആധ്യാത്മികമൂല്യങ്ങളും അഭൗതികസത്യങ്ങളും കളഞ്ഞുകുളിച്ച പാശ്ചാത്യർ, ആമാശയത്തിൽ ആത്മാവിനെ അന്വേഷിക്കുകയാണെന്നു *ജാവേദ് നാമ*യിൽ, ജമാലുദ്ദീൻ അഫ്ഗാനിയിലൂടെ ഇഖ്ബാൽ അഭിപ്രായപ്പെടുന്നു. ആത്മാവിൻെറ ഊർജവും ജീവനുമാകട്ടെ, ശരീരവുമായി ഒരു തരത്തിലും ബന്ധപ്പെട്ടതല്ല. വയറിനപ്പുറത്തേക്കു നോക്കാൻ കമ്യൂണിസത്തിനാവില്ല. ആമാശയസമത്വത്തിൻെറ അടിസ്ഥാനത്തിലാകുന്നു അതിൻെറ ചിന്ത. അതിനു ഹൃദയപരമായ സ്നേഹം, മാനുഷിക, ധാർമികമൂല്യങ്ങളോടുള്ള ബഹുമാനം എന്നിവയുടെയും ആവശ്യമില്ല. മനുഷ്യസാഹോദര്യം കേവലഭൗതികവും സാമ്പത്തികവുമായ സമത്വം കൊണ്ട് ഉണ്ടാകുന്നതല്ല:

> മുങ്ങിപ്പോയി പാശ്ചാത്യർ പ്രപഞ്ചദർശനത്തിൽ;
> ദേഹത്തിൽ തേടുകയാണവർ ദേഹിയെ.
> ജഡത്തിൽ നിന്നല്ല, വിശുദ്ധാത്മാവിൻ നിറവും മണവും;
> കമ്യൂണിസത്തിനോ, ജഡമല്ലാതൊന്നുമില്ല.
> സത്യത്തെക്കുറിച്ചജ്ഞാതനാം ആ പ്രവാചകൻെറ മതം,
> ആമാശയസമത്വത്തിൻമേലതു സ്ഥാപിതം.

---

5. *മതചിന്തകളുടെ പുനഃസംഘടന ഇസ്ലാമിൽ.*

www.abulhasanalinadwi.org

ഹൃദയത്തിലല്ലയോ സാഹോദര്യത്തിൻ ഭവനം;
ഊഴിയിലല്ല, ജലത്തിലല്ല, ഹൃദയത്തിലല്ലോ അതിൻ വേരുകൾ.

സാമ്രാജ്യത്വവും കമ്യൂണിസവും ഭൗതികവീക്ഷണം ദൈവനിന്ദ, ക്രോധ,ലോഭങ്ങൾ, അരാജകത്വം, ചൂഷണം എന്നീ ബിന്ദുക്കളിൽ സന്ധിക്കുന്നു. ജീവിതം കമ്യൂണിസത്തിൽ ഖുറൂജ് (ഉൽപാദനം) ആണെങ്കിൽ സാമ്രാജ്യത്വവാഴ്ചയിൽ അതു ഖിറാജ് (നികുതി ശേഖരണം) ആണ്. പാവം മനുഷ്യൻ ഈ രണ്ടു ചക്രങ്ങൾക്കിടയിൽപ്പെട്ടു ഞെരിഞ്ഞമരുന്നു. കമ്യൂണിസം മത, ധാർമികമൂല്യങ്ങളുടെയും കലാ, ശാസ്ത്രങ്ങളുടെയും ശത്രുവാണെങ്കിൽ, സാമ്രാജ്യത്വം ഉള്ളവൻെറയും ഇല്ലാത്തവൻെറയും ചോര ഊറ്റിക്കുടിക്കുന്നു. രണ്ടും അടിമുടി ഭൗതികലഹരിയിൽ മതിമറക്കുകയാണ്. പുറമേക്ക് അവ പ്രകാശമാനമാണ്. പക്ഷേ, ആന്തരികമായി അന്ധവും ദുഷ്ടവുമത്രെ:

ആത്മാവു രണ്ടിൻെറയും അക്ഷമം, അസ്വസ്ഥം;
അറിയുന്നില്ല ദൈവത്തെ, വഞ്ചിപ്പൂ മനുഷ്യനെ;
ഒന്ന് ഉൽപാദനം, മറ്റൊന്നു നികുതിശേഖരണം,
മനുഷ്യനോ, ഇരുശിലകൾക്കിടയിലെ സ്ഫടികം പോലെ.
ഒന്നിനെതിർപ്പു മതം, ശാസ്ത്രം, കല; മറ്റൊന്ന് അപ്പത്തിൻ കരം,
കൊള്ള ചെയ്വൂ അതു ദേഹത്തിൻ ദേഹിയെ;
രണ്ടും മണ്ണിലും വെള്ളത്തിലും മുങ്ങിയതറിവൂ ഞാൻ,
ആകാരം മനോഹരം, ഹൃദയമോ അന്ധകാരനിബിഡം.
ജീവിതമെന്നത് ഉൽക്കടമാമൊരാസക്തി, സൃഷ്ടിക്കുള്ളൊരു വ്യഗ്രത;
മരിച്ച മണ്ണിൽ അത് വിതയ്ക്കുന്നൂ, ഹൃദയത്തിൻ വിത്ത്.

പാശ്ചാത്യ സംസ്കാരത്തിനു മുസ്ലിം രാഷ്ട്രങ്ങളെ രക്ഷിക്കാനോ, അവയുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനോ, അവയ്ക്കായി ഒരു പുതുജീവിതത്തിൻെറ ഉണർവു പകരാനോ സാധിക്കില്ലെന്നാണ് ഇഖ്ബാലിൻെറ ഉറച്ച വിശ്വാസം. സ്വയം തന്നെ മരിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്കാരം മറ്റുള്ളവരെ രക്ഷപ്പെടുത്തുന്നത് എങ്ങനെയെന്നാണ് അദ്ദേഹം ചോദിക്കുന്നത്:

കാണുന്നില്ലവർ നഗ്നസത്യങ്ങൾപോലും,
നയനമവരുടെത് അധിനിവിഷ്ടം, അനുകരണത്താൽ അന്ധം;
അവരെങ്ങനെ ജീവിപ്പിക്കാൻ ഇറാനെ, അറേബിയയെ;
പടിഞ്ഞാറൻ സംസ്കാരം തന്നെ ശവക്കുഴിയുടെ വക്കത്തല്ലയോ!

പാശ്ചാത്യർ പൗരസ്ത്യരാജ്യങ്ങൾക്ക് എപ്പോഴും പകരം നൽകിയതു കൃതഘ്നത മാത്രമായിരുന്നു. നൻമയ്ക്കു പകരം തിൻമ അവർ തിരിച്ചുനൽകി. സിറിയ പടിഞ്ഞാറിനു നൻമയുടെയും ഭക്തിയുടെയും ദയയുടെയും

www.abulhasanalinadwi.org

കാരുണ്യത്തിൻെറയും പ്രബോധനകനായ യേശുവിനെ നൽകി. പക്ഷേ, മദ്യവും ചൂതാട്ടവും ലൈംഗികതയും മൂല്യനിരാസവുമല്ലാതെ മറ്റൊന്നും തിരിച്ചുകിട്ടിയില്ല:

സിറിയൻ മണ്ണു നൽകീ യൂറോപ്യർക്കായി,
കാരുണ്യത്തിൻെറ, സ്നേഹത്തിൻെറ, സഹാനുഭൂതിയുടെ പ്രവാചകനെ;
പകരമായി യൂറോപ്പു സിറിയയ്ക്ക് അയച്ചു,
മദ്യവും ചൂതും അങ്ങാടിവേശ്യയും.

മുസ്ലിം ലോകത്തെ ആധുനികവൽക്കരണത്തിൻെറ കൊടിവാഹകരിൽ ഇഖ്ബാലിനു വിശ്വാസമില്ല. അവരുടെ ആധുനികീകരണം പാശ്ചാത്യരോടുള്ള അനുകരണഭ്രമത്തിൻെറ മറ മാത്രമാണോ എന്ന് അദ്ദേഹം സംശയിക്കുകയും ചെയ്യുന്നു:

ഭയക്കുന്നു ഞാൻ, പൗരസ്ത്യരുടെ ഈ ആധുനിക്വൽക്കരണ മുറവിളി;
പാശ്ചാത്യാനുകരണത്തിൻെറ മറ മാത്രമായീടുമോ?

ആധുനിക പരിഷ്കരണമെന്ന പടിഞ്ഞാറിൻെറ വക്താക്കളുടെ ആന്തരികമായ ദാരിദ്ര്യത്തെ പരാമർശിച്ചുകൊണ്ട് അദ്ദേഹം എഴുതി:

ഇല്ലയെനിക്കശേഷം പ്രതീക്ഷ, നിങ്ങളുടെ സാഖികൾ തൻ ഇന്ദ്ര
ജാലവിദ്യയിൽ,
പൗരസ്ത്യസഭയിലവർ വന്നു ഒഴിഞ്ഞ ചഷകവുമായി;
ഈ മേഘങ്ങളിലെവിടെ പുതിയ മിന്നൽ?
അവരുടെ ആസ്ഥാനങ്ങളിലില്ല പഴയ മിന്നൽ പോലും.

മറ്റൊരു ജനതയുടെ സംസ്കാരത്തെയും ചിന്താധാരയെയും അന്ധമായി അനുകരിക്കുന്നത്, ജനതതികളുടെ നേതൃത്വത്തിനും വിശ്വവിപ്ലവത്തിനും വേണ്ടി സൃഷ്ടിക്കപ്പെട്ട ഏതൊരു ജനതയ്ക്കും അപമാനകരവും മാപ്പർഹിക്കാത്തതുമായ കുറ്റമത്രെ:

സൃഷ്ടിയുടെ ലോകത്തുള്ളോൻ സൃഷ്ടിതന്നുടമസ്ഥൻ;
കാലം പ്രദക്ഷിണം വയ്ക്കുന്നു അവനു ചുറ്റും സദാ.
തകർക്കരുതേ, അനുകരണത്താൽ നിൻ സ്വത്വം;
സൂക്ഷിച്ചാലും! അനർഘമാം രത്നമാമത്.
ആധുനികവൽക്കരണത്തിൻ സന്ദേശമനുഗ്രഹം,
നിശാസഭകൾക്കപ്പുറത്തൊന്നും കാണാൻ കഴിയാത്തോർക്കു മാത്രം;
ഭയക്കുന്നു ഞാൻ, പൗരസ്ത്യരുടെ ഈ ആധുനികവൽക്കരണമുറവിളി;
പാശ്ചാത്യാനുകരണത്തിൻെറ മറ മാത്രമായീടുമോ?

www.abulhasanalinadwi.org

പാശ്ചാത്യഭ്രമത്തിന്റെ പേരിൽ പൗരസ്ത്യലോകത്തെ മുസ്ലിം രാജ്യങ്ങളെ ഇഖ്ബാൽ നന്നായി കുറ്റപ്പെടുത്തുന്നുണ്ട്. അവരുടെ പദവി നായകരുടെതായിരുന്നു. പക്ഷേ, അതു പരിഗണിക്കാതെ അവർ പടിഞ്ഞാറിന്റെ വിലയില്ലാത്ത വിദ്യാർഥികളാവുകയും അതുവഴി, സ്വയം അപമാനിതരാവുകയും ചെയ്തു. പരോക്ഷമായി തുർക്കികളെ ഉദ്ദേശിച്ച് അദ്ദേഹം പറയുകയാണ്:

കാലത്തിൻ നായകരാകാൻ വന്നോർ,
ആ പൗരാണിക മസ്തിഷ്കം, അതിന്റെ കാലത്തിനടിമയായി.

*ജാവേദ് നാമ*യിൽ സഈദ് ഹലീം പാഷയുടെ നാവിലൂടെ സംസാരിക്കുന്ന ഇഖ്ബാൽ, തുർക്കിയിലെ കമാലിസ്റ്റു പരിഷ്കരണത്തിന്റെ ഉപരിപ്ലവതയെയും അർഥശൂന്യതയെയും അതിന്റെ നേതാവിന്റെ ചിന്താപരമായ വന്ധ്യതയെയും അനുകരണഭ്രമത്തെയും വിമർശിക്കുന്നു:

നവ്യമാം നവീകരണത്തിൻ പാട്ടുപാടിയ മുസ്തഫാകമാൽ,
പഴയ വിഗ്രഹം തേച്ചുമിനുക്കണമെന്നു ചൊല്ലിപോൽ;
എന്നിട്ടും കഅബയുടെ ഓജസ്സു പുതുക്കാനാവുന്നില്ലല്ലോ;
അഭിനവ ലാത്തും മനാത്തും പടിഞ്ഞാറു നിന്ന് ഇറക്കുമതി
ചെയ്തു കൊണ്ടല്ലാതെ.
ഇല്ല, തുർക്കികളുടെ ഓടക്കുഴലിൽ പുതിയൊരു രാഗവുമില്ല;
ആ പഴമ്പാട്ടു യൂറോപ്പിന്റെ പഴയ പല്ലവി തന്നെ.
അവരുടെ നെഞ്ചകത്തിലില്ല പുതിയൊരു ശ്വാസവും,
നവലോകത്തിൻ സങ്കൽപമോ മനസ്സിലുമില്ല.
തുർക്കി പോകും ബലാൽക്കാരേണ നടപ്പുലോകത്തിന്റെ പിന്നാലെ;
നമുക്കറിയാവുന്ന ലോകത്തിൻ കനലുകളിൽ മെഴുകു പോലെ
ഉരുകിയൊലിച്ച്.

പാശ്ചാത്യ വിദ്യാഭ്യാസം പൗരസ്ത്യലോകത്തിനും മുസ്ലിം രാഷ്ട്രങ്ങൾക്കും ഒരു വംശഹത്യ പോലെയാണ് അനുഭവപ്പെട്ടത്. ഒരു ജനതയെ മുഴുവനും ശാരീരികമായി ഉൻമൂലനം ചെയ്യുന്നതിനു പകരം അവരെ ഒന്നടങ്കം തങ്ങളുടെ വരുതിയിൽ വരുത്താനുള്ള ഗൂഢശ്രമമാണ് ഇവിടെ പടിഞ്ഞാറു പ്രയോഗിച്ചത്. അതിനായി വിദ്യാലയങ്ങളുടെയും കലാശാലകളുടെയും പേരിൽ ബൗദ്ധിക പണിപ്പുരകൾ സ്ഥാപിതമായി. താഴെ പറയുന്ന തന്റെ പ്രസിദ്ധമായ കവിതയിൽ അക്ബർ ഇലാഹാബാദി സ്വതസിദ്ധമായ നർമത്തിൽ പൊതിഞ്ഞ് ഈ ചരിത്രയാഥാർഥ്യത്തെ അവതരിപ്പിച്ചിട്ടുണ്ട്:

www.abulhasanalinadwi.org

ശിശുഹത്യയാൽ കുപ്രസിദ്ധനാകുമായിരുന്നില്ല ഫറോവ,
കഷ്ടം! കോളെജ് എന്ന ആശയം അദ്ദേഹത്തിൻെറ മനസ്സിലുദിച്ചില്ല!

മറ്റൊരു കവിതയിൽ പൗരസ്ത്യ, പാശ്ചാത്യ ഭരണാധികാരികൾ തമ്മിലുള്ള വ്യത്യാസം അക്ബർ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്:

പൗരസ്ത്യർ ഗളഹസ്തം ചെയ്യുന്നു ശത്രുവെ;
പാശ്ചാത്യനോ, പരിവർത്തിപ്പിക്കുന്നു അവൻെറ പ്രകൃതി.

പാശ്ചാത്യ വിദ്യാഭ്യാസം നേരിട്ടനുഭവിച്ച ഇഖ്ബാൽ വർഷങ്ങൾക്കു ശേഷം ഈ വസ്തുത സഗൗരവം ഊന്നിപ്പറഞ്ഞു:

നിങ്ങൾ നേടും വിദ്യാഭ്യാസത്തിൽ സംപ്രീതരാകാതിരിക്കൂ;
അതിലൂടെയവർ ഹനിപ്പതു ജനതയുടെ ആത്മാവിനെയത്രെ.

വിദ്യാഭ്യാസം ഹൃദയത്തെ മാറ്റിപ്പണിയുന്നു. ഒരു രൂപം തകർത്തു മറ്റൊരു രൂപം നിർമിക്കുന്നു:

വിദ്യാഭ്യാസത്തിൻ അമ്ളത്തിൽ സ്വത്വത്തെ നിക്ഷേപിച്ചാൽ,
മൃദുലമാകും, ഇഷ്ടം പോലെ വളക്കാമത്.
അമ്ളത്തെക്കാൾ ഫലപ്രദമീ രസം;
സ്വർണത്തിൻ ഹിമാലയവും ഒരു മൺകൂന മാത്രം!

★★★★

പടിഞ്ഞാറിൻെറ ഈ ശിക്ഷണരീതി,
മതത്തിനും സ്നേഹത്തിനുമെതിരായ ഗൂഢാലോചന മാത്രം.

പാശ്ചാത്യ വിദ്യാഭ്യാസത്തിൻെറ കടൽ താണ്ടി സുരക്ഷിതമായി തീരമണഞ്ഞ അപൂർവം ഭാഗ്യവാൻമാരിൽ പെടുന്നു ഇഖ്ബാൽ. അദ്ദേഹം ആ കടൽ കടന്നെത്തിയതാകട്ടെ, നിരവധി വിലപിടിപ്പുള്ള മുത്തുകളും ശേഖരിച്ചുകൊണ്ടായിരുന്നു. പൂർണബോധ്യത്തോടെ ഇസ്ലാമിൻെറ അനശ്വരതയിലും സമഗ്രതയിലും അദ്ദേഹം തൻെറ വിശ്വാസം ശക്തിപ്പെടുത്തി. അദ്ദേഹം പാശ്ചാത്യ വിദ്യാഭ്യാസത്താലും ദർശനത്താലും ഒട്ടും സ്വാധീനിക്കപ്പെട്ടില്ലെന്നോ, അദ്ദേഹത്തിൻെറ മതപരമായ അവബോധം ഖുർആനിൻെറയും സുന്നത്തിൻെറയും സമുദായത്തിലെ പൂർവസൂരികളുടെയും രീതിയുമായി പൂർണമായും ഇണങ്ങുന്നതാണെന്നോ[6] പറയാനാവില്ലെങ്കിൽ പോലും തൻെറ ആയിരക്കണക്കിനു സമകാലീനരിൽ സംഭവിച്ചതു പോലെ അദ്ദേഹത്തിൻെറ

6. അതിൻെറ മാതൃകയ്ക്കായി അദ്ദേഹത്തിൻെറ മദിരാശി പ്രഭാഷണങ്ങളെ എടുക്കാവുന്നതാണ്. അതിൽ ഇടയ്ക്കിടെ അദൃശ്യമായ യാഥാർഥ്യങ്ങളുടെ തത്വചിന്താപരമായ വ്യാഖ്യാനവിശദീകരണങ്ങൾ തീവ്രരൂപം പൂണ്ടതായി കാണാം.

www.abulhasanalinadwi.org

സ്വത്വത്തെയും വ്യക്തിത്വത്തെയും ആവാഹിച്ചെടുക്കാൻ ആ നംറൂദിൻെറ അഗ്നികുണ്ഡത്തിനായില്ല എന്നതിൽ ഒട്ടും സന്ദേഹമില്ല:

ആധുനിക വിദ്യാഭ്യാസത്തിൻ മായാജാലം തകർത്തു ഞാൻ,
വലയെ വെടിഞ്ഞു, ധാന്യം മാത്രം പെറുക്കിയെടുത്തു ഞാൻ;
ദൈവത്തിനറിയാം ഇബ്റാഹീമിനെപ്പോലെ ഞാൻ,
അതിൻ അഗ്നികുണ്ഡത്തിൽ അശ്രദ്ധനായി ഇരുന്നതെങ്ങനെയെന്ന് !

www.abulhasanalinadwi.org

5

ആധുനിക ബോധനശാസ്ത്രം

[1958 മാർച്ച് 28നു കെയ്റോവിലെ ദാറുൽ ഉലൂമിൽ ചെയ്ത പ്രഭാഷണം]

ഇഖ്ബാൽ ആധുനികവിദ്യാഭ്യാസത്തിന്റെ നിരവധി ബലഹീനതകളെ വെളിച്ചത്തു കൊണ്ടുവന്നു വിമർശിക്കുകയും വിദ്യാഭ്യാസ വിചക്ഷണരുടെ ചിന്ത അതിലേക്ക് ആകർഷിക്കുകയും ചെയ്തു. കലാശാല, വിദ്യാർഥി തുടങ്ങിയ പ്രയോഗങ്ങളിലൂടെ അദ്ദേഹം അർഥമാക്കുന്നതു പാശ്ചാത്യ വിദ്യാഭ്യാസസ്ഥാപനങ്ങളും അവിടത്തെ അധ്യേതാക്കളുമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആ വിദ്യാഭ്യാസരീതി പുതിയ തലമുറയോടു വലിയ അനീതി ചെയ്തിരിക്കുന്നു.

കലാശാലകൾ മാത്രമല്ല ഖാൻഖാഹു[1]കളും അദ്ദേഹത്തിൽ മടുപ്പു സൃഷ്ടിച്ചു. അവിടെ ജീവിതത്തിന്റെ ആനന്ദമില്ല; സ്നേഹത്തിന്റെ ആവേശവുമില്ല. വിജ്ഞാനമില്ല; ദർശനമില്ല:

ആർത്തഹൃദയനായി മടങ്ങി ഞാൻ,
കലാശാലയിൽ നിന്നും പർണശാലയിൽനിന്നും;

---

1. സൂഫീ പർണശാല.

www.abulhasanalinadwi.org

അവിടെ ജീവിതമില്ല, സ്നേഹമില്ല;
അന്തർജ്ഞാനവുമില്ല, ദർശനവുമില്ല.

വിജ്ഞാനകേന്ദ്രങ്ങളുടെ പാപ്പരത്തത്തിലും സൂഫീമഠങ്ങളുടെ ഉൾക്കാമ്പില്ലായ്മയിലും അദ്ദേഹം അമർഷം പ്രകടിപ്പിക്കുന്നു:

കലാശാലാപണ്ഡിതർ അജ്ഞർ, ഉദാസീനർ;
പർണശാലയിലെ പരിവ്രാജകരോ, അന്തസ്സാരശൂന്യർ, അഭിവാഞ്ഛാ രഹിതർ.

ആധുനികവിദ്യാഭ്യാസം ഇളംതലമുറയുടെ ബൗദ്ധികവും ബാഹ്യികവുമായ വികാസം, ഹൃദയപരവും ആത്മീയവുമായ പുരോയാനം, സ്വഭാവശുദ്ധീകരണം, ആത്മസംസ്കരണം എന്നിവ അവഗണിക്കുന്നു. തദ്ഫലമായി യുവതയുടെ വിഭവങ്ങൾ അസന്തുലിതവും വളർച്ച അനനുയോജ്യവുമായി. ജീവിതത്തിൽ താളൈക്യമില്ലായ്മ അരാജകത്വത്തിനു വഴിവച്ചു. വളരുന്ന തലമുറയുടെ അകവും പുറവും തമ്മിൽ, ബുദ്ധിയും ആത്മാവും തമ്മിൽ, വിജ്ഞാനവും വിശ്വാസവും തമ്മിൽ വലിയൊരു വിടവു സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

ഇന്നത്തെ അഭ്യസ്തവിദ്യരുടെ യുക്തിക്കു തെളിച്ചമുണ്ട്. പക്ഷേ, ആത്മാവിൽ വെളിച്ചമില്ല. ബുദ്ധിക്കൊപ്പം ആത്മാവു വളരുന്നില്ലെന്നു മാത്രമല്ല അതു തളരുകയാണു ചെയ്യുന്നത്. ഇഖ്ബാൽ യുവസമൂഹത്തെ അടുത്തറിഞ്ഞിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ വിശകലനം പ്രശ്നത്തിന്റെ യഥാർഥമുഖമാണു വ്യക്തമാക്കുന്നത്. പുറമേക്ക് ഓജസ്സും തേജസ്സുമുണ്ടെങ്കിലും യുവാക്കളുടെ ഉള്ളം ദാഹാർത്തവും ചഷകം ശൂന്യവുമാണെന്ന് ഇഖ്ബാൽ പറയുന്നു. അവരുടെ യുക്തി ചൈതന്യവത്താണെങ്കിലും അന്തർനേത്രം അന്ധമായിപ്പോയിരിക്കുന്നു. അനിശ്ചിതത്വവും നിരാശയുമാണ് അവരുടെ നേട്ടം. ഈ യുവാക്കൾ മനുഷ്യരല്ല. മനുഷ്യരുടെ ശവങ്ങൾ മാത്രമാകുന്നു. അവർ സ്വന്തം വ്യക്തിത്വത്തെ നിഷേധിക്കുകയും മറ്റുള്ളവരിൽ വിശ്വാസം കൊള്ളുകയും ചെയ്യുന്നു. ഇസ്ലാമികപ്രകൃതിയെ കുറിച്ച് അജ്ഞരായവർ ക്ഷേത്രവും ചർച്ചുമാണു നിർമിച്ചു കൊണ്ടിരിക്കുന്നത്. മുസ്ലിം യുവാക്കളുടെ നൻമകൾ മദ്യാലയത്തിന്റെ പടിവാതിൽക്കൽ വിനഷ്ടമാകുന്നു. കഠിനാധ്വാനികളുടെ പിൻമുറക്കാർ സുഖിയരും ആർഭാടപ്രിയരും ആയി മാറിക്കഴിഞ്ഞിരിക്കുന്നു. അവരിൽ അഭിലാഷങ്ങൾ ജൻമമെടുക്കുന്നില്ല. ജൻമമെടുത്താൽ തന്നെ, പെട്ടെന്നു തകരുന്നു. കലാശാലകൾ അവരുടെ ധാർമികചേതനകൾ നശിപ്പിച്ചു. തദ്ഫലമായി അവരുടെ അസ്തിത്വം തന്നെ ശൂന്യമാവുകയും ചെയ്തു.

www.abulhasanalinadwi.org

ആധുനികവിദ്യാഭ്യാസം നേടിയവരുടെ തലമുറയിൽ സ്വത്വപ്രതിസന്ധിയും സ്വകീയഗുണങ്ങളോടുള്ള അശ്രദ്ധയും പ്രകടമാണ്. പാശ്ചാത്യ സംസ്കൃതിയുടെ സ്വാധീനത്തിൽപ്പെട്ട് ഏതാനും അപ്പക്ഷണങ്ങൾക്കു വേണ്ടി സ്വന്തം മനഃസാക്ഷി വരെ വിൽക്കാൻ സന്നദ്ധരായിരിക്കുകയാണവർ. അവരുടെ അധ്യാപകരുടെ സ്ഥിതിയോ, ഏറെ കഷ്ടം തന്നെ. സ്വന്തം മൂല്യമറിയാത്തവർ എങ്ങനെ മറ്റുള്ളവർക്കു മാന്യതയുടെയും മഹത്വത്തിന്റെയും രഹസ്യങ്ങൾ പരിചയപ്പെടുത്തും? അവർ മുസ്ലിംകളാണ്. പക്ഷേ, മരണത്തിന്റെ പരമാനന്ദത്തെ കുറിച്ചും ഏകദൈവത്വത്തിന്റെ ശക്തിയെക്കുറിച്ചും അജ്ഞരാണവർ. പടിഞ്ഞാറുനിന്നു സാംസ്കാമികവിഗ്രഹങ്ങളെ സ്വീകരിക്കാൻ അവർക്കു തെല്ലും മടിയില്ല. ഈ ഹറമിന്റെ മക്കൾക്കു 'പാപത്തിന്റെ കേന്ദ്രം' പ്രദക്ഷിണം ചെയ്യാനും 'വിഗ്രഹപാദ'ത്തെ സാഷ്ടാംഗം നമിക്കാനും യാതൊരു സങ്കോചവുമില്ല. യുദ്ധവും ആക്രമണവും കൂടാതെ പടിഞ്ഞാറ് അവരെ കൊന്നുകളഞ്ഞിരിക്കുന്നു. ശിലാഹൃദയരായ അവരുടെ ബുദ്ധിക്കു ലജ്ജയില്ല. കണ്ണിനു നാണവുമില്ല. ഞെട്ടിക്കുന്ന അത്യാഹിതങ്ങൾ പോലും അവരെ സ്പർശിക്കുകയില്ല. അവരുടെ ശാസ്ത്രവും കലയും മതവും രാഷ്ട്രവും വികാരവും വിചാരവുമെല്ലാം ഭൗതികതയിൽ തുഛമൂലമായിരിക്കുന്നു. ബുദ്ധിപരമായ ഉദ്ബുദ്ധതയോ, ആശയങ്ങളുടെ ഔന്നത്യമോ അവരുടെ കൈവശമില്ല. അവരുടെ ജീവിതത്തിൽ മുഴുവൻ വന്ധ്യതയും മുരടിപ്പുമാണുള്ളത്:

രൂപം കൊള്ളുന്നു കലാശാലകളിൽ ആധുനിക സംസ്കാരത്തിൻ
വിഗ്രഹങ്ങൾ;
കാഫിറി[2]ൻ മുദ്രയുമില്ല, ആസറി[3]ൻ സ്പർശവുമില്ല.

★☆★☆

ദൈവമേ, ഇതാണെൻ ആവലാതി, കലാശാലാധികൃതരെച്ചൊല്ലി;
രാജാളിപ്പക്ഷി തൻ മക്കളെ അദ്യസിപ്പതു മൺകിളയല്ലയോ?

★☆★☆

കലാലയക്കാർ കഴുത്തു ഞെരിച്ചു കൊന്നു നിന്നെ,
എങ്ങുനിന്നുയരാൻ ലാഇലാഹ ഇല്ലല്ലാ[4]യുടെ ധ്വനി?

★☆★☆

കലാശാലയിലെവിടെ ചിന്താബന്ധുരത?
പർണശാലയിലെവിടെ രഹസ്യങ്ങൾ തൻ രുചി?

★☆★☆

2. അവിശ്വാസി.

3. ഹ: ഇബ്റാഹിം നബി(അ)യുടെ വിഗ്രഹശില്പിയായ പിതാവ്.

4. അല്ലാഹുവല്ലാതെ ആരാധ്യനില്ല.

www.abulhasanalinadwi.org

വിശ്വാസമദ്യത്തിൽ നിന്നല്ലയോ ജീവിതമനഃസാക്ഷി തൻ താപം;
വിദ്യാലയങ്ങൾക്കും നൽകണേ ദൈവമേ ഈ അഗ്നി!

★☆★☆

ഇതോ ആധുനിക സംസ്കൃതി തൻ പ്രപഞ്ചം?
മസ്തിഷ്കം ഉജ്വലം, ഹൃദയം ഖിന്നം, കണ്ണോ കള്ളം!

★☆★☆

കഷ്ടം! ചോരത്തിളപ്പുള്ള കലാശാലാവിദ്യാർഥി,
പാശ്ചാത്യാഭിചാരത്തിൻ പാവം ബലിമൃഗം!

★☆★☆

യുവാക്കൾ ദാഹാർത്തർ, അവരുടെ പാനപാത്രമോ ശൂന്യം;
മുഖം പ്രസന്നം, ധിഷണ ഉജ്വലം, ആത്മാവോ അന്ധം!

★☆★☆

ദർശനമില്ല, വിശ്വാസമില്ല, പ്രത്യാശയില്ല;
ലോകത്തുള്ളതൊന്നും കാണാൻ ആ കണ്ണിൽ കാഴ്ചയുമില്ല.

★☆★☆

മൂല്യമില്ലാത്ത മനുഷ്യർ മറ്റുള്ളവർക്കടിമപ്പെട്ടോർ;
സ്വന്തത്തോടില്ലവർക്കു വിശ്വസ്തത;
അവരുടെ കളിമണ്ണിൻ ഇഷ്ടിക കൊണ്ടല്ലയോ,
ശില്പി അമ്പലം തീർത്തത്!

പക്ഷേ, പുതിയ തലമുറയുടെ കാര്യത്തിൽ ഇഖ്ബാലിനു ശുഭപ്രതീക്ഷയാണുള്ളത്.

നക്ഷത്രങ്ങളെ വേട്ടയാടും,
യുവാക്കളോടാണെന്നിഷ്ടം.

★☆★☆

നൽകീടുക യുവാക്കൾക്കുഷസ്സിൻ നിശ്വാസം;
രാജാളിപ്പക്ഷി തൻ കുഞ്ഞുങ്ങൾക്കേകീടുക, തൂവലും ചിറകും വീണ്ടും.
ദൈവമേ, ഇതു തന്നെയാണെന്നഭിലാഷം;
എൻ ഉൾക്കാഴ്ച തൻ വെളിച്ചം ഏവർക്കുമേകീടുക.

ഖിതാബ് ബ ജവാനാനേ ഇസ്‌ലാം[5] അടക്കമുള്ള കവിതകളിൽ കവിയുടെ പ്രത്യാശ തുടിച്ചുനിൽക്കുന്നു. അലിഗഢ് മുസ്‌ലിം യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികളോടായി അദ്ദേഹം പറഞ്ഞു:

---

5. *ഖിതാബ് ബ ജവാനാനേ ഇസ്‌ലാം* = ഇസ്‌ലാമിൻെറ യുവാക്കളോടുള്ള ഒരഭ്യർഥന.

www.abulhasanalinadwi.org

ഹറമിൻ വികാരത്തിൽ നിന്നാണു ഹിജാസിൻ ഐശ്വര്യം;
അതിൻെറ സ്ഥാനം വേറെ, വ്യവസ്ഥയും വ്യത്യസ്തം.

ഏക് നൗജവാൻ കെ നാം[6] എന്ന കവിതയിൽ ഈ ആശയങ്ങൾ കൂടുതൽ വിശദീകരിച്ചതായി കാണാം:

നിൻെറ മെത്ത യൂറോപ്യൻ, പരവതാനിയോ പേർഷ്യനും;
യുവാക്കളുടെ ഈ ആർഭാടം സൃഷ്ടിപ്പു എൻ കണ്ണിൽ രക്തബാഷ്പം.

അധികാരവും രാജകീയപ്രൗഢിയും കൊണ്ടെന്തുനേടാനി!
ഇല്ല, നിനക്കെങ്കിൽ ഹൈദറി[7]ൻ സ്ഥൈര്യവും സൽമാനി[8]ൻ സായൂജ്യവും.
തേടേണ്ടതില്ലതിനെ നവസംസ്കൃതി തൻ തിളക്കത്തിൽ;
ആ സായൂജ്യത്തിൽ ദർശിപ്പൂ ഞാൻ വിശ്വാസി തൻ ആരോഹണം.

★☆★☆

പരുന്തിൻ വീര്യം യുവാക്കളിൽ ഉണരുമ്പോൾ,
ഉന്നതങ്ങളിലവർക്കു കാണാകും തങ്ങളുടെ വാസസ്ഥാനം.
ഭഗ്നാശരാകാതിരിപ്പൂ; ശാസ്ത്രവിജ്ഞാനങ്ങളുടെ മരണം നിരാശയിലത്രെ!
ദൈവത്തിൻ വിശ്വസ്തരിൽപെടും പ്രത്യാശ വെടിയാത്ത വിശ്വാസി.
രാജകൊട്ടാരത്തിൻ താഴികക്കുടത്തിലല്ല നിൻ വാസസ്ഥാനം;
നീ രാജാളപ്പക്ഷി; കൂടു കെട്ടൂ നീ പർവതങ്ങളിലെ പാറപ്പുറത്ത്.

മുസ്ലിം യുവാക്കൾ ഇസ്ലാമേതരദർശനങ്ങളാൽ സ്വാധീനിക്കപ്പെട്ടു കാണുമ്പോൾ ഇഖ്ബാലിൻെറ ഹൃദയം വേദനിക്കുന്നു. *ഏക് ഫൽസഫ സദ: സെയിദ് സാദെ കെ നാം*[9] എന്ന കവിതയിൽ അദ്ദേഹം എഴുതി:

നഷ്ടപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽ നീ സ്വത്വം,
വിധിക്കപ്പെടില്ലായിരുന്നു നിനക്കു ബർഗ്സണി[10]ൻ ദാസ്യം.
ബുദ്ധിയുടെ അന്ത്യം, അസാന്നിധ്യം;
തത്വചിന്ത ജീവിതത്തിൽ നിന്നന്യം.
ചിന്തയുടെ മൗനരാഗങ്ങൾ,

---

6. *ഏക് നൗജവാൻ കെ നാം* = ചെറുപ്പക്കാരോട്.

7. ഹ. അലി(റ).

8. പുണ്യപ്രവാചക(സ)ൻെറ പ്രസിദ്ധനായ അനുയായി പേർഷ്യക്കാരനായ സൽമാനുൽ ഫാരിസി(റ). തൻെറ ദുർഘടമായ സത്യാന്വേഷണ സപര്യയുമായി, സകലതും വെടിഞ്ഞു നാടുകൾ താണ്ടി, അറേബിയയിൽ എത്തി ഇസ്ലാം ആശ്ലേഷിച്ചു. – വിവ.

9. *ഏക് ഫൽസഫ സദ: സെയിദ് സാദെ കെ നാം* = തത്വചിന്തയുടെ ആക്രമണമേറ്റ ഒരു സയ്യിദിൻെറ മകന്.

10. പ്രസിദ്ധനായ ഫ്രഞ്ച് തത്വചിന്തകൻ. കാലത്തെ കുറിച്ചുള്ള അദ്ദേഹത്തിൻെറ ആശയങ്ങൾ ഇഖ്ബാലിനെ ആകർഷിച്ചിരുന്നു. – വിവ.

www.abulhasanalinadwi.org

കർമവാഞ്ഛയ്ക്കു മരണം.

മതത്തിൽ ജീവിത പന്ഥാവു ഭദ്രം;
മതം മുഹമ്മദിന്റെയും ഇബ്റാഹിമിന്റെയും രഹസ്യം.
വിടർത്തരുതേ മുഹമ്മദീയ ഭാഷണവുമായി നീ ബന്ധം;

ബു അലി[11]യെ അകറ്റുക, നീ അലിയുടെ സന്താനം.
ഇല്ല നിനക്കു മാർഗം കാണും നയനം;
ബുഖാറയുടെതിനെക്കാൾ ഖുറൈശി തൻ നായകൻ തന്നെ മെച്ചം.

യുവതലമുറയുടെ ധാർമികശക്തിക്ഷയത്തിന്റെ ഉത്തരവാദിത്തം ആധുനികവിദ്യാഭ്യാസമീതിയിലാണ് ഇഖ്ബാൽ ആരോപിക്കുന്നത്. പാശ്ചാത്യശൈലിയിലുള്ള വിദ്യാഭ്യാസത്തിൽ സദാചാരത്തിനും സംസ്കരണത്തിനും സ്ഥാനമില്ല. ഇക്കാലത്തെ യുവാക്കളുടെ ഹൃദയത്തിൽ ആന്തരികതാപമില്ല. കളങ്കപ്പെട്ട ദൃഷ്ടികളാണ് അവരുടെത്. നാവുകൾ വാചാലമാണ്. പക്ഷേ, കണ്ണിൽ പശ്ചാത്താപത്തിന്റെ ഒരു തുള്ളി കണ്ണുനീരില്ല. ഹൃദയത്തിലാകട്ടെ, ഭയഭക്തിയുടെ നേരിയ കണികപോലുമില്ല:

യൂറോപ്പിൻ സുനുമയിൽ തിളങ്ങും കണ്ണ്;
വശ്യം, വാചാലം; പക്ഷേ അതിലില്ല ബാഷ്പം.

ആധുനികവിദ്യാഭ്യാസത്തിന്റെ മറ്റൊരു തിൻമ അതിന്റെ യുക്തിവാദമാണ്. ഓരോ കാൽവയ്പിലും വിട്ടുവീഴ്ചയുടെയും ഫലത്തെ പറ്റിയുള്ള ആശങ്കയെയും കുറിച്ച് ഒഴിവുകഴിവു പറഞ്ഞ്, അതു മഹനീയകർമങ്ങളിൽ വഴിമുടക്കു സൃഷ്ടിക്കുന്നു.

വഴിവിട്ട ഭൗതികതയാണ് അധഃപതനത്തിന്റെ മറ്റൊരു ഹേതു. അതിന്റെ വലയത്തിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഉപജീവനമാർഗങ്ങളും സ്ഥാനങ്ങളും നേടിയെടുക്കുക എന്നതാകുന്നു.

ഉയരങ്ങളിൽ പറക്കും പക്ഷീ, ഉയർച്ചയെ താഴ്ത്തും ഉപജീവനത്തെക്കാൾ,
നിനക്കു നല്ലതു മരണം!

പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ മറ്റൊരു പ്രധാന ദൗർബല്യം അതിനെ ഭരിക്കുന്നത് 'മആദി'(വരുംകാലം)നു പകരം 'മആശാ'(വരുമാനം)ണ്

---

11. അവിസെന്ന എന്ന പേരിൽ വിശ്രുതനായ തത്വചിന്തകനും വൈദ്യശാസ്ത്രജ്ഞനുമായ അബു അലി ഇബ്നുസീന (980-1037). ബുഖാറയ്ക്കടുത്തുള്ള ഒരു പ്രദേശത്തു ജൻമം. ഹമദാനിൽ നിര്യാണം. *അൽഖാനൂൻ ഫിത്തിബ്ബ്, ശിഫാ* എന്നിവ പ്രധാന കൃതികളാണ്. യവനതത്വചിന്തയുടെ വരട്ടുവാദങ്ങളാൽ ഏറെ സ്വാധീനിക്കപ്പെട്ടിരുന്നു അവിസെന്ന. – വിവ.

www.abulhasanalinadwi.org

എന്നതത്രെ. വാനമ്പാടിയുടെ പാട്ടും പ്രകൃതിയുടെ വർണവും അതു കവർന്നെടുക്കുന്നു. അത് അപ്പം നൽകുന്നില്ല. പക്ഷേ ആത്മാവു തട്ടിയെടുക്കുന്നു:

അതു മോഷ്ടിച്ചു വാനമ്പാടിയുടെ നെഞ്ചകത്തിൻ ഗാനം;
തുലീപു പുഷ്പത്തിൻ രക്തത്തിലെ പൗരാണികാഗ്നിയും.
നിൻെറയഭിമാനം ഈ കലാശാല;
അപ്പമോ നൽകിയില്ല, ആത്മാവോ കവർന്നു താനും.

ആധുനിക ബോധനരീതിയുടെ ദുർബലതന്തുക്കൾക്കു നേരെ വിരൽ ചൂണ്ടിക്കൊണ്ട് അതിൻെറ ക്രിമിനൽ സ്വഭാവമാണ് ഇഖ്ബാൽ സുധീരം അനാവരണം ചെയ്തത്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ സംസ്കാരത്തിൻെറ കൃത്രിമത്വവും ജീവിതത്തിൻെറ അനുകരണവുമാണ് ആധുനിക വിദ്യാഭ്യാസത്തിൻെറ 'സദ്ഫല'ങ്ങൾ:

ആധുനികകാലം നിൻ മരണത്തിൻ മാലാഖ,
അപ്പത്തിന്നാശങ്ക നൽകിക്കൊണ്ടതു കവർന്നു നിന്നാത്മാവ്.
ഉത്ക്കണ്ഠ വേണ്ടെന്നു മസ്തിഷ്കത്തെ പഠിപ്പിക്കും അഭിവാഞ്ഛ;
അതിൽ നിന്നല്ലോ വിദ്യാഭ്യാസം നിന്നെയന്യനാക്കി.
പ്രകൃതി നിനക്കനുഗ്രഹിച്ചേകീ രാജാളിപ്പക്ഷി തൻ കണ്ണ്;
അടിമത്തം അതിൽ വച്ചതോ കുരുവി തൻ ദൃഷ്ടി,
നിന്നിൽ നിന്നൊളിപ്പിച്ചു കലാശാല,
മലയും മരുഭൂമിയും ഏകാന്തതയിൽച്ചൊല്ലും രഹസ്യങ്ങൾ.

ആധുനികവിദ്യാഭ്യാസത്തോട് ഇഖ്ബാൽ പ്രകടിപ്പിക്കുന്ന ശക്തമായ അമർഷത്തിൻെറ മറ്റൊരു കാരണം, അതു സൃഷ്ടിക്കുന്ന വന്ധ്യതയും മുരടിപ്പും ആലസ്യവും ആർഭാടവും കർമവിമുഖതയും സുഖലോലുപതയുമാണ്. അതു ജീവിതസാഗരത്തിലെ ഒഴുക്കു തടഞ്ഞുനിർത്തുന്നു. വിദ്യാർഥിക്കുവേണ്ടി അദ്ദേഹം പ്രാർഥിക്കുകയാണ്:

ദൈവം നിനക്കേകട്ടെ ഏതെങ്കിലുമൊരു കൊടുങ്കാറ്റ്;
നിൻ കടലിൽ അലകൾക്കില്ലൊട്ടും ചലനം.

പൗരസ്ത്യലോകത്ത് ആധുനികവിദ്യാഭ്യാസപദ്ധതി പാശ്ചാത്യ സാമ്രാജ്യത്വത്തിൻെറ ഒരു മാധ്യമമായിട്ടാണു പ്രവർത്തിക്കുന്നത്. തങ്ങളുടെ സംസ്കാരത്തിൻെറയും ദർശനത്തിൻെറയും ഭാവി ഭദ്രമാക്കാൻ പാശ്ചാത്യർ പുതിയ കോളനികൾ കണ്ടെത്തി അവിടത്തെ യുവാക്കളെ പടിഞ്ഞാറുനോക്കി

www.abulhasanalinadwi.org

കളാക്കിത്തീർക്കുന്നു. മെച്ചപ്പെട്ട ജീവിതനിലവാരത്തിന്റെയും വികസനത്തിന്റെയും പേരു പറഞ്ഞു പാശ്ചാത്യജീവിതരീതി അടിച്ചേല്പിക്കുകയും പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയുമാണവർ ചെയ്യുന്നത്. ചിരപുരാതനമായ പൗരസ്ത്യപൈതൃകങ്ങൾ തകർത്തുകളഞ്ഞു, മെക്കാളെ പറഞ്ഞതുപോലെ, രൂപത്തിലും ഭാവത്തിലും പൗരസ്ത്യവും, ആന്തരികമായി പാശ്ചാത്യവുമായ ഒരു സമൂഹഘടനയാണ് അവർ സൃഷ്ടിക്കുന്നത്.

മാനസികാസ്വാസ്ഥ്യത്തിന്റെയും ധൈഷണിക അരാജകത്വത്തിന്റെയും സർവോപരി, ദൈവനിഷേധത്തിന്റെയും അടിത്തറയിലാണു പാശ്ചാത്യവിദ്യാഭ്യാസവ്യവസ്ഥ സ്ഥാപിതമായിട്ടുള്ളത്. തദ്ഫലമായി വഴിവിട്ട ചിന്തയ്ക്കും താളം തെറ്റിയ ദർശനത്തിനും അതു ജന്മം നൽകി. ഇഖ്ബാലിന്റെ വീക്ഷണത്തിൽ തെറ്റായ ചിന്തയെക്കാൾ അന്ധതയും, മതനിഷേധ പാണ്ഡിത്യത്തെക്കാൾ അജ്ഞതയുമാണു മെച്ചം:

എന്നിൽ നിന്നു ഗ്രഹിച്ചാലും നീ: അന്ധനാം മാനുഷൻ,
വക്രബുദ്ധിയെക്കാൾ മെച്ചം.
എന്നിൽനിന്നു ഗ്രഹിച്ചാലും നീ: സത്യസന്ധനാം മാനുഷൻ,
ദൈവനിഷേധിയാം ആചാര്യനേക്കാൾ മെച്ചം.

മാനത്തു പറന്ന് ഉയരങ്ങളെ വെട്ടിപ്പിടിക്കാൻ മനുഷ്യനെ സജ്ജനാക്കുന്ന ധൈഷണിക ഗവേഷണങ്ങൾ യഥാർഥത്തിൽ അവന്റെ മഹിമ കളഞ്ഞ് അവനെ കാലുവാരുകയാണു ചെയ്യുന്നത്:

വിണ്ണിനെ അളക്കും വിദ്യകൊണ്ടെന്തു കാര്യം?
വലംവയ്ക്കുന്നു അതു താരാപഥങ്ങളെ;
അലക്ഷ്യമായി അത് അലയുന്നു, അന്തരീക്ഷത്തിൻ അനന്തതയിൽ;
കാറ്റിൻ ചിറകുകളിലൊരു മേഘക്കീറു പോലെ.

ഈ ബോധനരീതി യന്ത്രങ്ങൾക്കും വ്യവസായശാലകൾക്കും ആർഥിക പുരോഗതിക്കും മുമ്പിൽ മനുഷ്യന്റെ നിലയും വിലയും കളയുന്നു. മനുഷ്യനാകട്ടെ, 'ഉൺമയുടെ സാഗരത്തിലെ ഉദ്ദിഷ്ടരത്ന'വും 'അസ്തിത്വത്തിൻ കൃഷിപ്പാടത്തെ അമൂല്യവിളവു'മത്രെ. ലോകം മനുഷ്യന് അധീനമാകേണ്ടതാണ്. മനുഷ്യൻ ലോകത്തിന്റെ പിന്നാലെ പോകേണ്ടവനല്ല:

അണയാതിരിക്കട്ടെ, നിൻ കരത്തിൽ അഭിവാഞ്ഛ തൻ ദീപം,
ഏറിപ്പോവുക നീ ഉൻമാദപഥം;
വിനഷ്ടമാകാതിരിക്കട്ടെ, നിൻ സ്വത്വം ലോകത്തിൻ വഴിത്തിരിവിൽ,
വഴിത്തിരിവു തകർത്തു നീ തിരിച്ചു പോകൂ നിന്നിലേക്ക്.

★☆★☆

www.abulhasanalinadwi.org

ആകർഷിക്ക നീ, ഇരു ഉലകങ്ങളെയും നിന്നിലേക്ക്,
ഓടിപ്പോകാതിരിക്ക നീ, നിൻ ഉൺമയിൽനിന്ന്;
കാണുക നീ, നിൻ സാന്നിധ്യം കഴിഞ്ഞ കാലത്തിൻ വെളിച്ചത്തിൽ;
വേർതിരിക്കാനാവില്ലാർക്കും, ഇന്നലെയിൽ നിന്ന് ഇന്നിനെ.

★☆★☆

ഇല്ല, നിനക്കശേഷം ദൈവത്തിൻ മനുഷ്യനോടു സാദൃശ്യം,
അവൻ ഒരു പ്രപഞ്ചത്തിൻ ഉടമസ്ഥൻ; നിൻെറതോ ദാസ്യം;
നിന്നിലില്ല തെല്ലും തീരം തേടുന്നതിൻ സാന്നിധ്യം,
അവൻെറ ആഴമോ ആഴികളാൽ അഗാധം.

ദൈവികവെളിപാടും വാനലോകത്തെ അനുഗ്രഹവും സിദ്ധിക്കാതെ മനുഷ്യചിന്തയ്ക്കു പൂർണത കൈവരികയില്ല. അതുകൊണ്ടുതന്നെ, പക്വത പ്രാപിക്കും മുമ്പ് അതിനെ സ്വതന്ത്രമായി വിടുന്നതു ചിന്താശൈഥില്യത്തെയും ആശയക്കുഴപ്പത്തെയും ക്ഷണിച്ചുവരുത്തലാണ്. *'ആസാദിയെ ഫികര്'*[12] എന്ന പേരിൽ ഇഖ്ബാൽ രചിച്ച അത്യുജ്വലവും അന്വർഥവുമായ കവിതയിൽ നിന്ന് ഏതാനും വരികൾ:

അച്ചടക്കമുള്ള ചിന്തയില്ലാത്തോർക്ക്,
അപകടം തന്നെ സ്വതന്ത്ര ചിന്ത;
അപക്വമാം മനസ്സുകൾക്കീ സ്വാതന്ത്ര്യം,
മനുഷ്യനെ മൃഗമാക്കും വിദ്യ തന്നെ.

പൗരസ്ത്യ രാജ്യങ്ങളിൽ പകർച്ചവ്യാധി പോലെ പടരുന്ന വികലമായ തത്വശാസ്ത്രങ്ങളും ലോകമാകെ വ്യാപിക്കുന്ന മനസ്സിൻെറ അസമാധാനവും ഏതു ബുദ്ധിഭ്രംശത്തെയും ദർശനമെന്നു പേരിട്ടു വിളിക്കുന്ന കോളെജുകളുടെ സമ്മാനമത്രെ:

കലാശാലക്കാരുടെ മനം ചിന്തകളാൽ നിർഭരം;
ആർക്കുണ്ട് ഇക്കാലത്തു നൻമതിൻമകളുടെ വിവേചനം?

അസ്ഹറ ഹാസിര്[13] എന്ന മറ്റൊരു കവിതയിൽ പൗരസ്ത്യതയുടെയും പാശ്ചാത്യതയുടെയും മൗലികമായ ബലഹീനതകളാണു വിഷയം. യാന്ത്രികയുഗത്തിലെ തിമക്കും ധൃതിയും എല്ലാറ്റിൻെറയും നൻമകളെ തകർത്തു കളഞ്ഞു. തത്വചിന്ത ക്രമം തെറ്റിയ ആശയങ്ങളുടെ സമാഹാരം മാത്രമായി. ദൈവനിഷേധത്തിൻെറ കൂലം കുത്തിയൊഴുക്കിൽ സ്നേഹത്തിൻെറ സ്ഥാന

12. *ആസാദിയെ ഫികര്* = ചിന്താ സ്വാതന്ത്ര്യം.

13. *അസ്ഹറ ഹാസിര്* = ആധുനിക കാലം.

www.abulhasanalinadwi.org

വും നഷ്ടമായി. ചിന്തകളുടെ നൈരന്തര്യരാഹിത്യം കാരണമായി പൗരസ്ത്യർക്കു ബുദ്ധിയുടെ പദവിയും കൈമോശമായി:

പക്വമാം ചിന്തകളെ എങ്ങു തേടും ഇന്നൊരാൾ?
അനുവദിക്കുന്നില്ലൊന്നിനെയും ഇന്നിൻ കാലാവസ്ഥ പാകമാകാൻ.
കലാലയം സ്വതന്ത്രമാക്കും ബുദ്ധിയെ; പക്ഷേ,
തള്ളിവിടും ചിന്തകളെ അരാജകത്വത്തിൽ.
പടിഞ്ഞാറ് അസ്തമിച്ചു സ്നേഹം, നിരീശ്വരത്വത്തിൻ ആശയങ്ങളാൽ;
കിഴക്കോ ബുദ്ധിക്കടിമത്തം, താളം തെറ്റിയ ചിന്തകളാൽ.

യുവസമൂഹത്തിൽ തീവ്രമായ പാശ്ചാത്യഭ്രമമാണ് ആധുനികവിദ്യാഭ്യാസം സൃഷ്ടിക്കുന്നത്. മൗലികത്വവും നൂതനത്വവും നശിപ്പിച്ച് അന്ധമായ അനുകരണത്തിൻെറ വികാരങ്ങൾക്ക് അത് വഴിമരുന്നിടുന്നു. ലോകം തന്നെ പാരമ്പര്യങ്ങളുടെയും ആചാരങ്ങളുടെയും ബന്ധനത്തിൽ കഴിയുമ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറെ കൂടി സങ്കുചിതമായ തടവറകളിലാണ്. അവിടെ അസാധാരണമായ പ്രതിഭാവിലാസത്തിൻെറ ഉടമകൾ പോലും കാലത്തിൻെറ നേതൃത്വമേറ്റെടുക്കുന്നതിനു പകരം കാലത്തിനൊപ്പിച്ചു കോലം കെട്ടുന്ന ദുരവസ്ഥയാണുള്ളത്:

ബദക്ശാനി[14]ലെ മാണിക്യങ്ങളാണു ലക്ഷ്യമെങ്കിൽ,
വഴിതെറ്റിയ സൂര്യൻെറ പ്രതിഫലനം നിഷ്ഫലം.
ലോകം ബന്ധിതം, പാരമ്പര്യങ്ങളുടെ വലയിൽ;
വിദ്യാലയ വിദഗ്ധരുടെ പ്രയത്നങ്ങൾക്കെന്തു മൂല്യം?
കാലത്തെ നയിക്കാൻ പോന്നോർ, പുരാതന മസ്തിഷ്കങ്ങൾ;
കാലത്തിനടിമപ്പെട്ടതെത്ര സങ്കടം!

ഇന്നത്തെ യുവാക്കൾക്കു സ്വന്തമായ നിലനില്പില്ല. യൂറോപ്പിൻെറ നിഴലുകൾ മാത്രമാണവർ. അവരുടെ കൃത്രിമജീവിതം പോലും മറ്റുള്ളവരിൽ നിന്നു കടമെടുത്തതാണ്. ആധുനികയുവത പദാർഥം കൊണ്ടു പാശ്ചാത്യശില്പികൾ തീർത്ത അസ്ഥിപഞ്ജരമത്രെ. പക്ഷേ, അവർ അതിൽ ജീവൻ നിക്ഷേപിച്ചില്ല. മോടി പിടിപ്പിച്ചതെങ്കിലും അകത്തു വാളില്ലാത്ത വാളുറയാണത്. ദൈവത്തിൻെറ അസ്തിത്വം മിഥ്യയെന്നു പറഞ്ഞു തള്ളിക്കളയുന്ന ഇന്നത്തെ തലമുറക്കു തന്നെ അസ്തിത്വമില്ലെന്നാണ് ഇഖ്ബാലിൻെറ വിശകലനം:

അടിമുടി യൂറോപ്പിൻ വെളിച്ചത്തിൽ കുളിച്ചു നില്പു നീ,
അവിടത്തെ ശില്പികൾ തീർത്ത കെട്ടിടമല്ലോ നീ;

14. ഓക്സസ് നദീതീരത്തെ മുത്തുകൾക്കു പ്രസിദ്ധമായ സ്ഥലം.

www.abulhasanalinadwi.org

ഇല്ല പക്ഷേ, ഈ മൺകൂടിൽ സ്വത്വത്തിൻ അസ്തിത്വം,
അലംകൃതമെങ്കിലും വാളില്ലാത്ത വാളുറ നീ.

തെളിയിക്കപ്പെട്ടതല്ല നിൻ കണ്ണിൽ ദൈവാസ്തിക്യം;
എൻ കണ്ണിലോ, തെളിയിക്കപ്പെട്ടതല്ല നിന്റെ തന്നെ അസ്തിത്വം.

ഉൺമയെന്നാൽ സ്വത്വമുത്തിൻ തിളക്കം;
ശ്രദ്ധിക്ക നീ നിൻ രത്നത്തിനില്ല തിളക്കം.

പാശ്ചാത്യ ബോധനശാസ്ത്രം മുസ്‌ലിം യുവാക്കളുടെ ആത്മവീര്യം തകർക്കാൻ ആവുന്നതെല്ലാം ചെയ്തിട്ടുണ്ടെന്ന് ഇഖ്ബാൽ വിശ്വസിക്കുന്നു. അവരെ ധീരൻമാരാക്കുന്നതിനു പകരം ഭീരുക്കളാക്കുകയാണ് അതു ചെയ്തത്. പ്രത്യാശയ്ക്കു പകരം നിരാശ അതു പകർന്നു നൽകുകയും അവരെ സുഖലോലുപരും സൗന്ദര്യാസ്വാദകരുമാക്കിത്തീർക്കുകയും ചെയ്തു. മോടിയും മൃദുലതയും സരളതയും സ്ത്രൈണതയും നൽകി യുവാക്കളുടെ സമരാഭിവാഞ്ഛ തളർത്താൻ വേണ്ട പാഠങ്ങളാണതു പഠിപ്പിച്ചത്. യോദ്ധാവിന്റെ പൗരുഷത്തെ കവർന്നെടുത്തു സുഖാലസ്യം നൽകി, അവനെ ആയുധം വയ്പിക്കുന്ന വിദ്യാഭ്യാസത്തിനു താൻ ഒരു മൂല്യവും കൽപിക്കുന്നില്ലെന്ന് ഇഖ്ബാൽ വെട്ടിത്തുറന്നു പറയുന്നു.

ഇളംതലമുറയുടെ രക്ഷാകർത്താക്കളോട് ഇഖ്ബാൽ നടത്തുന്ന അപേക്ഷ തീവ്രമായ അനുതാപവും ആത്മാർഥതയും നിറഞ്ഞതത്രെ. ഒരു വാത്സല്യമുള്ള പിതാവിന്റെയും ദുഃഖിതനായ രക്ഷിതാവിന്റെയും വാക്കുകളിലൂടെ അദ്ദേഹം സംസാരിക്കുമ്പോഴോ ലോകത്തിന്റെ മുഴുവൻ വേദന മഹാകവിയുടെ കരളിനെയും, സമുദായത്തിന്റെ മുഴുവൻ സങ്കടം അദ്ദേഹത്തിന്റെ അസ്തിത്വത്തെയും പിടിച്ചടക്കിയ പോലെ തോന്നും:

ഹറമിലെ വയോധികനേ, പർണശാലയിലെ പതിവുകൾ വെടിഞ്ഞാലും!
എൻ ഉഷസ്സിൻ വിലാപം ഗ്രഹിച്ചാലും!
അല്ലാഹു കാക്കട്ടെ നിൻ മക്കളെ;
സ്വത്വത്തിൻ, ആത്മനിഷേധത്തിൻ, പാഠമവർക്കേകിയാലും.
പഠിപ്പിക്കണം അവരെ പാറ കീറുന്ന പണി;
പടിഞ്ഞാറ് അവരെ പഠിപ്പിച്ചു കണ്ണാടി മിനുക്കും പണി.
രണ്ടു ശതകത്തിൻ ദാസ്യം തകർത്തു അവരുടെ ഹൃദന്തം;
കണ്ടെത്തണം അവരുടെ അസ്വാസ്ഥ്യത്തിന്നൊരൗഷധം.
ചൊല്ലുന്നു ഞാൻ രഹസ്യങ്ങൾ, തീവ്രമാം ഉൻമത്തതയിൽ;
നൽകിടുക ഒരു സമ്മാനം എന്റെ ബുദ്ധിഭ്രമത്തിനും.

www.abulhasanalinadwi.org

6

കല, ദർശനം, ശാസ്ത്രം

[കെയ്റോവിലെ ദാറുൽ ഉലൂമിൽ 1951 മാർച്ച് 28നു ചെയ്ത പ്രഭാഷണമാണ് ഈ അധ്യായം.]

വിജ്ഞാനം, കല, കവിത, സാഹിത്യം എന്നിവയുടെ കാര്യത്തിൽ ഇഖ്ബാൽ സ്വന്തം വീക്ഷണങ്ങൾ വച്ചുപുലർത്തിയിരുന്നു. സ്വകീയമായ ആശയങ്ങളിൽ നിന്നും അനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞവയായിരുന്നു അവ. സാഹിത്യാഭിരുചി ദൈവദത്തമായ പാരിതോഷികമാണെന്നും ചിന്താമണ്ഡലത്തിൽ പരിവർത്തനം വരുത്താൻ അത് ഉപയോഗപ്പെടുത്താമെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. അധർമം നിറഞ്ഞ ചുറ്റുപാടിനെതിരെ ഹൃദയങ്ങളിൽ അമർഷം കുത്തിനിറച്ച്, ആശയപരമായ ജീർണത ഉൻമൂലനം ചെയ്ത്, ആരോഗ്യകരമായ മൂല്യങ്ങൾ കരുപ്പിടിപ്പിക്കുവാൻ സാഹിത്യത്തിനു സാധ്യമാകും. അതുകൊണ്ടു കവിയുടെയും സാഹിത്യകാരന്റെയും തൂലികയ്ക്കു മൂസ(അ)യുടെ വടിയുടെയും ധവളഹസ്തത്തിന്റെയും ഈസ(അ)യുടെ മന്ത്രത്തിന്റെയും കരുത്തും സ്വാധീനശക്തിയും ആവശ്യമാണ്. ഉന്നതമായ സഹൃദയത്വത്തോടെയും ഉത്കടമായ ഹൃദയാലുത്വത്തോടെയും മാനവതയുടെ മാർഗദർശനമെന്ന ദൗത്യം അവർ ഏറ്റെടുക്കണം.

www.abulhasanalinadwi.org

കേവലം വൈകാരികസംവേദനത്തിനു വേണ്ടി മാത്രം നിർവഹിക്കപ്പെടുന്ന രചന സാഹിത്യത്തിൻെറ ദുരുപയോഗമാണെന്നാണ് ഇഖ്ബാലിൻെറ പക്ഷം. അതുകൊണ്ട് ഒരു ഗുണവും സിദ്ധിക്കുന്നില്ല. തൻെറ ഒരു കവിതയിൽ തനിക്കു സൗന്ദര്യാസ്വാദനത്തോടു വിമുഖതയില്ലെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. അതൊരു നൈസർഗിക ചോദനയാണ്. പക്ഷേ, മൂസ(അ)യുടെ വടി പോലെ കല്ലിലും മരത്തിലും ചലനം സൃഷ്ടിക്കാൻ കഴിയാത്ത, അലസവും രോഗഗ്രസ്തവുമായ കലകൊണ്ടു സമൂഹത്തിന് എന്തു പ്രയോജനം എന്നാണ് അദ്ദേഹം ചോദിക്കുന്നത്. കവിതയെ ഇന്ദ്രജാലത്തിൻെറയും, ഇന്ദ്രജാലത്തെ ഒരു മഹാദ്ഭുതത്തിൻെറയും വിതാനത്തിലേക്ക് ഉയർത്തേണ്ടതുണ്ട്. അതിനാകട്ടെ, ജീവനുള്ള ഹൃദയത്തിൻെറ ചുടുചോര അതിലേക്കു സന്നിവേശിപ്പിക്കണം. ജീവരക്തത്തിൻെറ പ്രവാഹം കൊണ്ടു മാത്രമെ സാഹിത്യം മൂല്യവത്തായി തീരൂ. ബാഹ്യകതയ്ക്ക് അപ്പുറം പോകാനോ, വാസ്തവികതയെ സ്വാംശീകരിക്കാനോ സാധിക്കാത്ത പ്രതിഭകൊണ്ട് എന്തു ഫലമെന്ന് തീവ്രമായ ഹൃദയവ്യഥയോടെ, കലാകാരൻമാരോടായി ഇഖ്ബാൽ ചോദിക്കുന്നു. ഹൃദയങ്ങളിലേക്ക് ഒരു വഴി കണ്ടെത്താനോ, ചുറ്റുവട്ടത്തെ ചൂടു പിടിപ്പിക്കാനോ കഴിയാത്ത ഈരടികളും ഗാനവീചികളുമെന്തിന്? മലർവനിക്കു വസന്തത്തിൻ സന്ദേശമെത്തിക്കാത്ത മാരുതനെന്തിന്?

കലാകാരൻമാരേ, കലാഭിരുചി അമൂല്യം തന്നെ; പക്ഷേ,
കാണുന്നില്ല യാഥാർഥ്യമെങ്കിൽ കല അർഥശൂന്യം.
അനശ്വര ജീവിതത്തിൻ ജ്വാല കലയുടെ ലക്ഷ്യം;
ഈ ഒന്നുരണ്ടു നിശ്വാസങ്ങൾ തൻ തീപ്പൊരി കൊണ്ടെന്തു നേടാൻ?
കടലിൽ കോളിളക്കം സൃഷ്ടിക്കാൻ അരുവി തൻ കണത്തിനാവില്ലെങ്കിൽ,
ഈ ശംഖും മുത്തും നിഷ്ഫലം.
കവി തൻ കവനമാട്ടെ, ഗായകൻെറ രാഗമാട്ടെ,
ഉദ്യാനത്തെ ഉണക്കിക്കളയും തെന്നൽ കൊണ്ടെന്തു പ്രയോജനം?
ഒരദ്ഭുതം കൂടാതെ വികാസം കൊള്ളില്ല രാഷ്ട്രങ്ങൾ;
മൂസയുടെ പ്രഹരമേൽപിക്കാത്ത കല കലയല്ല തന്നെ!

ഇത്രയും ഉത്കൃഷ്ടമാണ് ഇഖ്ബാലിൻെറ കലാവീക്ഷണം. തൻെറ സമകാലികരുടെ നിലവാരത്താഴ്ചയെ നിരീക്ഷിക്കവെ, പൗരസ്ത്യരാജ്യങ്ങൾക്കൊപ്പം മുസ്ലിംരാഷ്ട്രങ്ങളിലും ലൈംഗികതയുടെ ആധിപത്യം അദ്ദേഹം കണ്ടെത്തുന്നു. മുസ്ലിംലോകത്തെ സാഹിത്യകാരൻമാരെയും സ്ത്രീ കീഴടക്കിയിരിക്കുന്നു. കവികളും എഴുത്തുകാരും പ്രകീർത്തിക്കുന്നത് അവളെ മാത്രം. ഗായകൻമാരുടെ പാട്ടുകൾക്കും ശില്പികൾ കൊത്തിവയ്ക്കുന്ന രൂപങ്ങൾക്കും വിഷയീഭവിക്കുന്നതും അവൾ തന്നെ. കലാകാരൻമാർ സ്ത്രീസൗ

www.abulhasanalinadwi.org

ദര്യമല്ലാതെ മറ്റൊന്നും ദർശിക്കുന്നില്ല. ഇപ്രകാരം, 'നാരിയല്ലാതാരുമില്ല' എന്ന പുതിയൊരു സാഹിത്യാദ്വൈതം രൂപം പ്രാപിച്ചിരിക്കുന്നു. പ്രപഞ്ചത്തിന്റെ ആദ്യവും അന്ത്യവുമായി അംഗനയെ പ്രതിഷ്ഠിക്കുന്ന ഈ തരം താണ ആസ്വാദനത്തെയും വിലകുറഞ്ഞ വൈകാരികതയെയും ഇഖ്ബാൽ ശക്തമായി വിമർശിക്കുന്നു:

അവരുടെ ഭാവന സ്നേഹോൻമാദങ്ങൾ തൻ ശവമഞ്ചം,
അന്ധമാമവരുടെ ധ്യാനം രാഷ്ട്രങ്ങളുടെ അസ്ഥിമാടം;
അവരുടെ ശ്രീകോവിലിൽ മരണത്തിൻ പ്രതിഷ്ഠ,
ഈ പുരോഹിതരുടെ ജീവിതത്തോട് അവജ്ഞ.
മാനവന്റെ കണ്ണിൽ നിന്നൊളിപ്പിക്കുന്നു, ഉദാത്തമാം അവസ്ഥകൾ,
ദേഹിയെ ഉറക്കി, ദേഹത്തെ ഉണർത്തുന്നു അവർ;
ഇന്ത്യയിലെ കവി, ശില്പി, കഥാകൃത്ത്;
കഷ്ടം! ഈ പാവങ്ങളുടെ സിരകളിൽ സ്ത്രീയല്ലയോ?

തത്വചിന്തയടക്കമുള്ള ധൈഷണികശാസ്ത്രങ്ങളുടെ കാര്യത്തിലും ഇഖ്ബാലിന്റെ വീക്ഷണം വ്യതിരിക്തത പുലർത്തുന്നു. സമരത്തിന്റെ ശക്തിയും സമർപ്പണത്തിനുള്ള സന്നദ്ധതയും പ്രദാനം ചെയ്യാത്ത ഒരു പ്രത്യയശാസ്ത്രത്തിനും നിലനിൽക്കാനാവില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പ്രായോഗിക ജീവിതത്തിന്റെ വിശാലമായ മേഖലകളിലേക്ക് ഇറങ്ങിച്ചെല്ലാതെയും സാമൂഹികപ്രശ്നങ്ങൾക്കു നേരെ കണ്ണടച്ചും കേവലം വിതണ്ഡവാദങ്ങളിലും മുടിനാരിഴ കീറിയ ഖണ്ഡനമണ്ഡനങ്ങളിലും മുഴുകുന്ന ദർശനങ്ങൾ സ്വന്തം ശവക്കുഴി തോണ്ടുകയാണു ചെയ്യുന്നത്:

ഹൃദ്മക്തം കൊണ്ടെഴുതപ്പെടാത്ത തത്വശാസ്ത്രം,
മൃതം അല്ലെങ്കിൽ മൃതപ്രായം.

മനുഷ്യന്റെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ തത്വചിന്തയ്ക്കാവില്ലെന്നു തന്റെ പഠനഗവേഷണങ്ങളിൽ നിന്നും അനുഭവങ്ങളിൽനിന്നും ഇഖ്ബാലിനു ബോധ്യമായിരുന്നു. അതിന്റെ ശംഖു ശൂന്യമാണ്. അതിനകത്തു ജീവിതത്തിന്റെ മുത്തില്ല. മാനുഷ്യകത്തിനു മാർഗം കാട്ടാനുള്ള വകയൊന്നും ദർശനത്തിന്റെ കൈവശമില്ല. സമഗ്രമായൊരു ജീവിതപദ്ധതിക്കായി ഇഖ്ബാൽ തിരിയുന്നത് ഇസ്ലാമിലേക്കത്രെ. തത്വചിന്തയുടെ ബാധയേറ്റ ഒരു സുഹൃത്തിനായി നൽകിയ ഗുണകാംക്ഷാനിർഭരമായ ഉപദേശത്തിൽ അദ്ദേഹം പറയുകയാണ്: എന്റെ വംശപരമ്പര ബഹുദൈവാരാധകരുടെതാണ്. എന്റെ പൂർവപിതാക്കൾ പുരാതന വിഗ്രഹങ്ങളുടെ പൂജകരും എന്റെ കുടുംബം ബ്രാഹ്മണവുമായിരുന്നു. പക്ഷേ, എന്നിട്ടും അവിശ്വാസ

www.abulhasanalinadwi.org

ത്തിന്റെ മടിയിൽ നിന്നിറങ്ങി വന്നു ഞാൻ ഇസ്‌ലാമിനെ പുണർന്നു. നിങ്ങളുടെ സിരകളിലാകട്ടെ ഫാശിമീരക്തമാണു പ്രവഹിക്കുന്നത്. 'പൗരാണികരുടെയും ആധുനികരുടെയും നായക'ന്റെ രക്തബന്ധത്തിന്റെയും പുത്രത്വത്തിന്റെയും അഭിമാനവും നിങ്ങൾക്കവകാശപ്പെട്ടതാണ്. പക്ഷേ, നിങ്ങൾ അതെല്ലാം വെടിഞ്ഞു. ദാർശനികരുടെ ഊഹാപോഹങ്ങളാൽ വേട്ടയാടപ്പെട്ടിരിക്കുന്നു. ഞാനാകട്ടെ, തത്വചിന്ത ഉൺമയുടെ രക്തവും മാംസവുമായി ഗണിക്കപ്പെടുന്ന ചുറ്റുപാടിൽ നിന്നു വന്നവനാണെങ്കിലും അതു സത്യത്തിന്റെ മറയാണെന്നു വിശ്വസിക്കുന്നവനാണ്. മനുഷ്യനെ ജീവിതത്തിൽ നിന്ന് ഒളിച്ചോടാൻ പ്രേരിപ്പിക്കുന്ന തത്വചിന്ത കർമവാഞ്ഛയെ തളർത്തുന്ന കറുപ്പാണ്. കേവലസൈദ്ധാന്തികതയിൽ ഒതുങ്ങിയ ഹെഗലിന്റെ ജീവിതത്തിൽ ഹൃദയാഗ്നിയുടെ ജ്വാല അണഞ്ഞുപോയിരിക്കുന്നു. വ്യക്തിത്വം നഷ്ടപ്പെട്ട നിങ്ങൾ ബർഗ്‌സണിന്റെ അന്ധനായ അനുതാപി ആയിരിക്കുന്നു. മാനുഷ്യകത്തിന് ആവശ്യം ജീവന്റെ സന്ദേശമാണ്.തത്വചിന്തയ്ക്ക് അതു നൽകാനാവില്ല. എന്നാൽ, വിശ്വാസിയുടെ ബാങ്കുവിളി ലോകത്തെ ഉണർത്തി ദീപ്തമാക്കുന്ന ഉത്ഥാനത്തിന്റെ കാഹളമത്രെ. അതു വിശ്വാസത്തെയും ജീവിതത്തെയും ചിട്ടപ്പെടുത്തുന്നു. ഹ: ഇബ്റാഹിം നബി(അ)യുടെയും മുഹമ്മദ് മുസ്തഫാ നബി തിരുമേനി(സ)യുടെയും സമാനമാണത്. ഹേ, അലിയുടെ മകനേ, അവിസെന്നയെ പിൻപറ്റി എത്രകാലം മുന്നോട്ടു പോകും? പിന്തുടരാൻ ബുഖാരിനേതാവിനെക്കാൾ എത്രയോ യോഗ്യനാകുന്നു ഖുറൈശിനായകൻ:

> വിടർത്തരുതേ, മുഹമ്മദിൻ ഭാഷണവുമായി നീ ബന്ധം,
> ബൂ അലിയെ അകറ്റുക; നീ അലിയുടെ സന്താനം;
> ഇല്ല നിനക്കു മാർഗം കാണും നയനം,
> ബുഖാറയുടെതിനെക്കാൾ ഖുറൈശികളുടെ നായകൻ തന്നെ മെച്ചം.

ആധുനിക വിദ്യാഭ്യാസത്തിന്റെ നിഷ്ഫലത കാരണം തങ്ങളുടെ അറിവുകൾ ആരോഗ്യകരമായ ഒരു സമുദായസംഘടനയ്ക്കുവേണ്ടി ഉപയോഗപ്പെടുത്താൻ സമകാലികസമൂഹത്തിനു കഴിയാതെ പോയി. ഉത്തരധ്രുവത്തിലെയും ആഫ്രിക്കയിലെയും മണ്ണും ജീവജാലങ്ങളും പഠനത്തിനു വിഷയമാക്കുന്ന ഇന്നത്തെ തലമുറയ്ക്കു മാനവികതയെ കണ്ടെത്താനോ, സ്വത്വത്തെ പരിചയപ്പെടാനോ സന്ദർഭമില്ല. വൈദ്യുതിയും ആവിയും ആണവശക്തിയും നിയന്ത്രിക്കുന്നവർക്കു തങ്ങളുടെ സ്വന്തം ശക്തിയെ കുറിച്ച് ഒരു അറിവുമില്ല! ലോകത്തിനു മേൽ ആധിപത്യം നേടിയവർക്കു സ്വന്തത്തെ അധീനപ്പെടുത്താനായില്ല! ആധുനികമനുഷ്യനു മാനത്തു പറക്കാനും ആഴി

www.abulhasanalinadwi.org

യിൽ ഊളിയിടാനും കഴിയുമെങ്കിലും ഭൂമുഖത്തു നേരാംവണ്ണം നടക്കാൻ സാധിക്കുന്നില്ല.

യുവാക്കളുടെ ധാർമികതയെ തകർത്ത്, അവരുടെ പ്രകൃതത്തെപ്പോലും ദുഷിപ്പിച്ചു നൂതനപാഠ്യപദ്ധതി. സൂര്യരശ്മികളെ കീഴടക്കിയവനു തന്റെ സ്വന്തം ഉൺമയെ ജ്വലിപ്പിക്കാൻ കഴിഞ്ഞില്ലെന്നത് അദ്ഭുതകരമാണെന്ന് ഇഖ്ബാൽ പറയുന്നു. താരകങ്ങളുടെ ഭ്രമണപഥങ്ങൾ അറിയുന്നവനു കർമമാർഗം വെട്ടിത്തെളിയിക്കാൻ ആയില്ല. ശാസ്ത്രപണ്ഡിതനും നല്ലതും ചീത്തയും വേർതിരിക്കാൻ കഴിഞ്ഞില്ല:

അരുണ കിരണങ്ങളെ അധീനമാക്കിയവന്,
ജീവിതത്തിന്നിരുണ്ട രാവിനെ പ്രഭാതമാക്കാൻ കഴിഞ്ഞില്ല;
താരാപഥങ്ങളെത്തേടിയോനായില്ല,
സ്വന്തം ചിന്താമണ്ഡലത്തെ താണ്ടാൻ.
അറിവിൻ തിരിവിലകപ്പെട്ടവർക്ക്,
കഴിഞ്ഞില്ല നൻമ തിൻമകളെ വിവേചിച്ചറിയാൻ.

ചുരുക്കത്തിൽ, ഇഖ്ബാൽ വിഭാവനം ചെയ്യുന്ന യുവാവ് ഉത്കൃഷ്ടമായ സ്വഭാവവൈശിഷ്ട്യത്തിന്റെയും ഉന്നതമായ ഗുണമേൻമയുടെയും വിളനിലമത്രെ. കറയേൽക്കാത്ത യൗവനമായിരിക്കും അവന്റെത്. യുദ്ധത്തിൽ വ്യാഘ്രത്തെപ്പോലെ അടരാടുകയും സമാധാനത്തിൽ പട്ടു പോലെ മൃദുലനായിരിക്കുകയും ചെയ്യുന്ന മാതൃകായുവാവ് ഇണക്കത്തിന്റെയും പിണക്കത്തിന്റെയും കടം വീട്ടുന്നവനായിരിക്കും. അവന്റെ മോഹങ്ങൾ തുച്ഛവും ലക്ഷ്യങ്ങൾ മഹത്തരവുമായിരിക്കും. ദാരിദ്ര്യത്തിൽ ധനികനും ഐശ്വര്യത്തിൽ ദരിദ്രനും ക്ഷാമകാലത്ത് അഭിമാനിയും ക്ഷേമകാലത്ത് ഉദാരമതിയുമായി നിലകൊള്ളാനും നിന്ദ്യമായ ജീവിതത്തെക്കാൾ ധന്യമായ മരണത്തിനു പ്രാമുഖ്യം നൽകാനും അവൻ സന്നദ്ധനായിരിക്കും. സ്നേഹവലയങ്ങളിൽ തരളിതനും സത്യാസത്യസംഘട്ടനത്തിൽ ഉരുക്കുമുഷ്ടിയും ഉള്ളവനായിരിക്കും അവൻ. ചിലപ്പോൾ അവൻ പുഷ്പത്തിന്റെ ഹൃദയത്തെ തണുപ്പിക്കുന്ന തുഷാരബിന്ദുവും മറ്റു ചിലപ്പോൾ കടലിന്റെ മാറിടത്തിൽ കോളിളക്കമുണ്ടാക്കുന്ന കൊടുങ്കാറ്റുമാകും. മലകളും ശിലകളും വഴിതടഞ്ഞാൽ കൂലംകുത്തിയൊഴുകുന്ന അരുവിയായും ഉറക്കറയിലൊരു ഗാനനിർഝരിയായും അവൻ പരിണമിക്കും. സിദ്ദീഖി(റ)ന്റെ വീറുറ്റ വിശ്വാസവും അലി(റ)യുടെ വിരത്വവും അബൂദർറി(റ)ന്റെ കൃതാർഥതയും സൽമാനി(റ)ന്റെ സത്യസന്ധതയും ആവാഹിച്ചെടുത്തു, രാത്രിയുടെ ഇരുട്ടിൽ വെളിച്ചത്തിന്റെ ദീപമായും വിശ്വാസപരമായ അന്തർജ്ഞാനത്തിന്റെ ദർപ്പണമായും പൗരുഷത്തിന്റെ ബഹിർസ്ഫുരണമായും അവൻ ശോഭിക്കും. അധികാരസ്ഥാന

www.abulhasanalinadwi.org

ങ്ങൾക്കു പകരം രക്തസാക്ഷ്യത്തെ വിലമതിക്കാനും നക്ഷത്രങ്ങളെ വേട്ടയാടി പ്രകൃതിശക്തികളെ ചൊല്പടിക്കു നിർത്താനും പ്രത്യേകസിദ്ധി പകരുന്ന ഈ ഔന്നത്യവും മഹത്വവും മാലാഖമാരുടെ പോലും അസൂയയ്ക്കു പാത്രമാകും. ആദർശനിഷ്ഠനായ ചെറുപ്പക്കാരന്റെ അസ്തിത്വം തന്നെ അവിശ്വാസത്തിനും അധർമത്തിനുമെതിരായ ഭീഷണിയായി ഭവിക്കും. മുഴുവൻ ലോകത്തെക്കാൾ കവിഞ്ഞ മൂല്യമായിരിക്കും അവന്റെത്. അവന്റെ സ്രഷ്ടാവും ഉടമസ്ഥനുമായ ദൈവത്തിനല്ലാതെ അവനെ വിലയ്ക്കു വാങ്ങാനാവില്ല. ഉദാത്തമായ ലക്ഷ്യങ്ങൾ, ജീവിതത്തിന്റെ താണ നിലവാരത്തിനും ശൂന്യമായ അലങ്കാരവിഭൂഷണങ്ങൾക്കും അവനെ അധീനനാക്കുന്നു. സ്വരങ്ങളുടെയും നിറങ്ങളുടെയും സൗന്ദര്യലോകത്തിന് ഒരു വിലയും അവൻ കല്പിക്കുകയില്ല. ആധുനിക സംസ്കൃതിയുടെ മയിലുകളെയും മൈനകളെയും നോക്കി അവൻ ഉദ്ഘോഷിക്കും:

> കോകിലമെന്നാൽ വെറും ശബ്ദം;
> മയൂരമോ വെറും വർണം.

www.abulhasanalinadwi.org

7

പൂർണപുരുഷൻ

ഇഖ്ബാലിനു നിറവും മണവും ഉള്ള ഈ ലോകം ഒരു കാഴ്ചബംഗ്ലാവോ കാട്ടുമൃഗങ്ങളുടെ വാസസ്ഥാനമോ മാത്രമാണ്. ഈ വന്യമൃഗസങ്കേതത്തിൽ മനുഷ്യനെ തേടുകയാണ് അദ്ദേഹത്തിന്റെ സൂക്ഷ്മദൃഷ്ടി. തന്റെ സുപ്രസിദ്ധകൃതിയായ *അസ്റാറെ ഖുദി*യിൽ അദ്ദേഹം ഈ അന്വേഷണത്തിനു തുടക്കം കുറിക്കുന്നത് മൗലാനാ ജലാലുദ്ദീൻ റൂമി(റ)യുടെ വരികൾ ഉദ്ധരിച്ചുകൊണ്ടാണ്:

കഴിഞ്ഞ രാവിൽ കൈയിലൊരു ദീപവുമായി,
നഗരമാകെ തിരയുകായിരുന്നു ഗുരു;
പിറുപിറുക്കുന്നുണ്ടായിരുന്നു അദ്ദേഹം:
മൃഗങ്ങളെക്കണ്ടു മടുത്തു ഞാൻ; എനിക്കാവശ്യം മനുഷ്യൻ.
സഹയാത്രികൾ തൻ ദുർബലമാം ആത്മാവുകളാൽ,
രോഗഗ്രസ്തമായെൻ ഹൃദയം.
ദൈവത്തിൻ വ്യാഘ്രവും[1] റുസ്തും ദസ്താനും,[2]
അവരെയെല്ലാം ഞാൻ അന്വേഷിപ്പൂ.

1. ഹ: അലി(റ)യുടെ വിശേഷണം.

2. പേർഷ്യൻ ചരിത്രത്തിലെ പ്രസിദ്ധനായ പോരാളി.

www.abulhasanalinadwi.org

ശൈഖിനോടായോതി ഞാൻ:
ഞങ്ങളും തിരഞ്ഞു, പക്ഷേ കണ്ടുകിട്ടിയില്ലെങ്ങും.
ശൈഖു മൊഴിഞ്ഞു പ്രത്യുത്തരമായി:
നേടാത്തതെന്തോ, അതാണെന്റെ നേട്ടം.

ഇഖ്ബാൽ തന്റെ അന്വേഷണത്തിൽ വിജയിക്കുകയുണ്ടോയോ? വിജയിച്ചുവെന്നാണ് അദ്ദേഹത്തിന്റെ കവിതകളിൽ നിന്നു വ്യക്തമാകുന്നത്. 'നഷ്ടപ്പെട്ട' മനുഷ്യനെ അദ്ദേഹം കണ്ടെത്തുകയും തന്റെ ജീവിതത്തിൽ ഏറെക്കാലം കവി അദ്ദേഹത്തോടൊപ്പം ചെലവഴിക്കുകയും ചെയ്തു. പുതിയൊരു ലോകം കണ്ടുപിടിച്ച കൊളംബസിന്റെതിനെക്കാൾ പ്രധാനമായിരുന്നു ഇഖ്ബാലിന്റെ കണ്ടെത്തൽ. കാണാതായ മനുഷ്യന്റെ 'തിരിച്ചുവരവ്' ലോകത്തെ സംബന്ധിച്ചിടത്തോളം മഹത്തായ ഒരു സൗഭാഗ്യമാകുന്നു. വിശേഷിച്ചും, മനുഷ്യത്വം അസ്തമിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത്.

ഇഖ്ബാലിന്റെ 'പൂർണപുരുഷൻ' ഒരു പൂർണമുസ്‌ലിമിൽ നിന്ന് ഒട്ടും വ്യത്യസ്തനല്ലെന്ന് കാണാം. 'മുസ്‌ലിം' എന്ന പദപ്രയോഗം കൊണ്ടു ശുഷ്കമായ ജീവിതം നയിക്കുന്ന വല്ലവനെയും അർഥമാക്കുന്നവർക്കു ദഹിക്കുന്നതല്ല ഇഖ്ബാലിന്റെ വിവക്ഷ. അടിസ്ഥാനപരമായി പൂർണപുരുഷനെക്കുറിച്ചുള്ള ഇഖ്ബാലിയൻവീക്ഷണം മനുഷ്യനെ സംബന്ധിച്ച ഖുർആനികകാഴ്ചപ്പാടുമായി അഭേദ്യബന്ധം പുലർത്തുന്നതാണ്.

അയായത്, ഇഖ്ബാലിന്റെ പൂർണപുരുഷൻ 'വിശ്വാസിയായ മനുഷ്യൻ' തന്നെയാകുന്നു. സന്ദേഹങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ഇതര മനുഷ്യരിൽ നിന്ന് വിശ്വാസം കൊണ്ടു വേറിട്ടുനില്ക്കുന്ന 'മാതൃകാമുസ്‌ലിം' ആണവൻ. പൗരുഷവും ധീരതയും സർവോപരി ആത്മീയശക്തിയും കാരണമായി അവൻ അവരെ അതിജയിക്കുന്നു. മനുഷ്യൻ, പണം, പ്രശസ്തി എന്നിവയുടെ അടിമത്തത്തിൽ നിന്ന് അന്യൂനമായ ഇസ്‌ലാമിക ഏകദൈവത്വം അവനെ മോചിപ്പിച്ചിരിക്കുന്നു. ദേശ, ഭാഷാ, വർഗ, വർണവിവേചനങ്ങൾക്ക് അതീതമാണ് അവന്റെ സാർവലൗകികമായ മാനവികത. ഇസ്‌ലാമിന്റെ മാതൃകാപരമായ ജീവിതപദ്ധതിയുടെ സന്ദേശവാഹകനായ അവൻ അതിനു വിധേയനായിക്കൊണ്ടു ജീവിതം നയിക്കുന്നു. കാലത്തിന്റെ പ്രവാഹമോ, മൂല്യങ്ങളുടെ കുഴമറച്ചിലോ അവനിൽ ഒരു മാറ്റവും സൃഷ്ടിക്കുന്നില്ല. ഖുർആനിന്റെ വാക്കുകളിൽ, "അവൻ ഉറച്ച വേരുകളോടും അംബരചുംബികളായ ചില്ലകളോടും കൂടി നിലകൊള്ളുന്ന വിശിഷ്ട വൃക്ഷം പോലെയത്രെ. (വിശുദ്ധ ഖുർആൻ, XIV:24) ഇഖ്ബാൽ പറയുന്നു:

ദൈവിക വൃത്തത്തിൻ കേന്ദ്രബിന്ദു ദൈവത്തിൻ മനുഷ്യന്റെ വിശ്വാസം;
ഈ ലോകം മുഴുവൻ സങ്കൽപം, അലങ്കാരം, ഇന്ദ്രജാലം!

www.abulhasanalinadwi.org

പൂർണമാനുഷനെ സംബന്ധിച്ച ഈ വിവരണം മുസ്‌ലിമിന്റെ രണ്ടു സവിശേഷതകൾ വ്യക്തമാക്കുന്നു. ഒന്നാമത്തെത്, അവന്റെ ഭൗതിക നിലനിൽപുമായും രണ്ടാമത്തെത് അവന്റെ ആത്മീയ ഉൺമയുമായും ബന്ധപ്പെട്ടു കിടക്കുന്നു. മാനുഷികാസ്തിത്വത്തിന്റെ കാര്യത്തിൽ മുസ്‌ലിം മറ്റു മനുഷ്യരെ പോലെ തന്നെ. അവരെപ്പോലെ അവനും ജനിക്കുന്നു, വളരുന്നു, ദാഹിക്കുന്നു, വിശക്കുന്നു, ചൂടും തണുപ്പും, രോഗവും ആരോഗ്യവും, ദാരിദ്ര്യവും ഐശ്വര്യവും അനുഭവിക്കുന്നു. കച്ചവടം, കൃഷി എന്നിത്യാദി ജീവിതവൃത്തികളിൽ അവൻ താൽപര്യമെടുക്കുകയും സന്താനങ്ങളെ സ്നേഹിക്കുകയും ചെയ്യുന്നു. അവന്റെ വക്ഷസ്സിലുമുണ്ടു ഹൃദയം. ചുരുക്കത്തിൽ മനുഷ്യൻ എന്ന കാര്യത്തിൽ മറ്റുള്ളവരെപ്പോലെ പ്രകൃതിനിയമങ്ങൾക്കു വിധേയനാണു മുസ്‌ലിം. പ്രത്യേകമായ നാമമോ, ജൻമമോ, വംശമോ, വസ്ത്രധാരണമോ കാരണമായി വിശേഷിച്ച് ഒരു ആനുകൂല്യവും അവനു ലഭിക്കുന്നില്ല. വിശാലമായ ഈ പ്രപഞ്ചത്തിൽ അവന്റെ സ്ഥാനം ഒരു കണികയുടെത് മാത്രം. ലോകമാകുന്ന കടലിലെ ഒരു കുഞ്ഞല മാത്രമാകുന്നു അവൻ. പക്ഷേ, സാധാരണമനുഷ്യരെപ്പോലെ മുസ്‌ലിമും അവന്റെ ജീവിതം നയിച്ചിരുന്നുവെങ്കിൽ വിശ്വവിതാനത്തിൽ അവന് വിലയുണ്ടാകുമായിരുന്നില്ല. അവന്റെ മരണത്തിൽ വാനമോ, ഭൂമിയോ കരയുകയോ അവന്റെ തിരോധാനം ഈ ലോകത്ത് ഒരു കുറവും വരുത്തുകയോ ഇല്ല.

പക്ഷേ, ആന്തരികമായ അർഥത്തിൽ മുസ്‌ലിമിന്റെ അസ്തിത്വം പ്രവാചകൻമാരുടെ പൈതൃകത്തിന്റെ അനന്തരാവകാശത്തിനു പ്രതിനിധീഭവിക്കുന്നതാണ്. ചില ശാശ്വതസത്യങ്ങളുടെയും വിശ്വാസപ്രമാണങ്ങളുടെയും അടിസ്ഥാനങ്ങളിൽ സ്ഥാപിതമായ അവന്റെ ജീവിതത്തിനു സുവ്യക്തമായ ഒരു ലക്ഷ്യമുണ്ട്. ഈ വീക്ഷണകോണിലൂടെ നോക്കുമ്പോൾ മുസ്‌ലിം പ്രാപഞ്ചികപ്രതിഭാസത്തിന്റെ ഒരു ഭാഗമാണെന്നു കാണാം. ലോകത്തിന്റെ നിലനിൽപിനു നിർബന്ധമായും ആവശ്യമുള്ളതാണ് അവന്റെ അസ്തിത്വം. അവനില്ലെങ്കിൽ മനുഷ്യജീവിതം അപൂർണം. ഈ പ്രപഞ്ചത്തിൽ ജീവിതം നാമ്പിട്ടു, പുഷ്പിച്ചു വികാസം പ്രാപിക്കാനുള്ള യോഗ്യത അവനുണ്ട്. വാസ്തവത്തിൽ പ്രപഞ്ചം തന്നെ പൂത്തുല്ലസിക്കാനും പുരോഗതി പ്രാപിക്കാനും അവന്റെ സഹായം ആവശ്യമാണ്. ലോകത്തിനു വായുവും വെള്ളവും വെളിച്ചവും പോലെ അനിവാര്യമാകുന്നു വിശ്വാസിയായ മനുഷ്യന്റെ സാന്നിധ്യം. മനുഷ്യജീവിതത്തിന്റെ നിലനിൽപിനു മണ്ണും വെള്ളവും വായുവും തീയും പോലെ തന്നെ അത്യന്താപേക്ഷിതമാകുന്നു പ്രവാചകൻമാരുടെ സത്യപ്രബോധനത്തിന്റെ പ്രകാശം പ്രദാനം ചെയ്യുന്ന വിശ്വാസവും ധാർമികാവബോധവും. തന്റെ കൈവശമുള്ള സകല ശക്തിയും വിഭവങ്ങളും ഉപയോഗിച്ചു പ്രവാചകത്വസന്ദേശത്തിന്റെ സാക്ഷാൽ

www.abulhasanalinadwi.org

ക്കാരത്തിനു വേണ്ടി വിശ്വാസിയായ മനുഷ്യൻ അന്യധ്വാനം ചെയ്യുന്നു. അവന്റെ അഭാവത്തിൽ ജീവിതത്തിന്റെ ഉത്കൃഷ്ടമൂല്യങ്ങൾ മാനവതയ്ക്കു നഷ്ടമാകും. ഈ ലോകത്തു സൂര്യന്റെയും ചന്ദ്രന്റെയും ജ്വലിക്കുന്ന താരങ്ങളുടെയും സ്ഥാനമാണു വിശ്വാസിക്കുള്ളത്. തലമുറകളും സമൂഹങ്ങളും ജനിക്കുകയും മരിക്കുകയും ചെയ്യും. നഗരങ്ങളിൽ ജനവാസവും വിജനതയും മാറിമാറി വരും. ഭരണകൂടങ്ങൾ ഉയരുകയും തകരുകയും ചെയ്യും. സംസ്കാരങ്ങൾ ഉദിക്കും. അസ്തമിക്കും. ഈ പ്രക്രിയ തുടർന്നേ പോകും. പക്ഷെ, മാതൃകാമുസ്ലിം മാറ്റമില്ലാതെ നിലകൊള്ളും.

സന്ദേശം അനശ്വരമാകയാൽ വിശ്വാസിയായ മനുഷ്യന്റെ ജീവിതം അമരത്വം പ്രാപിക്കുന്നു. അവന്റെ നെഞ്ചകത്തിലെ സത്യത്തിനും ജീവിതത്തിന്റെ ലക്ഷ്യത്തിനും മരണമില്ല:

നശിക്കുന്നില്ല മുസൽമാൻ തെ കാലത്തും;
അവന്റെ ബാങ്കൊലിയാൽ അനാവൃതം, കലീം, ഖലീൽമാരുടെ രഹസ്യം.

മുസ്ലിംസമൂഹത്തിൽപെട്ടവരെല്ലാം മരിച്ചുപോകാതെ എന്നെന്നും ജീവിച്ചിരിക്കുമെന്ന് ഇപ്പറഞ്ഞതിനർഥമില്ല. ഇളകിമറിയുന്ന പാരാവാരം പോലെയാണവൻ. അതിന്റെ ഉപരിതലത്തിൽ തിരമാലകൾ ഉയരുകയും തകരുകയും ചെയ്യുന്നു. അപ്രകാരം ജീവിതസാഗരത്തിലും അലകൾ ഉയിർകൊള്ളുകയും നാശമടയുകയും ചെയ്യും. പക്ഷേ, കടൽ എന്ന യാഥാർഥ്യം അവശേഷിക്കുന്നു. പ്രപഞ്ചസൃഷ്ടിയുടെ ഉദ്ദേശ്യം തന്നെ വിശ്വാസിയായ മനുഷ്യനാണെന്ന് ഇഖ്ബാൽ സിദ്ധാന്തിക്കുന്നു. ലോകം അവനു വേണ്ടിയും അവൻ ലോകത്തിനു വേണ്ടിയും സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. "താങ്കൾക്കു വേണ്ടിയായിതുന്നില്ലെങ്കിൽ (ഹേ, മുഹമ്മദ്!) നാം പ്രപഞ്ചത്തെ പടക്കുമായിരുന്നില്ല"[3] എന്ന പ്രസിദ്ധമായ വചനത്തിന്റെ ഹദീസുപരമായ പ്രാമാണികതയെപ്പറ്റി പണ്ഡിതൻമാർക്കിടയിൽ എന്തു തന്നെ സംശയങ്ങളുണ്ടായാലും ഇവിടെ ഇഖ്ബാലിന്റെ സൂക്ഷ്മദൃഷ്ടി മറ്റൊന്നാണു കാണുന്നത്. അദ്ദേഹത്തിനു ഖുർആനിന്റെ സത്തയെക്കുറിച്ചും യാഥാർഥ്യത്തെക്കുറിച്ചും വേണ്ടുവോളം ജ്ഞാനമുണ്ട്. മുസ്ലിമും അവന്റെ ഉന്നതദൗത്യവുമാണ് അദ്ദേഹത്തിന്റെ മുമ്പിലുള്ളത്. മനുഷ്യചരിത്രത്തെക്കുറിച്ചും മാനവികമൂല്യങ്ങളെക്കുറിച്ചും വസ്തുക്കളുടെ നിജസ്ഥിതിയെക്കുറിച്ചും അവഗാഹമുണ്ട് അദ്ദേഹത്തിന്. അതുകൊണ്ടു തന്നെ ഈ പ്രപഞ്ചവും അതിലുള്ള സകലതും യഥാർഥവിശ്വാസിക്കുവേണ്ടി സജ്ജമാക്കപ്പെട്ടതാണെന്നും അവൻ ഭൂമുഖത്തു ദൈവത്തിന്റെ പ്രതിനിധിയും ലോകത്തിലെ സകല നിധികൾക്കും അവകാശിയുമാണെന്നും ഇഖ്ബാൽ സമർഥിക്കുന്നു:

3. "ലൗലാക ലൗലാക ലമാ ഖലഖ്തുൽ അഫ്ലാക്."

www.abulhasanalinadwi.org

ലോകമെന്നതു ധീരനാം വിശ്വാസി തൻ അനന്തരാവകാശം;
വിശ്വാസിയെ അല്ല ലൗലാകിന്നുടമയല്ലാത്തവൻ.

ഈ ആശയത്തെ പ്രയോഗമണ്ഡലത്തിൽ സാർഥകമാക്കാൻ നിരന്തരമായ പരിശ്രമം ആവശ്യമാണെന്ന് അല്ലാമാ ഇഖ്ബാൽ പറയുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മുസ്‌ലിം ഒഴുക്കിന് അനുകൂലമായി നീന്തേണ്ടവനല്ല. ഒഴുക്കിന്റെ ഗതി മാറ്റുകയും ചരിത്രത്തിന്റെ പ്രവാഹം തിരിച്ചുവിടുകയും സമൂഹത്തെയും സംസ്കാരത്തെയും തിരുത്തിക്കുറിക്കുകയും ചെയ്തു, ലോകത്തെ തന്റെ വഴിക്കു നയിക്കാൻ വേണ്ടി ജൻമമെടുത്തവനാണവൻ. കഷ്ടപ്പെടുന്ന മനുഷ്യർക്കു നൽകാനായി സർവരോഗസംഹാരിയായ സിദ്ധൗഷധം അവന്റെ കൈവശമുണ്ട്. ദൃഢവിശ്വാസത്തിന്റെ ജാഗ്രതയും വിജയവും നൽകുന്ന ശക്തി അതിലുണ്ട്. ലോകനേതൃത്വത്തിന് അർഹനായ ഈ മാതൃകാമനുഷ്യൻ തന്നെയാണു മനുഷ്യരുടെ മാർഗദർശനത്തിനും യോഗ്യൻ. കൽപിക്കുകയും നിരോധിക്കുകയും ചെയ്യാനുള്ള ആജ്ഞാശക്തി അവനുണ്ടാകും. ലോകവും കാലവും സൻമാർഗം വിട്ടു തനിക്ക് എതിരായിത്തീർന്നാൽ, കാലത്തിന്റെ മുമ്പിൽ അടിയറവു പറഞ്ഞു സമൂഹത്തെ അധാർമിക വ്യവസ്ഥിതിയുടെ അധീനത്തിൽ ഏൽപിച്ചു പിൻവാങ്ങുന്നതിനു പകരം കാലത്തിനെതിരെ കലാപം നടത്തി തിൻമകളെ തകർക്കാൻ വിജയം വരെ സമരം ചെയ്യും അവൻ. ഇഖ്ബാലിന്റെ വീക്ഷണത്തിൽ 'കാറ്റിന്റെ ഗതിക്കനുസരിച്ചു നീങ്ങുക' എന്ന തത്വം ഒരിക്കലും ഒരു വിശ്വാസിക്കു ഭൂഷണമല്ല:

കാലവുമായി രാജിയാകൽ ബലഹീനരുടെ മനഃശാസ്ത്രം;
പ്രതികൂലമാം കാലത്തോടു മാത്സര്യം നിന്റെ പ്രകൃതം.

തെറ്റായ ജീവിതസിദ്ധാന്തങ്ങളോടു വിട്ടുവീഴ്ച ചെയ്യാൻ സത്യവിശ്വാസി ഒരിക്കലും സന്നദ്ധനാകുകയില്ല. അവയോട് ഏറ്റുമുട്ടാനാണ് അവന് താൽപര്യം. ജീവിതമൂല്യങ്ങളുടെ പരിഷ്കരണമാണ് അവന്റെ ലക്ഷ്യം. ഈ രംഗത്ത് അവൻ നടത്തുന്ന സംഹാരപ്രവർത്തനങ്ങൾ പോലും നവീനമായ നിർമാണത്തിലാണു കലാശിക്കുക:

സത്യത്തിനു വേണ്ടി മരണത്തെ
വരിക്കാൻ ഹൃദയാ അഭിലഷിക്കുന്നോൻ;
സന്നിവേശിപ്പിക്കട്ടെ ജീവൻ,
തന്റെ മൺകൂടിലിലേക്കവൻ.
ദഹിപ്പിച്ചുകളയുക ഇരവു വാങ്ങിയൊരീ വാനവും ഭുവനിയും!
അതിന്റെ ചാരത്തിൽ നിന്നുയർത്തുക സ്വകീയമാം ലോകം.

www.abulhasanalinadwi.org

പ്രതിസന്ധികൾക്കും പ്രതിബന്ധങ്ങൾക്കും മുമ്പിൽ മുട്ടുമടക്കാനും വിധിയുടെയോ ദൈവനിശ്ചയത്തിൻെറയോ പേരു പറഞ്ഞു പിൻമാറാനും പൂർണപുരുഷനെ കിട്ടുകയില്ല. അതെല്ലാം ഭീരുക്കളുടെയും ദുർബലവിശ്വാസികളുടെയും രീതിയാകുന്നു. സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ തന്നെയാണു ദൈവവിധി:

അവിശ്വാസി വിധിക്കു ദാസൻ;
സത്യവിശ്വാസിയോ, സ്വയം തന്നെ ദൈവവിധി.

★☆★☆

ഉയരങ്ങളിലെത്തിക്കു നിൻ സ്വത്വം;
അതു കണ്ടു ചോദിക്കട്ടെ ദൈവം,
ഓരോ വിധിനിർണയത്തിനു മുമ്പും:
നിന്നഭീഷ്ടമെന്തെന്നു ചൊല്ലിയാലും.

ലോകചരിത്രത്തിലെ മഹത്തായ വിപ്ലവങ്ങൾ എപ്പോഴും വിശ്വാസിയായ മനുഷ്യൻെറ സൃഷ്ടിയാണെന്നു തൻെറ ചരിത്രപഠനത്തിൻെറ അടിസ്ഥാനത്തിൽ അല്ലാമാ ഇഖ്ബാൽ അഭിപ്രായപ്പെടുന്നു. അവൻെറ സാന്നിധ്യം ലോകത്തിനു ഒരു സൗഭാഗ്യസുപ്രഭാതം പോലെയാകുന്നു. വിപ്ലവത്തിൻെറ നായകനും ജീവിതത്തിൻെറ സന്ദേശവാഹകനുമായ അവൻ രാത്രിയുടെ ഇരുണ്ട യാമങ്ങൾക്ക് അന്ത്യം കുറിച്ചുകൊണ്ടു പുലർകാലവേളയിൽ മുഴക്കുന്ന ബാങ്കിൻെറ സ്വരവീചികൾ ശ്മശാനമൂകതപോലെ ഭയാനകമായ നിശ്ശബ്ദതയെ ഭഞ്ജിക്കുന്നു. പതിമൂന്നു ശതകക്കാലം മുമ്പു ഫറാ[4]ൻ ഗിരിശൃംഗങ്ങളിൽ നിന്നു മുഴങ്ങിയ, നൂറ്റാണ്ടുകളുടെ നിദ്രയിൽ നിന്നു മനുഷ്യസമൂഹത്തെ ഉത്ഥാനത്തിലേക്കു നയിച്ച, അതേ ബാങ്കൊലിയാണത്. ഇന്നും മാനവികതയുടെ മനഃസാക്ഷി ഉണർത്താനുള്ള അപൂർവസിദ്ധി അതിൻെറ കൈവശമുണ്ട്. അതിലേക്കു ബിലാലി(റ)[5]ൻെറ ആത്മാവിനെ സന്നിവേശിപ്പിക്കുന്ന സത്യവിശ്വാസിയാണ് ആവശ്യം:

ഭൂവനത്തിൻ നിശീഥിനിയെ പൂർവാഹ്നമാക്കും,
നഭസ്സിൻ നാദമല്ലോ, വിശ്വാസി തൻ ബാങ്കൊലി.

വിശ്വാസിയുടെ ബാങ്കുവിളിക്കു മാത്രമെ, മനുഷ്യൻെറ സുപ്രഭാതത്തെയും നവലോകത്തെയും സൃഷ്ടിക്കാനാവൂ.

---

4. മക്കയിലെ ഒരു മല.

5. മദീനയിൽ വിശുദ്ധനബിതിരുമേനി(സ)യുടെ മസ്ജിദിൽ ബാങ്കു വിളിച്ചിരുന്ന ആഫ്രിക്കക്കാരനായ പ്രസിദ്ധ പ്രവാചകാനുയായി. – വിവ.

www.abulhasanalinadwi.org

ഇന്നായി, നാളെയായി പ്രത്യക്ഷപ്പെടും പ്രഭാതം,
അറിയുന്നില്ലാരും അതിൻെറ പ്രഭവസ്ഥാനം;
സൃഷ്ടിപ്പൂ വിശ്വാസി തൻ ബാങ്കുവിളിനാദം,
നിശയുടെ ശയനമുറിയെ വിറകൊള്ളിക്കും വിഭാതം.

സത്യവിശ്വാസി അമാനുഷികമായ സിദ്ധികളുടെ ഉടമയാണെന്ന് അല്ലാമാ ഇഖ്ബാൽ വിശ്വസിക്കുന്നു. അവൻെറ അസാധാരണമായ കഴിവുകൾക്കു മുമ്പിൽ മനുഷ്യബുദ്ധി പകച്ചുനിൽക്കും. മറ്റുള്ളവർക്ക് അവൻെറ അസ്തിത്വം തന്നെ ഒരു വിസ്മയമായിരിക്കും. വിശ്വാസത്തിൽ നിന്ന് ആർജിച്ച ശക്തി ഉള്ളിൽ സൂക്ഷിക്കുന്ന അവനോടൊപ്പമായിരിക്കും സദാ ദൈവഹിതം. മലയും കടലും അവൻെറ മുമ്പിൽ മാർഗതടസ്സം സൃഷ്ടിക്കുകയില്ല:

വിശ്വാസി തൻ കരം അല്ലാഹുവിൻ കരം;
പ്രത്യുൽപന്നമതി, ധീരൻ, വിജയശ്രീലാളിതൻ;
നാഥൻെറ അടിമ, മണ്ണും വെളിച്ചവും അവൻെറ പ്രകൃതം,
ഇരുലോകങ്ങളിൽ നിന്നും നിരാശ്രയം അവൻെറ ഹൃദയം.

സ്പെയിൻ കീഴടക്കിയ താരിഖ് ഇബ്നു സിയാദ്(റ) യുദ്ധക്കളത്തിൽ വച്ച് ഇസ്ലാമിക സൈന്യത്തിനു വേണ്ടി തൻെറ നാഥനോടു കരളുരുകി പ്രാർഥിക്കുന്നു. അദ്ദേഹത്തെ പോലെയുള്ള ഇസ്ലാമിക പോരാളികളാണ് ഇഖ്ബാലിൻെറ പൂർണപുരുഷൻെറ ജീവനുള്ള പ്രതീകങ്ങൾ:

ഈ പോരാളികൾ വിസ്മയജനകരാം നിൻ ദാസൻമാർ,
നീയവർക്കേകീ ദൈവികമാം അഭിരുചി;
അവരുടെ തൊഴിയിൽ ചുരുണ്ടുപോകും കടലും മണൽക്കാടും;
അവരുടെ ഘോരതയിൽ മലയോ വെറും കടുകുമണി.
ഇരുലോകങ്ങളോടും വിമുഖം അവരുടെ ഹൃദയം;
അദ്ഭുതകരം തന്നെ പ്രേമത്തിൻ ഉൻമാദം!
വിശ്വാസിയുടെ തേട്ടവും ഉദ്ദേശ്യവും രക്തസാക്ഷ്യം;
അല്ലേയല്ല, യുദ്ധമുതലും രാജ്യഭരണവും.

★☆★☆

മരുഭൂവാസികളെ ഒന്നിപ്പിച്ചു നീ;
അറിവിൻ ചിന്തയിൽ, ഉഷസ്സിൻ ബാങ്കൊലിയിൽ;
ശതകങ്ങളായ് തേടി നടന്നൊരാ ജീവിതം,
നേടീ ഇവരുടെ ഹൃദയങ്ങളിലാ താപം.

സത്യവിശ്വാസിയുടെ ഗോപ്യമായ ഗുണവിശേഷങ്ങൾ അനാവരണം ചെയ്തുകൊണ്ട് ഇഖ്ബാൽ പറയുന്നു:

www.abulhasanalinadwi.org

സങ്കൽപിക്കാനാവില്ലാർക്കും വിശ്വാസി തൻ കരത്തിൻ കരുത്ത്;
അവൻെറ നോട്ടം ശക്തം, ദൈവവിധിയെ മാറ്റിക്കളയാൻ !

ചരിത്രവസ്തുതകൾ ഇഖ്ബാലിൻെറ ഈ അവകാശവാദത്തെ ശരിവയ്ക്കുകയാണു ചെയ്യുന്നത്. വിശ്വാസികളുടെ കൊച്ചുകൊച്ചു സംഘങ്ങൾ സത്യമാർഗത്തിൽ മുന്നേറിയപ്പോൾ, അവരുടെ കുതിരകളുടെ കുളമ്പുകൾ കുന്നും മലയും മരുഭൂമിയും മറ്റു തടസ്സങ്ങളും ചവിട്ടി തെരിച്ചു കടന്നുപോയതിൻെറ വീരോജ്വലമായ നിരവധി ഉദാഹരണങ്ങൾ ചരിത്രത്തിൻെറ താളുകളിൽ ലഭ്യമാണ്. സഅദ് ഇബ്നു അബീവഖാസ്(റ), ഖാലിദ് ഇബ്നു വലീദ്(റ), മുസന്ന ഇബ്നു ഹാരിസ:(റ), ഉഖ്ബ ഇബ്നു ആമിർ(റ), മൂസ ഇബ്നു നസീർ(റ), താരിഖ് ഇബ്നു സിയാദ്(റ), മുഹമ്മദ് ഇബ്നു ഖാസിം(റ) എന്നിവരടങ്ങുന്ന ഇസ്ലാമിലെ വീരപുരുഷൻമാരുടെ സാഹസികമായ ജീവിതങ്ങളാണ് ഇഖ്ബാലിൻെറ പൂർണപുരുഷൻെറ മാതൃകകൾ.

ഇഖ്ബാലിനെ സംബന്ധിച്ചിടത്തോളം 'മുസ്ലിം' എന്നത് ഒരു ലോകയാഥാർഥ്യമാകുന്നു. നിറം, ജാതി, ദേശം, ഭൂമിശാസ്ത്രം തുടങ്ങിയ വൈജാത്യങ്ങളുടെ പരിധികൾ അവനു ബാധകമല്ല. സ്ഥലകാലാതിർത്തികൾക്ക് അകത്ത് ഒതുങ്ങുന്നതല്ല അവൻെറ വ്യക്തിത്വം. തൻെറ സ്വതസിദ്ധമായ ശൈലിയിൽ അല്ലാമാ ഇഖ്ബാൽ അവനെ വർണിച്ചു:

അവൻെറ പാരിടം അപാരം, അംബരം അനന്തം;
ടൈഗ്രീസും ഡാന്യൂബും നൈലും അവൻെറ പാരാവാരത്തിലെ തരംഗം.
അവൻെറ കാലം വിസ്മയം, കഥയോ വിചിത്രം;
പൗരാണികതയ്ക്കവനേകീ വേർപാടിൻ സന്ദേശം.
അഭിരുചിക്കാർക്കു സാഖി, അഭിലാഷമൈതാനിയിലെ അശ്വം;
അവൻെറ മദ്യം വിശുദ്ധം, അടിസ്ഥാനമോ ബലിഷ്ഠം.

'ദൈവികനായ മുസ്ലിമി'നു രാജ്യമില്ലെന്ന് ഇഖ്ബാൽ പറയുന്നു. വിശ്വം മുഴുവനും അവൻെറ ദേശമത്രെ. അവനു കിഴക്കും പടിഞ്ഞാറുമില്ല:

പൗരസ്ത്യനല്ല, പാശ്ചാത്യനല്ല, ദൈവികോൻമത്തനാം പരിവ്രാജകൻ;
ഗേഹമെൻെറത് ഡൽഹിയല്ല, ഇസ്ഫഹാനും സമർഖന്ദുമല്ല!

★☆★☆

വിശ്വാസിയുടെ വിശ്വത്തിനതിരില്ല;
അവനു ഭവനമല്ലാത്തൊരു ഇടവുമില്ല!

പ്രപഞ്ചം ദൈവത്തിൻെറതാണ്. വിശ്വാസിയാകട്ടെ ദൈവത്തിൻെറതു മാത്രവും. അതു കൊണ്ടു തന്നെ, ലോകം മുഴുവൻ വിശ്വാസിക്കു വീടാണെന്ന് ഇഖ്ബാൽ വിശ്വസിക്കുന്നു.

www.abulhasanalinadwi.org

താരിഖ് ഇബ്നു സിയാദി(റ)ന്റെ സ്പെയിൻ അധിനിവേശത്തിലെ മഹത്തായ ഒരു സംഭവം ഈ യാഥാർഥ്യത്തെ വ്യക്തമാക്കുന്നതത്രെ. സ്പെയിനിൽ കാലുകുത്തിയ ഉടനെ കപ്പലുകളെല്ലാം കത്തിച്ചുകളയാൻ താരിഖ്(റ) ആജ്ഞാപിച്ചു. അങ്ങനെ തിരിച്ചുപോക്കിനുള്ള സകല സാധ്യതകളും ആ സേനാനായകൻ തകർത്തു. അദ്ദേഹത്തിന്റെ നടപടിയുടെ പൊരുളറിയാതെ ചില അനുയായികൾ ചോദിച്ചു: "നാം നമ്മുടെ രാജ്യത്തു നിന്നു വളരെ അകലെയാണ്. എങ്ങനെ നാം തിരിച്ചുപോകും?" താരിഖിന്റെ ചുണ്ടുകൾ മന്ദസ്മിതം തൂകി. ഖഡ്ഗം കൈയിലേന്തിക്കൊണ്ട് അദ്ദേഹം പറഞ്ഞുവത്രെ: "തിരിച്ചുപോക്കിന്റെ പ്രശ്നമെന്തിന്? രാജ്യങ്ങളെല്ലാം നമ്മുടെ ദൈവത്തിന്റേത്; നമ്മളും അവന്റേത്. അതുകൊണ്ടു തന്നെ എല്ലാ ദേശവും നമ്മുടെ ദേശം." അവിസ്മരണീയമായ ഈ സംഭവം തന്റെ അസാധാരണമായ കാവ്യശൈലിയിലൂടെ ഇഖ്ബാൽ വിവരിക്കുന്നു:

സ്പെയിനിന്റെ തീരത്തു താരിഖ് കപ്പൽ കത്തിക്കവെ,
പ്രതിഷേധിച്ചു പറഞ്ഞു സഖാക്കൾ, അത് അബദ്ധമായെന്ന്;
നാം വീട്ടിൽ നിന്നകലെ, എങ്ങനെ തിരിച്ചു പോകും നാം?
ജീവനോപായങ്ങളെ ത്യജിക്കാനനുവദിക്കുന്നില്ല ശരിഅത്ത്.[6]
വാളെടുത്തു പുഞ്ചിരിച്ചു മൊഴിഞ്ഞു താരിഖ്:
രാജ്യങ്ങളൊക്കെ ദൈവത്തിന്റേതാകയാൽ എല്ലാ രാജ്യവും
നമ്മുടെ രാജ്യം!

വൈവിധ്യവും വൈരുധ്യവും നിറഞ്ഞ ഗുണവിശേഷങ്ങളുടെ സമ്മിശ്രമായ സത്യവിശ്വാസിയുടെ വ്യക്തിത്വം വിവിധോൻമുഖമാണ്. ഈ ഗുണവിശേഷങ്ങളാകട്ടെ, യഥാർഥത്തിൽ ദൈവികമായ വിശേഷണങ്ങളുടെ പ്രതിഫലനമത്രെ. ഉദാഹരണമായി ഔദാര്യം, കാരുണ്യം, ദയ, ക്ഷമ എന്നീ സദ്ഗുണങ്ങൾ സ്വീകരിക്കുമ്പോൾ 'ഗഫാർ'[7] എന്ന ദൈവികവിശേഷണത്തിന്റെ ആവിഷ്കാരമായിത്തീരുകയാണവൻ. അപ്രകാരം തന്നെ കാഠിന്യം, അവിശ്വാസത്തോടും അധർമത്തോടുമുള്ള രോഷം, ക്രോധം എന്നിത്യാദി പ്രത്യേകതകളിൽ അവൻ 'ഖഹ്ഹാർ'[8] എന്ന ദൈവനാമത്തിന്റെയും വിശുദ്ധി,

---

6. ഇസ്ലാമിക നിയമശാസ്ത്രം.

7. വിശാലമായ ഔദാര്യത്തോടും അതിരറ്റ കാരുണ്യത്തോടും അഗാധമായ ദയാവായ്പോടും കൂടി മനുഷ്യരുടെ തെറ്റുകുറ്റങ്ങളും പാപകർമങ്ങളും പൊറുത്തു കൊടുക്കുന്നവൻ എന്ന അർഥത്തിൽ വിശുദ്ധഖുർആൻ പരിചയപ്പെടുത്തുന്ന അല്ലാഹുവിന്റെ വിശേഷനാമം. – വിവ.

8. അതിജയിക്കുന്നവൻ. അല്ലാഹുവിന്റെ മറ്റൊരു പേര്.

www.abulhasanalinadwi.org

ഭക്തി എന്നിവയിൽ ഖുദ്ദൂസ്[9] എന്ന ദൈവികവിശേഷണത്തിൻെറയും പ്രതിസ്ഫുരണമത്രെ. ഈദൃശമായ ഗുണവിശേഷങ്ങളെ സ്വാംശീകരിച്ചുകൊണ്ടല്ലാതെ മുസ്ലിമിന് ഇസ്ലാമിൻെറ യഥാർഥചിത്രം കാഴ്ചവയ്ക്കാനാവില്ല:

അധികാരവും ഔദാര്യവും വിശുദ്ധിയും ശക്തിയും,
ഇവയുടെ സമന്വയത്തിൽ നിന്നു ജനിപ്പൂ മുസൽമാൻ.

അസ്തമയമില്ലാത്ത സൂര്യനാണു സത്യവിശ്വാസി. ഒരിടത്ത് അസ്തമിക്കുമ്പോൾ അവൻ മറ്റൊരിടത്ത് ഉദയം കൊള്ളുന്നു:

വിശ്വമെങ്ങും വിശ്വാസികൾ,
ജീവിപ്പൂ വിദ്യുതകരനെപ്പോലെ;
ഇവിടെ അസ്തമിച്ചാൽ അവിടെ ഉദിക്കും,
അവിടെ അസ്തമിച്ചാലോ ഇവിടെ ഉദിക്കും.

ഇഖ്ബാലിൻെറ ഈ വിശകലനവും ചരിത്രയാഥാർഥ്യങ്ങളുടെ അംഗീകാരമുള്ളതാണ്. ഇസ്ലാമികലോകത്തിൻെറ ഏതെങ്കിലും ഒരു ദിക്കിൽ മുസ്ലിംകളുടെ തന്നെ വീഴ്ചകൾ കാരണമായി വല്ല ആപത്തും സംഭവിച്ചാൽ അതിൻെറ പരിഹാരം ഉടനെ മറ്റൊരു ദിക്കിൽ ദൃശ്യമായതായി കാണാം. ഇസ്ലാമിന് ഒരിടത്ത് ഒരു ക്ഷീണം വന്നു ഭവിച്ചാൽ അതിനു പകരം മറ്റൊരിടത്തു വലിയ വിജയമാണുണ്ടാവുക. ഒരു നക്ഷത്രം മിന്നിമറയുമ്പോൾ വേറെ ഒരു നക്ഷത്രം പകരം വന്നു വെളിച്ചം പകരുന്ന അദ്ഭുതമാണിത്. സ്പെയിനിൻെറ നഷ്ടം മുസ്ലിംലോകത്തെ സംബന്ധിച്ചിടത്തോളം ഒരു മഹാദുരന്തമായിരുന്നുവെന്നതിൽ സംശയമില്ല. പക്ഷേ, ഏകദേശം അതെ സമയത്തു തന്നെ യൂറോപ്പിൻെറ ഹൃദയത്തിൽ നിന്നു പുതിയൊരു മുസ്ലിം ഭരണകൂടമായി ഓട്ടോമൻ സാമ്രാജ്യം ഉദയം കൊണ്ടു. താർത്താരികളാൽ ബഗ്ദാദ് തകർക്കപ്പെട്ടത് ഇസ്ലാമികചരിത്രത്തിലെ വേദനാജനകമായ സംഭവമാണെങ്കിലും അക്കാലത്തു തന്നെയാണ് ഇന്ത്യയിൽ മുസ്ലിം ഭരണത്തിൻെറ വികാസം ഉച്ചിയിലെത്തിയത്. ഈ ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ തന്നെ മുസ്ലിംലോകത്തെ കൈപ്പിടിയിലൊതുക്കാൻ യൂറോപ്പിൻെറ ഭാഗത്തുനിന്നു കഠിനമായ ശ്രമങ്ങളുണ്ടായി. തുർക്കി വിഭജിക്കപ്പെടുമോ എന്നുപോലും കരുതപ്പെട്ടു. പക്ഷേ, മുസ്ലിംകൾ ലോകമെങ്ങും സടകുടഞ്ഞെഴുന്നേറ്റു. ചിന്താപരമായ ഉണർവും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അഭിനിവേശവും രാഷ്ട്രീയമായ അവബോധവും സൃഷ്ടിച്ചുകൊണ്ടു വിവിധ ഇസ്ലാമികപ്രസ്ഥാനങ്ങൾ രംഗത്തുവന്നു. ഇതിൻെറയൊക്കെ ഫല

9. പരിശുദ്ധൻ. മറ്റൊരു ദൈവികനാമം.

www.abulhasanalinadwi.org

മായി ഇന്ന് ഇസ്‌ലാമികലോകത്താകമാനം ഒരു പുനരുത്ഥാനത്തിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. അദൃശ്യലോകത്ത് ഒളിഞ്ഞിരിക്കുന്നത് എന്താണെന്ന് കാത്തിരുന്നു കാണുക. ഇസ്‌ലാമികസൂര്യൻ ഒരു ചക്രവാളത്തിൽ മറയുമ്പോൾ , മറ്റൊരു ചക്രവാളത്തിൽ അതിന്റെ പ്രഭാകിരണങ്ങളുമായി പ്രത്യക്ഷപ്പെടുന്നുവെന്നാണ് ഈ ചരിത്രസംഭവങ്ങൾ വ്യക്തമാക്കുന്നത്. ഇസ്‌ലാം, മനുഷ്യർക്കായി ദൈവം നൽകിയ അന്തിമസന്ദേശമായതുകൊണ്ടാണ് അതിന്റെ ഈ സവിശേഷത. അതിനു ശേഷം മറ്റൊരു സന്ദേശം ലോകത്ത് ഇനി ലഭിക്കാനില്ല. അതു മാനവതയ്ക്ക് ആകമാനം സൻമാർഗദീപമാകുന്നു. മുസ്‌ലിംകൾ ഈ സന്ദേശത്തിന്റെ അന്തിമവാഹകരത്രെ. അതുകൊണ്ടു തന്നെ അവരുടെ തകർച്ച ഈ മഹാസന്ദേശത്തിന്റെ നഷ്ടത്തിലാണു കലാശിക്കുക. അതോടെ മാനുഷ്യകത്തിന്റെ കപ്പൽ മുങ്ങിപ്പോവുകയും ചെയ്യും.

ഇസ്‌ലാമിന്റെ അസ്തിത്വം അവിശ്വാസത്തിനും അധർമത്തിനുമെതിരെ എന്നും വെല്ലുവിളി ഉയർത്തിയിട്ടുണ്ട്. സ്വന്തം സാന്നിധ്യം കൊണ്ടുതന്നെ മിഥ്യാവ്യവസ്ഥിതികൾക്കു മരണമണിയായിത്തീരുന്ന ഏക ജീവിതപദ്ധതിയാണിത്. ഇസ്‌ലാമിക ജീവിതവ്യവസ്ഥയുടെ സജീവസാന്നിധ്യം അനുഭവപ്പെടുകയും വിശ്വാസികളായ മനുഷ്യരുടെ ഒരു സംഘമെങ്കിലും അവശേഷിക്കുകയും ചെയ്യുന്നടിത്തോളം കാലം അസത്യാധിഷ്ഠിത വ്യവസ്ഥിതികൾക്കും പൈശാചികാധിപത്യത്തിനും നിലനിൽപില്ല. മുസ്‌ലിംസമൂഹത്തിന്റെ ചാരത്തിനകത്തുപോലും പിശാചിന്റെ മേൽക്കോയ്മയെ ചാമ്പലാക്കാൻ പോന്ന 'അഭിവാഞ്ഛയുടെ തീക്കനലുകളുണ്ട്. *ഇബ്‌ലീസ് കീ മജ്‌ലിസെ ശൂറ*[10] എന്ന തന്റെ അതുല്യമായ കവിതയിൽ ഈ യാഥാർഥ്യത്തെ അല്ലാമാ ഇഖ്ബാൽ അപ്രമേയമായ ഉപമകളിലൂടെ വിശദീകരിച്ചിരിക്കുന്നു. ഇന്നു പൈശാചികവ്യവസ്ഥിതിയുടെ കാവൽക്കാർ ഭയപ്പെടുന്നത് ഇസ്‌ലാമിനെയാണെന്ന് ഈ കവിതയിൽ അദ്ദേഹം സമർഥിക്കുന്നു. ഇസ്‌ലാമിക നിയമത്തെ ലോകത്തിന്റെ കണ്ണിൽ നിന്നു മറച്ചുപിടിക്കാൻ കഴിയുന്നതിലാണ് തന്റെ നിലനിൽപും വിജയവുമെന്ന് ഇബ്‌ലീസു പറയുന്നു. അതിന്റെ സൗഭാഗ്യത്തെക്കുറിച്ചു മുസ്‌ലിംകൾ തന്നെ അശ്രദ്ധരാണെന്ന വസ്തുത പിശാചിനെ ആശ്വാസം കൊള്ളിക്കുന്നതാണ്. അവരെ ദൈവശാസ്ത്രസംബന്ധിയായ തർക്കവിതർക്കങ്ങളിലും വാദപ്രതിവാദങ്ങളിലും തളച്ചിട്ടു, ജീവിതത്തിന്റെ അങ്കക്കളരിയിൽ അവരുടെ ചുവടുകൾ നിഷ്ഫലമാക്കാനും അങ്ങനെ

---

10. *ഇബ്‌ലീസ് കീ മജ്‌ലിസെ ശൂറ* = പിശാചിന്റെ ഉപദേശകസമിതി.

പഠനാർഹമായ ഈ കവിതയെക്കുറിച്ചൊരു വിശകലനം അടുത്ത അധ്യായത്തിൽ വരുന്നുണ്ട്. – വിവ.

www.abulhasanalinadwi.org

മറ്റുള്ളവരെ അധികാരികളും മുസ്‌ലിംകളെ അടിമകളുമാക്കാനും പിശാചുകളുടെ തലവൻ തന്റെ കൂട്ടാളികളെ ഉപദേശിക്കുന്നു. ഇബ്‌ലീസിന്റെ വാക്കുകളിൽ:

ഈ സമുദായത്തിൻ ഉത്ഥാനത്തിൽ,
സദാ ഭയപ്പാടിലാണു ഞാൻ,
ഈ മതത്തിൻ യാഥാർഥ്യം
പ്രപഞ്ചത്തിൻ ആധിപത്യം.

ഇസ്‌ലാമിന് എതിരായ കുതന്ത്രങ്ങളിൽ ചെകുത്താന്റെ അനുയായികൾ വിജയിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. യുവതലമുറയുടെ ഇസ്‌ലാമിക വിശ്വാസവും അവബോധവും കവർന്നെടുക്കാനുള്ള ഗൂഢാലോചനയായിരുന്നു അത്. അറബ്, അനറബു രാജ്യങ്ങളിലെ മുസ്‌ലിംകൾക്കു ദൈവമാർഗത്തിൽ സമരം ചെയ്യാനുള്ള സന്നദ്ധതയും തീക്ഷ്ണമായ പ്രതിസന്ധികളിൽ പതറാതെ നിൽക്കാൻ കരുത്തേകിയ ആത്മവിശ്വാസവും അതോടെ നഷ്ടമായി. ഇഖ്ബാലിന്റെ *ഇബ്‌ലീസ് കാ ഫർമാൻ അപ്നെ സിയാസി ഫർസന്ദാം കെ നാം*[11] എന്ന കവിതയിൽ ഇബ്‌ലീസ് ആഹ്വാനം ചെയ്യുന്നു:

ആ ദരിദ്രവാസിക്ക് അശേഷമില്ല മൃത്യുവിൽ ഭയം,
മുഹമ്മദിന്റെ ആത്മാവിനെ പുറത്താക്കൂ അവന്റെ ജഡത്തിൽ നിന്ന്;
അറബികളുടെ മനസ്സിനേകൂ പാശ്ചാത്യൻ ഭാവനകൾ;
ഇസ്‌ലാമിനെ ബഹിഷ്കരിക്കൂ അറേബിയയിൽ നിന്ന്.
അഫ്ഗാനികളുടെ മതാഭിമാനത്തിനുണ്ടൊരു ചികിത്സ;
മതാധ്യാപകനെ ആട്ടിപ്പായിക്കൂ, അവരുടെ മലമേടുകളിൽ നിന്ന്.

ഈ ലക്ഷ്യം നേടാൻ എളുപ്പവഴി മുസ്‌ലിംയുവാക്കളുടെ മസ്തിഷ്ക പ്രക്ഷാളനം നിർവഹിക്കുന്ന വിദ്യാഭ്യാസപദ്ധതി അവരുടെ മേൽ അടിച്ചേൽപിക്കുകയായിരുന്നു. അവരുടെ ധിഷണയെയും ഹൃദയത്തെയും കളങ്കപ്പെടുത്തി, ഇസ്‌ലാമിക ചിന്തയും വികാരവും നശിപ്പിക്കുവാനും, ഭൗതികലോഭവും ആശയക്കുഴപ്പവും സൃഷ്ടിച്ച് ആത്മവീര്യം തകർക്കാനും പാശ്ചാത്യമാതൃകയിലുള്ള വിദ്യാഭ്യാസം സഹായകമായി.

ലോകമെങ്ങും ഇസ്‌ലാമികാവേശം കുറയുന്നതും വിശ്വാസത്തിന്റെ തിരിനാളം മങ്ങിവരുന്നതും ജിഹാദു[12] മനഃസ്ഥിതി നഷ്ടപ്രായമായിക്കൊ

11. *ഇബ്‌ലീസ് കാ ഫർമാൻ അപ്നെ സിയാസി ഫർസന്ദാം കെ നാം* = തന്റെ രാഷ്ട്രീയ സന്താനങ്ങളോട് ഇബ്‌ലീസിന്റെ അഭ്യർഥന.

12. സത്യ സംരക്ഷണത്തിനും മർദിതരുടെ വിമോചനത്തിനും വേണ്ടി, ദൈവിക വചനമുയർത്തിപ്പിടിച്ചുകൊണ്ടു ദൈവമാർഗത്തിൽ വിശ്വാസികൾ നടത്താൻ ബാധ്യസ്ഥമായ വിവിധോൻമുഖമായ ധർമസമരം. – വിവ.

www.abulhasanalinadwi.org

ണ്ടിരിക്കുന്നതും ഭൗതികതയും സുഖലോലുപതയും സ്വാധീനം ശക്തിപ്പെടുത്തുന്നതും ഇഖ്ബാൽ വ്രണിതഹൃദയനായി നോക്കിക്കാണുകയാണ്:

അറബു സംസ്കൃതി തൻ വികാരസാന്ദ്രതയിലും,
പേർഷ്യൻ മനസ്സിൻെറ സംഗീതസാന്ദ്രതയിലും,
അറേബിയനല്ല മനനങ്ങൾ, പേർഷ്യനല്ല ഭാവനകൾ;
യൂഫ്രട്ടീസ്, ടൈഗ്രീസുകളുടെ കുറുനിരകൾക്കിപ്പോഴുമുണ്ട്
തിളക്കമെങ്കിലും,
അറേബിയായുടെ ഒട്ടകനിരയിലില്ല,
ഒരു ഹുസൈനിൻെറ സാന്നിധ്യം.

സമകാലിക മുസ്ലിംകളുടെ ശോച്യാവസ്ഥ കണ്ട് ഇഖ്ബാൽ വേദനിച്ചു. ഏകദൈവത്വത്തിൻെറ അനന്തരാവകാശികൾക്കു വന്നു ഭവിച്ച അധഃപതനമോർത്ത് അദ്ദേഹത്തിൻെറ കണ്ണുകൾ ഈറനണിയുകയും കവിതകൾ ഹൃദയരക്തത്തെ തപിപ്പിക്കുകയും ചെയ്യുന്നു:

ഹേ, 'ലാ ഇലാഹ'യുടെ അവകാശി, നിന്നിലില്ല തെല്ലും,
ഹൃദയം കവരും മൊഴി, വശ്യമാം സദ്ഗുണം;
നിൻെറ നോട്ടം സൃഷ്ടിച്ചിരുന്നു നെഞ്ചിടിപ്പ്,
പക്ഷേ, നഷ്ടമായീ നിന്നിൽ ഖലന്ദറിൻ വികാരം.

★☆★☆

ഊഴിയെ കിടിലം കൊള്ളിക്കുമായിരുന്നൊരാ സുജൂദ്,
കേഴുകയാണിന്നും അതിനായ് മിംബറും[13] മിഹ്റാബും[14]
ഈജിപ്തിലും ഫലസ്ഥീനിലും കേട്ടില്ല ഞാൻ,
പർവതങ്ങളെ പ്രകമ്പനം കൊള്ളിക്കുമാ ബാങ്കൊലി.

★☆★☆

നിൻെറ ആഴിയിലില്ല ജീവിതത്തിൻ മുത്ത്;
തിരഞ്ഞു നടന്നു ഞാൻ തിരകൾ തോറും, ചിപ്പികൾ തോറും.

ഈ പ്രശ്നങ്ങളുടെയെല്ലാം ഹേതു ഇഖ്ബാൽ കാണുന്നതു വിശ്വാസിയുടെ ഹൃദയത്തിലാണ്. അതിനു വിശ്വാസം കൈമോശം വരികയും അതിനകത്തു ജീവിതത്തിൻെറ ജ്വാലകൾ അണയുകയും ചെയ്തിരിക്കുന്നു:

പ്രേമത്തിൽ ഉൻമാദം ശൂന്യം,
മുസ്ലിംകളിൽ ചലിക്കുന്നില്ല രക്തം;

---

13. മസ്ജിദിലെ പ്രസംഗപീഠം.

14. മസ്ജിദിൽ ഇമാം പ്രാർഥന നയിക്കുമ്പോൾ നിൽക്കുന്ന സ്ഥലം.

www.abulhasanalinadwi.org

സഫ്ഫു[15]കൾ വക്രം, ഹൃദയം വിഷണ്ണം, സുജൂദിലില്ല സായൂജ്യം,
അന്തരാളത്തിലില്ല വികാരം.

പക്ഷേ, ഇഖ്ബാൽ നൈരാശ്യത്തിന്റെ കവിയല്ല. പ്രത്യുത, പ്രതീക്ഷയുടെയും പ്രത്യാശയുടെയും വിശ്വാസത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും കവിയാണ്. മുസ്ലിംലോകം അതിനേറ്റ രാഷ്ട്രീയപ്രഹരത്തെ അതിജയിക്കുമെന്നും ഒരു നവജീവിതത്തിന്റെ തരംഗം അതിനെ തഴുകുമെന്നും ഉള്ള തികഞ്ഞ ശുഭാപ്തിവിശ്വാസമാണു *തുലൂയെ ഇസ്ലാം* എന്ന പ്രസിദ്ധമായ കവിതയിൽ ഇഖ്ബാൽ പ്രകടിപ്പിക്കുന്നത്:

താരകങ്ങൾ മങ്ങിമറയുകയായ്, പ്രോജ്വല പ്രഭാതം വരികയായ്,
നഭസ്സിൽ നിന്നുദിച്ചു ദിനകരൻ, സുഷുപ്തിയുടെ കാലം വിടവാങ്ങുകയായ്.
കിഴക്കിൻ നിർജീവസിരകളിൽ ജീവരക്തം ചലിക്കുകയായ്;
സീനായ്ക്കും ഫാറാബിക്കു, ദുർഗ്രഹമീ രഹസ്യം,
മുസ്ലിമിനെ മുസ്ലിമാക്കി പടിഞ്ഞാറൻ കൊടുങ്കാറ്റ്,
കടലിന്റെ കോളിളക്കത്തിലല്ലോ രത്നത്തിൻ പൂർണത;
ദൈവസന്നിധിയിൽ നിന്നു നൽകീടും വിശ്വാസിക്കു വീണ്ടും,
തുർക്കിയുടെ തേജസ്സ്, ഇന്ത്യൻ മനസ്സ്, അറേബ്യൻ വചസ്സ്.

★☆★☆

ഭഗ്നാശനല്ല ഇഖ്ബാൽ,
തന്റെ ശൂന്യമാം കൃഷിപ്പാടങ്ങളെ ചൊല്ലി;
മണ്ണോ ഫലഭൂയിഷ്ഠം,
ഒരു തുള്ളി മഴ കൂടി, ഹേ, സാഖി!

പാശ്ചാത്യസംസ്കാരം തകർച്ചയുടെ വക്കത്താണെന്ന് ഇഖ്ബാൽ പറയുന്നു. അത് അന്ത്യശ്വാസം വലിക്കുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. പഴുത്തു പാകമായ പഴം പോലെയാണത്. അതു ഞെട്ടറ്റു വീഴാൻ ഇനി ഏറെ താമസമില്ല. അതിന്റെ സ്ഥാനത്തേക്കു മറ്റൊരു സംസ്കാരം കടന്നുവരാൻ പോകുന്നു. പഴയ ലോകം മരിച്ചു. പുതിയൊരു ലോകം ജനിക്കാനിരിക്കുന്നു. പക്ഷേ, ഈ നവലോകത്തിന്റെ നേതൃത്വം വിശ്വാസികളായ പൂർണപുരുഷൻമാർ ഏറ്റെടുക്കാത്ത കാലത്തോളം പടിഞ്ഞാറൻ ചൂതാട്ടകൗശലക്കാരുടെ കരങ്ങളിൽ മാനവതയുടെ സംഹാരം തുടർന്നേ പോകും. വിശ്വാസിയായ മനുഷ്യൻ ഉണരട്ടെ. പുതിയ വ്യവസ്ഥിതിയുടെ സംസ്ഥാപനം നിർവഹിച്ചു, മാനവതയുടെ വേദനകളകറ്റുന്ന സിദ്ധൗഷധം ഒരു പുതുജീവിതത്തിലൂടെ അവൻ മനുഷ്യർക്കായി പകർന്നു നൽകട്ടെ:

15. സംഘപ്രാർഥനയിൽ അണിചേരുന്നവരുടെ വരികൾ.

www.abulhasanalinadwi.org

ജനിപ്പൂ ഒരു പുതുലോകം, ചരമമടയുകയാണു പഴയ ലോകം;
യൂറോപ്യൻ ചൂതാട്ടക്കാരുടെ ചൂതുശാല!

www.abulhasanalinadwi.org

8

പിശാചിൻെറ ഉപദേശകസമിതി

ഇഖ്ബാലിൻെറ അന്ത്യകാലരചനകളുടെ സമാഹാരമായ *അർമുഗാനെ ഹിജാസ്*[1] *ൽ ഇബ്ലീസ് കീ മജലിസെ ശൂറ* എന്ന പേരിൽ അപൂർവ ശൈലിയിൽ വിരചിതമായ ഒരു കവിതയുണ്ട്. ഒരു പൈശാചികപാർലമെൻറിൻെറ ചിത്രീകരണമാണിതിലെ ഇതിവൃത്തം. പൈശാചിക വ്യവസ്ഥിതിയുടെ പ്രതിനിധികളെല്ലാവരും കൂടി സമ്മേളിച്ചു തങ്ങളുടെ ഹീനതന്ത്രങ്ങളുടെ മാർഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്ന ആശയങ്ങളെയും രാഷ്ട്രീയവീക്ഷണങ്ങളെയും പ്രസ്ഥാനങ്ങളെയും വിശകലനം ചെയ്യുകയാണ്. പിശാചിൻെറ ശിഷ്യൻമാർ ഓരോരുത്തരായി തങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും സഭയിൽ അവതരിപ്പിക്കുന്നു. സഭാധ്യക്ഷനായ ചെകുത്താൻ അതെല്ലാം കേട്ട ശേഷം തൻെറ വിപുലമായ ലോകവിവരത്തിൻെറയും അനുഭവപരമ്പരകളുടെയും അടിസ്ഥാനത്തിൽ അന്തിമവിശകലനം നടത്തി വിധി പറയുന്നു. തങ്ങളുടെ ചിന്തയ്ക്ക് അപ്പുറത്തുള്ള ഗുരുവചനങ്ങൾ ശിഷ്യൻമാർ ഒന്നടങ്കം ശരിവയ്ക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു.

---

1. *അർമുഗാനെ ഹിജാസ്* = അറേബിയയുടെ ഉപഹാരം.

www.abulhasanalinadwi.org

ഇബ്‌ലീസ് നടത്തുന്ന വിധിയെഴുത്തിൻെറ രത്നച്ചുരുക്കം ഏകശത്രു മുസ്‌ലിം ആണെന്ന കണ്ടെത്തലാണ്. ഏതു സമയവും കത്തിക്കാളി പൈശാചിക വ്യവസ്ഥിതിയുടെ ഘടനയെ തന്നെ ചാരമാക്കാൻ പോന്ന തീക്കനലാണ് അവൻ. അതുകൊണ്ടു തന്നെ സകല കഴിവുകളും വിഭവങ്ങളും ഈ മുഖ്യഎതിരാളിക്കു നേരെ തിരിച്ചുവിടണമെന്നാണു ബുദ്ധി ആവശ്യപ്പെടുന്നത്. മുസ്‌ലിമിനെ അവസാനിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ തന്നെ അവനെ അശ്രദ്ധയുടെയും ആലസ്യത്തിൻെറയും സുഖസുഷുപ്തിയിൽ തളച്ചിട്ടു ദുർബലനാക്കാനെങ്കിലും സാധിക്കണം.

ഈ കവിതയിൽ മുസ്‌ലിമിൻെറ ചിത്രം അതീവവൈദഗ്ധ്യത്തോടെ വരച്ചു കാണിക്കുന്നുണ്ട് ഇഖ്ബാൽ. ഒപ്പം മറ്റു മതദർശനങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും അവയുടെ നേതാക്കളെയും വിശകലനത്തിനു വിധേയമാക്കുകയും ചെയ്യുന്നു. ഇബ്‌ലീസിൻെറ ഒരു ലഘുഭാഷണത്തോടു കൂടിയാണു സഭയുടെ സമ്മേളനം സമാരംഭിക്കുന്നത്:

പഞ്ചഭൂതങ്ങളുടെ പഴയ കളി, നിസ്സാരമാമീ ലോകം,
ഉന്നത സ്വർഗവാസികൾ തൻ പ്രതീക്ഷകളുടെ ശവപ്പറമ്പ്;
അതിനെ സംഹരിക്കാൻ സന്നദ്ധനാണിന്നതിൻ സ്രഷ്ടാവ്,
കാഫ്, നൂനി[2] ൻെറ ഉലകമെന്നതിനെ പേരു വിളിച്ചൊരാ നിയന്താവ്.
പാശ്ചാത്യർക്കു കാണിച്ചു ഞാൻ സാമ്രാജ്യത്വത്തിൻ സ്വപ്നം,
തകർത്തു ഞാൻ മസ്ജിദ്,ക്ഷേത്ര, ചർച്ചുകളുടെ സ്വാധീനം;
പാവങ്ങളെ പഠിപ്പിച്ചു ഞാൻ ദൈവനിശ്ചയത്തിൻ പാഠം,
പണക്കാർക്കേകി ഞാൻ മുതലാളിത്തത്തിൻ ലോഭം.
തൻെറ വിക്ഷോഭങ്ങളിൽ ഇബ്‌ലീസിൻെറ അന്തർതാപമുള്ളോൻ,
അവൻെറ കത്തിക്കാളും ജ്വാലയെ തണുപ്പിക്കാൻ ആരുണ്ടിവിടെ?
നാം നനച്ചു വളർത്തിയ ഉയരമുള്ള ചില്ലകൾ,
ഈ പഴയ മരത്തെ പിഴുതെറിയാൻ ആരുണ്ടിവിടെ?

ഇബ്‌ലീസിൻെറ ആമുഖപ്രസംഗത്തിനു ശേഷം സംസാരിക്കാനെഴുന്നേറ്റ ഒന്നാമത്തെ ഉപദേശകൻ പൈശാചികവ്യവസ്ഥിതിയുടെ അധികാരശക്തിയിൽ ആരും സംശയിക്കേണ്ടതില്ലെന്നു തറപ്പിച്ചു പറഞ്ഞു. മന്ത്രവനും യാചകനും ഒരുപോലെ അതിൻെറ ആധിപത്യം അംഗീകരിച്ചിരിക്കുന്നു. പൊതുജനത്തിന് അടിമത്തത്തിലും തങ്ങളുടെ ഹീനമായ അവസ്ഥയിലും സംതൃപ്തിയാണുള്ളത്. അവരുടെ ഹൃദയം അചേതനമായിരിക്കുന്നു. അതിൽ

2. സൃഷ്ടിയുടെ വേളയിൽ ദൈവം മൊഴിയുന്നതായി വിശുദ്ധ ഖുർആനിൽ പറയുന്ന 'കുൻ' (നീ ഉണ്ടാകുക) എന്ന അറബിപദത്തിലെ രണ്ടു അക്ഷരങ്ങളാണു കാഫും നൂനും.–വിവ.

www.abulhasanalinadwi.org

അഭിലാഷങ്ങൾ പിറവിയെടുക്കുന്നില്ല. അഥവാ പിറവിയെടുത്താൽ തന്നെ പെട്ടെന്നു തകരുന്നു. മുസ്‌ലിംജനസാമാന്യത്തിനു നേതൃത്വം നൽകുന്ന സൂഫികളുടെയും മുല്ലമാരുടെയും ഗണ്യമായ ഒരു വിഭാഗം നിരന്തരമായ പൈശാചിക പരിശ്രമങ്ങളുടെ ഫലമായി രാജവാഴ്ചയുമായി രാജിയായിക്കഴിഞ്ഞുവെന്ന് ഉപദേശകൻ അറിയിച്ചു. ആധ്യാത്മികത, ആത്മസംസ്കരണം, അന്തർജ്ഞാനം, ഭക്തി, ധർമം തുടങ്ങിയ സൂഫീതത്വങ്ങളെ കേവലം ഹർഷോൻമാദത്തിലും ഖവ്വാലി പോലുള്ള പാട്ടുകച്ചേരികളിലും നൃത്തനൃത്ത്യങ്ങളിലും ഒതുക്കിയിരിക്കുകയാണ് ഇന്നത്തെ സൂഫി. സൂഫിയുടെ 'അവസ്ഥകളുടെയും പദവികളുടെയും' ലോകം തന്നിൽ നിന്നൊട്ടും മുമ്പോട്ടു പോകുന്നതല്ല. പണ്ഡിതനായ മുല്ലയോ, തൻെറ അറിവും വീക്ഷണവും മതകാര്യങ്ങളിലെ വിവാദങ്ങൾക്കും ഖണ്ഡനമണ്ഡനങ്ങൾക്കും വളച്ചൊടിച്ച പ്രസംഗങ്ങൾക്കും വേണ്ടി വിനിയോഗിക്കുന്നു. ജനങ്ങൾക്കു മതകീയവും രാഷ്ട്രീയവുമായ നേതൃത്വം നൽകേണ്ടവർ ഏകാധിപത്യവാഴ്ചയ്ക്കും അധർമത്തിൻെറ ഭരണകൂടങ്ങൾക്കും വിടുവേല ചെയ്യുകയാണ്. മതത്തിൻെറ ബാഹ്യചിഹ്നങ്ങളൊക്കെ ബാക്കിയുണ്ട്. ഹജ്ജും തവാഫും[3] മുറയ്ക്കു നടക്കുന്നു. പക്ഷേ ലോകത്തിൻെറ നേതൃത്വവും അധീശത്വവും മുസ്‌ലിംകളുടെ കൈവശമില്ല. അവരുടെ വാളിൻെറ മൂർച്ച പോയിരിക്കുന്നു. ജിഹാദ് ഹറാമാ[4]ണെന്ന ഇജ്മാഇ[5]ലെത്താൻ സാധിക്കും വിധം അവരെ നൈരാശ്യം പിടികൂടിയിരിക്കുന്നു.

പൈശാചിക വ്യവസ്ഥിതി നിസ്സംശയം ഭദ്രം,
അതിനാൽ പകുതയാർന്നു അടിമത്തത്തിൽ പൊതുജനം;
ആദികാലം തൊട്ടേ സാധുക്കൾക്കു വിധി സുജൂദ്,
അവരുടെ പ്രകൃതം ഖിയാം[6] ഇല്ലാത്ത നമാസ്.
അവരുടെ ഹൃത്തിൽ ജനിക്കുന്നില്ല അഭിവാഞ്ഛ;
ജനിച്ചാലോ നശിച്ചീടും വൈകാതെ.
നമ്മുടെ പ്രയത്നത്തിൻ മഹാദ്ഭുതം ശ്രവിച്ചാലും:
സൂഫിയും മുല്ലയും സ്വീകരിച്ചു രാജവാഴ്ചയുടെ ദാസ്യം!
കിഴക്കൻ പ്രകൃതത്തിന് ഈ കറുപ്പ് ഏറെ അനുയോജ്യം;

3. കഅബാ പ്രദക്ഷിണം

4. നിഷിദ്ധം

5. മതകാര്യങ്ങളിൽ പണ്ഡിതൻമാർ ഏകോപിച്ചു പ്രകടിപ്പിക്കുന്ന അഭിപ്രായം.

6. ഇസ്‌ലാമിലെ നിർബന്ധ പ്രാർഥനയെ 'നമാസ്' എന്നും അതിൽ എഴുന്നേറ്റു നിൽക്കുന്നതിനെ 'ഖിയാം' എന്നും സാഷ്ടാംഗം നമസ്കരിക്കുന്നതിനെ 'സുജൂദ്' എന്നും പറയുന്നു. – വിവ.

www.abulhasanalinadwi.org

അല്ലെങ്കിലും ഖവ്വാലിക്കെന്തു കുറവു ദൈവശാസ്ത്രത്തെക്കാൾ?
ഹജ്ജും തവാഫും അവശേഷിച്ചിട്ടെന്തു കാര്യം?
വിശ്വാസിയുടെ ഉറയിലിട്ട വാളിനു മൂർച്ചയും പോയി;
അവൻെറ നൈരാശ്യത്തിനു ദൃഷ്ടാന്തം ഈ പുതിയ ആഹ്വാനം,
ഇക്കാലത്തു ജിഹാദു മുസ്ലിമിനു നിഷിദ്ധം!

അപ്പോഴേക്കും രണ്ടാമത്തെ ഉപദേശകൻ ജനാധിപത്യം ഉയർത്തുന്ന ഭീഷണിയെക്കുറിച്ചു സൂചിപ്പിക്കുന്നു:

ജനാധിപത്യത്തിനായുള്ള മുറവിളി നൻമയോ തിൻമയോ?
കഷ്ടം! അറിയുന്നില്ല നിങ്ങൾ ലോകത്തിൻ പുതിയ പ്രശ്നങ്ങളെ.

അതിനു മറുപടിയായി, ജനാധിപത്യം ഒരു വെല്ലുവിളിയായി താൻ കരുതുന്നില്ലെന്നും ഏകാധിപത്യത്തിൻെറ വികൃതമുഖം മറച്ചു പിടിക്കാനായി കണ്ടെത്തിയ ആകർഷകമായ ഒരു മുഖംമൂടി മാത്രമാണ് അതെന്നും ഒന്നാമത്തെ ഉപദേശകൻ അഭിപ്രായപ്പെട്ടു. രാജവാഴ്ചയെ ജനാധിപത്യമാക്കി അണിയിച്ചൊരുക്കിയത് നാം തന്നെയാണ്. അതുകൊണ്ട് അതു നമ്മുടെ തന്നെ സൃഷ്ടിയാകുന്നു. ഏകാധിപത്യം മടുത്ത ജനങ്ങൾക്കിടയിൽ ആത്മാഭിമാനവും സ്വാതന്ത്ര്യബോധവും വളരാൻ തുടങ്ങുമ്പോൾ നമ്മുടെ വ്യവസ്ഥിതിക്കെതിരായി ഭീഷണി ഉയർന്നുവരുന്നതായി നാം മനസ്സിലാക്കുന്നു. അപ്പോഴാണു ജനാധിപത്യത്തിൻെറ കളിപ്പാട്ടം നൽകി അവരെ മയക്കാൻ നാം പരിശ്രമിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട നേതാക്കളും മന്ത്രിമാരും രാജവാഴ്ചയുടെ പുതിയ പേരുകളും രൂപങ്ങളും മാത്രമാകുന്നു. ഒരു വ്യക്തിയെ മാത്രം ആശ്രയിച്ചു നിലനിൽക്കുന്നതല്ല രാജാധിപത്യം. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യലും ചതിപ്രയോഗങ്ങളിലൂടെ മറ്റുള്ളവരുടെ ധനം കൊള്ളയടിക്കലുമാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിൻെറ ഘടനയിൽ വ്യക്തിക്കോ സമൂഹത്തിനോ ഒരു സ്ഥാനവുമില്ല. പാശ്ചാത്യജനാധിപത്യവും ഈ അവസ്ഥയിൽ നിന്നു മുക്തമല്ല. അതിൻെറ മുഖം പ്രകാശവത്താണെങ്കിലും അകം ചെങ്കിസ്ഖാൻ, ഹലാകൂഖാൻ എന്നിവരുടെതു പോലെ അന്ധവും ഭയാനകവുമത്രെ.

വിശദീകരണം കേട്ട ശേഷം രാജവാഴ്ചയുടെ ആത്മാവു ജീവനോടെയിരിക്കുന്ന വിവരമറിഞ്ഞു മൂന്നാമത്തെ ഉപദേശകൻ ആശ്വാസത്തിൻെറ നെടുവീർപ്പിട്ടു. പക്ഷേ, പ്രവാചകനല്ലെങ്കിലും അനുയായികൾക്കിടയിൽ പ്രവാചകനെ പോലെ ഗണിക്കപ്പെടുന്ന ആ മുടിയനായ യഹൂദൻ കാൾ മാർക്സ് കൊണ്ടുവന്ന വമ്പിച്ച കുഴപ്പത്തെ പറ്റി എന്തു പറയുന്നു? ഉപദേശകൻ ചോദിച്ചു. കാൾ മാർക്സിനു ഒരു വിപ്ലവകാരിയുടെ പരിവേഷമുണ്ടായിരുന്നു.

www.abulhasanalinadwi.org

പക്ഷേ ദൈവിക മാർഗദർശനം ലഭിക്കായ്ക കാരണമായി അദ്ദേഹം ജ്യോതിയില്ലാത്ത മൂസയായി പരിണമിക്കുകയും ലോകത്തിനു ശരിയായ ദിശ കാണിച്ചുകൊടുക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു. മാർക്സ് മതങ്ങളെ നിഷേധിക്കുകയും വേദഗ്രന്ഥങ്ങളെ തിരസ്ക്കരിക്കുകയും ചെയ്തുവെന്നാലും കമ്മ്യൂണിസ്റ്റുകളുടെ കണ്ണിൽ അദ്ദേഹത്തിൻെറ സ്വന്തം രചനയായ *'ദാസ് കാപിറ്റൽ'* ഒരു വേദഗ്രന്ഥവും കമ്യൂണിസം ഒരു മതവുമാകുന്നു. അദ്ദേഹത്തിൻെറ പ്രത്യയശാസ്ത്രം ലോകത്തെ പിടിച്ചു കുലുക്കുകയാണ്. വർഗസമരസിദ്ധാന്തത്തിലൂടെ ബൂർഷ്വാസിക്കെതിരെ തൊഴിലാളികളെ തിരിച്ചുവിട്ടു ജനതതികൾക്കിടയിൽ വിദ്വേഷത്തിൻെറ വിത്തു വിതയ്ക്കാനും കമ്യൂണിസത്തിനു കഴിഞ്ഞിരിക്കുന്നു:

രാജവാഴ്ചയ്ക്കു ജീവനുണ്ടെങ്കിൽ പിന്നെയെന്തിന് അസ്വാസ്ഥ്യം?
പക്ഷേ, ഈ യഹൂദൻെറ ശല്യത്തിനെന്തുണ്ടു പരിഹാരം?
ആ ജ്യോതി രഹിതനാം മൂസ,
പ്രവാചകനല്ലാ, പക്ഷേ കക്ഷത്തുണ്ടൊരു ഗ്രന്ഥം;
എങ്ങനെ വിവരിക്കും ആ നിഷേധിയുടെ തുളയ്ക്കുന്ന നോട്ടം!
പൗരസ്ത്യ, പാശ്ചാത്യ രാഷ്ട്രങ്ങൾക്കു വിചാരണാദിനം;
എന്തുണ്ടിതിൽപരം ഒരു കുഴപ്പം?
അടിമകൾ പൊട്ടിച്ചെറിഞ്ഞു, യജമാനൻമാരുടെ കൂടാരക്കയറുകൾ.

തൻെറ ഊഴം എത്തിയപ്പോൾ അഞ്ചാമത്തെ ഉപദേശകൻ സഭാധ്യക്ഷനോടായി പറഞ്ഞു: പാശ്ചാത്യ ഇന്ദ്രജാലക്കാർ അങ്ങയുടെ വത്സലശിഷ്യൻമാരാണെങ്കിലും എനിക്ക് അവരുടെ ബുദ്ധി സാമർഥ്യത്തിൽ വിശ്വാസമില്ല. യഹൂദനായ സാമിരി[7] (ഇറാനിലെ മസ്ദകിൻെറ അവതാരമായ കാൾ മാർക്സ്) ലോകത്തെ ആപത്തിലേക്കു നയിക്കുകയാണ്. അദ്ദേഹത്തിൻെറ സ്വാധീനത്താൽ മേലാളനും കീഴാളനും ഒരുപോലെയായിരിക്കുന്നു. ഏതു തെണ്ടിയും ചക്രവർത്തിക്കു സമാനനാണത്രെ. തുടക്കത്തിൽ ഈ അപകടത്തെ നാം വേണ്ടുവോളം ഗൗനിച്ചില്ല. പക്ഷേ, ഇന്നതിൻെറ ഭീഷണി വർധിച്ചിരിക്കുന്നു. അതിൻെറ ഭവിഷ്യത്തുകളോർത്തു ഭൂമി വിറകൊള്ളുകയാണ്. അങ്ങയുടെ നേതൃത്വം വലിയൊരു പ്രതിസന്ധി നേരിടാൻ പോകുന്നതായും അങ്ങ് അടക്കി വാണ ലോകം തന്നെ തകരാൻ പോകുന്നതായും അനുഭവപ്പെടുന്നു:

---

7. മൂസാനബി(അ)യുടെ കാലത്തു ജനങ്ങളെ ഏകദൈവത്വത്തിൽ നിന്നു തെറ്റിച്ച് അവരാൽ ആരാധിക്കപ്പെടാനായി സ്വർണത്തിൻെറ പശുക്കുട്ടിയെ നിർമിച്ച വ്യക്തി. ഈ സംഭവം വിശുദ്ധ ഖുർആനിൽ വിവരിക്കുന്നുണ്ട്. – വിവ.

www.abulhasanalinadwi.org

പാശ്ചാത്യാദിചാരകൻമാരഖിലം അങ്ങയുടെ ശിഷ്യഗണങ്ങളാണെങ്കിലും,
ഇന്നെനിക്കു വിശ്വാസമില്ല, അവരുടെ ധിഷണാശക്തിയിൽ;
യഹൂദനാം കുഴപ്പക്കാരൻ, മസ്ദകിൻെറ അവതാരം!
സകല വസ്ത്രങ്ങളെയും നൂലുകളാക്കാൻ പോന്നതാണവൻെറ ഉൻമാദം.
കാട്ടുകാക്ക കോഴിക്കും രാജാളിപ്പക്ഷിക്കും സമമാണത്രെ!
എത്ര പെട്ടെന്നു മാറുന്നു കാലത്തിൻ മനോഭാവം;
വിണ്ണിൻ വിശാലതയിൽ അസ്വസ്ഥനായി വ്യാപിപ്പൂ,
ഒരു പിടി മണ്ണെന്നു നാം കരുതിയൊരീ പാവം.
നാളത്തെ ആപത്തിൻ ഗൗരവത്താൽ ലോകത്തിലിന്ന്,
വിറ കൊള്ളുകയാണു മലയും പുൽമേടും അരുവിയും;
അങ്ങയുടെ സാരഥ്യത്തെ മാത്രം ആശ്രയിക്കുമീ ഭുവനം;
അതു തകർന്നു തരിപ്പണമായേക്കും പ്രഭോ!

അവസാനമായി, സഭാംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ഇബ്ലീസ് തൻെറ അന്തിമവിധി പറയുന്നു. ഈ പ്രസ്ഥാനങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും ഞാനൊട്ടും ഭയപ്പെടുന്നില്ല. ലോകകാര്യങ്ങളുടെ നിയന്ത്രണം ഇപ്പോഴും എൻെറ കരങ്ങളിൽ തന്നെയാണ്.എനിക്കു പങ്കില്ലാത്ത ഒരു രാഷ്ട്രീയമാറ്റവും എങ്ങും സംഭവിക്കുന്നില്ല. രാഷ്ട്രങ്ങളെ തമ്മിലടിപ്പിച്ചു, വിശേഷിച്ചും യൂറോപ്യൻജനതകളുടെ ചോര ചൂടു പിടിപ്പിച്ച് എല്ലാവർക്കും എൻെറ ശക്തി ഞാൻ കാണിച്ചുകൊടുക്കും. മനുഷ്യർ ചെന്നായ്ക്കളെ പോലെ പരസ്പരം കടിച്ചുകീറും. ഞാൻ ഒന്നു കണ്ണുവച്ചാൽ യൂറോപ്പിലെ രാഷ്ട്രീയനേതാക്കളുടെ രാജ്യതന്ത്രജ്ഞതയും വിശുദ്ധപോപ്പിൻെറ ആത്മീയതയും വ്യഥാവിലാകും. ക്രോധത്തിൻെറ ആധിക്യത്താൽ മനസ്സിൻെറ സമനില തെറ്റിയവരെപ്പോലെ അവർ പെരുമാറുകയും ചെയ്യും. കമ്യൂണിസത്തെയും ഒരു ഭീഷണിയായി ഞാൻ കണക്കാക്കുന്നില്ല. അതിൻെറ പരിശ്രമം പ്രകൃതിക്ക് എതിരാണ്. അസമത്വത്തെ തർക്കശാസ്ത്രം കൊണ്ടു നേരിടാനാണ് അതിൻെറ പുറപ്പാട്. ഈ കിറുക്കൻമാരുടെ പ്രവർത്തനങ്ങൾ എന്നെ എങ്ങനെ ഭയപ്പെടുത്താനാണ്?

എൻെറ നിയന്ത്രണത്തിൽ തന്നെയാണീ നിറവും മണവുമുള്ള ഭുവനം;
ഭൂമിയും വാനവും ഗ്രഹങ്ങളും; പാളികൾക്കു മേൽ പാളികൾ!
രാഷ്ട്രങ്ങളുടെ രക്തം ഞാനൊന്നു തപിപ്പിച്ചാൽ,
കിഴക്കും പടിഞ്ഞാറും കാണുമെൻെറ കളി!
രാഷ്ട്രീയനായകരും ചർച്ചിലെ പുരോഹിതരും,
എൻെറ ഒരു വചനം മതി അവരെ ഭ്രാന്തരാക്കീടുവാൻ.
ലോകം ഒരു സ്ഫടിക നിർമ്മാണശാലയെന്നു നിനയ്ക്കുന്ന മൂഢൻ!
അവനൊന്നു ശ്രമിക്കട്ടെ ഈ സംസ്കാരത്തിൻ ചഷകം തകർക്കാൻ.

www.abulhasanalinadwi.org

പ്രകൃതിയുടെ കരങ്ങൾ നെയ്തെടുത്തതാണീ വസ്ത്രം,
മസ്ദഹിൻ തർക്കശാസ്ത്രങ്ങളാം സൂചി കൊണ്ടാവില്ലതു തുന്നിടുവാൻ;
കമ്യൂണിസ്റ്റു പരദേശികൾ എന്നെയെങ്ങനെ പേടിപ്പിക്കാൻ?
ഇവരുടെ ലോകം വിഷണ്ണം, മാനസം അസ്വസ്ഥം, വചനം അസംഗതം.

യഥാർഥത്തിൽ ആരിൽ നിന്നെങ്കിലും തൻെറ ആധിപത്യത്തിനെതിരെ വെല്ലുവിളി ഉയർന്നിട്ടുണ്ടെങ്കിൽ അതു മുസ്ലിംസമൂഹത്തിൽ നിന്നു മാത്രമാണെന്നു ചെകുത്താൻ തുടർന്നു പറയുന്നു. അവൻെറ തീക്കനലിൽ പുതുജീവിതത്തിൻെറയും ദൃഢനിശ്ചയത്തിൻെറയും അഗ്നി ഇപ്പോഴും ഒളിഞ്ഞിരിപ്പുണ്ട്. 'ചൊട്ടയിലെ ശീലം ചുടല വരെ' എന്നാണല്ലോ. മുസ്ലിംകളുടെ സംഘടിതശക്തി ദുർബലമാണെങ്കിലും കഴിവും മികവുമുറ്റ പ്രഗദ്ഭ വ്യക്തിത്വങ്ങൾക്ക് അവർക്കിടയിൽ ഒരു ക്ഷാമവുമില്ല. അവരുടെ ഐക്യദാർഢ്യം ഛിന്നഭിന്നമായിട്ടുണ്ടെങ്കിലും അപചയങ്ങളെ വിജയങ്ങളാക്കാനും മുങ്ങിയ കപ്പൽ പൊക്കിയെടുക്കാനും ചരിത്രത്തിൻെറ ഗതി തിരിച്ചു വിടാനും സാധിക്കുന്ന അചഞ്ചലരായ ധീരപുരുഷൻമാർ ഇന്നും അവർക്കിടയിലുണ്ട്. അവരുടെ രാവുകൾ പ്രാർഥനാവിലാപങ്ങളാൽ നിദ്രാവിഹീനങ്ങളത്രെ. പുലർകാലത്തെ ബാഷ്പധാര കൊണ്ടാണ് അവർ പ്രാർഥനയ്ക്കായി അംഗശുദ്ധി ചെയ്യുന്നത്. ചുരുക്കത്തിൽ, നിശാപ്രാർഥനയാണ് അവരുടെ ഏറ്റവും വലിയ ആയുധം. അതുകൊണ്ടു കമ്യൂണിസമല്ല, ഇസ്ലാമാകുന്നു ഭാവിയിലെ ഭീഷണി:

വെല്ലുവിളി എനിക്കെതിരായുണ്ടെങ്കിൽ അത് ആ സമുദായത്തിൽ നിന്ന്,
അതിൻെറ കനൽകട്ടയിലുണ്ട് അഭിലാഷത്തിൻെറ ജ്വാലകൾ;
ഇടയ്ക്കിടെ കാൺമൂ ഞാൻ ഈ ജനതയിൽ,
പുലർകാല കണ്ണീരു കൊണ്ടു വുദു[8] ചെയ്തിടും അക്രമിയെ!
കാലത്തിൻ രഹസ്യം അറിയുന്നോൻ ഗ്രഹിച്ചിടുന്നു,
നാളത്തെ പ്രശ്നം കമ്യൂണിസമല്ല, ഇസ്ലാമാണെന്ന്.

തൻെറ നിഗമനങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഇബ്ലീസ് കൂട്ടിച്ചേർത്തു: മുസ്ലിംകൾ ഖുർആനികജീവിതപദ്ധതിയെ കയ്യൊഴിച്ചിരിക്കുന്നു. ധനലോഭവും പ്രയോജനാത്മകതയും അവനെ കീഴ്പെടുത്തുകയും ചെയ്തിരിക്കുന്നു. കിഴക്കിൻെറ ഭാവി ഇരുളടഞ്ഞതാണെന്നും ഞാൻ മനസ്സിലാക്കുന്നു. ആ ഇരുട്ടകറ്റാൻ പോന്ന വെളിച്ചമൊന്നും മുസ്ലിം പണ്ഡിതൻമാരുടെയോ നേതാക്കളുടെയോ കൈയ്യിലില്ല. അവരുടെ കക്ഷങ്ങളിൽ 'ധവളകര'മില്ല. അവരുടെ കൈകളിൽ സിദ്ധൗഷധവുമില്ല. പക്ഷേ, പരിവർത്തനോൻമുഖമായ

8. ഇസ്ലാമിക പ്രാർഥനയ്ക്കു മുമ്പു നിർവഹിക്കപ്പെടേണ്ട അംഗശുദ്ധി.

www.abulhasanalinadwi.org

സമകാലികസംഭവങ്ങളും കാലഘട്ടത്തിൻെറ അനിവാര്യതകളും മുസ്ലിം സമൂഹത്തെ ഉണർത്തി വീണ്ടും മുഹമ്മദീയമതത്തിലേക്കു തിരിച്ചു വിടുമോ എന്നാണ് എൻെറ ആശങ്ക. ഇസ്ലാമികനിയമവ്യവസ്ഥയുടെ സമഗ്രതയും നിപുണതയും ഒന്നും നിങ്ങൾക്ക് അറിഞ്ഞുകൂടാ. കുടുംബസംവിധാനം, സ്ത്രീ, പുരുഷൻമാരുടെ അവകാശസംരക്ഷണം എന്നിവ മുഖേന വിശുദ്ധവും ആരോഗ്യകരവുമായ ഒരു സമൂഹത്തെയാണ് ശരീഅത്ത് നിയമം സൃഷ്ടിക്കുന്നത്. ഈ മതം അഭിമാനം, ഔദാര്യം, ധൈര്യം, കാരുണ്യം, സ്നേഹം, വിശാലമനസ്കത, വിശ്വസ്തത, ഭക്തി, വിശുദ്ധി എന്നിവയുടെ മതമാകുന്നു. ലോകത്തിൽ നിന്നു നാനാവിധത്തിലുള്ള അസത്യത്തെയും അധർമത്തെയും അനീതിയെയും ഉച്ചാടനം ചെയ്യാനാണ് അതു നിലകൊള്ളുന്നത്. അതിൻെറ കണ്ണിൽ ഭരണാധികാരി, ഭരണീയൻ, ഉള്ളവൻ, ഇല്ലാത്തവൻ, മേലാളൻ, കീഴാളൻ തുടങ്ങിയ വൈജാതൃങ്ങൾക്കു സ്ഥാനമില്ല. ഇസ്ലാമിൻെറ സകാത്ത് വ്യവസ്ഥയാകട്ടെ, സമ്പത്തിൻെറ സന്തുലിതമായ വിതരണത്തെ ഉദ്ദേശിച്ചുള്ളതാണ്. ദൈവത്തിൻെറ ദാനമായ ഭൗതികവിഭവങ്ങളിൽ പാവപ്പെട്ടവർക്ക് അവകാശമുണ്ടെന്ന് അതു ഉദ്ഘോഷിക്കുന്നു. ഭൂമി ദൈവത്തിൻെറതാണ്. അതു ഭരണാധികാരികൾക്ക് അവകാശപ്പെട്ടതല്ല. മനുഷ്യനൻമയ്ക്ക് ഉതകുന്ന ഇത്രയേറെ വിപ്ലവകരമായ വീക്ഷണങ്ങൾ വച്ചു പുലർത്തുന്നു എന്നതുകൊണ്ടു തന്നെ, ഇസ്ലാമിനെ മനുഷ്യരിൽ നിന്നു ഒളിപ്പിക്കാനായിരിക്കണം നമ്മുടെ എല്ലാ പ്രവർത്തനങ്ങളും. ഏതായാലും മുസ്ലിംകൾ തന്നെ ഈ നേർമാർഗത്തിൽ നിന്നു തെറ്റി കേവലവ്യാഖ്യാനങ്ങളിൽ ചെന്നു ചാടുക വഴി സത്യവിശ്വാസത്തിൽ നിന്നു തെന്നിമാറിക്കൊണ്ടിരിക്കുന്നു എന്നത് ആശ്വാസകരം തന്നെ. മൃദുവായി തലോടിക്കൊണ്ടു മുസ്ലിംകളെ ഉറക്കിക്കിടത്തുക. പൈശാചികഘടനയെ തകർക്കുന്ന തക്ബീറുകൾ മുഴക്കാൻ അവർ ഒരിക്കലും ഉണരാതിരിക്കട്ടെ. അവരെ ലോകവേദിയിൽ നിന്നു പൂർണമായും പുറംതള്ളൂ. മനുഷ്യജീവിതത്തിൻെറ ഇരുണ്ട രാവിൽ നിന്ന് ഒരു പ്രഭാതം ഒരിക്കലും വിടരാതിരിക്കട്ടെ. വിശ്വാസിയെ കർമമേഖലയ്ക്കു പുറത്തു നിർത്തൂ. അവൻെറ സകല പ്രയത്നങ്ങളും വ്യഥാവിലായി ചരിത്രത്തിൽ തൻെറ പങ്കു വഹിക്കാൻ അവനു കഴിയാതെ പോകട്ടെ. മുസ്ലിം ലോകത്ത് അടിമത്തം നിലനിർത്തേണ്ടതു സാമ്രാജ്യത്വത്തിൻെറ വികാസത്തിന് ആവശ്യമാണ്. അതു വിജയിപ്പിക്കാനുള്ള ഏറ്റവും നല്ല വഴിയോ മുസ്ലിംകളെ കവിത, ആധ്യാത്മികത, ആത്മത്യാഗം, മതനിഷേധം എന്നിവയുടെ കറുപ്പു തീറ്റിക്കുകയത്രെ. സന്യാസവ്യവസ്ഥ, ഖാൻഖാഹ് ഘടന, അന്ധവിശ്വാസങ്ങൾ, ആചാരങ്ങൾ, ആഘോഷങ്ങൾ എന്നിവയിലേക്ക് അടുക്കുംതോറും ലോകത്തിൽ നിന്നു മുസ്ലിം അകന്നുകൊണ്ടിരിക്കും. ഈ സമുദായത്തിൻെറ ഉണർവിനെ ഞാൻ ഭയപ്പെടുന്നതു, ലോകത്തെ മുഴുവൻ അത് ഉത്ഥാ

www.abulhasanalinadwi.org

നത്തിലേക്കു നയിക്കും എന്നതുകൊണ്ടാണ്. മനുഷ്യനെയും പ്രപഞ്ചത്തെയും സുദൃഢമായ ബന്ധത്തിൽ ഇണക്കിച്ചേർക്കുന്ന ഇസ്‌ലാമിൽ ആത്മപരിശോധനയും ലോകാധിനിവേശവും പരസ്പരപൂരകങ്ങളായി നിലകൊള്ളുന്നു.

അറിയുന്നു ഞാൻ, അവൻ ഖുർആനിൽ നിന്നു വ്യതിചലിച്ച സത്യം,
ആ വിത്തലോഭം തന്നെ വിശ്വാസിക്കും മതം
പൗരസ്ത്യ ലോകത്തെ പൊതിയും ഇരുൾ മുറ്റിയ രാത്രി,
ഇല്ല, ഹറമിൻെറ കാവൽക്കാരിലൊരു ധവളകരം.
കാലത്തിൻ അനിവാര്യതകളിലുണ്ടെനിക്കു ഭയം,
വീണ്ടും വരുമാ പ്രവാചകൻെറ മതം
ജാഗ്രത, പ്രവാചക നിയമത്തെക്കുറിച്ചു നൂറുവട്ടം ജാഗ്രത!
സ്ത്രീയുടെ ചാരിത്ര്യം സംരക്ഷിച്ചീടും പുരുഷനെ പരീക്ഷിച്ചു സൃഷ്ടിച്ചീടും;
എല്ലാ അടിമത്തങ്ങൾക്കും മരണം,
ഭരണക്കാർക്കും ഭരണീയർക്കും തമ്മിലില്ല വിവേചനം.
സമ്പത്തിനെ സംസ്കരിപ്പൂ മാലിന്യങ്ങളിൽ നിന്ന്,
ധനാഢ്യരുടെ കൈയിൽ സമ്പത്തു വെറും അമാനത്ത്.
ഇതിൽപരം വിപ്ലവകരം ഏതു ചിന്ത, ഏതു കർമം?
ഭരിക്കുന്നവരുടെതല്ല, ദൈവത്തിൻെറതാകുന്നു ഭൂമി
ഈ നിയമത്തെ നല്ലവണ്ണം ഒളിപ്പിക്കൂ കണ്ണിൽ നിന്ന്,
വിശ്വാസി പോലും വിസ്മരിച്ചൊരാ അനുഗ്രഹമിത്.
തപ്പിത്തടഞ്ഞീടട്ടെ ദൈവശാസ്ത്രത്തിലവൻ,
തർക്കിച്ചീടട്ടെ അവൻ ദൈവികഗ്രന്ഥത്തിൻ വ്യാഖ്യാനങ്ങളിൽ;
തക്ബീറുകളാൽ സ്ഥലകാലങ്ങൾ തൻ ഇന്ദ്രജാലത്തെ തകർക്കുന്നോൻ,
ആ ധ്യാനിയുടെ രാവിൽ നിന്നു വിടരാതിരിക്കട്ടെ പ്രഭാതം.
കർമപഥത്തിൽ നിന്നന്യനാക്കൂ അവനെ,
പിഴച്ചിടട്ടെ ജീവിതത്തിൻ അങ്കക്കളരിയിലവൻെറ കളി
എക്കാലവും അടിമയായിക്കഴിയട്ടെ വിശ്വാസി,
ഇതരർക്കായി നൽകീടുക അസ്ഥിരമാമീ ലോകം.
കവിതയും ആധ്യാത്മികതയും തന്നെ അവന്നഭികാമ്യം,
അവനിൽ നിന്നവ ഗോപ്യമാക്കീടും ജീവിതത്തിൻ ദൃശ്യം
ഈ സമുദായത്തിൻ ഉത്ഥാനത്തിൽ സദാ ഭയപ്പാടിലാണു ഞാൻ,
ഈ മതത്തിൻ യാഥാർഥ്യം പ്രപഞ്ചത്തിന്നാധിപത്യം.
ഉഷസ്സിനുണർച്ചയിലവനു നൽകീടുക, ചിന്താധ്യാനങ്ങൾ തൻ ലഹരി;
തളച്ചീടുകയവനെ പർണശാലയുടെ പ്രകൃതത്തിൽ.

www.abulhasanalinadwi.org

9

അറബികളോട്

അറബു രാഷ്ട്രങ്ങളിൽ ഉള്ളവർക്കായി പ്രത്യേകം എഴുതിയ ഒരു കവിതയിൽ അറബികളെ സംബന്ധിച്ചു തനിക്കുള്ള ഹൃദയാഭിലാഷങ്ങൾ ഇഖ്ബാൽ അവതരിപ്പിക്കുന്നുണ്ട്. ഇസ്ലാമിൻെറ ധ്വജവാഹകരായിക്കൊണ്ടു മാനവതയ്ക്കു മാർഗം കാണിക്കുക വഴി അറബികൾക്കു കൈവന്ന സ്ഥാനവും മാനവും മനുഷ്യത്വം വിടപറയാനൊരുങ്ങി നിന്ന കാളരാത്രിക്ക് അന്ത്യം കുറിച്ചുകൊണ്ട് അവർ ചരിത്രത്തിൽ സൃഷ്ടിച്ച മഹത്തായ പ്രഭാതവും ഈ രചനയിൽ ഏറെ പ്രശംസിക്കപ്പെട്ടിരിക്കുന്നു. മനുഷ്യരാശിക്കു വിമോചനവും വിജയവും നൽകിയ തൻെറ സ്നേഹഭാജനമായ മഹാവ്യക്തിത്വത്തെ അനുസ്മരിച്ചുകൊണ്ടാണ് ഇഖ്ബാൽ ഈ കവിത ആരംഭിക്കുന്നത്. അദ്ദേഹം തൻെറ ഹൃദയവികാരങ്ങളെ സ്വതന്ത്രമായി പ്രവഹിക്കാൻ അനുവദിക്കുന്നു. കാവ്യഭാവനയെ ഹൃദയത്തിൻെറയും ആത്മാവിൻെറയും നിയന്ത്രണത്തിൽ ഏൽപിക്കുകയും ചെയ്യുന്നു. അതോടെ കവനങ്ങളുടെ പുഷ്പവൃഷ്ടിയായി.

അറബികളെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറയുന്നു: ഹേ, അറബു സമൂഹമേ, നിങ്ങളുടെ മരുഭൂമികൾക്കു പോലും ദൈവം അനശ്വരത അനുവദിച്ചിരിക്കുന്നു. നിങ്ങളൊരു മഹത്തായ ജനത തന്നെ. നിങ്ങളു

www.abulhasanalinadwi.org

ടെ ജിഹ്വയിൽ നിന്നാണു സീസർ, കിസ്റാമാരുടെ സ്വേച്ഛാധിപത്യം അവസാനിച്ചുവെന്ന വാർത്ത ലോകം ശ്രവിച്ചത്.[1] ഏതു ജനതയ്ക്കാണു ഖുർആൻ പോലുള്ള വിശുദ്ധഗ്രന്ഥം അവതീർണമായത്? ആരെയാണു ദൈവം ഏകദൈവത്വത്തിൻെറ രഹസ്യം ഏൽപിച്ചത്? ആരാണു മിഥ്യാദൈവങ്ങളുടെ 'ദിവ്യത്വം' തകർത്തത്? ആരുടെ മണ്ണിലാണു വിശ്വത്തെ മുഴുവൻ ദീപ്തമാക്കിയ മാർഗദർശനത്തിൻെറ പ്രോജ്വലദീപം തെളിഞ്ഞത്? ഈ ചോദ്യങ്ങൾക്കു നിങ്ങളുടെ പേരല്ലാത്ത ഒരു ഉത്തരമുണ്ടോ? വിദ്യയും ജ്ഞാനവും സദാചാരമൂല്യങ്ങളും മാനവികമായ സകല നൻമകളും ലോകത്തിനു സംഭാവന ചെയ്തതു നിങ്ങളാകുന്നു. ഇവയാകട്ടെ, മണലാരണ്യത്തെ മലർവാടിയാക്കിയ നിരക്ഷരനായൊരു പ്രവാചകൻ(ഫിദാഹു അബീ വ ഉമ്മീ)[2] സൃഷ്ടിച്ച ജീവസ്സുറ്റ മഹാദ്ഭുതങ്ങളും! ആ പൂങ്കാവനത്തിൽ സ്വാതന്ത്ര്യ, സമത്വങ്ങളുടെ മന്ദാനിലൻ വീശി. അവിടെ സംസ്കാരം കണ്ണു തുറന്നു. മനുഷ്യശരീരത്തിന് ആത്മാവും ഹൃദയവും ഉണ്ടായിരുന്നില്ല. വിശുദ്ധപ്രവാചകൻ(സ) അവ രണ്ടും പ്രദാനം ചെയ്തു. തദ്ഫലമായി, അവൻെറ വദനത്തിൽ നിന്ന് അന്ധതയുടെയും അജ്ഞാനത്തിൻെറയും പൊടിപടലങ്ങൾ പാറിയകന്നു. അങ്ങനെ അവൻെറ മുഖം ലോകത്തു തിളങ്ങി. കലയും ശാസ്ത്രവും വികസിച്ചു. സംസ്കൃതിയുടെ വൃക്ഷം പൂത്തു തളിർത്തു. പുണ്യ പ്രവാചകതിരുമേനി(സ)യുടെ അനുചരൻമാരിൽ നിന്നു വീരജേതാക്കളും ധീരനേതാക്കളും ഉയർന്നു വന്നു. സത്യാസത്യസംഘട്ടനത്തിൽ അവർ സത്യത്തിനു നിർണായകവിജയം നേടിക്കൊടുത്തു. പകൽവേളയിൽ പടവെട്ടുന്ന അശ്വാരൂഢൻമാരും രാത്രികാലത്തു പ്രാർഥനാനിരതരായ സാത്വികരുമായ ദൈവത്തിൻെറ യോദ്ധാക്കളെ അവർ ലോകത്തിനു നൽകി. അവർ ഖഡ്ഗങ്ങളുടെ തണലിൽ ബാങ്കു മുഴക്കുകയും രണാങ്കണത്തിലെ വെട്ടിനും തടവിനുമിടയിൽ ആവേശപൂർവം നമാസ് നിർവഹിക്കുകയും ചെയ്തു. അഭിമാനിയായ വീരപോരാളി സലാഹുദ്ദീ(റ)ൻെറ പടവാളും സമ്പൂർണ പരിത്യാഗിയായ ബൂസ്സാമി(റ)യുടെ ഭക്തിനിർഭരമായ നോട്ടവും ഇരുലോക വിജയത്തിലേക്കുള്ള താക്കോൽ ആകുന്നു.

പ്രവാചകതിരുമേനി(സ) സമർപ്പിച്ച സന്ദേശത്തിൻെറ സമഗ്രതയിൽ ഹൃദയവും മനസ്സും ആത്മാവും ബുദ്ധിയും സമഞ്ജസമായി സമ്മേളിക്കുന്നു. അതിൽ റൂമി(റ)യുടെ അന്തർജ്ഞാനവും റാസി(റ)യുടെ ധൈഷണികതയും ഇഴുകിച്ചേരുന്നു. വിജ്ഞാനവും അറിവും വിശ്വാസവും നിയമവും ഭരണവും ഭരണനിർവഹണവും എല്ലാം അതിനോടു കടപ്പെട്ടിരിക്കുന്നു. അൽ

1."സീസർ തകർന്നാൽ അതിനുശേഷം ഒരു സീസറില്ല; കിസ്റാ തകർന്നാൽ പിന്നീടൊരു കിസ്റായുമില്ല" എന്ന പ്രസിദ്ധമായ നബിവചനത്തിലേക്കു സൂചന.

2. അവിടുത്തേക്കു വേണ്ടി എൻെറ മാതാപിതാക്കളെ ദണ്ഡം ചെയ്യട്ടെ!

www.abulhasanalinadwi.org

ഹംറയും താജ്മഹാലും പ്രവാചകപുംഗവ(സ)ന്റെ പൂകൾപെറ്റ സമുദായത്തിന്റെ കീർത്തികേട്ട ഉപഹാരങ്ങളാകുന്നു. അത്യുജ്വലമായ ഇസ്‌ലാമികസംസ്കാരം വിശുദ്ധപ്രവാചക(സ)ന്റെ സൗന്ദര്യബോധത്തിന്റെ ബാഹ്യമായ പ്രതിഫലനവും. അതിന്റെ ആന്തരികസൗന്ദര്യമാകട്ടെ, പൂർണത പ്രാപിച്ച ദിവ്യജ്ഞാനികളുടെ പോലും ആസ്വാദനത്തിന് അപ്പുറത്താണ്. ഉലകങ്ങളുടെ അനുഗ്രഹമായ അന്ത്യപ്രവാചക(സ)നു മുമ്പു മനുഷ്യൻ ഒരു പിടി കളിമണ്ണു മാത്രമായിരുന്നു. നബിതിരുമേനി(സ)യുടെ പ്രവാചകത്വം അവനു വിശ്വാസവും വിജ്ഞാനവും ധർമബോധവും ആത്മജ്ഞാനവും പകർന്നു നൽകി:

സദാ നിലനിന്നീടട്ടെ നിൻ മണലാരണ്യം;
ആരു പ്രഖ്യാപിച്ചു സീസർ, കിസ്റാമാരുടെ അന്ത്യം?
ആരു പഠിപ്പിച്ചു ലാ ഇലാഹിൻ രഹസ്യം?
എങ്ങു തിളങ്ങീ പ്രഥമ ദീപനാളം?
നിരക്ഷരനാം ഒരാളുടെ ശ്വാസത്തിൻ സ്പർശം,
വിരിയിച്ചു മണൽക്കാട്ടിൽ തുലീപുപുഷ്പം;
ആ മടിത്തട്ടിൽ വളർന്നു സ്വാതന്ത്ര്യം, സമത്വം,
ആ 'ഇന്നലെ'യിൽ നിന്നല്ലോ രാഷ്ട്രങ്ങളുടെ 'ഇന്ന്'
മർത്യന്റെ ദേഹത്തിൽ നിക്ഷേപിച്ചു ദേഹിയെ;
എടുത്തു മാറ്റീ അവന്റെ മുഖാവരണം.
യുദ്ധത്തിൻ തിരക്കിലും ബാങ്കിന്റെ ഗാംഭീര്യം,
ഖഡ്ഗത്തിൻ നിഴലിലും '*അസ്സാഫാത്തിൻ*[3] പാരായണം.
അയ്യൂബിയുടെ പടവാൾ, ബായസീദിന്റെ കടാക്ഷം,
ഇരുലോകനിധികളുടെ താക്കോൽ.
ഒരേ ചഷകത്തിൽ ഹൃദയ, മസ്തിഷ്കങ്ങളുടെ ലഹരി,
'റൂമീധ്യാന'ത്തിന്റെയും 'റാസിമനന'ത്തിന്റെയും സംലയനം;
വിദ്യ, ജ്ഞാനം,മതം, നിയമം, ഭരണം, രാഷ്ട്രീയം
നെഞ്ചകത്തിലെ ഹൃദയമോ അസ്വസ്ഥം.
അൽഹംറയും താജും വിശ്വസൗന്ദര്യത്തിൻ വികാരം;
മാലാഖമാർ പോലും അർപ്പിക്കുന്നു ആദരം.
ഇതെല്ലാം ആ കാലങ്ങളിൽ നിന്നൊരു നിമിഷം മാത്രം;
ആ പ്രകാശധോരണിയിലെ ഒരു കിരണം മാത്രം.
ആ ബാഹ്യകം ഈ ഹൃദയാവർജകമാം ദൃശ്യം,
ആന്തരികമോ ആത്മജ്ഞാനികൾക്കു പോലും അജ്ഞാതം.

---

3. *അസ്സാഫാത്ത്* = അണി ചേരുന്നവർ.
വിശുദ്ധ ഖുർആനിലെ 37-ാമത്തെ അദ്ധ്യായം.

www.abulhasanalinadwi.org

അന്ത്യപ്രവാചക(സ)ന്റെ ആഗമനത്തിനു മുമ്പു അറബികളുടെ ജീവിതത്തിന് ഒരു വ്യവസ്ഥയും ഉണ്ടായിരുന്നില്ല. അരാജകത്വമായിരുന്നു അവരുടെ നിയമം. ജീവിതമോ മൃഗങ്ങളുടെതും. ഭക്ഷണപാനീയങ്ങൾക്കപ്പുറം പോകുന്ന ഒരു ജീവിതവീക്ഷണം അവരുടെ പക്കലില്ലായിരുന്നു. അവരുടെ വാളുകൾക്കു തിളക്കമുണ്ടായിരുന്നു. പക്ഷേ മൂർച്ചയില്ലായിരുന്നു. ഒട്ടകത്തിന്റെ മൂക്കുകയറും പിടിച്ചു നടന്നവരായിരുന്നു അവർ. എന്നാൽ ഇസ്‌ലാം ലോകത്തിന്റെ കടിഞ്ഞാൺ അവരുടെ കൈയിലേൽപിച്ചു. അവരുടെ ജിഹാദിന്റെ തക്ബീർവിളികൾ കിഴക്കും പടിഞ്ഞാറും മാറ്റൊലിക്കൊണ്ടു:

സത്യം നിങ്ങൾക്കേകീ വാളിനെക്കാൾ മൂർച്ച,
ഒട്ടകത്തെ നയിച്ചവർ നിയതിയുടെ നിയന്താക്കളായി;
നിങ്ങളെ വെട്ടിലാക്കീ രാഷ്ട്രങ്ങൾ,
നിങ്ങളോ തിരിച്ചറിഞ്ഞില്ല മരുഭൂമിയുടെ മൂല്യം.
സമുദായത്തിൽ നിന്നു സമൂഹങ്ങളായ് ഭിന്നിച്ചു നിങ്ങൾ,
സ്വകരങ്ങളാൽ ഐക്യം തകർത്തു നിങ്ങൾ;
സ്വത്വബന്ധം വിച്ഛേദിക്കുന്നവനു നാശം!
ഇതരരിൽ ചെന്നു ചേരുന്നവനു നഷ്ടം!

അറബികളുടെ ഇസ്‌ലാമികശൂരതയുടെയും ദൈവികമാർഗത്തിലെ ആത്മത്യാഗത്തിന്റെയും പ്രോജ്വലമായ വശങ്ങൾ വിവരിച്ച ശേഷം ഇഖ്ബാൽ അവരുടെ തകർച്ചയുടെ കഥ പറയുന്നു. ഐക്യത്തിനു പകരം ഛിദ്രതയിലും നായകത്വത്തിനു പകരം അനുകരണത്തിലുമാണ് അവർക്ക് ഇന്നു താൽപര്യം. അറബു സുഹൃത്തുക്കളോടായി അദ്ദേഹം പറയുന്ന ഈ വാക്കുകളിൽ വിഷാദം നിറഞ്ഞുനിൽക്കുന്നു: നിങ്ങളുടെ ആലസ്യത്തിലും കർമരാഹിത്യത്തിലും ലോകം മുഴുവൻ കേഴുകയാണ്. രാഷ്ട്രങ്ങളൊക്കെ മുന്നോട്ടു കുതിച്ചു. നിങ്ങളാകട്ടെ, നിങ്ങളുടെ മരുഭൂമിയുടെ നിലയും വിലയും മനസ്സിലാക്കാതെ അതിന്റെ സന്ദേശത്തെ മറന്നു കളഞ്ഞു. മുമ്പു നിങ്ങൾ ഒരു സമുദായം മാത്രമായിരുന്നു–മുസ്‌ലിം സമുദായം. എന്നാൽ ഇന്നു നിങ്ങൾ കഷണം കഷണമായി ശിഥിലമായിരിക്കുന്നു. മുമ്പ് അല്ലാഹുവിന്റെ പാർട്ടിയായിരുന്നു നിങ്ങളുടെ ഏകസംഘടന. എന്നാൽ ഇന്നു സംഘടനകൾ അസംഖ്യം. തങ്ങളുടെ വ്യക്തിത്വവും പദവിയും നശിപ്പിക്കുന്നതാരാണെന്ന് അറബികൾക്ക് അറിഞ്ഞുകൂടാ. സ്വാശ്രയത്വം വെടിഞ്ഞു മറ്റുള്ളവരുടെ സഹായങ്ങൾക്കു പിന്നാലെ പോകുന്നവനും തന്റെ സ്വന്തം കോട്ടയെ വിട്ടു ശത്രുവിന്റെ അടുക്കൽ അഭയം തേടുന്നവനും ആത്മനാശത്തിന്റെ കുഴി തോണ്ടുകയാണെന്ന് അവർ മനസ്സിലാക്കുന്നില്ല.അറബികളുടെ ശത്രു അറബികൾ തന്നെയാകുന്നു. അവർ സ്വന്തം സമൂഹത്തോട് അനീതി കാണിക്കു

www.abulhasanalinadwi.org

കയും തങ്ങളെ തങ്ങളാക്കിയ പുണ്യറസൂൽതിരുമേനി(സ)യുടെ ആത്മാവിനെ വേദനിപ്പിക്കുകയും ചെയ്തിരിക്കുന്നു. നബിതിരുമേനി(സ)യുടെ ആത്മാവ് അറബികളുടെ കാര്യത്തിൽ ആവലാതി പറഞ്ഞുകൊണ്ടിരിക്കുകയാണ്:

നിങ്ങൾ നിങ്ങളോടു ചെയ്തതു മറ്റാരും ചെയ്തില്ല,
മൂസ്സഫയുടെ വിശുദ്ധാത്മാവിനെ നോവിച്ചു നിങ്ങൾ.
നിങ്ങൾക്കറിയില്ലാ പാശ്ചാത്യന്റെ സൂത്രവും,
അവൻ കക്ഷത്തൊളിപ്പിക്കും കുഴപ്പവും.
രാഷ്ട്രങ്ങളെ പാവങ്ങളാക്കലവന്റെ രാജ്യതന്ത്രം,
ഛിന്നഭിന്നമായീ അറബികൾ തൻ ഐക്യദാർഢ്യം.
അവരുടെ വലയിൽ കഴിയുവോളം,
അറബികൾക്കുണ്ടാവില്ല ഒട്ടും സമാധാനം.

പാശ്ചാത്യരുടെ ദുഷ്ടലാക്കും ചതിപ്രയോഗങ്ങളും അവരുടെ വിഷലിപ്തമായ പദ്ധതികളും പരിപാടികളും കവിക്കു നല്ലപോലെ അറിവുള്ളതാണ്. അദ്ദേഹം അവരുടെ സംസ്കാരത്തെ അടുത്തു നിന്നു നിരീക്ഷിച്ചിട്ടുണ്ട്. ഇപ്പോഴും അവരോട് അനുഭാവവുമായി കഴിയുന്ന അറബികളുടെ കാര്യത്തിൽ അദ്ദേഹത്തിനു സഹതാപമാണുള്ളത്. പടിഞ്ഞാറുകാരെ രക്ഷകരായി കാണുന്ന അറബികളുടെ നിസ്സഹായതയെ നോക്കി അദ്ദേഹം പറയുന്നു: ഹേ, മൂഢൻമാരേ, ബുദ്ധി ഉപയോഗിക്കൂ. നിങ്ങൾ പാശ്ചാത്യരെ ആശ്രയിക്കുന്നു. അവരുടെ ഗൂഢോദ്ദേശ്യങ്ങൾ നിങ്ങൾക്കറിഞ്ഞുകൂടാ. അവർ നിരവധി രാഷ്ട്രങ്ങളെ രോഗികളും ബന്ധനസ്ഥരുമാക്കിയതു നിങ്ങൾ കാണുന്നില്ലേ? നിങ്ങളുടെ ഐക്യം തകർത്ത് അവർ നിങ്ങളെ ഡസൻ കണക്കിനു രാഷ്ട്രങ്ങളാക്കി ഭിന്നിപ്പിച്ചതു നിങ്ങൾ അറിയുന്നില്ലേ? യുദ്ധങ്ങൾ സൃഷ്ടിച്ച് അവർ മറ്റുള്ളവരുടെ സമ്പത്തു കൊള്ളയടിക്കുന്നതു നിങ്ങൾ ശ്രദ്ധിക്കുന്നില്ലേ?

തുടർന്നു തന്റെ സ്വതസിദ്ധമായ ശുഭാപ്തിവിശ്വാസത്തോടു കൂടി അറബികൾക്കു വരാൻ പോകുന്ന ഒരു നവോത്ഥാനത്തിന്റെ പ്രത്യാശ നൽകുകയാണു മഹാകവി: ദൈവം നിങ്ങൾക്കു സൂക്ഷ്മജ്ഞാനം നൽകിയിരിക്കുന്നു. അതിനെ നേരാംവണ്ണം പ്രയോജനപ്പെടുത്തി കനലുകളെ ജ്വാലകളാക്കി മാറ്റുക. നിങ്ങളിൽ ഉമറുബ്നുൽ ഖത്താബി(റ)ന്റെ ആത്മാവിനെ സൃഷ്ടിച്ചെടുക്കുക. ശക്തിയുടെ യഥാർഥ ഉറവിടം ദീനും ഈമാനുമാണെന്ന സത്യം ഒരിക്കലും മറക്കരുത്. മുഅ്മിനിന്റെ സമ്പത്തും ഇവയത്രെ. ഹേ, മരുഭൂവാസികളേ, നിങ്ങളുടെ ഹൃദയങ്ങൾ ദൈവികരഹസ്യങ്ങളുടെ സൂക്ഷിപ്പുകാരായിരിക്കുന്നിടത്തോളം നിങ്ങൾ മതത്തിന്റെ കാവൽക്കാരും ലോക

www.abulhasanalinadwi.org

ത്തിന്റെ പാറാവുകാരുമാണ്. നൻമതിൻമകളുടെ മാനദണ്ഡം നിങ്ങളുടെ പ്രകൃതം തന്നെയാകുന്നു. നിങ്ങളാണു ഭൂമിയുടെ യഥാർഥ അവകാശികൾ. കിഴക്കൻചക്രവാളത്തിൽ നിങ്ങളുടെ നക്ഷത്രം ഉദിച്ചുയരുമ്പോൾ മറ്റെല്ലാ വെളിച്ചങ്ങളും സ്വമേധയാ അസ്തമിച്ചുകൊള്ളും:

അന്തർദർശനമുള്ളോരേ, നിങ്ങളുടെ ലോകമൊന്നു കാണൂ,
നിങ്ങളിൽ സൃഷ്ടിക്കൂ ഉമറിന്റെ ആത്മാവിൻ അഭിമാനം.
ശക്തിയുടെ ഉറവിടം സുവ്യക്തമാം മതം,
മതമെന്നതോ ആത്മാർഥത, ദൃഢനിശ്ചയം, ഉത്തമബോധ്യം.
നിന്റെ മനഃസാക്ഷി പ്രകൃതിരഹസ്യങ്ങൾക്കു വിശ്വസ്തനാകുവോളം,
നീ തന്നെ മരുഭൂമിയിലെ പുരുഷൻ, പ്രകൃതിയുടെ കാവൽക്കാരൻ.
നൻമതിൻമകളുടെ മാനദണ്ഡം നിന്റെ ശുദ്ധപ്രകൃതം,
നിന്റെ ഉദയത്തിലസ്തമിപ്പൂ ഒരായിരം താരകങ്ങൾ.
ആധുനികകാലം നിന്റെ കാലത്തിൻ സൃഷ്ടി,
അതിന്റെ ലഹരിയോ നിന്റെ ചവുന്ന വീഞ്ഞിൽ നിന്നും;
നീ അതിൻ നിഗൂഢതകളെ അനാവരണം ചെയ്യുന്നോൻ,
നീ പ്രവർത്തിപ്പൂ അതിന്റെ പ്രഥമശിൽപിയായ്.
അതു പടിഞ്ഞാറിന്റെ വളർത്തുപുത്രൻ,
മാനവും ലജ്ജയുമില്ലാത്ത ഒരു കൊട്ടാരഗണിക;
ബാഹ്യം മധുരം, സുന്ദരം; അകത്തോ വക്രത, ധിക്കാരം, അന്ധവിശ്വാസം;
ഹേ മരുഭൂപുത്രാ, അപൂർണതയ്ക്കു പൂർണത നൽകീടുക; കാലത്തെ
നിന്നിലേക്കാവാഹിക്കുക!

ഇഖ്ബാൽ വിശദീകരിക്കുന്നു: മരുഭൂമിയുടെ അന്തരീക്ഷം നിനക്ക് ഇടുങ്ങിയതായി തോന്നിയേക്കാം. എന്നാൽ സ്വത്വത്തെ വികസിപ്പിച്ചെടുത്താൽ നിന്റെ അസ്തിത്വത്തിനു വിഹായസ്സിന്റെ വിശാലതയും കൊടുങ്കാറ്റിനെക്കാൾ വേഗതയും കൈവരും. പിന്നെ ജീവിതത്തിന്റെ മത്സരക്കളരിയിൽ നിന്നോട് എതിരിടാൻ ആരുമുണ്ടാവുകയില്ല.

വേദനയോടെ ഇഖ്ബാൽ ചോദിക്കുന്നു: ആധുനികലോകം നിന്റെ പ്രബോധനപരവും സമരസംബന്ധിയുമായ അത്യധ്വാനത്തിന്റെ ഫലമായിട്ടു കൂടി എന്തുകൊണ്ടാണു ജീവിതത്തിന്റെ ഓട്ടപ്പന്തയത്തിൽ നീ പിൻതള്ളപ്പെട്ടത്? കാലത്തിന്റെ കടിഞ്ഞാൺ നിന്റെ കരങ്ങളിൽ നിന്നു പടിഞ്ഞാറുകാരന്റെ കൈകളിലേക്കു മാറ്റപ്പെട്ടതോടെ മാനവതയ്ക്ക് അതിന്റെ മാന്യതയും ശ്രേഷ്ഠതയും നഷ്ടമാവുകയും കാപട്യവും മതനിരാസവും പകരം ലഭിക്കുകയും ചെയ്തു.

www.abulhasanalinadwi.org

ഹേ, മരുഭൂമിയിൽ വസിക്കുന്നവരേ, നിങ്ങളുടെ പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കിയാലും! കാലപ്രവാഹത്തെ തടഞ്ഞു നിർത്തൂ. ചരിത്രത്തിൻെറ ഗതി തിരിച്ചുവിടൂ. മനുഷ്യരാശിയുടെ സാർഥവാഹകസംഘത്തെ അതിൻെറ ഉന്നതമായ ലക്ഷ്യത്തിലെത്തിക്കൂ:

കടന്നുപോകൂ, മണ്ണും മരുഭൂമിയും മലയും താഴ്‌വാരവും,
നിൻെറ അസ്തിത്വത്തിനകത്തു തന്നെ കെട്ടൂ നിൻെറ കൂടാരം.
മരുക്കാറ്റിനെക്കാൾ ശക്തമാകട്ടെ നിൻ വ്യക്തിത്വം,
മത്സരമൈതാനിയെ പിടിച്ചടക്കാട്ടെ നിൻ ഒട്ടകം.
പാശ്ചാത്യരുടെ ബുദ്ധി, അതിൻെറ കൈയിൽ കത്തി,
മനുഷ്യനെ ബലിയറുത്തു നരകം പോലെ വളഞ്ഞുപോയ്,
ലാഭനഷ്ടങ്ങളുടെ വരവു നിൻെറ കൈയിൽ,
പകൽനക്ഷത്രത്തിൻ തിളക്കവും നിൻെറ കരങ്ങളിൽ തന്നെ.
ഹേ, മത, സംസ്കൃതികളുടെ നിധി കാക്കുന്നോനേ,
നിൻെറ കക്ഷത്തിൽ നിന്നു പുറത്തെടുക്കൂ ആ ധവളകരം!

പിന്നീട് ഇഖ്ബാൽ വിശുദ്ധറസൂലി(സ)ൻെറ പുണ്യാത്മാവിനെ അഭിസംബോധന ചെയ്യുന്നു. സമുദായത്തിൻെറ അധഃസ്ഥിതിയിൽ മനംനൊന്ത് അദ്ദേഹം പറയുകയാണ്: സ്വന്തം ദേശത്ത് ഇസ്‌ലാം ഒരു പരദേശിയെപ്പോലെ അന്യമായിരിക്കുന്നു. അങ്ങയുടെ സമുദായത്തിൻെറ ഐക്യവും ഭദ്രതയും ഛിന്നഭിന്നമായിരിക്കുന്നു. അനുഗൃഹീതസമുദായം എവിടെ പോകണം? എന്തു ചെയ്യണം? അറബിക്കടലിന് അതിൻെറ ഒഴുക്കും കോളിളക്കവും നഷ്ടപ്പെട്ടു. അറബികൾക്ക് അവരുടെ വികാരവും നഷ്ടമായി. എനിക്ക് ആശ്വാസം പകരാനും എൻെറ മുറിവിൽ മരുന്നു പുരട്ടാനും ആരാണുള്ളത്? അങ്ങയുടെ സമുദായത്തിൻെറ ദീർഘവും ക്ലിഷ്ടവുമായ ജീവിത യാത്രയിൽ ഒട്ടകസംഘത്തിലെ പാട്ടുകാരൻെറ ഗാനപ്രവാഹം തടസ്സപ്പെട്ടിരിക്കുന്നു. ലക്ഷ്യത്തിൻെറ ഒരടയാളവും കാണാനുമില്ല. അല്ലാഹുവിനു വേണ്ടി അങ്ങയുടെ സമൂഹത്തിൻെറ അവസ്ഥയിൽ ദയ കാണിച്ച്, ഈ സന്നിഗ്ധഘട്ടത്തിൽ അവരെ രക്ഷിച്ചാലും!

തകർന്നു, അനുഗൃഹീതസമുദായത്തിൻ ഐക്യദാർഢ്യം;
അങ്ങു തന്നെ പറയൂ, അങ്ങയുടെ മുസൽമാൻ എങ്ങു പോകണം?
അറബിക്കടലിൽ അലയടിക്കുന്നില്ല ആനന്ദം;
എന്നിലൊളിഞ്ഞിരിക്കും കൊടുങ്കാറ്റ് എങ്ങു വീശണം?
ഖാഫിലയും ഒട്ടകവും യാത്രാസാമഗ്രികളുമില്ലെങ്കിലും,
ഈ മലയും മണൽക്കാടും വിട്ടു ഹദികാൻ[4] എങ്ങുപോകണം?

4. ഖാഫില(ഒട്ടകസംഘം)യിലെ പാട്ടുകാരൻ.

www.abulhasanalinadwi.org

ഹേ, മുഹമ്മദിൻ ആത്മാവേ, ആ രഹസ്യം ഇപ്പോൾ വെളിവാക്കിയാലും!
ദൈവികസൂക്തങ്ങളുടെ കാവൽക്കാരൻ എങ്ങുപോകണം?

കയ്പുറ്റ അനുഭവങ്ങളേറെയുണ്ടായിട്ടും അറബികൾ പാശ്ചാത്യശക്തികളെ കൂട്ടാളികളും അനുഭാവികളുമായി പരിഗണിക്കുന്നതു കവിയെ വേദനിപ്പിക്കുന്നു. ഫലസ്ഥീനടക്കമുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഇപ്പോഴും പടിഞ്ഞാറോട്ട് ഉറ്റുനോക്കുകയാണവർ. പാശ്ചാത്യശക്തികൾക്കു മേൽ ജൂതൻമാർക്കുള്ള ദുസ്വാധീനം അറബികൾ മനസ്സിലാക്കുന്നില്ല. അവരുടെ രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരികമേഖലകളും പത്രങ്ങളടക്കമുള്ള മാധ്യമങ്ങളും ജൂതന്റെ നിയന്ത്രണത്തിലാണ്. ചരിത്രത്തിൽ ശോഭിച്ചു നിന്ന അറബികളുടെ ജീവിതജ്വാല ഇന്നും അവരിൽ ജീവനോടെ അവശേഷിക്കുന്നുവെന്ന് ഇഖ്ബാൽ അഭിപ്രായപ്പെടുന്നു. ഏതു സമയത്തും അതു തെളിഞ്ഞു കത്തിയേക്കാമെന്ന ശുഭാപ്തിവിശ്വാസവും അദ്ദേഹത്തിനുണ്ട്. അറബുസമസ്യകളുടെ പൂരണം ലണ്ടനിലോ ജനീവയിലോ സാധ്യമല്ല. സ്വന്തം സ്വത്വത്തെ കണ്ടെത്തുന്നതിലൂടെ മാത്രമെ തങ്ങളുടെ പ്രശ്നങ്ങൾക്കു ശാശ്വത പരിഹാരം കാണാൻ അവർക്കു കഴിയുകയുള്ളു.

തന്റെ ശ്ലഥചിന്തകളുടെ പേരിൽ അറബു നേതാക്കൾ തന്നോടു കയർക്കില്ലെന്നും ഈ അനറബിയുടെ താളം തെറ്റിയ വാക്കുകൾ അവർ മാപ്പാക്കുമെന്നും തങ്ങളുടെ ആഭ്യന്തരകാര്യത്തിലുള്ള ഇടപെടലായി അതിനെ ഗണിക്കില്ലെന്നും ഇഖ്ബാൽ പ്രതീക്ഷിക്കുന്നു. അവസാനമായി അദ്ദേഹം അവരെ ഉണർത്തുന്നു:

അറബു സമൂഹമേ! വിശ്വാസത്തിന്റെ യാഥാർഥ്യം ആദ്യമായി ഉൾക്കൊണ്ടവരാണു നിങ്ങൾ. അബൂലഹബുമായുള്ള ബന്ധം പൂർണമായി വിച്ഛേദിക്കുന്നതിലാണു വിശുദ്ധ നബിതിരുമേനി(സ)യുടെ സാമീപ്യം കൂടി കൊള്ളുന്നതെന്ന സത്യവും നിങ്ങൾക്കറിവുള്ളതാണല്ലോ. ഈമാനും കുഫ്റും പരസ്പരം പോരാട്ടത്തിലാണ്. അപ്രകാരം തന്നെ ദേശീയതടയക്കമുള്ള ഭൗതികതത്വശാസ്ത്രങ്ങളുമായി ഇസ്ലാമിനു ബന്ധമില്ല. അറബുലോകമെന്നു പറയുന്നത് ഏതാനും ഭൂപ്രദേശങ്ങളുടെ പേരല്ല. അറബിയായ പുണ്യറസൂലി(സ)നോടുള്ള പ്രതിബദ്ധതയുടെയും അവിടുന്നു സമർപ്പിച്ച മതത്തോടുള്ള സമർപ്പണത്തിന്റെയും പേരാകുന്നു അത്:

ഈ ഇന്ത്യൻ കാഫിറും ഒന്നു പറഞ്ഞോട്ടെ:
അറബു നേതാക്കൾക്കത് അപമര്യാദയാവില്ലെങ്കിൽ,
അബൂലഹബുമായി ഇടയുന്നതിലാകുന്നു മുസ്ലഫയുമായുള്ള ഇണക്കം;
ഈ സത്യം ആദ്യമായി ഗ്രഹിച്ചൊരാ സമുദായം,

www.abulhasanalinadwi.org

അതിനു നിലനിൽപ്പില്ല ഭൂതലത്തിന്നതിർത്തികളിൽ;
അറബിയാം മുഹമ്മദിൽ നിന്നാകുന്നു അറബികളുടെ ഉലകം.

www.abulhasanalinadwi.org

10

കൊർദോവയിലെ മസ്ജിദ്

ഇഖ്ബാൽ 1932ൽ മുസ്ലിംകളുടെ നഷ്ടപ്പെട്ട പറുദീസയായ സ്പെയിനിൽ പോയപ്പോൾ കൊർദോവയിലെ മസ്ജിദും സന്ദർശിച്ചു. പൗരാണികസ്മാരകങ്ങൾ കാണാൻ വേണ്ടി നടത്തപ്പെട്ട ഒരു വിനോദസഞ്ചാരിയുടെ യാത്രയായിരുന്നില്ല അത്. പ്രത്യുത, വിശ്വാസത്തിൻെറയും വിജ്ഞാനത്തിൻെറയും പ്രോജ്വലമായ പ്രതീകത്തിലേക്കു വിശ്വാസിയായ പുരുഷനും തപ്തഹൃദയനായ കവിയും നടത്തിയ തീർഥയാത്രയായിരുന്നു. അബ്ദുറഹ്മാൻ അദ്ദാഖിലും സഖാക്കളും വിട്ടേച്ചുപോയ വിശ്വാസത്തിൻെറ അവശിഷ്ടത്തിനു ബാഷ്പാഞ്ജലിയർപ്പിക്കാനായി ഒരു മഹാനായ മുസ്ലിം മഹത്തായ ഒരു മന്ദിരത്തിലേക്കു നടത്തിയ യാത്ര.

ചരിത്രസ്മാരകമായ ഈ മസ്ജിദിൻെറ നിർമാണത്തിൽ നിഴലിച്ചുകണ്ട വിശുദ്ധസ്നേഹത്തിൻെറ വികാരങ്ങളും ശില്പചാതുരിയുടെ പ്രതിഭാവിലാസവും ഇസ്ലാമികകലയുടെ അദ്ഭുതവും സിദ്ധിയും അതിൻെറ ലാളിത്യവും സാമർഥ്യവും അതുല്യമായ സൗന്ദര്യവും ഇഖ്ബാൽ പ്രത്യേകം നിരീക്ഷിക്കവെ, മഹാകവി വികാരതരളിതനാവുകയും തദ്ഫലമായി ലോകത്തിന് അദ്ദേഹത്തിൽനിന്നു *മസ്ജിദെ ഖുർതുബ:* (കൊർദോവയിലെ മസ്ജിദ്) എന്ന അനശ്വരമായ കവിത ശ്രവിക്കാൻ സാധിക്കുകയും ചെയ്തു.

www.abulhasanalinadwi.org

ഇഖ്ബാൽ മസ്ജിദിനെ ഇസ്ലാമിൻെറയും മുസ്ലിംകളുടെയും സാംസ്കാരിക ചിഹ്നമായിട്ടാണു കണക്കാക്കുന്നത്. അതിൻെറ കവാടങ്ങളും കമാനങ്ങളും മിനാരങ്ങളും താഴികക്കുടങ്ങളും കൊത്തുപണികളും കൈയെഴുത്തു കലയും അദ്ദേഹത്തിനു സത്യവിശ്വാസിയുടെ സദ്സ്വഭാവം, ധാർമികവൈശിഷ്ട്യം, ഉത്തമവീക്ഷണം, ഹൃദയവിശാലത, സത്യസന്ധത, നിഷ്കളങ്കത, നിർഭയത, സ്ഥിരത, സ്ഥൈര്യം, ആത്മവിശ്വാസം, വിനയം എന്നിവയുടെയും സർവോപരി അവൻെറ ഗാംഭീര്യത്തിൻെറയും സൗന്ദര്യത്തിൻെറയും സമന്വയമാർന്ന ആവിഷ്കാരമായിത്തീരുന്നു.

മസ്ജിദ് കാൺകെ, അതിൻെറ നിർമാതാക്കളുടെ ചിത്രം ഇഖ്ബാലിൻെറ മനോമുകുരത്തിൽ തെളിഞ്ഞുവന്നു. അവരുടെ സൗന്ദര്യബോധത്തിനും ശുദ്ധപ്രകൃതത്തിനും ശില്പവിന്യാസത്തിനും വാസ്തുനിർമാണകൗശലത്തിനും മസ്ജിദ് സാക്ഷ്യം വഹിക്കുന്നു. അവരുടെ സിദ്ധാന്തങ്ങളും സന്ദേശങ്ങളും മഹാകവി ഓർക്കാൻ തുടങ്ങി. മസ്ജിദിൻെറ ഗൗരവമാർന്ന തലയെടുപ്പും ആനന്ദദായിയായ ആകാരവും ഉയരമുള്ള മിനാരങ്ങളും നോക്കി നിൽക്കവെ, അന്തരീക്ഷത്തെ ഹർഷപുളകിതമാക്കിയിരുന്ന ബാങ്കൊലികൾ അദ്ദേഹത്തിൻെറ ഓർമയിൽ മുഴങ്ങി. ദിവസം തോറും ജീവിതത്തിരക്കുകളുടെ തുടക്കത്തിലും ഒടുക്കത്തിലും ജനങ്ങൾ അതു കേൾക്കാറുണ്ടായിരുന്നു. മുസ്ലിംസമുദായത്തിൻെറ സവിശേഷസ്വരവും ദേശീയഗാനവുമാണത്. ശബ്ദം, സംഗീതം, ഗാനം, രാഗം, വിളംബരം, പ്രഭാഷണം, ആശയപ്രകാശനം എന്നിവയുടെ ചരിത്രത്തിൽ ബാങ്കുവിളിക്കു തുല്യമായി മറ്റൊന്നും ലോകത്തില്ല. അതിൻെറ അഭിസംബോധനയും സന്ദേശവും മതങ്ങളുടെയോ തത്വശാസ്ത്രങ്ങളുടെയോ ചരിത്രത്തിൽ മറ്റെങ്ങും ലഭ്യമല്ല. അതിൻെറ മുഴക്കത്തിൽ പ്രപഞ്ചത്തിൻെറ ഹൃദയവും ലോകത്തിൻെറ ആത്മാവും കോരിത്തരിക്കുകയും അധർമത്തിൻെറ ദുർഗങ്ങൾ വിറകൊള്ളുകയും ചെയ്യുമായിരുന്നു.

ഈ ഇസ്ലാമിക ബാങ്കുവിളിയാണ് ആറാം നൂററാണ്ടിലെ അന്ധകാരനിബിഡമായ അന്തരീക്ഷത്തിൽ സത്യത്തിൻെറ സുപ്രഭാതത്തെ ഉദയം കൊള്ളിച്ചത്. അതിൻെറ അരുണകിരണങ്ങൾ മാനവൻെറ നിയതിക്കു പ്രകാശപൂരിതമായ സന്ദേശം നൽകി. ബാങ്കൊലികൾ ലോകമെങ്ങുമെത്തിച്ച വാനലോകവെളിപാടിനെയും ആത്മീയമാർഗദർശനത്തെയും ഇഖ്ബാൽ ഓർത്തു. ഈ അനശ്വരസന്ദേശത്തെയും സാർവലൗകികവും സാർവകാലികവുമായ പ്രബോധനത്തെയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നവർ ആ ജീവിത സിദ്ധാന്തത്തെപ്പോലെ അനശ്വരതയെയും അനന്തതയെയും പ്രാപിക്കുമെന്ന തൻെറ വിശ്വാസം ഇഖ്ബാൽ ഒന്നുകൂടി ഉറപ്പിച്ചു.

www.abulhasanalinadwi.org

നൂററാണ്ടുകളായി പ്രഭാഷണങ്ങൾ നിഷേധിക്കപ്പെട്ട കൊർദോവാ മസ്ജിദിൻെറ മിംബറും സുജൂദുകൾ നടക്കാത്ത മിഹ്റാബും ബാങ്കുവിളി മുഴങ്ങാത്ത മിനാരങ്ങളും സുന്ദരമായ ഈ ചരിത്ര സ്മാരകത്തെ ദൈന്യത നിറഞ്ഞ ദൃശ്യമാക്കിത്തീർത്തിരിക്കുന്നു. അതു നൽകുന്ന ഗുണപാഠങ്ങൾ അദ്ദേഹത്തിൻെറ ഹൃദയത്തെ സ്പർശിക്കുകയും ഉണങ്ങാത്ത മുറിവുകൾ വീണ്ടും വ്രണപ്പെടുത്തുകയും ചെയ്യുന്നു. അദ്ദേഹത്തിൻെറ വികാരസാഗരത്തിൽ വിശ്വാസ, വിജ്ഞാനങ്ങളുടെയും അഭിലാഷ, ഔത്സുക്യങ്ങളുടെയും തരംഗമാലകൾക്കൊപ്പം ശോകവിഷാദങ്ങളുടെയും അലയൊലികൾ ഉയരാൻ തുടങ്ങി. ഈ പശ്ചാത്തലത്തിലാണു *മസ്ജിദെ ഖുർതുബ:* എന്ന മഹത്തായ കവിത പിറവിയെടുത്തത്. അതിലെ അധികഭാഗങ്ങളും കൊർദോവയിൽ വച്ച് രചിക്കപ്പെടുകയും ബാക്കി ഭാഗങ്ങൾ സ്പെയിനിൻെറ മണ്ണിൽ വച്ചു തന്നെ പൂർത്തിയാക്കപ്പെടുകയും ചെയ്തു.

ഈ കവിതയിൽ ജീവിതത്തിൻെറയും കലയുടെയും ഒട്ടേറെ മൂല്യങ്ങൾ അനാവരണം ചെയ്യുന്നുണ്ട് ഇഖ്ബാൽ. ഈ ഭൗതികലോകം നശ്വരമാണെന്ന് അദ്ദേഹം പറയുന്നു. തകരാനിരിക്കുന്ന ഭൗതികലോകത്തോടൊപ്പം അതിലെ മഹത്തായ സ്മാരകങ്ങളും പുരാവസ്തുക്കളും കലാപരമായ അദ്ഭുതങ്ങളും മനുഷ്യധിഷണയുടെ സകല മുദ്രകളും നാശത്തിലേക്കും ശൂന്യതയിലേക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്. എന്നാൽ നിഷ്കളങ്കനായ ഒരു ദൈവദാസൻെറ, സത്യവിശ്വാസിയായ ഒരു പുരുഷൻെറ മസീഹീ[1] സിദ്ധിയുള്ള അദ്ഭുതകരത്തിൻെറ സ്പർശമേററ മന്ദിരങ്ങൾക്കും കെട്ടിടങ്ങൾക്കും ഈ നിയമം ബാധകമല്ല. അവൻ തൻെറ ജീവിതം, വിശ്വാസം, വികാരം, സ്ഥായിയായ അസ്തിത്വം എന്നിവയിൽ നിന്നു സ്വീകരിച്ച ജീവൻ തൻെറ കലാസൃഷ്ടിയിലേക്കു സന്നിവേശിപ്പിക്കുക വഴി അതിനെ അനശ്വരമാക്കി തീർക്കുന്നു! സ്നേഹത്തിൻെറ[2] കരുത്താണ് ഈ അനശ്വരതയ്ക്കു നിദാനം.

ഇഖ്ബാലിൻെറ വീക്ഷണത്തിൽ സ്നേഹമാണു ജീവിതത്തിന് അടിസ്ഥാനം. അതിനു മരണം നിഷിദ്ധമാകുന്നു. കാലത്തിൻെറ പ്രവാഹം അപ്രതിരോധ്യമാണ്. അതിൻെറ മുമ്പിലൊന്നിനും നിലനിൽപില്ല.വഴിയിലുള്ളതൊക്കെ തകർത്തുകൊണ്ടാണ് അതിൻെറ ഒഴുക്ക്. എന്നാൽ സ്നേഹം അതിനോട് ഏററുമുട്ടുന്നു. അതു സ്വയം തന്നെ വലിയൊരു വെള്ളപ്പാച്ചിലാകുന്നു. വെള്ളപ്പൊക്കത്തിനു മാത്രമെ വെള്ളപ്പൊക്കം തടയാനാകൂ. സ്ഥലകാ

1. യേശുവിൻെറ വിശേഷണമാണു മസീഹ് (മിശിഹാ).

2. ഇഖ്ബാലിൻെറ സ്നേഹം ഭൗതികതയിൽ നിന്നു ഭിന്നവും മാംസനിബദ്ധതയിൽ നിന്നു മുക്തവുമാണ്. അത് അടിമുടി വിശുദ്ധവും സത്യസന്ധമായ വിശ്വാസാഭിനിവേശങ്ങളുടെ വികാരവുമാകുന്നു.

www.abulhasanalinadwi.org

ലങ്ങളുടെ അതിർത്തികൾക്ക് അതീതമാണു സ്നേഹം. അതിൻെറ സാധ്യതകൾ മനുഷ്യബുദ്ധിക്കു പോലും അപ്പുറത്താകുന്നു. നിഗൂഢമായ നിമിഷങ്ങളും മുഹൂർത്തങ്ങളും സന്ദർഭങ്ങളും സാഹചര്യങ്ങളും സ്നേഹത്തിനു കൈവശമായിട്ടുണ്ട്. അവയുടെ പേരും ചൂരും ആർക്കും അറിഞ്ഞുകൂടാ. സ്നേഹത്തിൻെറ ജ്യോതി ദൈവികമായ പ്രവാചകത്വത്തിനും അതിൻെറ ധാർമികമായ അധ്യാപനങ്ങൾക്കുമെല്ലാം അനിവാര്യമത്രെ.

സ്നേഹമാണ് അഖിലസാരമൂഴിക്കും നിറവും വെളിച്ചവും ആനന്ദവും ഉൻമാദവും പ്രദാനം ചെയ്യുന്നത്. പരമവിശുദ്ധ സ്വർഗീയപാനീയമാണത്. അതു പാനം ചെയ്താൽ ജ്ഞാനിക്കു മത്തു പിടിക്കും. കാമുകൻ പാട്ടു പാടും. സ്നേഹം ചിലപ്പോൾ മിംബറിലെ ഉദ്ബോധകനും മററു ചിലപ്പോൾ ദർശനത്തിലെ ആചാര്യനും യുദ്ധക്കളത്തിലെ ജേതാവുമായിത്തീരുന്നു. അതിന് ആയിരം നിറങ്ങളും സ്വരങ്ങളുമുണ്ട്. ആദികാലത്തെ സഞ്ചാരിയാണത്. അമരനായ പഥികനെ പോലെയാണു സ്നേഹം. നിത്യസഞ്ചാരമാണതിൻെറ മതം. യാത്രയിലെ ഘട്ടങ്ങളോരോന്നും പിന്നിട്ട് അതു മുന്നേറുന്നു. സ്നേഹം ജീവിതത്തിൻെറ ഓടക്കുഴലാകും. അതിൽ നിന്നൊഴുകുന്ന രാഗവീചികൾ ഭുവനത്തെ മയക്കുന്നു. ലോകത്തെ ഹർഷോല്ലാസം കൊള്ളിക്കുന്ന ചൂടും വെളിച്ചവും ജീവിതത്തിൻെറ ഉൻമേഷവും ഉത്സാഹവുമെല്ലാം സ്നേഹത്തിൽ നിന്നാകുന്നു:

രാപ്പലുകളുടെ ശൃംഖല സംഭവങ്ങളുടെ ശില്പി,
രാപ്പകലുകളുടെ ശൃംഖല തന്നെ ജീവിതം, മരണം;
രാപ്പകലുകളുടെ ശൃംഖല ഇരട്ടനിറമുള്ള പട്ടിൻെറ ഇഴ,
നിർമിപ്പൂ അതിനാൽ സത്ത, അതിൻെറ വിശേഷണങ്ങളുടെ വസ്ത്രം.
രാപ്പകലുകളുടെ ശൃംഖല അനശ്വരതയുടെ സംഗീതത്തിൻ വിലാപം,
അതിനാൽ സത്ത സാധ്യമാക്കീടുന്നു ഉയർച്ചയും താഴ്ചയും
നിന്നെപ്പരീക്ഷിപ്പൂ അത്, എന്നെയും പരീക്ഷിപ്പൂ,
രാപ്പകലുകളുടെ ശൃംഖല, പ്രപഞ്ചത്തിൻെറ ഇടപാടുകാർ.
നിനക്കു മൂല്യം കുറവെങ്കിൽ, എനിക്കും മൂല്യം കുറവെങ്കിൽ
മരണം നിനക്കു പ്രതിഫലം, മരണം എനിക്കും പ്രതിഫലം!
നിൻെറ രാപ്പകലുകൾക്കു മറ്റെന്തർഥം?
പ്രഭാതവും പ്രദോഷവുമില്ലാത്ത കാലത്തിൻ പ്രവാഹം.
നൈമിഷികം, നശ്വരം കലയുടെ സിദ്ധികളഖിലം;
ഈ ലോകത്തുള്ളതെല്ലാം അസ്ഥിരം, ഈ ലോകത്തുള്ളതെല്ലാം നശ്വരം!
ആദ്യവുമന്ത്യവും നശ്വരം, അകവും പുറവും നശ്വരം;
പൗരാണിക മുദ്രകളുടെ ലക്ഷ്യസ്ഥാനവും നശ്വരം!
എങ്കിലുമുണ്ടീയുലകിൽ സ്ഥിരതയുടെ വർണം,

www.abulhasanalinadwi.org

ദൈവത്തിൻെറയൊരു ദാസൻ രൂപകൽപന ചെയ്തൊരാ ശില്പം!
ദൈവിക പുരുഷൻെറ വെളിച്ചം സ്നേഹത്തിൻ കർമത്തിൽ നിന്നല്ലോ;
സ്നേഹം തന്നെ ജീവിതം, അതിനു മരണം നിഷിദ്ധം!
കാലപ്രവാഹം ഘോരമോ ലോലമോ ആണെന്നാലും,
പ്രളയത്തെ തടയും ജലപ്രവാഹം പ്രേമം!
പ്രേമത്തിൻ പഞ്ചാംഗത്തിലുണ്ട്,
വർത്തമാനകാലത്തിനു പുറമെ പേരറിയാത്ത കാലങ്ങളും.
സ്നേഹം ജിബ്രീലിൻ ശ്വാസം, സ്നേഹം മുസ്തഫയുടെ ശ്വാസം;
സ്നേഹം ദൈവത്തിൻ പ്രവാചകൻ, സ്നേഹം തന്നെ ദൈവത്തിൻ വചനം.
പ്രേമത്തിൻ ലഹരിയാൽ നമ്മുടെ മൺകൂടു ദീപ്തം;
പ്രേമം പാകമാകാത്ത വീഞ്ഞ്, പ്രേമം മാന്യൻമാരുടെ പാനപാത്രം.
സ്നേഹം ഹറമിൻെറ നിയമജ്ഞൻ സ്നേഹം സേനാനായകൻ;
സ്നേഹം യാത്രയുടെ പുത്രൻ, അതിന് ആയിരം ആലയങ്ങൾ.
സ്നേഹത്തിൻ ശാരികയിൽ നിന്നല്ലോ ജീവിതക്കമ്പി തൻ നാദം;
സ്നേഹത്തിൽ നിന്നല്ലോ ജീവിതദീപ്തിയും ജീവിതാഗ്നിയും!

ഈ നീണ്ട ആമുഖത്തിനു ശേഷം ഇഖ്ബാൽ മസ്ജിദിനെ അഭിസംബോധന ചെയ്യുന്നു: ഹേ, കൊർദോവാ മസ്ജിദ്! നിൻെറ അസ്തിത്വം വിശുദ്ധമായ സ്നേഹത്തിൻെറ ശക്തമായ വികാരങ്ങളാൽ അനുഗൃഹീതമത്രെ. അവ അനശ്വരമാകയാൽ നീയും അനശ്വരമാകുന്നു. ഹൃദ്രക്തം കൊണ്ടെഴുതപ്പെടാത്ത തത്വശാസ്ത്രവും കലാകാരൻെറ കരൾച്ചോരയേശാത്ത കലയും ആത്മാവിൻെറ ദീപ്തിയിൽ മുങ്ങിക്കുളിക്കാത്ത സാഹിത്യവും ഉപരിപ്ളവവും കൃത്രിമവുമാകുന്നു. പദത്തിൻെറയും ശബ്ദത്തിൻെറയും എണ്ണയുടെയും വർണത്തിൻെറയും കല്ലിൻെറയും ഇഷ്ടികയുടെയും ശൂന്യമായ മൂശ മാത്രമാകുന്നു അത്. അതിനു ജീവനോ സൗന്ദര്യമോ ഇല്ല. മൂല്യമുള്ള കലാസൃഷ്ടി അഗാധമായ സ്നേഹവും ഊഷ്മളമായ വികാരവും ആത്മാർഥതയും കൂടാതെ സാധ്യമാവുകയില്ല. സ്നേഹമാണു കല്ലുകൊണ്ടു നിർമിച്ച ശില്പത്തെയും ജീവനുള്ള മനുഷ്യനെയും വേർതിരിച്ചു നിർത്തുന്നത്. സ്നേഹത്തിൻെറ ഒരു കണിക ശിലയിൽ പതിച്ചാൽ അതു ഹൃദയത്തെപ്പോലെ സ്പന്ദിക്കാനും ജീവൻ വയ്ക്കാനും തുടങ്ങും. എന്നാൽ സ്നേഹശൂന്യമായ മനുഷ്യൻെറ ഹൃദയം ശിലയെപ്പോലെ നിശ്ചലമായിരിക്കുകയും ചെയ്യും. ഹേ, മഹത്തായ മസ്ജിദ്! വിശ്വാസവും ഔത്സുക്യവും വികാരങ്ങളുടെ ദാസ്യവുമാണ് നാം ഇരുവരുടെയും വഴി. നമ്മെ ബന്ധിപ്പിക്കുന്ന നിഗൂഢമായ ഒരു കണ്ണിയുണ്ട്. മനുഷ്യൻ ഒരു പിടി മണ്ണിനാൽ സൃഷ്ടിക്കപ്പെട്ടവനാണെങ്കിലും അവൻെറ ഹൃദയം വാനലോകങ്ങളുടെ അസൂയയ്ക്കു പാത്രീഭവിക്കുന്നതാണ്. മാനവഹൃദയവും ചൈതന്യോദയം കൊണ്ടും ദൈവികസാന്നിധ്യ

www.abulhasanalinadwi.org

ത്തിൻെറ അനുഭൂതി കൊണ്ടും അനുഗ്രഹീതമാകാറുണ്ട്. മാലാഖമാർ നിത്യമായ സാഷ്ടാംഗത്തിനു പേരു കേട്ടവരാണെങ്കിലും മാനവികമായ സാഷ്ടാംഗത്തിൻെറ രസവും ചൂടും അവർക്കെങ്ങനെ ലഭിക്കാൻ!

തൻെറ ബ്രാഹ്മണീയവും ഭാരതീയവുമായ പൈതൃകത്തെ പരാമർശിച്ചുകൊണ്ട് ഇഖ്ബാൽ പറയുന്നു: ഈ ഇന്ത്യൻ കാഫിറിൻെറ അഭിരുചിയും അഭിനിവേശവും ഹൃദയപരമായ വാസ്തവികതയും ശ്രദ്ധിച്ചാലും! വളർച്ച അവിശ്വാസത്തിൻെറ മടിത്തട്ടിലായിരുന്നിട്ടും അധരത്തിലും ഹൃദയത്തിലും സദാ സലാത്തും[3] സലാമും.[4] യാത്രാമധ്യേ ഈ അജ്ഞാതമായ രാജ്യത്തുവച്ച് നിന്നെ കണ്ടുമുട്ടുമ്പോൾ ഞാൻ അടിമുടി ആവേശം കൊള്ളുന്നു. നിൻെറ പ്രകൃതവും എൻെറ പ്രകൃതവും ഇവിടെ ഒന്നായിത്തീരുകയും ചെയ്യുന്നു:

ഹേ, കൊർദോവയിലെ മസ്ജിദ്! സ്നേഹത്തിലല്ലോ നിൻ നിലനിൽപ്;
സ്നേഹം അടിമുടി അനശ്വരം, അതിലില്ലാ ഭൂതം, വർത്തമാനം.
നിറവും സ്വരവും ലിപിയും ശബ്ദവും ശിലയും ഇഷ്ടികയും;
കരൾച്ചോരയിൽ നിന്നല്ലോ കലയുടെ ചൂര്.
ശിലയെ ഹൃദയമാക്കീടുന്നു ഒരു തുള്ളി ഹൃദ്രക്തം!
അതിൽ നിന്നൊഴുകുന്നു ജീവിതത്തിൻ വിഷാദവും ഉൻമാദവും
സംഗീതവും.

നിൻെറ അന്തരീക്ഷം ഹൃദ്യം, എൻെറ ഗാനമോ ഹൃദയഭേദകം!
നിന്നിൽ ഹൃദയങ്ങൾക്കു സാന്നിധ്യം; എന്നിലോ ഹൃദയങ്ങൾക്കു വികാസം.
ഉന്നതമായ അർശി[5]നെക്കാൾ ഒട്ടും കുറവല്ല മാനവഹൃദയം;
ഒരു പിടി മൺതരിയെങ്കിലും ആകാശനീലിമയത്.
പ്രകാശരൂപങ്ങൾ സുജൂദു ചെയ്യുന്നുണ്ടെങ്കിലെന്ത്?
അവരുടെ സുജൂദിലില്ല താപവും ഉരുക്കവും.
ഇന്ത്യൻ കാഫിറാണു ഞാൻ, കാണുകെൻെറ അഭിരുചിയും
അഭിവാഞ്ഛയും;

ഹൃദയത്തിലും അധരത്തിലും സലാത്തും സലാമും;
എൻെറ രാഗത്തിലുണ്ട് അഭിലാഷം, എൻെറ താളത്തിലുണ്ട് അഭിനിവേശം;
എൻെറ സിരകളിലോ അല്ലാഹ് ഹൂ[6]വിൻ സ്വരം.

കലയുടെ ഈ മഹാദ്ഭുതം കണ്ടിട്ട് ഇഖ്ബാലിന് ഇസ്ലാം സൃഷ്ടിക്കുന്ന മാതൃകാമനുഷ്യനായ പൂർണപുരുഷനെ ഓർമ വരുന്നു. അവൻ

3,4. വിശുദ്ധ പ്രവാചകതിരുമേനി(സ)യുടെ മേൽ ദൈവാനുഗ്രഹങ്ങൾ വർധമാനമായി വർഷിക്കപ്പെടാനായി നടത്തപ്പെടുന്ന പ്രാർഥനകൾ. – വിവ.

5. ദൈവിക സിംഹാസനം.

6. അവനാണ് അല്ലാഹു.

www.abulhasanalinadwi.org

ഇസ്‌ലാമികസംഘത്തിലെ അംഗമാകയാൽ മസ്ജിദ് നിർമിച്ച മഹത്തായ സമുദായവും ഇഖ്ബാലിൻെറ ഭാവനയിൽ തെളിയുന്നു. ഇഖ്ബാലിൻെറ വീക്ഷണത്തിൽ ഉന്നതവും വിശാലവുമായ മസ്ജിദ് അതിൻെറ രൂപഭാവങ്ങളിലും സ്വാധീനത്തിലും സത്യവിശ്വാസിയുടെ ശരിയായ വ്യാഖ്യാനവും അവൻെറ ഭൗതികപ്രതിരൂപവുമാകുന്നു. ഗാംഭീര്യം, വിശാലത, ഉയർച്ച, പൂർണത, സ്ഥിരത, ഹൃദ്യത, മനോഹാരിത എന്നിവയിലെല്ലാം അതു മുസ്‌ലിമിൻെറ തനിപ്പകർപ്പാകുന്നു. മസ്ജിദിൻെറ സ്തൂപങ്ങൾ ഈത്തപ്പനകളുടെ ആധിക്യംകൊണ്ടു ശ്രദ്ധേയമായ മരുപ്പച്ചയുടെ ഓർമ മഹാകവിയിൽ സൃഷ്ടിക്കുന്നു. അതിൻെറ വാതായനങ്ങളും കിളിവാതിലുകളും ദൈവികമായ പ്രകാശം പ്രസരിപ്പിക്കുന്നതായും അതിൻെറ മിനാരങ്ങൾ ദൈവാനുഗ്രഹത്തിൻെറയും മാലാഖമാരുടെ അധിവാസത്തിൻെറയും കേന്ദ്രങ്ങളായി ഉയർന്നു നിൽക്കുന്നതായും ഇഖ്ബാലിനു തോന്നുന്നു. ദൃഢവിശ്വാസത്തിൻെറയും ഉത്തമബോധ്യത്തിൻെറയും വികാരങ്ങളാൽ ആവേശഭരിതനായി അദ്ദേഹം പറയുകയാണ്: മുസ്‌ലിമിനു നാശവും മരണവുമില്ല. എന്തുകൊണ്ടെന്നാൽ അവൻ ഇബ്റാഹിമി(അ)ൻെറയും മൂസ(അ)യുടെയും മറ്റെല്ലാ പ്രവാചകരുടെയും അനശ്വരമായ സന്ദേശത്തിൻെറ വാഹകനും കാവൽക്കാരനുമാകുന്നു. അല്ലാഹു ആ സന്ദേശത്തിനു സ്ഥിരമായ നിലനിൽപും അനന്തമായ ആധിപത്യവും പ്രദാനം ചെയ്തിരിക്കുന്നു. ഈ സമുദായത്തിലെ അംഗങ്ങളാകുന്നു പ്രസ്തുത സന്ദേശത്തിൻെറ വക്താക്കളും പ്രയോക്താക്കളും.

ഇസ്‌ലാമികസമൂഹത്തിൻെറ ചിന്തകൾക്കും ഭാവനകൾക്കും വിശ്വാസപ്രമാണങ്ങൾക്കും മോഹാവേശങ്ങൾക്കും പ്രതിനിധീഭവിക്കുകയാണു മസ്ജിദ്. മുസ്‌ലിംസമുദായം ദേശീയതയും വംശീയതയുമടക്കമുള്ള അയഥാർഥവും സങ്കുചിതവുമായ വീക്ഷണങ്ങളിൽ നിന്നു മുക്തമായിരിക്കുന്നപോലെ ഈ മസ്ജിദ് അറേബ്യൻ, പേർഷ്യൻ കലാസങ്കേതങ്ങളുടെ സുന്ദരമായ സമന്വയവും സാർവലൗകികമായ സംയോജനത്തിൻെറ മാതൃകയുമാണ്. സത്യവിശ്വാസി ഭൂമിശാസ്ത്രപരമായ വിഭജനങ്ങൾക്ക് അതീതനാണ്. അവൻെറ ലോകത്തിന് അതിർത്തികളില്ല. അവൻെറ സന്ദേശത്തിൻെറ ഊഷ്മളതയും മനോഹാരിതയും കിഴക്കും പടിഞ്ഞാറും ഒരുപോലെ വ്യാപിച്ചിരിക്കുന്നു. ഇറാഖിലെ യൂഫ്രട്ടീസും ടൈഗ്രീസും ഇന്ത്യയിലെ ഗംഗയും യമുനയും യൂറോപ്പിലെ ഡാന്യൂബും ഈജിപ്തിലെ നൈലും അവൻെറ കരകാണാക്കടലിലെ കൊച്ചല മാത്രം. ചരിത്രത്തിൽ അവൻെറ മഹത്തായ യജ്ഞങ്ങൾക്കും വിജയങ്ങൾക്കും നേട്ടങ്ങൾക്കും തുല്യതയില്ല. പൗരാണിക കാലത്തെ യാത്രയയച്ചു പുതുയുഗപ്പിറവി വിളംബരം ചെയ്തത് ഈ സമുദായമാകുന്നു.

www.abulhasanalinadwi.org

ഈ സമുദായത്തിന്റെ മക്കൾ സഹജീവികളോടുള്ള ദീനദയാലുത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും യഥാർഥ പ്രതിനിധികളും വിശ്വാസത്തിന്റെയും സൗഭ്രാതൃത്വത്തിന്റെയും ശരിയായ മാതൃകകളുമാകുന്നു. അവന്റെ ജിഹ്വ മുത്തുപൊഴിക്കുന്ന മേഘമാണ്. അവന്റെ വാളിനും കുന്തത്തിനും നല്ല മൂർച്ചയുണ്ട്. അവൻ സഹൃദയനായ ഖഡ്ഗധാരിയാണ്. യുദ്ധക്കളത്തിൽ ഖഡ്ഗങ്ങളുടെ തണലിൽ ആയിരിക്കുമ്പോഴും ഏകദൈവത്വത്തിന്റെയും പ്രവാചകത്വത്തിന്റെയും സന്ദേശവാഹകനാണവൻ. സത്യസന്ധതയിലെ നിത്യസഞ്ചാരിയുമാകുന്നു അവൻ. സത്യാസത്യങ്ങളുടെ പോർക്കളത്തിൽ വിശ്വാസം അവന്റെ ശക്തിയും ദൈവാശ്രയം അവന്റെ ആയുധവുമാണ്:

നിന്റെ ഗാംഭീര്യവും സൗന്ദര്യവും ദൈവികപുരുഷന്റെ ദൃഷ്ടാന്തം;
അവൻ ശ്രേഷ്ഠൻ, സുന്ദരൻ, നീയും ശ്രേഷ്ഠം, സുന്ദരം.
നിന്റെ നിർമാണം ഭദ്രം, നിന്റെ സ്തൂപങ്ങൾ അസംഖ്യം,
സിറിയൻ മരുഭൂമിയിലെ ഈത്തപ്പനനിരകൾ പോലെ.
നിന്റെ കവാടങ്ങളിലും മേൽകൂരയിലും ശാന്തമാം
താഴ്‌വാരത്തിൻ വെളിച്ചം;

നിന്റെ മിനാരങ്ങളുടെ ഉച്ചിയിൽ പ്രത്യക്ഷനാകുന്നു ജിബ്‌രീൽ.
ഒരിക്കലും നശിക്കില്ല മുസൽമാൻ!
അവന്റെ ബാങ്കിൽ മുഴങ്ങു കലീം, ഖലീൽമാരുടെ രഹസ്യം.
അവന്റെ പാരിടം അപാരം, അംബരം അനന്തം;
ടൈഗ്രീസും ഡാന്യൂബും നൈലും അവന്റെ പാരാവാരത്തിലെ തരംഗം.
അവന്റെ കാലം വിസ്മയം, കഥയോ വിചിത്രം;
പൗരാണികതയ്ക്കവനേകീ വേർപാടിൻ സന്ദേശം.
അഭിരുചിക്കാർക്കു സാഖി, അഭിലാഷമൈതാനിയിലെ അശ്വം,
അവന്റെ മദ്യം വിശുദ്ധം, അടിസ്ഥാനമോ ബലിഷ്ഠം.
പടച്ചട്ടയണിഞ്ഞ പടയാളി, അവന്റെ ആയുധം ലാഇലാഹ;
ഖഡ്ഗത്തിൻ തണലിലും അവന്റെ അഭയം ലാഇലാഹ.

കൊർദോവാ മസ്ജിദിനോടായി പിന്നെയും ഇഖ്ബാൽ പറയുന്നു: നീ ഈ ലോകത്തു സത്യവിശ്വാസിയുടെ സ്വപ്നത്തിന്റെ വ്യാഖ്യാനവും അവന്റെ ഉത്കൃഷ്ടഗുണങ്ങളുടെ വിശദീകരണവുമാണ്. വിശ്വാസിയുടെ ആത്മാവു ശിലയിൽ പ്രത്യക്ഷപ്പെട്ടതാണു നീ. നിന്റെ അസ്തിത്വം അവന്റെ രഹസ്യങ്ങളെ വെളിക്കു കൊണ്ടുവരികയും അവന്റെ രാപ്പകലുകളെ തപിപ്പിക്കുകയും ചെയ്യുന്നു. നിന്റെ സുന്ദരമായ കെട്ടിടം അവന്റെ ഉദാത്തമായ അവസ്ഥകളുടെയും സ്ഥാനങ്ങളുടെയും പ്രതിരൂപമത്രെ. വിശ്വാസിയുടെ കരം അധികാരം, ആധിപത്യം, പ്രശ്നങ്ങളുടെ പരിഹാരം, ആവശ്യങ്ങളുടെ

www.abulhasanalinadwi.org

നിർവഹണം, കരുത്ത്, വിജയം എന്നിവയിൽ ദൈവത്തിൻെറ കരം തന്നെയാണ്.[7] ദൈവികമായ ശക്തിയുടെ മാധ്യമമാകുന്നു അവൻ.

കളിമണ്ണുകൊണ്ടു സൃഷ്ടിക്കപ്പെട്ടവനാണെങ്കിലും യഥാർഥത്തിൽ പ്രകാശപൂരിതനാകുന്നു സത്യവിശ്വാസി. അവൻെറ അസ്തിത്വം ദൈവികമായ ഗുണവിശേഷങ്ങളുടെ സുന്ദരമായ ആവിഷ്കാരമാകുന്നു. അതുകൊണ്ടുതന്നെ അവനു ഭൗതികലോകത്തെ ആശ്രയിക്കേണ്ടതില്ല. അവൻെറ മോഹങ്ങൾ വളരെ തുച്ഛമാണ്. ലക്ഷ്യങ്ങളോ അത്യുന്നതവും. അവൻ ശക്തി, സൗന്ദര്യങ്ങളുടെ സമന്വയമാകുന്നു. അവൻെറ സംഭാഷണം ചടുലവും അന്വേഷണം തീവ്രവുമാണ്. സന്ധിയിലും സമാധാനത്തിലും പട്ടിൻെറ മൃദുലത; യുദ്ധത്തിലും ആക്രമണത്തിലും കാരിരുമ്പിൻെറ ഊക്ക്. അതാണവൻെറ പ്രകൃതം. യുദ്ധത്തിലും സമാധാനത്തിലും ഒരുപോലെ വിശുദ്ധവ്യക്തിത്വം പുലർത്തുന്നവനാണവൻ. അവൻെറ വിശ്വാസമാകുന്ന കേന്ദ്രബിന്ദുവിനു ചുററുമാണു വിശ്വത്തിൻെറ കറക്കം. പ്രപഞ്ചത്തിൻെറ യാഥാർഥ്യവും അടിസ്ഥാനവും അവൻ തന്നെ. അവനല്ലാത്തതെല്ലാം മിഥ്യയാകുന്നു. അവൻ ബുദ്ധിയുടെയും ചിന്തയുടെയും ആഴവും വിശ്വാസത്തിൻെറയും സ്നേഹത്തിൻെറയും അററവുമാകുന്നു. അവൻെറ അസ്തിത്വം പ്രപഞ്ചത്തെ ആനന്ദതുന്ദിലവും സൗന്ദര്യപൂരിതവുമാക്കുന്നു. ജീവിതത്തിൻെറ ഓജസ്സും തേജസ്സും അവനിൽ ഒന്നിക്കുന്നു. അവൻ പ്രേമത്തിൻെറ ലക്ഷ്യവും സ്നേഹത്തിൻെറ നേട്ടവും അണ്ഡകടാഹത്തിൻെറ ഹൃദയവുമാകുന്നു:

നിന്നിലൂടെ അറിവായി വിശ്വാസി തൻ പൊരുൾ;
അവൻെറ പകലുകളുടെ താപം, അവൻെറ ഇരവുകളുടെ താപം.
അവൻെറ സ്ഥാനം ഉന്നതം, അവൻെറ ഭാവന മഹത്തരം,
അവൻെറ ആനന്ദം, അഭിലാഷം, അഭിമാനം, അപമാനം.
വിശ്വാസിയുടെ ഹസ്തം അല്ലാഹുവിൻെറ ഹസ്തം;
വിജയി, പ്രത്യുല്പന്നമതി, സൃഷ്ട്യുൻമുഖൻ, വിദഗ്ദ്ധൻ.
മണ്ണും വെളിച്ചവും കൊണ്ടു നിർമിതൻ, ദൈവികവിശേഷണങ്ങൾക്കു ദാസൻ;
ഇരുലോകങ്ങളിൽ നിന്നും വിമുഖൻ, അവൻെറ ഹൃദയം നിരാശ്രയം.
അവൻെറ മോഹങ്ങൾ തുച്ഛം, ലക്ഷ്യങ്ങളോ ഉന്നതം;
അവൻെറ സ്വഭാവം ഹൃദ്യം, കടാക്ഷം ഹൃദയാവർജകം.
സംഭാഷണം ചടുലം, അന്വേഷണം തീവ്രം;
യുദ്ധത്തിലും സമാധാനത്തിലും ഹൃദയം ശുദ്ധം, പ്രവൃത്തി പരിശുദ്ധം.
സത്യവൃത്തത്തിൻ കേന്ദ്രം ദൈവിക മനുഷ്യൻെറ വിശ്വാസം;

7. ഈ ആശയം വ്യക്തമാക്കുന്ന ഒരു നബിവചനമുണ്ട്.

www.abulhasanalinadwi.org

ലോകത്തുള്ള മറ്റെല്ലാം വ്യാജം, കൃത്രിമം, അവാസ്തവം.
അവൻ സ്നേഹത്തിൻെറ ലക്ഷ്യം, സ്നേഹത്തിൻെറ നേട്ടം;
വിശ്വാസത്തിൻ സഭയിൽ ഊഷ്മളമാം എൻെറ സദസ്സ്.

വീണ്ടും മസ്ജിദിനെ പ്രശംസിച്ചുകൊണ്ട് ഇഖ്ബാൽ പറയുന്നു: കലാകാരൻമാരുടെ കഅബയാണ് നീ. പ്രേമോപാസകരുടെ തീർഥാടനകേന്ദ്രവും ഇസ്ലാമികമഹത്വത്തിൻെറ ചിഹ്നവും. നീ കാരണമായിട്ടാണ് അറിവുള്ളവരുടെ കണ്ണിൽ കൊർദോവാമണ്ണിനു മാനത്തിൻെറ പദവിയും ഹറമിൻെറ പരിപാവനത്വവും കൈവന്നത്. നിന്നോടു താരതമ്യപ്പെടുത്താവുന്ന വല്ലതുമുണ്ടെങ്കിൽ അതു വിശ്വാസിയുടെ ഹൃദയം മാത്രമാകുന്നു.

തുടർന്ന് ഇഖ്ബാൽ വികാരങ്ങളുടെ വേലിയേററത്താൽ വിഷണ്ണനായിത്തീരുന്നു. അദ്ദേഹം വിദൂരമായ ഭൂതകാലത്തിലേക്കു തിരിഞ്ഞുനോക്കവെ, ചരിത്രത്തിലെ ശതകങ്ങൾ കല്പനയിൽ തെളിയുന്നു. അങ്ങനെ താൻ ഇസ്ലാമിക സ്പെയിനിലെത്തിയതായി മഹാകവിക്ക് അനുഭവപ്പെടുന്നു. ക്ലാസികതയെയും കാല്പനികതയെയും ചിന്തയുടെ വസ്ത്രമണിയിച്ചുകൊണ്ട് അദ്ദേഹം ചോദിക്കുകയാണ്: ഇസ്ലാമികതയുടെ വാഹകരും ഉന്നതമായ സ്വഭാവഗുണങ്ങളുടെ ഉടമസ്ഥരും വിശുദ്ധിയുടെ അവകാശികളുമായ അറബുകുതിരപ്പടയാളികൾ, ആ ദൈവികമനുഷ്യർ എവിടെപ്പോയി? സ്നേഹാഗ്നിയുമായി വന്നണഞ്ഞ ആ ഒട്ടകസംഘം എങ്ങുപോയി? ഭരണത്തെ ജനസേവനത്തിൻെറയും രാജവാഴ്ചയെ ജനക്ഷേമത്തിൻെറയും പര്യായങ്ങളാക്കിയ ആ അറബുഭരണാധികാരികളെവിടെ? കിഴക്കിൻെറയും പടിഞ്ഞാറിൻെറയും പരിപാലകരും യൂറോപ്യൻ നവോത്ഥാനത്തിൻെറ ശില്പികളുമായ അവർ ഇരുണ്ട യുഗത്തിൻെറ ഇരുട്ടകററിയ വിജ്ഞാനവെളിച്ചത്തിൻെറ മിനാരങ്ങളും അവരുടെ അസ്തിത്വം കാരുണ്യത്തിൻെറ സന്ദേശവുമായിരുന്നീലയോ?

പാശ്ചാത്യതയുടെ അതിപ്രസരത്തിനിടയിലും സ്പെയിനിൻെറ പൂങ്കാവനങ്ങളിൽ അറബുരക്തത്തിൻെറ തുലീപുപുഷ്പങ്ങൾ വിടർന്നു നിൽക്കുന്നതായി ഇഖ്ബാൽ കാണുന്നു. പൗരസ്ത്യതയുടെ സൗന്ദര്യം, ആത്മാവിൻെറ വിശുദ്ധി, ഹൃദയപരമായ ആനന്ദം, ആതിഥ്യമര്യാദ, ലാളിത്യം എന്നിവ അവിടത്തെ ജനതയിൽ ഇപ്പോഴും അവശേഷിച്ചിരിപ്പുണ്ട്. നജ്ദിൻെറയും യമനിൻെറയും സൗരഭ്യം അവിടത്തെ അന്തരീക്ഷത്തിൽ ഇപ്പോഴും നിറഞ്ഞുനിൽക്കുന്നു. ഹിജാസിൻെറയും ഇറാഖിൻെറയും സംഗീതം ഇപ്പോഴുമവിടെ പ്രതിധ്വനിക്കുന്നു:

കലാകാരൻമാരുടെ കഅബ, സുവ്യക്തമാം മതത്തിൻ മഹത്വം,
നീ കാരണം സ്പെയിനിനു ലഭ്യം ഹറമിൻെറ പുണ്യം.

www.abulhasanalinadwi.org

ആകാശത്തിനു താഴെ നിൻെറ സൗന്ദര്യത്തിനു സമാനം
മുസൽമാൻെറ ഹൃദയം മാത്രം!
സത്യത്തിൻെറ കാവൽക്കാരാം ആ അറബുപടയാളികൾ,
ഉത്കൃഷ്ടസ്വഭാവത്തിന്നുടമസ്ഥർ; സത്യസന്ധരാം വിശ്വാസികൾ;
അവരുടെ ഭരണത്തിൽ അനാവൃതമീ വിചിത്രമാം രഹസ്യം;
രാജകീയതയല്ല സ്നേഹപരതയാണു ഹൃദയമുള്ളോരുടെ ഭരണം.
അവരുടെ ദൃഷ്ടിയാൽ സംസ്കൃതം കിഴക്കും പടിഞ്ഞാറും;
യൂറോപ്പിൻ തമസ്സിൽ അവരുടെ ബുദ്ധി വഴികാട്ടി.
ഇന്നും കാണാം സ്പെയിനിലവൻെറ ചോര;
ഹൃദയസംതൃപ്തി, വദനദീപ്തി, ഊഷ്മള സൗഹൃദം, ലാളിത്യം.
ഇന്നുമുണ്ടീ രാജ്യത്തു കലമാനിൻ കണ്ണുകൾ;
കണ്ണിൻെറ അസ്ത്രങ്ങൾ ഇന്നും ഹൃദയാവർജകം
അതിൻെറ അന്തരീക്ഷത്തിൽ ഇപ്പോഴും തങ്ങിനിൽപൂ യമനീ
സമീരൻെറ സൗരഭ്യം;
അതിൻെറ ഗീതങ്ങളിൽ ഇപ്പോഴും മുഴങ്ങുന്നു ഹിജാസിയൻ ശ്രുതി!

ഗതകാലത്തിൻെറ ഈ വേദനാജനകമായ ഓർമകൾ അയവിറക്കിയ ശേഷം ഒരു പരിവർത്തനം പ്രതീക്ഷിച്ചുകൊണ്ട് ഇഖ്ബാൽ പറയുന്നു: ആകാശത്തോളം ഉയർന്ന സ്ഥാനം സ്പെയിനിൻെറ മണ്ണിനുണ്ടെങ്കിലും നൂററാണ്ടുകളായി അവിടെ ബാങ്കുവിളി മുഴങ്ങുന്നില്ല. ലോകമാകെ വിപ്ളവത്തിൻെറ കാററ് ആഞ്ഞുവീശുമ്പോഴും അവിടെ മാററത്തിൻെറ ലക്ഷണങ്ങളൊന്നും ദൃശ്യമല്ല. ജർമനിയിൽ മാർട്ടിൻ ലൂതറിൻെറ പരിഷ്കരണ പ്രസ്ഥാനം സാഹിത്യവിജ്ഞാനങ്ങളടക്കമുള്ള സാംസ്കാരികമേഖലകളെ സ്വാധീനിച്ചു. പോപ്പിൻെറ ആധിപത്യത്തെയും ചർച്ചിൻെറ അധികാരത്തെയും അതു തകർത്തു. അതു സൃഷ്ടിച്ചുവിട്ട സ്വതന്ത്രചിന്ത തത്വചിന്തയെ അനുകരണത്തിൻെറ ബന്ധനങ്ങളിൽനിന്നു മോചിപ്പിച്ചു. യൂറോപ്യൻ നവോത്ഥാനം ഒരു നവജീവിതത്തിൻെറ അലകൾ ഉണർത്തിവിട്ടു. റൂസ്സോയും വോൾട്ടയറും നൽകിയ പ്രചോദനത്തിൻെറ ഫലമായി അരങ്ങേറിയ ഫ്രഞ്ചു വിപ്ളവം വ്യാവസായികവിപ്ളവത്തിനു നാന്ദി കുറിച്ചു. എന്തിനേറെ, യാഥാസ്ഥിതിക രാജ്യമായ ഇററലി[8] പോലും പരിവർത്തനത്തിനു തയ്യാറായി നിൽക്കുന്നു.

ഈ പശ്ചാത്തലത്തിൽ ഇഖ്ബാൽ ഇസ്ലാമികവിപ്ളവത്തിനു ആഗ്രഹം പ്രകടിപ്പിക്കുകയാണ്. മുസ്ലിംകളുടെ ആത്മാവ് അസ്വസ്ഥമാണ്. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് പ്രവചിക്കാനാവാത്ത അവസ്ഥ.

8. രണ്ടാം ലോക മഹായുദ്ധത്തിനു മുമ്പാണ് ഈ കവിത രചിക്കപ്പെട്ടത്. അന്നു മുസ്സോളിനി ദേശീയതയിലൂന്നിയ ഫാഷിസ്ററു പ്രസ്ഥാനം തുടങ്ങിയിരുന്നില്ല.

www.abulhasanalinadwi.org

കൊർദോവയിലെ വാദി അൽ കബീർ (ഗ്വാഡൽ കിവർ) നദിയെ നോക്കി ഇഖ്ബാൽ പറയുന്നു: നിൻെറ തീരത്ത് അപരിചിതനായ ഒരു സഞ്ചാരി ഭൂത കാലത്തിൻെറ ദർപ്പണത്തിൽ ഭാവിയെ നോക്കിക്കാണുകയാണ്. വരാൻ പോകുന്ന കാര്യങ്ങൾ യൂറോപ്പിന് ഒട്ടും തൃപ്തികരമല്ലാത്തതു കൊണ്ടുതന്നെ, എൻെറ സുവ്യക്തമായ സംസാരത്തെ ക്ഷമയോടും ശ്രദ്ധയോടും കൂടി ശ്രവിക്കാൻ പോലും അതിനാവില്ല. വിപ്ളവം, പരിഷ്കരണം, നൻമതിൻമകളുടെ സംഘട്ടനം എന്നിവയാണു രാഷ്ട്രങ്ങളുടെ ജീവിതവും മരണവും തീർച്ചപ്പെടുത്തുന്നത്. ഓരോ കാൽവയ്പിലും സൂക്ഷ്മത പുലർത്തുകയും തങ്ങളുടെ ഓരോ ശ്വാസത്തെയും പരിശോധനയ്ക്കു വിധേയമാക്കുകയും ചെയ്യുന്നവർക്കു മാത്രമെ ഇവിടെ ജീവിക്കാൻ അവകാശമുള്ളൂ. നിർണായകമായ സ്ഥാനമാണ് അവർക്കു ലോകത്തുള്ളത്. അവസാനമായി ഒരിക്കലൂടെ കവിത, സാഹിത്യം, തത്വചിന്ത എന്നിവ പരാമർശിക്കവെ ഹൃദ്രക്തം കൊണ്ടു രചിക്കപ്പെടാത്ത ബുദ്ധിപരമായ അഭ്യാസങ്ങൾക്കു ജീവനില്ലെന്ന് ഇഖ്ബാൽ ഊന്നിപ്പറയുന്നു. കലാകാരൻെറ കരൾച്ചോരയിൽ കുതിരാത്ത കലാസൃഷ്ടിക്കു കാലത്തെ അതിജയിക്കാനാവില്ല. ഹൃദയത്തിൻെറ അഗാധതകളിൽ നിന്നു പൊട്ടി വിടരാത്ത സംഗീതത്തിന് അനശ്വരമായ ഗാനങ്ങളെ സൃഷ്ടിക്കാനാവില്ല. ഇഖ്ബാലിനെ സംബന്ധിച്ചിടത്തോളം ഇതു കലയുടെ മാത്രമല്ല ജീവിതത്തിൻെറയും വീക്ഷണമത്രെ. രണ്ടിനും ഹൃദയരക്തം അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു:

താരകങ്ങളുടെ കണ്ണിൽ നിൻെറ മണ്ണു വാനം പോലെ!
പക്ഷേ, ഇല്ല നിന്നന്തരീക്ഷത്തിൽ ശതകങ്ങളുടെ ബാങ്കൊലി.
ഏതു താഴ്വാരത്തിൽ, ഏതു ലക്ഷ്യസ്ഥാനത്ത്,
അവസാനിക്കാത്ത സ്നേഹത്തിൻ ദുഷ്കരമാം ഒട്ടകസംഘം?
കണ്ടുകഴിഞ്ഞു ജർമനി മതപരിഷ്കരണം,
വിട്ടുകളഞ്ഞില്ലത് പഴയതിൻെറ ഒരടയാളവും.
തെററായൊരു പദമായീലയോ, പുരാതന പുരോഹിതൻെറ പരിശുദ്ധി,
തുടർന്നീലയോ ചിന്തയുടെ നൗക അതിൻെറ ദ്രുതപ്രയാണം.
ഫ്രാൻസിൻെറ കണ്ണും കണ്ടു വിപ്ളവം,
മാററി മറിച്ചു അതു പാശ്ചാത്യരുടെ ഭുവനം.
പൗരാണികതയെ പൂജിച്ചൊരാ റോമാരാജ്യവും,
പരിഷ്കരണത്വരയാൽ പ്രാപിച്ചു യൗവനം.
മുസൽമാൻെറ ആത്മാവിലുമുണ്ടസ്വാസ്ഥ്യം,
നാവുകൊണ്ടു പറയാനാവാത്തൊരാ ദൈവികരഹസ്യം.
ഈ കടലിന്നടിയിൽ നിന്നവസാനം പൊങ്ങി വരുന്നതെന്തെന്നു കണ്ടീടുക,
നിലൂഫറിൻ മകുടം നിറം മാറുന്നോ?

www.abulhasanalinadwi.org

മലയിടുക്കിലെ സന്ധ്യാവെളിച്ചത്തിൽ മുങ്ങിക്കുളിച്ചു മുകിലുകൾ,
വിഭാകരനോ വിട്ടേച്ചു പോയീ ബദക്ശാനിലെ മാണിക്യങ്ങൾ!
ഗ്വാഡൽ ക്വിവറിലെ ജലപ്രവാഹമേ നിൻെറ തീരത്തൊരുവൻ,
സ്വപ്നം കാണുകയാണു പൊയ്പോയ കാലത്തെ.
നിയതിയുടെ മറയ്ക്കപ്പുറത്തുമുണ്ടൊരു ലോകം,
പക്ഷേ, എൻെറ കണ്ണുകളിൽനിന്ന് അതിനു മറയില്ല.
എൻെറ ചിന്തകളുടെ മുഖാവരണം നീക്കാൻ എനിക്കു കഴിയുകിൽ,
യൂറോപ്പിനു സഹിക്കാനാവില്ല എൻെറ ഗാനങ്ങളുടെ അഗ്നി.
വിപ്ളവമില്ലാത്ത ജീവിതം മരണം!
കലാപവും സമരവും രാഷ്ട്രങ്ങളുടെ ആത്മാവുകൾക്കു ജീവൻ.
സ്വന്തം പ്രവർത്തനങ്ങൾ സദാ വിലയിരുത്തും രാജ്യം,
വിധിയുടെ കരങ്ങളിൽ വാളു പോലെയാണാ രാജ്യം.
കരൾച്ചോര തുടിക്കാത്ത കലയെല്ലാം അപൂർണം;
ഹൃദ്രക്തമേശാത്ത സംഗീതമോ വെറും ശബ്ദഘോഷം!

www.abulhasanalinadwi.org

11

അബൂജഹലിൻെറ വിലാപം

ജാഹിലിയാകാല[1]ത്തെ അറബുദേശീയതയുടെ നേതാവായ അംറു ബ്നു ഹിശാം എന്ന അബൂജഹൽ[2] സങ്കൽപലോകത്തു വച്ചു നടത്തുന്ന വിലാപം ഇഖ്ബാൽ ഒരു കവിതയിൽ ചിത്രീകരിക്കുന്നുണ്ട്. ഇസ്ലാമിക കാലഘട്ടത്തിൽ ഇസ്ലാമികവിശ്വാസത്തിൻെറ കേന്ദ്രവും ഏകദൈവത്വത്തിൻെറ ആസ്ഥാനവും പ്രവാചകത്വത്തിൻെറ കളിത്തൊട്ടിലുമായി തീർന്ന മക്കയിലേക്ക് അബൂജഹൽ തീർഥാടനം നടത്തുന്നു. അവിടെ ലാത്തിൻെറയും മനാത്തിൻെറയും സ്ഥാനത്ത് അയാൾ കണ്ടുമുട്ടുന്നതു തവാഫിലും മറ്റ് ആരാധനാക്രമങ്ങളിലും രാത്രികളെ ജീവിപ്പിക്കുന്ന സാത്വികരെയാകുന്നു.

---

1. അന്ത്യപ്രവാചകനായ മുഹമ്മദ്നബിതിരുമേനി(സ)യുടെ ആഗമനത്തിനു തൊട്ടു മുമ്പുള്ള ഇരുളടഞ്ഞ അജ്ഞാനത്തിൻെറയും അന്ധതയുടെയും കാലഘട്ടം. – വിവ.

2. വിശുദ്ധപ്രവാചകതിരുമേനി(സ)യുടെ സത്യപ്രബോധനത്തെ കഠിനമായ എതിർപ്പുമായി നേരിട്ട പ്രമുഖശത്രു. അറബുജീർണതകളെ കാത്തുരക്ഷിക്കാനും ഇസ്ലാമികപ്രത്യയശാസ്ത്രത്തെ തടഞ്ഞുനിർത്താനും അബൂജഹൽ കഴിവതു പരിശ്രമിച്ചു. അവസാനം ക്രി. 623ൽ ബദ്ർ യുദ്ധത്തിൽ തൻെറ പദ്ധതികൾ വിജയം കാണാതെ കൊലചെയ്യപ്പെട്ടു. – വിവ.

www.abulhasanalinadwi.org

റുകൂഇ[3]ൻെറയും സുജൂദിൻെറയും തസ്ബീഹ്,[4] തഹ്ലീൽ,[5] തഹ്മീദ്,[6] തംജീദു[7]കളുടെയും ദിക്റി[8]ൻെറയും ഇസ്തിഗ്ഫാറി[9]ൻെറയും പുണ്യപൂരിതമായ അന്തരീക്ഷം. അവിടെ അജ്ഞാനകാലത്തെ വിഗ്രഹങ്ങളില്ല. ഭൗതികതയുടെ പ്രതിമകളുമില്ല. ഹുബൽ, ഉസ്സ:, ഉസാഫ്, നാഇല: തുടങ്ങിയ പൗരാണിക അറബു വിഗ്രഹങ്ങൾക്കു സ്തുതി പാടുന്ന മന്ത്രോച്ചാരണങ്ങൾക്കു പകരം ഏകദൈവത്വത്തിൻെറ മാഹാത്മ്യത്തെയും ഏറ്റവും മഹാനായ പ്രവാചക(സ)ൻെറ അനശ്വരമായ പ്രവാചകത്വത്തെയും പ്രകീർത്തിക്കുന്ന ഉച്ചത്തിലുള്ള ബാങ്കുവിളിയുടെ അലകളാണ് അബൂജഹലിൻെറ കാതുകളിൽ വന്നലച്ചത്. അജ്ഞാനകാലഘട്ടത്തിലെ ദുരഭിമാനത്തിൻെറയും ഗോത്രാധിപത്യപരമായ വിഘടനത്തിൻെറയും വംശീയമായ വിഭജനത്തിൻെറയും സ്ഥാനത്തു വിശാലമായ മാനവസമത്വവും ഇസ്ലാമികസഹോദര്യവും നിലവിൽവന്നിരിക്കുന്നു. മനുഷ്യർ ഇന്നു മാനുഷ്യകത്തെ ഒറ്റ കുടുംബമായിട്ടാണു പരിഗണിക്കുന്നത്. അറബികളും അനറബികളും സമൻമാർ. മാന്യതയുടെ മാനദണ്ഡം ദൈവഭക്തിയും ധാർമിക ഔന്നത്യവും മാത്രമാകുന്നു. "നിശ്ചയം, നിങ്ങളിൽ ഏറ്റവും ദൈവഭക്തിയുള്ളവരാകുന്നു അല്ലാഹുവിങ്കൽ നിങ്ങളിലേറ്റം ഔന്നത്യമുള്ളവർ" (വിശുദ്ധ ഖുർആൻ, XLIX:13)

അബൂജഹൽ അറബികളുടെ സംസാരം ശരിക്കും ശ്രദ്ധിക്കുന്നു. ആരും ദേശം, വർഗം, കുടുംബം തുടങ്ങിയവയുമായി ബന്ധപ്പെട്ട ഒരക്ഷരവും ഉരിയാടുന്നില്ല. അയാൾ ജനങ്ങൾക്കിടയിൽ ചുറ്റിക്കറങ്ങിനോക്കി. പക്ഷേ, വ്യക്തിപരമോ, വംശപരമോ, തൊഴിൽപരമോ ആയ കാരണങ്ങളാൽ ആരും അപമാനത്തിലാണ്ടതു കണ്ടില്ല. തൊലിയുടെ നിറത്തിൻെറ പേരിലുള്ള ഉച്ചനീചത്വങ്ങളും എങ്ങും ദൃശ്യമായില്ല. അറബ്, അനറബു വിവേചനങ്ങളും പമ്പ കടന്നിരുന്നു. സമ്മേളന സ്ഥലങ്ങളിൽ കണ്ട കാഴ്ചയോ അബൂജഹലിനെ ഞെട്ടിച്ചു. അദ്നാൻ, ഖഹ്താൻ, റബീഅ, മുദർറ്, അബ്ദുമനാഫ്, അബ്ദുദ്ദാർ, ബനീഹാശീം, ബനീഅബ്ദുശ്ശംസ് തുടങ്ങിയ അറബുഗോത്രങ്ങളിൽ പിറന്നവർ ഒന്നിച്ചിരിക്കുന്നു! അവർക്കിടയിൽ ഗോത്രപരമായ അസഹിഷ്ണുതയുടെ നേരിയ ഒരംശം പോലും ബാക്കിയില്ല. ഈ ഉന്നതകുലജാതരെല്ലാം ഒരു അബിസീനിയക്കാരൻ അടിമയിൽ നിന്നും വിദ്യ നേടുന്നു. കറുത്ത കാപ്പിരിയെ ഗുരുവായി ലഭിച്ചതിൽ അവർക്ക് അഭിമാനമാണത്രെ. അറബികളുടെ വിശ്വാസത്തിലും ചിന്തയിലും ആചാരമര്യാദകളിലും സ്വഭാവ

3, നമാസിൽ കുനിഞ്ഞുനിൽക്കൽ.

4,5,6,7. വിവിധങ്ങളായ ദൈവിക സ്തോത്രങ്ങൾ.

8. ദൈവനാമങ്ങളുടെയും ദൈവിക വിശേഷണങ്ങളുടെയും പ്രകീർത്തനം.

9. പാപങ്ങൾ പൊറുക്കുന്നതിനുള്ള പ്രാർത്ഥന.

www.abulhasanalinadwi.org

വിശേഷങ്ങളിലും സംഭാഷണരീതികളിലുമെല്ലാം പ്രകടമായി കണ്ട പരിവർത്തനത്തെ അബൂജഹൽ പ്രത്യേകം നിരീക്ഷിക്കുന്നു. ജാഹിലിയാസംസ്കാരത്തിൻെറയും അറബുഗർവിൻെറയും ദേശീയവികാരങ്ങളുടെയും ഒരവശിഷ്ടം പോലും എങ്ങും കണ്ടില്ലെന്നത് അയാളെ ഏറെ നിരാശനാക്കി. പൗരാണികജീവിതത്തിൻെറ ചിഹ്നങ്ങളെല്ലാം പൂർണമായും തുടച്ചു നീക്കപ്പെട്ടതായി വേദനയോടെ അബൂജഹൽ മനസ്സിലാക്കി. വിശ്വാസം, ധാർമികത, നൻമ, ദൈവഭയം എന്നിവയിലൂന്നിയ പുതിയ ഒരു സമൂഹം നിലവിൽ വന്നുകഴിഞ്ഞു. പഴയ മാനദണ്ഡങ്ങൾ അപ്രത്യക്ഷമാവുകയും പകരം പുതിയ ധാർമികമൂല്യങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

സംഭവവികാസങ്ങളുടെ പരിണാമഗതിയിൽ മനംനൊന്ത് അബൂജഹൽ ഒരു കവിത ചൊല്ലിപ്പോയി:

എനിക്കു പരിചയമുള്ള ജനം പോയീ,
ഞാനറിയുന്നൊരാ വീടുമിന്നില്ല!

മഖ്സൂം ഗോത്രത്തിൻെറ തലവൻ സ്വദേശത്തു വിദേശിയും സ്വന്തം വസതിയിൽ അന്യനുമായിരിക്കുന്നു. മക്കാനഗരത്തെ തിരിച്ചറിയാൻ തന്നെ അയാൾക്കു സാധിക്കുന്നില്ല. ഒരു കാലത്തു താൻ അവിടത്തെ ബഹുമാനപ്പെട്ട പൗരനും നേതാവുമായിരുന്ന കാര്യം അബൂജഹൽ അറിയാതെ ഓർത്തുപോയി. എന്തൊരു അദ്ഭുതകരമായ മാറ്റം ! കഅബയുടെ വടക്കു ഹതീം എന്ന സ്ഥലത്തും കറുത്ത ശിലയ്ക്കടുത്തും സംസം കിണറിൻെറ പരിസരത്തും കൂടിയിരുന്ന ഖുറൈശിഗോത്രത്തിൻെറ നേതൃസഭകളും അവിടെ നടന്നിരുന്ന മുസ്ലിം പീഡനങ്ങളും ഒരിക്കൽ കൂടി അയാൾ ആശിച്ചുപോയി. ആ സഭകളിലെ അദ്ധ്യക്ഷസ്ഥാനം തനിക്കായിരുന്നുവല്ലോ എന്നോർക്കുമ്പോൾ താൻ വഴി തെറ്റി മറ്റു വല്ലയിടത്തും എത്തിയതാണോ എന്നു പോലും അബൂജഹൽ സംശയിച്ചു. മുഹമ്മദി[10]ൻെറ പുതിയ മതം അറബുദേശീയത്വത്തിനും ഖുറൈശി ആധിപത്യത്തിനും മുമ്പിലുള്ള വമ്പിച്ച അപകടമായും ജാഹിലിയാ വ്യവസ്ഥയ്ക്കെതിരെ ഉയർന്നുവന്ന കനത്ത വെല്ലുവിളിയായും കണക്കാക്കപ്പെട്ട ആ കാലഘട്ടം എന്നെന്നേക്കുമായി വിട പറഞ്ഞുവെന്നോ ?

മാന്യതയും ശ്രേഷ്ഠതയും അറബികളുടെ മാത്രം കുത്തകയാണെന്ന വിശ്വാസമായിരുന്നു അബൂജഹലിനുണ്ടായിരുന്നത്. മറ്റുള്ളവരൊക്കെ ദയയും കരുണയും അർഹിക്കാത്ത അധ:കൃതരും അധ:സ്ഥിതരും. ഇസ്ലാ

10. മുഹമ്മദ്(സ).

www.abulhasanalinadwi.org

മിൻെറ വിപ്ലവകരമായ അനന്തരഫലങ്ങളെക്കുറിച്ചു നന്നായി മനസ്സിലാക്കിയതുകൊണ്ടും അതിൻെറ വിജയം ജാഹിലിയത്തിൻെറ നിഷ്കാസനത്തിൽ കലാശിക്കുമെന്നു ബോധ്യപ്പെട്ടതുകൊണ്ടുമായിരുന്നു പരമ്പരാഗതസംസ്കാരത്തിൻെറ സംരക്ഷണത്തിനു വേണ്ടി മുന്നണിയിൽ നിന്നു പടപൊരുതാൻ അബൂജഹൽ ധൃഷ്ടനായത്. ചിന്തകളിൽ നിമഗ്നനാകവെ, അബൂജഹലിൻെറ ദുരഭിമാനം ഒരിക്കൽ കൂടി ഉണരുകയും അയാളുടെ ആത്മാവു മുറി നിവരുകയും ചെയ്തു. കഅബയുടെ ചുമരുകൾ കെട്ടിപ്പിടിച്ചു വിലപിച്ചുകൊണ്ട് അയാൾ വിശുദ്ധപ്രവാചകൻ മുഹമ്മദ്നബിയിതുമേനി(സ)ക്കെതിരെ ആവലാതി പറയാൻ തുടങ്ങി: എൻെറ ഹൃദയത്തിൽ നിന്നു രക്തമൊഴുകുന്നു. എൻെറ ആത്മാവിനു മുറിവേറ്റിരിക്കുന്നു. മുഹമ്മദ്[11] കഅബയുടെ ദീപം അണക്കുകയും അതിൻെറ മൂല്യവും മഹത്വവും കെടുത്തുകയും സീസർ, കിസ്റാമാരുടെ കോട്ടകൾ തകർക്കുകയും ചെയ്തു. "ശാസനാധികാരമാകട്ടെ, അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല" (വിശുദ്ധ ഖുർആൻ, XIII:. 40) എന്നും "ഭൂമി അല്ലാഹുവിൻെറത്, അവൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് അനന്തരാവകാശമായി നൽകുന്നു" (വിശുദ്ധ ഖുർആൻ VII: 128) എന്നും പ്രഖ്യാപിച്ചുകൊണ്ടു പൗരാണികവ്യവസ്ഥയെ തകർത്തെറിഞ്ഞു. ഇതെല്ലാം കേട്ടു സ്വാധീനിക്കപ്പെട്ട നമ്മുടെ യുവസമൂഹം നമ്മുടെ കൈയിൽ നിന്നു പോയിരിക്കുന്നു. മുഹമ്മദി[12]ൻെറ മഹത്വത്തിലും വ്യക്തിത്വത്തിലും അവർ ആകൃഷ്ടരായിരിക്കുന്നു. 'ലാഇലാഹ ഇല്ലല്ലാ'യിൽ കവിഞ്ഞ ഒരു മതനിന്ദയുണ്ടോ ? അതു ചൊല്ലുന്നതോടെ ഒരു ദൈവം മാത്രം അവശേഷിക്കുകയും ജനസഞ്ചയങ്ങളുടെ ചരിത്രത്തിൽ പരാമർശിക്കപ്പെട്ട മറ്റു ദൈവങ്ങളെല്ലാം മിഥ്യയായി മറയുകയും ചെയ്തു. അതു പ്രഖ്യാപിക്കപ്പെട്ടതോടെ പൗരാണികമതം തകർക്കപ്പെട്ടു. ലാത്തിൻെറയും മാനാത്തിൻെറയും അഭിമാനം നാമാവശേഷമായി. ലോകം ഇതിനു പകരം ചോദിച്ചിരുന്നവെങ്കിൽ! ദൃശ്യരായ ദൈവങ്ങൾ തൃണവൽഗണിക്കപ്പെടുമ്പോൾ അദൃശ്യനായ ദൈവത്തിനു വേണ്ടി സർവം സമർപ്പിക്കപ്പെടുന്നതും ദൃഷ്ടിഗോചരമായതിലുള്ള വിശ്വാസത്തെക്കാൾ അഗോചരമായതിലുള്ള വിശ്വാസം ഉത്കൃഷ്ടമായി ഗണിക്കുന്നതും വിചിത്രം തന്നെ. എങ്ങനെയാണ് ഈ കാണപ്പെടാത്തതിനെ അംഗീകരിക്കുക? അദൃശ്യനായിരിക്കുന്നവൻെറ മുമ്പിലെ സാഷ്ടാംഗം ധിക്കാരമല്ലാതെ മറ്റെന്താണ് ? മനുഷ്യന് ഒരു ശിലാവിഗ്രഹത്തിൻെറ മുമ്പിൽ തൊഴുമ്പോഴുള്ള സുഖമുണ്ടോ ഈ സാഷ്ടാംഗം കൊണ്ടു ലഭ്യമാവുന്നു ?

എൻെറ നെഞ്ചകം കീറിമുറിച്ചു മുഹമ്മദ്,

11,12. മുഹമ്മദ്(സ).

www.abulhasanalinadwi.org

മുഹമ്മദിൻ ശ്വാസത്തിലണഞ്ഞു കഅബ തൻ ദീപം,
സീസർ, കിസ്റായുടെ തകർച്ചയെ ഗാനമാക്കി,
തട്ടിയെടുത്തു നമ്മുടെ യുവതയെ.
മാന്ത്രികനാം മുഹമ്മദ്, ആ ഭാഷണമൊരു ഇന്ദ്രജാലം,
ലാഇലാഹയെന്ന ഈ രണ്ടുവാക്കിൽ കവിഞ്ഞൊരവിശ്വാസമുണ്ടോ ?
ചുരുട്ടി അതിനാലെ നമ്മുടെ പൂർവികമതത്തിൻ പരവതാനി,
നമ്മുടെ ദൈവങ്ങളെക്കൊണ്ടു ചെയ്തതെന്തോ അതു ചെയ്തു.
ആ മുഷ്ടിപ്രഹരത്തിൽ തകർന്നു കിടപ്പൂ ലാത്തും മനാത്തും,
വിശാലമാം വിശ്വമേ പകരം ചോദിക്കുക മുഹമ്മദിനോട്.
ദൃശ്യമായതിനെ വിട്ടു അദൃശ്യമായതിൽ വിശ്വസിക്കുന്നു ഹൃദയം,
കണ്ണു കൊണ്ടു കാണും വിഗ്രഹത്തെ തകർക്കുമീ ആഭിചാരം.
അഗോചരമായതിൽ കണ്ണു നടുകയെന്നതു തെറ്റ്,
ഗോചരമാവാത്തതെവിടെ നിലനിൽക്കാൻ ?
കാണപ്പെടാത്തതിൻ മുന്നിലെ സാഷ്ടാംഗം അബദ്ധം,
പുതിയ മതം അന്ധം, അനതിവിദൂരം.
പാർശ്വങ്ങളില്ലാത്ത ദൈവത്തിൻ മുന്നിൽ കുനിയലോ,
ആരാധകനാനന്ദമില്ലയാ പ്രാർഥനയിൽ.

അബൂജഹൽ പരിതപിക്കുന്നു: മുഹമ്മദി[13]ൻെറ മതം ദേശീയതയുടെ മരണമാകുന്നു. ഖുറൈശിയായി ജനിച്ചിട്ടുപോലും അടിമകളെ ആദരിക്കാനും ധനികനെയും ദരിദ്രനെയും അറബിയെയും അനറബിയെയും തുല്യരായി പരിണഗിക്കാനും ഒരു മടിയും കാണിക്കാത്ത മുഹമ്മദ്[14] അറബുസ്വതന്ത്രരുടെ മൂല്യം മനസ്സിലാക്കിയില്ല. ഇറാനിയൻ അപരിഷ്കൃതരും കറുത്തിരുണ്ട അടിമകളും ചുവന്നു തുടുത്ത അറബിയജമാനൻമാരും ഒരിക്കലും ഒരു പോലെയാവില്ല. മാന്യനും നീചനും ഉയർന്നവനും താഴ്ന്നവനും എങ്ങനെയാണു തുല്യരാകുക? അറബികൾക്ക് അപമാനമാണിതെല്ലാം. ഈ സമത്വസങ്കൽപം പേർഷ്യൻ ആശയങ്ങളിൽ നിന്നു സ്വീകരിച്ചതാണെന്നു ഞങ്ങൾക്കു നന്നായറിയാം. ആ സൽമാനുൽ ഫാരിസിയെപ്പോലുള്ളവരുടെ കുതന്ത്രമാണിത്. സൽമാനിൻെറ ഭാവനാസമ്പന്നമായ മനസ്സ് അറബികളെ ആപത്തിലാഴ്ത്തി. ഈ ഹാശിംഗോത്രക്കാരനായ ചെറുപ്പക്കാരനാകട്ടെ തൻെറ വിലയും നിലയും സ്വയം തകർത്തു നമാസിലൂടെ മൂഢനായിത്തീർന്നിരിക്കുകയാണ്. ഒരു പേർഷ്യക്കാരൻെറ വംശപരമ്പര നമ്മുടെതു പോലെയാകുമോ? അവനു ബദവി[15]കളുടെ രീതിയിലും മുദർറുഗോത്രക്കാരുടെ ശൈലിയിലും ഭാഷ മൊഴിയാനാകുമോ? അറബുബുദ്ധികൻമാരേ, ഉണരുക!

13, 14. മുഹമ്മദ്(സ).

15. അറബു മരുഭൂമികളിലെ യായാവരൻമാർ.

www.abulhasanalinadwi.org

മുഹമ്മദ[16]ൻെറ ദിവ്യവെളിപാടുകളെ ശക്തമായ പ്രചാരണം കൊണ്ടു തകർത്ത് അറബീയതയെ ജീവിപ്പിക്കുക:

ഖുറൈശീ വംശവും ഭരണവും തകർത്തുകളയും മതം,
അറബു ശ്രേഷ്ഠതയെ നിരാകരിക്കും മുഹമ്മദിൻ മതം.
മേലാളരെയും കീഴാളരെയും ഒരു പോലെ കാൺമൂ,
ഒരേ പാത്രത്തിൽ നിന്നാഹരിപ്പൂ അടിമയോടൊപ്പം.
അറബു സ്വതന്ത്രരുടെ മൂല്യമറിയാത്തോൻ,
അബിസീനിയൻ അടിമകളുമായി ചങ്ങാത്തം;
സവർണരും അവർണരും സമമാകുമോ ?
ഗോത്രമഹിമയെല്ലാം കാറ്റിൽ പറത്തി.
ഈ സമത്വവും സൗഭ്രാതൃത്വവും നമുക്കു വിദേശീയം,
നന്നായറിയുന്നു ഞാൻ, മസ്ദകാം സൽമാനിൻ കെണിയാണിതെന്ന്.
അബ്ദുല്ലായുടെ പുത്രനെ ചതിച്ചു സൽമാൻ,
അറബിയുടെ അഭിമാനത്തെ ഹനിച്ചു.
ഹാശിമിൻെറ മക്കൾ പരസ്പരം അന്യരായി,
രണ്ടു റക്അതുകൾ അവരെ അന്യരാക്കി.
അദ്നാനിയോടു താരതമ്യം ചെയ്യാൻ എന്തുണ്ടീ അനറബിയിൽ ?
വാഗ്മിതയിൽ സഹ്ബാനി[17]ക്കൊപ്പമെത്തുമോ ഈ അപരിഷ്കൃതൻ ?
അറേബ്യൻ വിശിഷ്ടരുടെ കണ്ണുകൾ അന്ധമായീ,
എഴുന്നേൽക്കുകില്ലേ സുഹൈർ[18] ഈ കുഴിമാടത്തിൽ നിന്ന് ?
ഈ മരുഭൂമിയിൽ ഞങ്ങൾക്കു വഴികാട്ടിയാമങ്ങ്,
തകർത്തീടുക ജിബ്രീലിൻ നാദത്തിൻ ഇന്ദ്രജാലം.

എന്തു കൊണ്ടാണു തന്നെ പിന്തുണക്കാത്തതെന്ന് അബൂജഹൽ ഹജറുൽ അസ്‌വദിനോടായി ചോദിക്കുന്നു. തുടർന്നു ഹുബലിനോടു പറയുകയാണ്: ഞങ്ങളുടെ ഏറ്റവും വലിയ ആരാധ്യരേ, എന്തുകൊണ്ട് അങ്ങ് ഈ അവിശ്വാസികളെ അക്രമിച്ച് ആട്ടിപ്പായിക്കുന്നില്ല? സഖാക്കളെയും കൂട്ടിപ്പുറപ്പെട്ടു കൊടുങ്കാറ്റഴിച്ചു വിട്ടു ഇക്കൂട്ടരെ നശിപ്പിക്കുക. നിങ്ങൾ എങ്ങും പോകരുതേ ! നാടുവിട്ടു പോകേണ്ടിവന്നാലും ഞങ്ങളുടെ ഹൃദയങ്ങൾ വിട്ടുപോകരുതേ ! എനിക്കൊന്നു കൺകുളിർക്കെ കാണാൻ ഇത്തിരി നേരം കൂടി ഇവിടെ കഴിഞ്ഞാലും !

ചൊല്ലുക വീണ്ടും, ഹേ, ഹജറുൽ അസ്‌വദ് !
മുഹമ്മദിലൂടെ ഞങ്ങൾ അനുഭവിച്ചതെന്തെന്നു ചൊല്ലീടുക നീ.

16. മുഹമ്മദ്(സ).

17. പ്രസിദ്ധനായ അറബു വാഗ്മി.

18. ജാഹിലിയാ കാലഘട്ടത്തിലെ പ്രസിദ്ധനായ അറബിക്കവി.

www.abulhasanalinadwi.org

ദാസൻമാരുടെ പ്രാർഥന സ്വീകരിക്കും ഹുബൽ,
കാത്തുകൊൾകീ മന്ദിരത്തെ.
അവരുടെ കൂട്ടത്തെ കാണിക്കൂ കാട്ടുചെന്നായ്ക്കൾക്ക്,
കയ്പുറ്റതാക്കുക അവരുടെ ഈത്തപ്പഴങ്ങൾ.
മരുഭൂമിയിലഴിച്ചു വിടുക ഒരു കൊടുങ്കാറ്റ്,
ആകട്ടെ അവർ പുഴകി വീണ ഈത്തപ്പന പോലെ.
ഹേ, ലാത്ത്, മനാത്ത്, പോകല്ലേ ഈ ഭവനം വിട്ട്,
ഭവനം വിട്ടാലും ഹൃദയം വിടല്ലേ.
ഏന്നെന്നും ഞങ്ങളുടെ കണ്ണുകളിൽ വസിപ്പോരേ,
ഞങ്ങളെപ്പിരിയാനുദ്ദേശിക്കുകിൽ ഇത്തിരി നേരം നിൽക്കണേ ! ●

www.abulhasanalinadwi.org

12

ജമാലുദ്ദീൻ അഫ്ഗാനിയുടെ കൂടെ

മൗലാനാ ജലാലുദ്ദീൻ റൂമി(റ)യോടൊപ്പം നടത്തിയ ധൈഷണികവും ആത്മീയവുമായ സഞ്ചാരത്തിനിടയിൽ, മതപുരുഷൻമാരും ദാർശനികൻമാരും രാഷ്ട്രീയനായകൻമാരും സാഹിത്യനായകൻമാരുമടങ്ങുന്ന മഹദ്വ്യക്തികളെ ഇഖ്ബാൽ കണ്ടുമുട്ടുന്നു. യാത്രാമധ്യെ, മനുഷ്യൻെറ പാദസ്പർശമേൽക്കാത്ത അജ്ഞാതമായ ഒരു താഴ്വാരത്തിൽ അദ്ദേഹം എത്തിച്ചേരുന്നു. പ്രകൃതിരമണീയത കൊണ്ടു അനുഗ്രഹീതമാണാ സ്ഥലം. മലയും താഴ്വാരവും പുഴയും പൂങ്കാവനവുമെല്ലാം ചേർന്നു ഹൃദയത്തെ വശീകരിക്കുന്ന ചുറ്റുപാടിൽ കവിക്ക് അദ്ഭുതം തോന്നി. ഇത്ര മനോഹരമായ ഒരു സ്ഥലം എന്തുകൊണ്ടു സഹസ്രാബ്ദങ്ങളോളം മാനവസംസ്കൃതിക്ക് അപ്രാപ്യമായി! പ്രകൃതിയുടെ സൗന്ദര്യവും പരിസ്ഥിതിയുടെ സൗകുമാര്യവും അരുവികളുടെ കളകളാരവവും താഴ്വാരത്തിൻെറ ഹൃദ്യതയും മഹാകവിയെ ഹഠാദാകർഷിച്ചു. അതിനിടയിൽ അദ്ദേഹം വിദൂരതയിൽ നിന്നൊരു ബാങ്കുവിളി ശ്രവിക്കുന്നു. വിസ്മയഭരിതനായി അതിനെ കുറിച്ച് അദ്ദേഹം റൂമി(റ)യോട് അന്വേഷിക്കുകയും ചെയ്യുന്നു. തൻെറ കാതുകൾക്കു തെറ്റുപറ്റിയോ എന്നു സംശയം പ്രകടിപ്പിച്ച ഇഖ്ബാലിനോടു മൗലാനാ റൂമി(റ) പറഞ്ഞു: ഇതു സാധകിളുടെയും സാത്വികൻമാരുടെയും താഴ്വാരമാണ്. നമു

www.abulhasanalinadwi.org

ക്കും ഈ പ്രദേശവുമായി അടുത്ത ബന്ധമുണ്ട്. എന്തുകൊണ്ടെന്നാൽ ഹ: ആദം(അ) സ്വർഗത്തിൽ നിന്നു ബഹിഷ്കൃതനായ ശേഷം ഏതാനും ദിനങ്ങൾ തങ്ങിയത് ഇവിടെയായിരുന്നു. ആദമി(അ)ന്റെ പുലർകാലനിശ്വാസം അനുഭവിക്കുകയും പാതിരാപ്പാട്ടു ശ്രവിക്കുകയും പശ്ചാത്താപക്കണ്ണീരിനു സാക്ഷ്യം വഹിക്കുകയും ചെയ്ത സ്ഥലമാണിത്. ഫുദൈൽ, ബൂസഈദ്, ജൂനൈദ്, ബായസീദ് എന്നിവരെ പോലുള്ള പുണ്യാത്മാക്കൾ മാത്രമെ ഇങ്ങോട്ടു തീർഥാടനം ചെയ്യാൻ ധൈര്യപ്പെടൂ. വരൂ, ഭൗതികലോകത്തു് നിഷിദ്ധമായിരുന്ന പ്രേമത്തിന്റെ പ്രാർഥന ഈ വിശുദ്ധമായ താഴ്‌വാരത്തിൽ വച്ചു നമുക്കു നിർവഹിക്കാം.

ഇരുവരും മുന്നോട്ടു നീങ്ങവെ, രണ്ടുപേർ നമാസ് നിർവഹിക്കുന്നതു കാണായി. ഒരാൾ അഫ്ഗാൻകാരനും അപരൻ തുർക്കിക്കാരനുമാണ്. ഇമാം ജമാലുദ്ദീൻ അഫ്ഗാനിയും സഈദ് ഹലീം പാഷയുമായിരുന്നു അവർ. ഈ രണ്ടു പേരെക്കാൾ മഹാൻമാരായ മക്കൾക്കു പൗരസ്ത്യലോകത്ത് ഒരു മാതാവും ജൻമം നൽകിയിട്ടില്ലെന്നു റൂമി(റ) ഇഖ്ബാലിനോടു പറഞ്ഞു. ഇവരുടെ ചിന്തകളും വീക്ഷണങ്ങളുമാണു പൗരസ്ത്യരാഷ്ട്രീയത്തിനു വിജയകരമായ മാർഗദർശനം നൽകിയത്. വിശിഷ്യാ, അഫ്ഗാനി കിഴക്കൻലോകത്തിന്റെ മൃതശരീരത്തിലേക്കു ജീവൻ സന്നിവേശിപ്പിക്കുകയും അതിനെ അടിമുടി ഉണർത്തി വിടുകയും ചെയ്തു. സഈദ് ഹലീം പാഷയാകട്ടെ, വേദനാനിർഭരമായ ഹൃദയത്തിന്റെയും സമ്പന്നമായ ചിന്തയുടെയും ഉടമസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ ആത്മാവ് അസ്വസ്ഥവും ബുദ്ധി ദീപ്തവുമായിരുന്നു. ഇവരുടെ പിന്നിലെ രണ്ടു റക്അത് നമാസ് ജീവിതകാലത്തെ മുഴുവൻ പ്രാർഥനകളെക്കാൾ മഹത്തരമാകുന്നു.

ജമാലുദ്ദീൻ അഫ്ഗാനി വിശുദ്ധഖുർആനിലെ *അന്നജ്മ്* അധ്യായം പാരായണം ചെയ്യുന്നു. അദ്ദേഹത്തിന്റെ ഊഷ്മളമായ വ്യക്തിത്വവും സ്ഥലകാലങ്ങളുടെ പ്രത്യേകതയും ഖുർആനികസൗന്ദര്യത്തോടു ചേർന്നപ്പോൾ അദ്ഭുതകരമായ ഒരന്തരീക്ഷം സംജാതമായി. കണ്ണുകൾ ഈറനണിഞ്ഞു; ഹൃദയങ്ങൾ പിടഞ്ഞു. വശ്യമധുരമായ ഈ പാരായണം ഹ: ഇബ്റാഹീമോ(അ), ജിബ്രീലോ(അ) മറ്റോ കേട്ടിരുന്നുവെങ്കിൽ അവരും അതിന്റെ രസം നുകരുമായിരുന്നു. മരിച്ചവർ ഖബറിൽ നിന്നെഴുന്നേറ്റ് 'ഇല്ലല്ലാ' യുടെ ശബ്ദം മുഴക്കാനും ഹ: ദാവൂദി(അ)നു പോലും നൊമ്പരത്തിന്റെയും ലഹരിയുടെയും സന്ദേശം പകരാനും പര്യാപ്തമായിരുന്നു ആ ഖിറാഅത്.[1] സകല നിഗൂഢതകളും അനാവൃതമായപോലെ. ഗ്രന്ഥത്തിലെ രഹസ്യങ്ങൾ മറനീക്കി പ്രത്യക്ഷമായപോലെ.

---

1. ഖുർആൻ പാരായണം.

www.abulhasanalinadwi.org

നമാസിനു ശേഷം ഇഖ്ബാൽ സ്നേഹാദരങ്ങളോടെ അഫ്ഗാനിയുടെ കരം ചുംബിക്കുന്നു. അപ്പോഴേക്കും റൂമി(റ) കവിയെ നായകനു പരിചയപ്പെടുത്തുകയായി. ഇഖ്ബാലിനെ, ഹൃദയത്തിൽ സ്വപ്നങ്ങളുടെ ഒരു പ്രപഞ്ചവും വഹിച്ച്, എവിടെയും തങ്ങാതെ കറങ്ങുന്ന സഞ്ചാരിയായും നിർഭയനായ ഖലന്ദർ ആയും വിശേഷിപ്പിച്ച റൂമി(റ) അദ്ദേഹത്തെ സിന്ദ: റൂദ് [2] എന്നു പേരിട്ടു വിളിച്ചു.

ലോകത്തിൻെറ സ്ഥിതിഗതികളെ കുറിച്ചുള്ള അഫ്ഗാനിയുടെ ഉത്കണ്ഠ നിറഞ്ഞ അന്വേഷണത്തിനു മറുപടിയായി ഇഖ്ബാൽ പറഞ്ഞു: പ്രിയനായകാ, പ്രപഞ്ചാധിനിവേശത്തിനുവേണ്ടി നിയോഗിക്കപ്പെട്ട മുസ്ലിംസമുദായം ഇന്നു മതത്തിൻെറയും രാഷ്ട്രത്തിൻെറയും ഏറ്റുമുട്ടലിനിടയിൽപ്പെട്ടു പോയിരിക്കുന്നു. വിശ്വാസത്തിൻെറ ശക്തിയും ആത്മാവിൻെറ കരുത്തും അവനു നഷ്ടമായിരിക്കുന്നു. ഇസ്ലാമിൻെറ സാർവലൗകികത പോലും അവൻ പരിഗണിക്കുന്നില്ല. തദ്ഫലമായി അവൻ ദേശീയതയിൽ അഭയം കണ്ടെത്തിയിരിക്കയാണ്. യൂറോപ്യരുടെ മദ്യം അകത്താക്കിയ തുർക്കികളും ഇറാനികളും അവരുടെ വഞ്ചനയ്ക്കു വിധേയരായിരിക്കുന്നു. പാശ്ചാത്യനേതൃത്വം പൗരസ്ത്യലോകത്തെ ബലഹീനമാക്കിക്കളഞ്ഞു. മറുവശത്തു കമ്യൂണിസമാകട്ടെ, മുസ്ലിംസമൂഹത്തിൻെറ മാനം കൊണ്ടാണു കളിക്കുന്നത്:

വിശ്വാസത്തിൻ ക്ഷീണത്താൽ ദേഹത്തിൽ ദേഹി ദഹിച്ചുപോയി,
സുവ്യക്തമാം മതത്തിൻ കരുത്തിൽ നൈരാശ്യത്തിലാണത്.
ഉൻമത്തരാണിന്നു യൂറോപ്പിനാൽ തുർക്കിയും ഇറാനിയും അറബിയും,
സകലരുടെയും തൊണ്ടയിലുണ്ട് യൂറോപ്പിൻെറ മീൻചൂണ്ട.
കിഴക്കിനെ പാഴ്ഭൂമിയാക്കി പടിഞ്ഞാറിൻ സാമ്രാജ്യത്വം,
കമ്യൂണിസത്തിൻ ദുരാശയോ മത, സമുദായങ്ങളിൽ.

ഇഖ്ബാൽ പറഞ്ഞതെല്ലാം വേദന ഉള്ളിലൊതുക്കിക്കൊണ്ടാണെങ്കിലും ക്ഷമാപൂർവം ശ്രദ്ധിച്ചു കേട്ട ശേഷം അഫ്ഗാനി പറഞ്ഞു: മതവിശ്വാസികളെ ദേശീയത പഠിപ്പിച്ചു പുതിയ ജനവാസകേന്ദ്രങ്ങൾ വെട്ടിപ്പിടിക്കാനുള്ള പരിശ്രമത്തിലാണു പടിഞ്ഞാറൻ വികടൻ. നിങ്ങളെ സദാ ഭിന്നിപ്പിച്ചു നിർത്തുകയാണവൻെറ ഉദ്ദേശ്യം. നിങ്ങൾ ഈ അപകടത്തെക്കുറിച്ചു ബോധവാൻമാരായി സങ്കുചിതമായ തടവറകളിൽ നിന്നു പുറത്തുകടന്നു സാർവലൗകികമായ ദൗത്യം ഏറ്റെടുക്കണം. മുസൽമാൻ ഏതു രാജ്യവും തൻെറ രാജ്യമായും ഏതു മണ്ണും തൻെറ മണ്ണായും പരിഗണിക്കണം. നിങ്ങൾക്കു സാമർഥ്യമുണ്ടെങ്കിൽ ശിലയുടെയും ഇഷ്ടികയുടെയും ലോകത്തിൽ നിന്നുയരുക! ഭൗതികതയുടെ സ്വാധീനത്തിൽ നിന്നു മുക്തനാക്കി മനുഷ്യനെ

2. സിന്ദ: റൂദ് = ജീവനുള്ള നദി.

www.abulhasanalinadwi.org

ആത്മജ്ഞാനത്തിൻെറ അവസ്ഥയിലെത്തിക്കാനാണ് ഇസ്ലാമിൻെറ യജ്ഞം. അല്ലാഹുവിനെ തിരിച്ചറിഞ്ഞ മനുഷ്യനെ ഉൾക്കൊള്ളാൻ മുഴു ലോകത്തിനും സാധിക്കുകയില്ല. വിശാലമായ പ്രപഞ്ചം പോലും അവൻെറ മുമ്പിൽ ഇടുങ്ങിയതാണ്. പുൽച്ചെടികൾ മണ്ണിൽ നിന്നു മുളയ്ക്കുന്നു. മണ്ണിൽ തന്നെ നശിക്കുകയും ചെയ്യുന്നു. എന്നാൽ മനുഷ്യമഹത്വത്തിൻെറ പരിണതി വ്യത്യസ്തമാണ്. മനുഷ്യൻ മണ്ണിനാൽ സൃഷ്ടിക്കപ്പെട്ടവനാണെങ്കിലും അവൻെറ ആത്മാവു സ്വർഗീയമാണ്. അവൻെറ ബാഹ്യകം ഭൂമിയിലേക്കു ചായുന്നതാണെങ്കിലും ആന്തരികം മറ്റൊരു ലോകവുമായി ബന്ധപ്പെട്ടതാണ്. ആത്മാവിനു ഭൗതികമായ അതിർത്തികളറിയില്ല. സകല പരിമിതികൾക്കും ബന്ധനങ്ങൾക്കും അതീതമാണത്. പക്ഷേ, അതിനെ ദേശീയതയുടെ മൺകൂടിൽ തളച്ചിടാൻ ശ്രമിക്കുമ്പോൾ അത് അന്ത്യശ്വാസം വലിക്കാൻ തുടങ്ങുന്നു. രാജാളിപ്പക്ഷിക്കു ഏതു തരം കൂടും അന്യമാകുന്നു. നാം 'ദേശ'മെന്നു പറയുന്നതും ഈജിപ്ത്, ഇറാഖ്, യമൻ എന്നെല്ലാം പേരു വിളിക്കുന്നതുമായ ഒരു പിടി മണ്ണിനു തീർച്ചയായും നമ്മോടു ബന്ധമുണ്ട്. പക്ഷേ, നാം കണ്ണു തുറന്നു പുറത്തേക്കു നോക്കാതെ അവിടെ തന്നെ കഴിയണമെന്ന് അതുകൊണ്ട് അർഥമാക്കിക്കൂടാ. സൂര്യൻ കിഴക്കാണുദിക്കുന്നതെങ്കിലും അതിൻെറ രശ്മികൾ കിഴക്കിനെയും പടിഞ്ഞാറിനെയും ഒരുപോലെ പ്രകാശിപ്പിക്കുന്നു. അതിൻെറ ഉദയാസ്തമയങ്ങൾ സ്ഥലകാലനിയമങ്ങൾക്കു വിധേയമാണെങ്കിലും അതിൻെറ വെളിച്ചത്തിന് അതിർവരമ്പുകളില്ല:

മതമെന്നാലെന്ത്? ഊഴിയിൽ നിന്നുയർച്ചയാമത്,
അതിനാൽ വിശുദ്ധമാം ആത്മാവിനുണ്ടായീടും ആത്മബോധം.
'അവനാണ് അല്ലാഹു' എന്നു മൊഴിയുന്നോൻ,
നാലു പാർശ്വങ്ങളുള്ള വ്യവസ്ഥയ്ക്കുൾക്കൊള്ളാനാവില്ലയവനെ.
.....
ദേഹം പറയും: മണ്ണിൻ പാതയിലൂടെ മുന്നേറുക;
ദേഹി മൊഴിയും; വിശ്വത്തിൻ വിശാലതയെ നിരീക്ഷിക്കുക.
ബുദ്ധിമാനായ മനുഷ്യൻെറ ആത്മാവു ജീവിതത്തിൻ പരിധികൾക്കതീതം,
സ്വതന്ത്രനാം മാനവൻ ബന്ധനങ്ങളിൽ നിന്നും മുക്തൻ.
.....
അർക്കൻ ഉദിപ്പവതു കിഴക്കാണെങ്കിലും,
മറ കൂടാതതു ചൊരിഞ്ഞീടും പ്രകാശം;
കിഴക്കും പടിഞ്ഞാറും അതിൻ പ്രകൃതിക്കന്യം,
ബന്ധത്തിലതു പൗരസ്ത്യമാണെങ്കിലും.

കമ്യൂണിസത്തെ സംബന്ധിച്ച് അഫ്ഗാനി പറയുന്നു: അതു ഒരു യഹൂദൻെറ ഭാവനാസൃഷ്ടിയാണ്. സത്യവും മിഥ്യയും കൂട്ടിക്കുഴയ്ക്കുന്ന അദ്ദേ

www.abulhasanalinadwi.org

ഹത്തിൻെറ മസ്തിഷ്കം കാഫിറും ഹൃദയം മുഅ്മിനുമാണ്. ആത്മീയമൂല്യങ്ങളും അദൃശ്യയാഥാർഥ്യങ്ങളും നഷ്ടപ്പെട്ട പാശ്ചാത്യർ അവയെ പദാർഥത്തിലും ഉദരത്തിലും തിരയുകയാണെന്നതു വലിയൊരു ദുരന്തം തന്നെ. യഥാർഥത്തിൽ ആത്മാവിൻെറ കരുത്തും ശക്തിയും ഒരു തരത്തിലും ജഡവുമായി ബന്ധപ്പെട്ടതല്ല. പക്ഷേ, കമ്യൂണിസത്തിൻെറ ആശയങ്ങൾക്ക് ഒരിക്കലും ആമാശയത്തിനപ്പുറം പോകാനാവില്ല. കാൾ മാർക്സിൻെറ മതം ആമാശയസമത്വത്തിൻമേലാണു സ്ഥാപിതമായിട്ടുള്ളത്. മനുഷ്യരുടെ സാഹോദര്യം ശാരീരികമായ സമത്വത്തിൻമേലല്ല, സഹാനുഭൂതി, ദയ, സ്നേഹം, കാരുണ്യം തുടങ്ങിയ വികാരങ്ങളിലാകുന്നു അധിഷ്ഠിതമായിട്ടുള്ളത്:

നഷ്ടമായീ പാശ്ചാത്യർക്കു വാനലോകത്തിൻ വഴിത്താരകൾ,
വിശുദ്ധമാം ആത്മാവിനെ തേടുകയാണതു ഉദരത്തിൽ.
വിശുദ്ധമാം ദേഹി സ്വീകരിപ്പതില്ല ദേഹത്തിൻ നിറവും മണവും,
കമ്യൂണിസത്തിനോ ചെയ്യാനായില്ല ദേഹത്തെ വിട്ടൊന്നും.
സത്യമറിഞ്ഞീടാത്തൊരാ പ്രവാചകൻെറ മതം,
ആമാശയസമത്വത്തിൻമേലതു സ്ഥാപിതം.
ഹൃദയമല്ലോ സൗഭ്രാതൃത്വത്തിൻ ഭവനം,
മണ്ണിലും വെള്ളത്തിലുമല്ല നെഞ്ചകത്തിലല്ലോ അതിൻ വേരുകൾ !

മുതലാളിത്തത്തെ പരാമർശിക്കവെ, അതിൻെറ പുറം മനോഹരമാണെങ്കിലും അകം അന്ധമാണെന്ന് അഫ്ഗാനി പറഞ്ഞു. മുതലാളിത്തത്തിൻെറ ആത്മാവു ബലഹീനമാവുകയും മനഃസാക്ഷി മരിക്കുകയും ചെയ്തിരിക്കുന്നു. തേനീച്ചയെപ്പോലെ ഏതു തരം പൂവിലുമെത്തി അതു തേൻ കുടിക്കുന്നു. അതിനാൽ പൂവിൻെറ നിറം മാറുന്നില്ലെങ്കിലും അതിൻെറ ജീവൻ നഷ്ടപ്പെടുന്നു. അങ്ങനെ അതു വെറും കടലാസുപൂവായി മാറുന്നു. അപ്രകാരം മുതലാളിത്തം വ്യക്തികളെയും രാഷ്ട്രങ്ങളെയും വേട്ടയാടിപ്പിടിക്കുകയും അതിൻെറ രക്തം ഊറ്റിക്കുടിച്ച് അതിനെ വെറും അസ്ഥിപഞ്ജരമാക്കിത്തീർക്കുകയും ചെയ്യുന്നു.

മുസ്ലിംകൾ ഖുർആനികാധ്യാപനങ്ങൾക്കു വിധേയരായിട്ടല്ല ജീവിതം നയിക്കുന്നതെന്ന് അഫ്ഗാനി ആവലാതിപ്പെടുന്നു. അവരുടെ ജീവിതജ്വാല അണഞ്ഞു കഴിഞ്ഞു. വിശുദ്ധപ്രവാചകതിരുമേനി(സ)മായുള്ള അവരുടെ ബന്ധവും അവസാനിച്ചു. ഇന്നത്തെ മുസൽമാൻെറ ജീവിതത്തിൻെറയും സാമൂഹിക ബന്ധങ്ങളുടെയും അടിസ്ഥാനം ഖുർആനികമാർഗദർശനമല്ല. തദ്ഫലമായി ഭൗതികമായും ആത്മീയമായും അവർ പിന്നോക്കം പോയിരിക്കുന്നു. സീസർ, കിസ്റാമാരുടെ ഏകാധിപത്യവാഴ്ചയെ തകർത്തെറിഞ്ഞവർ തന്നെ ഇന്നു രാജവാഴ്ചയുടെ കൊടിവാഹകരായിത്തീർന്നിരിക്കുക

www.abulhasanalinadwi.org

യാണ്. അനിസ്ലാമിക രാഷ്ട്രീയത്തെ സ്വീകരിക്കുക വഴി അവരുടെ ജീവിതവീക്ഷണം തന്നെ മാറിപ്പോയിരിക്കുന്നു:

അവൻെറ ഹൃദയത്തിലില്ല ജ്വലിക്കും അഗ്നി,
അവൻെറ നെഞ്ചകത്തിലോ ജീവിച്ചിരിപ്പില്ല മുസ്ലഫ.
വിശ്വാസിയാം ദാസൻ തിന്നിട്ടില്ല ഖുർആനികകനി,
അവൻെറ ചഷകത്തിൽ കാൺമതില്ല മദ്യം.
സീസർ, കിസ്റാമാരുടെ ഇന്ദ്രജാലം തകർത്തോൻ;
അവനുമിന്നുപവിഷ്ടനായി രാജകീയ സിംഹാസനത്തിൽ.

റഷ്യൻ ജനതയ്ക്കു നൽകിയ സന്ദേശത്തിൽ അഫ്ഗാനി പറയുന്നു: മുസ്ലിംകളെപ്പോലെ സീസർ, കിസ്റാമാരുടെ വ്യവസ്ഥ തകർത്ത നിങ്ങൾ അവരിൽ നിന്നു പാഠം ഉൾക്കൊണ്ടു ജീവിതത്തിൻെറ രണാങ്കണത്തിൽ ഉറച്ചുനിൽക്കുക. ഏകാധിപത്യവാഴ്ചയുടെയും ദേശീയതയുടെയും തകർക്കപ്പെട്ട വിഗ്രഹങ്ങൾ ഇനി ഒരിക്കലും സ്മരിക്കപ്പെടരുത്. സുവിശേഷവും താക്കീതും കാരുണ്യവും, കാഠിന്യവും മൃദുലതയും തീവ്രതയും ഒരുപോലെ കൈവശമുള്ള ഒരു സമുദായമാണു ലോകത്തിന് ഇന്നാവശ്യം. പടിഞ്ഞാറിൻെറ മതകീയത മരിച്ചു പോയിരിക്കുന്നു. ആ അടക്കം ചെയ്ത മൃതദേഹത്തെ പുറത്തെടുക്കരുതേ. മിഥ്യാദൈവങ്ങളെ തിരസ്കരിച്ചു 'നിഷേധ'[3]ത്തിൻെറ ഘട്ടം തരണം ചെയ്ത നിങ്ങൾ ഇനി 'സ്ഥിരീകരണ'[4]ത്തിൻെറ ഘട്ടത്തിലൂടെ കടന്നുപോകേണ്ടതുണ്ട്. അതിലൂടെ മാത്രമെ നിങ്ങളുടെ ദൗത്യം പൂർണവും യാത്ര വിജയകരവുമാവൂ. ലോകക്രമം സ്വപ്നം കാണുന്ന നിങ്ങൾ ആദ്യമായി അതിൻെറ അടിസ്ഥാനത്തെ കണ്ടെത്തുക. ആ അടിസ്ഥാനം മതവും വിശ്വാസവുമല്ലാതെ മറ്റൊന്നല്ല. മൂഢവിശ്വാസങ്ങളെ പിഴുതെറിഞ്ഞ നിങ്ങൾ ഇനി വിശുദ്ധ ഖുർആൻ അക്ഷരപ്രതി പഠിക്കുക. ഖുർആൻ രാജാധിപത്യത്തിൻെറയും ഏകാധിപത്യത്തിൻെറയും കഠിനശത്രുവും മുതലാളിത്തത്തിൻെറ മരണമണിയുമാണെന്നും ആ പഠനം നിങ്ങളെ ബോധ്യപ്പെടുത്തും. തൊഴിലാളികൾക്കും അടിച്ചമർത്തപ്പെട്ട മറ്റു വിഭാഗങ്ങൾക്കും അതു സുരക്ഷിതമായ ജീവിതം ഉറപ്പു നല്കുന്നു. അവനവൻെറ അത്യാവശ്യം കഴിച്ചുള്ള പണം വിതരണം ചെയ്യാനുള്ള സംവിധാനമാണ് അതിൻെറത്. അതു പലിശയെ നിരോധിക്കുകയും വ്യാപാരത്തെ അനുവദിക്കുകയും ചെയ്യുന്നു. പലിശയില്ലാത്തതും വാങ്ങിയവൻെറ സൗകര്യമനുസരിച്ചു തിരിച്ചടക്കാവുന്ന

3,4. ഇസ്ലാമികവിശ്വാസപ്രമാണങ്ങളുടെ അടിസ്ഥാന സിദ്ധാന്തമായ 'ലാഇലാഹ ഇല്ലല്ലാഹ് ' (അല്ലാഹുവല്ലാതൊരു ദൈവമില്ല) എന്ന ഏകദൈവത്വവചനത്തിലെ 'ലാഇലാഹ' (ഒരു ദൈവവുമില്ല) എന്ന ഭാഗം നിഷേധത്തെയും 'ഇല്ലല്ലാഹ്' (അല്ലാഹുവല്ലാതെ) എന്ന ഭാഗം സ്ഥിരീകരണത്തെയും സൂചിപ്പിക്കുന്നു. — വിവ.

www.abulhasanalinadwi.org

തുമായ കടത്തെയും നിത്യഫലങ്ങളുളവാക്കുന്ന ദാനധർമ്മങ്ങളെയും അതു പ്രോത്സാഹിപ്പിക്കുന്നു. ഈ ലോകത്തിന്റെ നിർദയത്വത്തിന്റെയും മറ്റു നിമവധി വ്യാധികളുടെയും മൂലഹേതു പലിശയല്ലാതെ മറ്റെന്താണ്? ഖുർആനിക വീക്ഷണത്തിൽ മണ്ണു ദൈവത്തിന്റെതാണ്. മനുഷ്യന് അതു പ്രയോജനപ്പെടുത്താമെങ്കിലും അവൻ അതിന്റെ യഥാർഥ ഉടമയല്ല. അവൻ അതിന്റെ അനന്തരാവകാശിയും താല്ക്കാലിക കൈക്കാരനുമത്രെ. "അവൻ നിങ്ങളെ കൈക്കാരനാക്കി വച്ചിട്ടുള്ള വസ്തുക്കളിൽ നിന്നു ചെലവഴിക്കുകയും ചെയ്യുവിൻ."(വിശുദ്ധ ഖുർആൻ, LVII: 7) രാജാക്കൻമാർ സത്യത്തിന്റെ കൊടി താഴെയിറക്കുകയാണു ചെയ്തത്. ദൈവത്തിന്റെ ഭൂമി അവർ ചവിട്ടി ഞെരിച്ചു. സത്യത്തിന്റെയും നീതിയുടെയും കാഹളം മുഴക്കുന്ന ഖുർആന്റെ കണ്ണിൽ ഈ ഭൂമി, മുഴുവൻ മനുഷ്യരാശിയുടെയും മുമ്പാകെ ഒരുക്കപ്പെട്ട വിശാലമായ തീൻമേശയും മനുഷ്യൻ ഒറ്റ കുടുംബവുമാകുന്നു. "നിങ്ങളുടെ സൃഷ്ടിയും പുനരുജ്ജീവനവും ഒരു ജീവിയെ (സൃഷ്ടിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നത്) പോലെ തന്നെയുള്ളൂ".(വിശുദ്ധ ഖുർആൻ. XXXI: 28) അതുകൊണ്ടാണു ഖുർആനിക ഭരണം സ്ഥാപിതമായപ്പോൾ തീവ്രവാദിയായ പുരോഹിതനും സന്യാസിയും ഒളിവിൽ പോവുകയും പോപ്പിന്റെയും ചർച്ചിന്റെയും ആഭിചാരം അവസാനിക്കുകയുമുണ്ടായത്. ഖുർആൻ കേവലമൊരു ഗ്രന്ഥമല്ല. അതിലപ്പുറം മറ്റു പലതുമാണ്. അതു മനുഷ്യനെയും ലോകത്തെയും പുനർനിർമിക്കുന്നു. സൻമാർഗത്തിന്റെയും സൗഭാഗ്യത്തിന്റെയും അനശ്വരമായ സുവിശേഷമാണത്. പ്രപഞ്ചഹൃദയത്തിന്റെ സ്പന്ദനവും മാനവന്റെ സാന്ത്വനവുമാണ്. കിഴക്കിന്റെയും പടിഞ്ഞാറിന്റെയും നിയതിയും മനുഷ്യസമുദായത്തിന്റെ ഭാവിയും ഖുർആനിനോടു ബന്ധപ്പെട്ടാണു നിലകൊള്ളുന്നത്. നിങ്ങൾ കുറെ പാഴ്നിയമങ്ങൾ ഉണ്ടാക്കിയല്ലോ. ഇനി അല്പം ഖുർആനിന്റെ വെളിച്ചം ശ്രദ്ധിച്ചു ജീവിതയാഥാർഥ്യം ഗ്രഹിക്കുക:

ആരു നല്കീ കറുത്തവനൊരു വെളുത്ത കരം?
ആരറിയിച്ചു സീസറും കിസ്റായുമില്ലെന്ന ശുഭവൃത്താന്തം?

.....

ഖുർആനില്ലെങ്കിൽ സിംഹമൊരു ചെന്നായ,
ഖുർആനിൻ നൻമ ഭരണകൂടത്തിന്നടിസ്ഥാനം.
ഖുർആനികനൻമ ധ്യാനചിന്തകളുടെ സംലയനം;
ധ്യാനത്തിൻ വികാരമില്ലെങ്കിൽ യുക്തിക്കില്ല പക്വത.

.....

എന്താണു ഖുർആൻ? യജമാനന്നു മരണസന്ദേശം;
അന്നമില്ലാത്ത അടിമയ്ക്കും ഒന്നുമില്ലാത്ത അഗതിക്കും ആശ്വാസം.

www.abulhasanalinadwi.org

.....

മണ്ണിൽ നിന്നു ജീവിതായോധനം അനുവദനീയം,
മനുഷ്യൻെറ വിഭവം ദൈവത്തിൻെറ സമ്പത്ത്.

.....

ഖുർആനിക പദ്ധതി ലോകത്തവതീർണമാകവെ,
അതു തകർത്തു പോപ്പു, പുരോഹിതൻമാരുടെ വിഗ്രഹങ്ങൾ.
എൻെറ ഹൃദയത്തിൽ ഒളിഞ്ഞിരിപ്പതു തുറന്നു പറയുന്നു ഞാൻ,
അതൊരു ഗ്രന്ഥമേ അല്ല; മറ്റെന്തോ ആണത് !
അതിൻ പ്രവേശം മുച്ചൂടും മാറ്റീ ആത്മാവിനെ,
ആത്മാവു മാറിയപ്പോഴോ ലോകവും മാറി.
ദൈവത്തെപ്പോലെ അതും ഗോപ്യം, വ്യക്തം,
ജീവിക്കും നിലനില്ക്കും സംസാരിക്കും.
അതിലാണു കിഴക്കു, പടിഞ്ഞാറുകളുടെ നിയതി,
ജനിപ്പിക്കുമത് മിന്നൽ വേഗതയുള്ളതാം ചിന്ത.
മുസൽമാനോടതു മൊഴിഞ്ഞു: നിൻെറ കരങ്ങൾക്കു ജീവനേകീടുക;
നിൻെറ ആവശ്യം കഴിഞ്ഞുള്ളതെല്ലാം നല്കീടുക.
നിങ്ങൾ സൃഷ്ടിച്ചു പുതിയ നിയമവും ഭരണഘടനയും;
ഇനി ചുറ്റുമൊന്നു നോക്കീടുക ഖുർആനിക വെളിച്ചത്തിൽ.
അറിഞ്ഞീടും നീ ജീവിതത്തിൻ ഉത്ഥാനപതനങ്ങൾ,
ഗ്രഹിച്ചീടും നീ ജീവിതത്തിൻ ഭാഗധേയം. ●

www.abulhasanalinadwi.org

13

പ്രവാചകസന്നിധിയിൽ

[ദമാസ്കസ് റേഡിയോ 1956ൽ പ്രക്ഷേപണം ചെയ്ത പ്രഭാഷണമാണിത്. *അൽബ അഥുൽ ഇസ്‌ലാമി*യുടെ എഡിററായിരുന്ന മൗലവി മുഹമ്മദുൽ ഹസനിയാണ് ഇത് അറബിയിൽ നിന്ന് ഉർദുവിലേക്കു വിവർത്തനം ചെയ്തത്.]

പ്രവാചകപ്രേമവും മദീനാസ്മരണയും ഡോ. മുഹമ്മദ് ഇഖ്ബാലിൻെറ ജീവിതത്തിൽ നിറഞ്ഞുനിന്നു. അദ്ദേഹത്തിൻെറ കവിതകളിൽ ഉടനീളം ഇവ രണ്ടിൻെറയും സ്വാധീനം പ്രകടമാണ്. ജീവിതത്തിൻെറ അവസാന കാലമായപ്പോഴേക്കും മദീനയുടെ പേരു കേൾക്കുന്ന മാത്രയിൽ കണ്ണുനീർ ചാലിട്ടൊഴുകുന്ന വിധം പ്രവാചകപ്രേമം അദ്ദേഹത്തെ കീഴടക്കിക്കഴിഞ്ഞിരുന്നു. തൻെറ ദുർബലമായ ജഡവും കൊണ്ടു പ്രവാചക നഗരിയിൽ ഹാജരാകാൻ ഇഖ്ബാലിനു കഴിഞ്ഞില്ലെങ്കിലും അദ്ദേഹത്തിൻെറ അസ്വസ്ഥമായ ഹൃദയവും ശക്തമായ ഭാവനയും സദാ മദീനയിലായിരുന്നു. അദ്ദേഹത്തിൻെറ കവിതയുടെ കിളി ഹിജാസിൻെറ അനുഭൂതിനിർഭരമായ അന്തരീക്ഷത്തിലൂടെ പല തവണ പാറിപ്പറക്കുകയും മദീനയെന്ന കൂടിനു ചുററും വട്ടംകറങ്ങുകയും ചെയ്തു.

പുണ്യപ്രവാചകതിരുമേനി(സ)യുടെ തിരുസന്നധിയിൽ ഇഖ്ബാൽ

www.abulhasanalinadwi.org

തൻെറ ഹൃദയത്തിൻെറ സ്നേഹോപഹാരങ്ങൾ സമർപ്പിക്കുകയും തൻെറയും തൻെറ സമുദായത്തിൻെറയും വികാരവിചാരങ്ങൾ കരളലിയിപ്പിക്കുന്ന ശൈലിയിൽ അവതരിപ്പിക്കുകയും ചെയ്തു. അത്തരം സന്ദർഭങ്ങളിലൊക്കെ അദ്ദേഹത്തിൻെറ കവനമലരുകൾ പൂർണമായി വിരിഞ്ഞതായും ആശയങ്ങളുടെ ഉറവ പൊട്ടി വിടർന്നതായും ഭാവനയിൽ ഒളിഞ്ഞിരുന്ന യാഥാർഥ്യങ്ങൾ മറനീക്കി നിറഭംഗിയോടെ പ്രത്യക്ഷപ്പെട്ടതായും അനുഭവപ്പെടുന്നു:

ഒതുക്കാനാകുമായിരുന്നു മോഹങ്ങൾ തൻ ലോകത്തെ ഒരു വാക്കിൽ,
പക്ഷേ കഥ നീട്ടിപ്പറഞ്ഞു, ആ സന്നിധിയിൽ നിലകൊള്ളാനുള്ള
മോഹത്താൽ.

ഇഖ്ബാലിൻെറ പ്രവാചകപ്രേമസംബന്ധിയായ കവിതകൾ ജീവൻ, കരുത്ത്, സ്വാധീനശക്തി എന്നിവയിൽ ഏററവും മുന്നിൽ നിൽക്കുന്നു. അദ്ദേഹത്തിൻെറ വികാരങ്ങളുടെ ശക്തിയായ വ്യാഖ്യാനവും അനുഭവങ്ങളുടെ അടിസ്ഥാനവും അഭിലാഷങ്ങളുടെ ദർപ്പണവുമാകുന്നു അവ.

താഴെ ഉദ്ധരിക്കപ്പെടുന്ന കവിതകളിൽ കവി വിശുദ്ധമക്കയിലേക്കും പുണ്യമദീനയിലേക്കും കാല്പനികയാത്ര ചെയ്യുന്നു. പ്രവാചകസന്നിധിയിലെത്താനുള്ള അടങ്ങാത്ത അഭിനിവേശവുമായി മണലാരണ്യങ്ങൾ താണ്ടുന്ന ഒട്ടകസംഘത്തിൽ ഒരാളായി ഇഖ്ബാലും മുന്നോട്ടു നീങ്ങുന്നു. മണൽപ്പരപ്പിനു പട്ടിനേക്കാൾ മൃദുലത; ഓരോ മൺതരിയും ഒരു ഹൃദയമായി തുടികൊട്ടുന്നു. ഈ സ്പന്ദിക്കുന്ന ഹൃദയങ്ങളെ പരിഗണിച്ചു പതുക്കെ പോകാൻ ഒട്ടകക്കാരനോട് അദ്ദേഹം ആവശ്യപ്പെടുന്നു:

ആനന്ദം കൊണ്ടിടട്ടെ ഉഷസ്സുപോൽ ഉല്ലസിതമാം സന്ധ്യകളുള്ളൊരീ
മരുഭൂതലം,
അതിൻ രജനികളോ ഹ്രസ്വം, വാസരങ്ങളോ ഉത്കൃഷ്ടം.
പതുക്കെപ്പോകൂ, യാത്രക്കാരാ! ഇനിയും പതുക്കെ,
ഇവിടെ ത്രസിപ്പൂ ഓരോ തരിയും നമ്മെപ്പോൽ.

ഹദികാനിൻെറ പാട്ടു കവിയുടെ അസ്വാസ്ഥ്യം വർധിപ്പിക്കുന്നു. കരളിലെ മുറിവുകൾ വീണ്ടും വാർന്നൊഴുകി. അന്തരാളത്തിലാകെ പുതിയൊരു ഉൻമാദവും ഊഷ്മളതയും. ഹൃദയവ്യഥയിൽ നിമഗ്നമായിരിക്കുന്നു കവിയുടെ പാട്ട്.

ഇഖ്ബാൽ അതെ വികാരാനുഭൂതിയിൽ 'മവാജിഹിശ്ശരീഫി[1]ലെത്തി പുണ്യറസൂൽതിരുമേനി(സ)ക്കു സലാത്തും സലാമും അർപ്പിക്കുന്നു. പ്രേമ

1. മദീനയിലുള്ള വിശുദ്ധനബി(സ)യുടെ മസ്ജിദിൽ ഒരാൾക്കു പുണ്യറസൂലു(സ)മായി മുഖാമുഖം നിൽക്കാവുന്ന സ്ഥലം.

www.abulhasanalinadwi.org

ത്തിൻെറ നാവു ഹൃദയത്തിൻെറ വക്താവായിത്തീരുന്നു. തനിക്കു ലഭ്യമായ സുവർണാവസരം ഉപയോഗപ്പെടുത്തിക്കൊണ്ട് ഇസ്ലാമികസമൂഹത്തിൻെറയും മുസ്ലിംലോകത്തിൻെറയും സ്ഥിതിഗതികൾ മഹാകവി വിശുദ്ധ പ്രവാചകതിരുമേനി(സ)യുടെ മുമ്പാകെ അവതരിപ്പിക്കുന്നു. മുസ്ലിംകളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും അവർ നേരിടുന്ന പ്രതിസന്ധികളും പരീക്ഷണങ്ങളും പാശ്ചാത്യസംസ്കാരത്തിൻെറയും ഭൗതികപ്രസ്ഥാനങ്ങളുടെയും മുമ്പിൽ അവർ അനുഭവിക്കുന്ന നിസ്സഹായതയും സ്വദേശത്ത് അവർ വിദേശികളായതും സർവോപരി, സ്വന്തം ആദർശം വിസ്മരിച്ചതുമെല്ലാം മഹാകവിയുടെ ആവലാതിയിൽ പരാമർശിക്കപ്പെടുന്നുണ്ട്. ഹൃദയനാദം നാവിലൂടെ മുഴങ്ങിയപ്പോൾ അദ്ദേഹത്തിൻെറ കണ്ണുകൾ നിറഞ്ഞൊഴുകുന്നു.

ഈ കവിതകളുടെ സമാഹാരത്തിന് *അർമുഗാനെ ഹിജാസ്*[2] എന്നാണ് ഇഖ്ബാൽ നാമകരണം ചെയ്തിട്ടുള്ളത്. വാസ്തവത്തിൽ മുഴുവൻ മുസ്ലിംലോകത്തിനുമുള്ള അതിവിശിഷ്ട സമ്മാനവും ഹിജാസിലെ സുഗന്ധദായിയായ കുളിർകാററുമാണത്:

കസ്തൂരി മണക്കുന്നല്ലോ ഇന്നീ ഇളംകാററിൽ,
കാററിൻ വരവിൽ അവൾ കാർകൂന്തൽ അഴിച്ചിട്ടോ?

അറുപതു വയസ്സിലേറെ പ്രായമെത്തി ആരോഗ്യം തകർന്ന സന്ദർഭത്തിലാണ് ഇഖ്ബാൽ ഈ ആത്മീയസഞ്ചാരം നടത്തിയത്. മനുഷ്യൻ സജീവപ്രവർത്തനങ്ങളിൽ നിന്നു പിൻവാങ്ങി വിശ്രമിക്കാൻ പോകുന്ന ഘട്ടമാണിത്. എന്നിട്ടും ക്ളേശകരമായ ഒരു യാത്ര നടത്താൻ മഹാകവിയെ പ്രേരിപ്പിച്ചതു സ്നേഹത്തിൻെറ വിളിയും ജീവിതലക്ഷ്യത്തിൻെറ പൂർത്തീകരണവുമല്ലാതെ മറ്റൊന്നല്ല:

പ്രേമത്തിൻ നിർവൃതിയാൽ പാട്ടുപാടി,
ഈ വാർധക്യത്തിലും എത്തി ഞാൻ യഥ്രിബി[3]ൽ;
സന്ധ്യാവേളയിൽ കൂടണയും പക്ഷി,
ഔത്സുക്യത്താൽ ചിറകു വീശുംപോൽ.

ജീവിതത്തിൻെറ സായംസന്ധ്യയിലും ആത്മാവിൻെറ യഥാർഥ വാസസ്ഥാനവും വിശ്വാസിയുടെ സ്വന്തം ഭവനവുമായ മദീനയിലേക്കു പുറപ്പെടാൻ താൻ ഒരുങ്ങിയതിൽ അദ്ഭുതമെന്തെന്നു കവി ചോദിക്കുന്നു. അസ്തമയവേളയിൽ കൂട്ടിൽ തിരിച്ചെത്താനുള്ള അത്യാവേശം പക്ഷികളിൽ

2. ഹിജാസിൻെറ ഉപഹാരത.

3. മദീന.

www.abulhasanalinadwi.org

പ്രകടമായി കാണാറില്ലേ? അതുപോലെ താനും തൻെറ വീട്ടിൽ തിരിച്ചെത്താനുള്ള തിടുക്കത്തിലാണെന്ന് അദ്ദേഹം പറയുന്നു.

മക്കയുടെയും മദീനയുടെയും ഇടയിലൂടെ കടന്നുപോകവെ, വേഗത കൂട്ടിയ ഒട്ടകത്തോട് അവശനും രോഗിയുമായ യാത്രക്കാരനുവേണ്ടി വേഗത കുറയ്ക്കാൻ ഇഖ്ബാൽ ആവശ്യപ്പെടുന്നു. പക്ഷേ, അതു വകവയ്ക്കാതെ ഒട്ടകം മുന്നോട്ടു നീങ്ങുന്നു. ഉത്തേജിതനായ അതിൻെറ നടപ്പു കണ്ടാൽ തോന്നുക മരുഭൂമിയിലൂടെയല്ല പട്ടിൻെറ പരവതാനിയിലൂടെയാണ് അതു നടന്നു പോകുന്നതെന്നാണ്:

പ്രഭാതവേളയിൽ പറഞ്ഞു ഞാൻ ഒട്ടകത്തോടു മെല്ലെപ്പോകാൻ,
വൃദ്ധനും രോഗിയുമാണീ യാത്രികൻ;
ഒട്ടകമോ ഉൻമത്തനായി വീണ്ടും നടന്നു,
അതിൻെറ കുളമ്പുകൾക്കിടയിൽ മണൽ പട്ടെന്ന പോൽ.

മദീനയുടെ ഒട്ടകസംഘം സലാത്തിൻെറയും സലാമിൻെറയും ഉപഹാരങ്ങളുമായി ആനന്ദദായിയായ അന്തരീക്ഷത്തിലൂടെ മുന്നോട്ടു കുതിക്കുകയാണ്. നെററിത്തടത്തിന് അനശ്വരമായ അടയാളം നൽകുന്ന ഒരു സുജൂദ് വഴിത്താരയിലെ ചൂടുള്ള മണലിൽ എവിടെവച്ചെങ്കിലും നിർവഹിക്കാൻ ഇഖ്ബാൽ ആഗ്രഹിക്കുകയും അതിനു സഹയാത്രികരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു:

അനുഗൃഹീതമീ മണൽക്കാട്,
സഞ്ചരിക്കും ഒട്ടകസംഘങ്ങൾ സലാത്തു ചൊല്ലുന്നു ഇവിടെ;
അതിൻ ചൂടുള്ള മണൽപ്പരപ്പിലുണ്ട്,
നെററിയെ കരിച്ചു മുദ്രവച്ചിടും സുജൂദ്.

മദീനയിലെത്താനുള്ള തിടുക്കം വർധിച്ചപ്പോൾ ഇഖ്ബാൽ, ഇറാഖി[4] യുടെയും ജാമി[5]യുടെയും കവിതകൾ ചൊല്ലാൻ തുടങ്ങി. അതുകേട്ടു ജനങ്ങൾ അദ്ഭുതം കൂറി. കവിതയുടെ ഭാഷ അവർക്ക് അറിഞ്ഞു കൂടെങ്കിലും അത് അവരുടെ ഹൃദയത്തെ സ്നേഹവും വിഷാദവും കൊണ്ടു നിറയ്ക്കുന്നു. ആ വേദനയിൽ വിശപ്പും ദാഹവും പോലും അവർ മറന്നുകളഞ്ഞു:

സാർഥവാഹകസംഘത്തലവാ, പറയുക, ആരാണ് ഈ അനറബി?
അദ്ദേഹത്തിൻെറ പാട്ട് അറേബിയനല്ല;
പക്ഷേ, അതിൻ രാഗം ഹൃദയത്തിനമൃത്,
അതിനാൽ ജീവിച്ചിടാമീ മരുഭൂമിയിൽ തണ്ണീരു കൂടാതെ!

4,5. പ്രവാചക പ്രേമസംബന്ധിയായ പ്രശസ്ത കാവ്യങ്ങളുടെ രചനയിലൂടെ പ്രസിദ്ധരായിത്തീർന്ന പേർഷ്യൻ കവികൾ.

www.abulhasanalinadwi.org

വഴിമധ്യെയുള്ള തടസ്സങ്ങളും വിഷമങ്ങളും രസനിഷ്യന്ദിയായിട്ടാണ് ഇഖ്ബാലിന് അനുഭവപ്പെട്ടത്. നിദ്രാവിഹീനങ്ങളായ രാവുകളും വിശ്രമമില്ലാത്ത പകലുകളും അദ്ദേഹത്തിനു സന്തോഷമാണു പ്രദാനം ചെയ്തത്. കവിക്കു യാത്ര ദീർഘവും ക്ളിഷ്ടവുമല്ല. പെട്ടെന്നു ലക്ഷ്യസ്ഥാനത്തെത്താനുള്ള ആഗ്രഹവും അദ്ദേഹത്തിനില്ല. യാത്ര കുറേ കൂടി നീണ്ടുപോകാൻ സഹായിക്കുന്ന ദൂരമേറിയ മാർഗം വല്ലതും വേറെയുണ്ടെങ്കിൽ ആ വഴിക്കു നീങ്ങാൻ അദ്ദേഹം ഒട്ടകക്കാരനോട് ആവശ്യപ്പെടുന്നു. എങ്ങനെയെങ്കിലും കാത്തിരിപ്പിൻെറ മുഹൂർത്തങ്ങൾ നീട്ടിക്കിട്ടുകയാണ് അദ്ദേഹത്തിനാവശ്യം. കാമുകരുടെ പാഥേയമായ കാത്തിരിപ്പിൻെറ രസം വേണ്ടുവോളം ആസ്വദിക്കാനാണു മഹാകവി കൊതിക്കുന്നത്:

യാത്രക്കാരൻെറ കഷ്ടപ്പാടുകൾ ആനന്ദമേകീടട്ടെ,
അവൻെറ വിലാപങ്ങളിനിയും ഉൻമാദം പകർന്നീടട്ടെ;
പോവുക ഒട്ടകക്കാരാ ദീർഘമാം വഴിയിലൂടെ,
വിരഹത്തിനഗ്നി കത്തിപ്പടർന്നീടട്ടെ.

അങ്ങനെ യാത്ര പൂർത്തിയാക്കി കവി വിശുദ്ധമദീനയിലണയുന്നു. നാം ഇരുവരും ഒരേ കുന്തളത്തിൻെറ ബന്ധനത്തിലാണെന്നു സഹയാത്രികനോട് അദ്ദേഹം പറയുന്നു. നമ്മുടെ ഹൃദയത്തിൻെറ മോഹങ്ങളിതാ പൂവണിയാൻ പോകുന്നു. സ്നേഹഭാജനത്തിൻെറ പാദത്തിൽ ഇമ വിരിക്കാൻ അവസാനം നമുക്ക് അവസരമുണ്ടായിരിക്കുന്നു. അതുകൊണ്ടു കണ്ണുകളിൽ നിന്നു പരിധികളെ നീക്കിക്കളയുക. അടക്കിവച്ചിരിക്കുന്ന കണ്ണുനീർ പ്രളയതുല്യമായി പ്രവഹിക്കാൻ വിടുക:

വരിക കൂട്ടുകാരാ, നാം ഒന്നിച്ചു കരഞ്ഞീടുക,
ഒരേ സൗന്ദര്യത്തിൻ സൗവർണദീപ്തി തൻ കാമുകർ നാം;
ഹൃദയത്തിൽ ഒളിഞ്ഞിരിക്കുന്നതെല്ലാം പുറത്തേക്കു പ്രവഹിച്ചീടട്ടെ,
കണ്ണീരിനാൽ നായകൻെറ പാദങ്ങൾ തുടച്ചീടട്ടെ.

തനിക്കു കൈവന്ന സൗഭാഗ്യം ഇഖ്ബാലിനെ വിസ്മയം കൊള്ളിക്കുന്നു. ചക്രവർത്തിമാർക്കും മഹാപണ്ഡിതൻമാർക്കും കടന്നു ചെല്ലാനാകാത്ത രാജകീയസന്നിധാനത്തിലാണു കേവലം ഒരു യാചകനായ തനിക്കു പ്രവേശനം ലഭിച്ചിട്ടുള്ളത്:

തരംതാണ്ണ ബുദ്ധിജീവികൾ,
ഈ അഗതിക്കോ ലഭിച്ചു ആനന്ദപ്രഹർഷമാമൊരു നോട്ടം;
എത്ര അനുഗൃഹീതം, എത്ര ഭാഗ്യകരം,
തുറക്കപ്പെട്ടു യാചകനു സാർവഭൗമൻെറ കവാടം!

www.abulhasanalinadwi.org

സായൂജ്യത്തിൻെറ ഈ സന്ദർഭത്തിലും അദ്ദേഹം മുസ്ലിംസമൂഹത്തെ വിസ്മരിക്കുന്നില്ല. തൻെറ കാവ്യകലയുടെ മുഴുവൻ ശക്തിയുമുപയോഗിച്ചു മുസ്ലിംകളുടെ പതിതോവസ്ഥയെക്കുറിച്ച് അദ്ദേഹം പരാതിപ്പെടുന്നു:

മുസൽമാൻ, ചക്രവർത്തിയാം ആ യാചകൻ,
അവൻെറ നെഞ്ചിൻ നിശ്വാസത്തിൻ പുകയെങ്ങും പടർന്നു;
അവൻ കരയുന്നു, എന്തുകൊണ്ടെന്നവനറിയില്ല,
അല്ലാഹുവിൻെറ റസൂലേ, ഒരു കടാക്ഷം!

വലിയൊരു ഔന്നത്യത്തിൽ നിന്നു താഴെ വീണതാണു മുസ്ലിംസമുദായത്തിൻെറ പരീക്ഷണമെന്ന് ഇഖ്ബാൽ പറയുന്നു. എത്ര ഉയരത്തിൽ നിന്നാണോ വീഴുന്നത്, അത്ര ആപൽക്കരമായിരിക്കും പതനം:

എന്തു പറയാൻ? പീഡിതനാം യാചകൻ,
അഭിജാതപൈതൃകമുള്ള മുസൽമാൻ;
ധീരനാം സാഹസികനെ അനുഗ്രഹിച്ചീടട്ടെ ദൈവം,
ഉയരമുള്ളൊരു മേൽക്കൂരയിൽ നിന്നാണവൻെറ പതനം!

അസംഘടിതരായ ആൾക്കൂട്ടമാണ് ഇന്നു മുസ്ലിംസമുദായം. അവർക്കൊരു നേതാവില്ല; ഐക്യമില്ല, പ്രവർത്തനപദ്ധതിയുമില്ല. സമുദായത്തിൻെറ അധോഗതിക്കുള്ള പ്രധാനഹേതു ഈ ദുരവസ്ഥയാകുന്നു:

നീലാകാശമിപ്പോഴും നിർദയം,
ഒട്ടകസംഘത്തിൻ ഗതിയോ അലക്ഷ്യം;
അവരുടെ അനൈക്യത്തെക്കുറിച്ചെന്തു പറയാൻ?
നിങ്ങളറിയുമല്ലോ മുസ്ലിംകൾക്കില്ലൊരു നായകൻ.

മുസ്ലിംകളുടെ രക്തം തണുത്തുപോയിരിക്കുന്നു. മുസ്ലിംകളുടെ പ്രത്യേകതയായിരുന്ന പൗരുഷമുള്ളവരെ ജനിപ്പിക്കുക എന്ന സദ്ഗുണം അവർക്കു നഷ്ടപ്പെട്ടിരിക്കുന്നു. ഏറെക്കാലമായി അവരുടെ ഉറയിൽ വാളില്ല. അവരുടെ വാടിക്കരിഞ്ഞ പൂന്തോട്ടത്തിനോ നവമലരുകൾ വിരിയിക്കാനുള്ള കഴിവുമില്ല:

അവൻെറ രക്തത്തിനില്ല ഊഷ്മളത,
അവൻെറ മലർവനിയിൽ വളരുന്നില്ല തുലീപ്;
അവൻെറ വാളുറയോ അവൻെറ കീശ പോൽ ശൂന്യം,
അവൻെറ വിജനമാം ഭവനത്തിൻ അലമാരയിലുണ്ട് ഗ്രന്ഥം.

www.abulhasanalinadwi.org

മുസ്‌ലിംകൾ ഇന്നു സുഖലോലുപരായിരിക്കുന്നു. അന്വേഷണത്തോടുള്ള ആഭിമുഖ്യം അവർ കൈയൊഴിഞ്ഞു. ലളിതസംഗീതം കേട്ടു തഴമ്പിച്ച അവരുടെ കാതുകൾക്കു സ്വാതന്ത്ര്യദാഹികളായ മനുഷ്യരുടെ വിളിയാളം ശ്രവിക്കാനാവില്ല:

വർണഗന്ധങ്ങളുടെ ബന്ധനത്തിലാണവൻെറ ഹൃദന്തം,
ത്വരയും തൃഷ്ണയും അതിൽ ശൂന്യം;
ശ്രവിക്കാനാവില്ലവർക്കു രാജാളിപ്പക്ഷി തൻ നാദം,
കൊതുകിൻ മൂളൽ കേട്ടു തഴമ്പിച്ചു അവരുടെ കർണം.

മുസ്‌ലിമിൻെറ കണ്ണുകളിൽ വിശ്വാസത്തിൻെറ പ്രകാശമോ സ്നേഹത്തിൻെറ ആനന്ദമോ ഇന്നു ദൃശ്യമല്ല. ആർക്കും വേണ്ടിയും അവൻെറ ഹൃദയം ഇന്നു സ്പന്ദിക്കുന്നില്ല. അവൻെറ നെഞ്ചിൽ ആരുടെയെങ്കിലും ഓർമ തുടികൊട്ടുന്നുമില്ല. 'സാന്നിധ്യ'ത്തിൻെറ അവസ്ഥയിൽ നിന്ന് അവൻ ബഹുദൂരം അകലത്തിലാണ്. 'ഉദ്ദിഷ്ട ലക്ഷ്യസ്ഥാന'ത്തെക്കുറിച്ച് അവനൊട്ടു വിവരവുമില്ല:

അവൻെറ കണ്ണിലില്ല വെളിച്ചവും ആനന്ദവും,
അവൻെറ നെഞ്ചകത്തിലെ ഹൃദയമോ അസ്വസ്ഥം;
ദൈവം കാത്തീടട്ടെ ഈ സമുദായത്തെ,
സാന്നിധ്യമില്ലാത്ത ആത്മാവിലല്ലോ അതിൻ മരണം.

മുസ്‌ലിംകളുടെ ഗതകാലമാഹാത്മ്യത്തെയും വർത്തമാനകാല ശോച്യാവസ്ഥയെയും താരതമ്യം ചെയ്തുകൊണ്ട് ഇഖ്ബാൽ പരാതിപ്പെടുന്നു: സ്നേഹ വാത്സല്യങ്ങളോടെ അങ്ങു വളർത്തിയെടുത്തവർ ഇന്ന് ഉപജീവനത്തിനുവേണ്ടി മരുഭൂമിയിൽ വാതിലുകൾ തോറും തെണ്ടുകയാണ്:

ചോദിക്കരുതേ, എന്നോടവൻെറയവസ്ഥ,
അവനു മണ്ണും വിണ്ണുപോലെ നിസ്സാരം;
പഴം കൊടുത്തങ്ങു വളർത്തിയെടുത്തതാം കിളി,
മരുഭൂമിയിൽ ധാന്യമണിക്കായുള്ള അതിൻെറ യാചന അസഹ്യം.

മുസ്‌ലിംലോകത്തിനു നേരെ അതിവേഗതയിൽ കുതിച്ചുകൊണ്ടിരിക്കുന്ന മതനിരാസത്തെ കുറിച്ചായി പിന്നീട് ഇഖ്ബാലിൻെറ പരിദേവനം. തത്വചിന്ത, രാഷ്ട്രമീമാംസ, അർഥശാസ്ത്രം എന്നിവയിലുള്ള അവഗാഹത്തിൻെറ അടിസ്ഥാനത്തിൽ ഭൗതികത, ആത്മീയശൂന്യത, ഹൃദയത്തിൻെറ ശീതളത തുടങ്ങിയ വ്യാധികളിലൂടെയാണു മുസ്‌ലിംലോകത്തേക്കു മതരാഹിത്യത്തിൻെറ പ്രവേശമെന്നു ഡോ. മുഹമ്മദ് ഇഖ്ബാൽ ഗ്രഹിച്ചിട്ടുണ്ടായിരുന്നു. ആർഭാടത്തിലും ദുർവ്യയത്തിലും ഊന്നിയ ജീവിതമാകട്ടെ എരിതീയിൽ എണ്ണയൊഴിക്കുന്ന ഫലമാണുളവാക്കുന്നത്. നിർമതത്വവും ഭൗതികത്വ

www.abulhasanalinadwi.org

വും ഉയർത്തുന്ന വെല്ലുവിളി സ്നേഹവും ത്യാഗവും കൊണ്ടു മാത്രമെ നേരിടാനാവൂ എന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഹസ്റത് അബൂബക്കർ സിദ്ദീഖി (റ)ന്റെ ത്യാഗോജ്വലവും സ്നേഹോഷ്മളവുമായ ജീവിതമാതൃക പിന്തുടർന്നുകൊണ്ടു മാത്രമെ മുസ്ലിംകൾക്ക് ഈ ഭീഷണിയെ അതിജയിക്കാനാകൂ. ജീവിതത്തിന്റെ നിഖിലമേഖലകളെയും ചൂഴ്ന്നുനിൽക്കുന്നതാണ് ആ മാതൃക. അത്തരമൊരു അവസ്ഥാവിശേഷം സംജാതമായാൽ ലോകം മുഴുവൻ മുസ്ലിംകൾക്കു മുമ്പിൽ മുട്ടുമടക്കും:

ലോകത്തെപ്പിടിച്ചുലച്ചു മതനിരാസം,
ദേഹത്തിൻ ഗുണങ്ങളിൽ നിന്നവർ അനുമാനിപ്പൂ ദേഹിയെ;
അങ്ങു സിദ്ദീഖിനേകിയൊരാ ധന്യത,
നൽകീടുകീ സുഖലോലുപന് അസ്വാസ്ഥ്യം.

മുസ്ലിംകളുടെ അധോഗതിയുടെ അടിസ്ഥാനകാരണം ദാരിദ്ര്യമോ ഭൗതികവിഭവങ്ങളുടെ കുറവോ അല്ല. അവരുടെ ഹൃദയങ്ങളിൽ ഒരു കാലത്തു കത്തിത്തിളങ്ങിയിരുന്ന ജീവിതജ്വാല അണഞ്ഞുപോയതാണ്. ഈ ദരിദ്രൻ ഏകനായ അല്ലാഹുവിന്റെ മുമ്പിലല്ലാതെ മററാരുടെ മുമ്പിലും ശിരസ്സു കുനിക്കാത്ത കാലത്തു രാജാക്കൻമാരുടെ മുതുക് അവന്റെ നിയന്ത്രണത്തിലായിരുന്നു. പക്ഷേ, അവന്റെ ആന്തരികാഗ്നി അണഞ്ഞപ്പോൾ അവനു ശവകുടീരങ്ങളിലും പർണശാലകളിലും അഭയം തേടേണ്ടി വന്നു:

ഈ ഫഖീറുകൾ മസ്ജിദിൽ അണിചേർന്ന കാലം,
അവർ തകർത്തു രാജാക്കളുടെ മുതുക്;
അവരുടെ ഹൃദയാഗ്നി അണഞ്ഞപ്പോഴോ,
മുസ്ലിംകൾ അഭയം തേടീ ദർഗകളിൽ.

ഇഖ്ബാൽ മുസ്ലിംകളുടെ പ്രവർത്തനഭേദം പരിശോധിക്കുന്നു. അതിന്റെ ഏടുകളിൽ അദ്ദേഹം കണ്ടെത്തുന്നതു ലജ്ജിപ്പിക്കുന്ന യാഥാർഥ്യങ്ങളാകുന്നു. മുസ്ലിംകളുടെ ജീവിതത്തിനു മുഹമ്മദീയപ്രവാചകത്വവുമായോ അതിന്റെ അധ്യാപനങ്ങളുമായോ അടിസ്ഥാനമൂല്യങ്ങളുമായോ ബന്ധമില്ല. ബഹുദൈവത്വം, അല്ലാഹുവല്ലാത്തവരോടുള്ള ആരാധന, രാജാക്കൻമാരുടെയും ഭരണാധികാരികളുടെയും പ്രശംസ എന്നിവയുടെ നിരവധി ഉദാഹരണങ്ങൾ അവരിൽ ദൃശ്യമാണ്. ആത്മാഭിമാനമുള്ള ഒരു മനുഷ്യനും കുററബോധത്തോടു കൂടിയല്ലാതെ ഇവയൊന്നും സ്വീകരിക്കാനാവില്ല. അധഃപതനത്തിന്റെ ഈദൃശമായ ഓരോ സംഗതിയും ശ്രദ്ധിച്ചു കേട്ടശേഷം ഇതൊന്നും മുസ്ലിംകളുടെ മഹത്വത്തിനു യോജിച്ചതല്ലെന്നു ഇഖ്ബാൽ വിലയിരുത്തുന്നു:

www.abulhasanalinadwi.org

മററാരെയുമല്ല, ഞങ്ങളെതന്നെ കുററപ്പെടുത്തുന്നു ഞാൻ,
നിൻെറ അനുഗ്രഹത്തിനയോഗ്യരായി ഞങ്ങൾ.

മുസ്ലിംലോകത്തിൻെറ സ്ഥിതി പരമദയനീയം തന്നെ. ഒരു ഭാഗത്തു ഖാൻഖാഹുകളും മറുഭാഗത്തു കലാലയങ്ങളും ഒരുപോലെ ശൂന്യമായിരിക്കുന്നു. ധീരമായൊരു നടപടിയും ഈ സ്ഥാപനങ്ങളിൽ നിന്നുണ്ടാവുന്നില്ല. കടന്നുപോയ പാതകളിലൂടെ പിന്നെയും യാത്ര ചെയ്യുകയാണവ. സാഹിത്യത്തിനും കവിതയ്ക്കുമാകട്ടെ, ആത്മാവു നഷ്ടമായിരിക്കുന്നു. ഹൃദയവികാരങ്ങളുമായി അവയ്ക്ക് ഒരു ബന്ധവുമില്ല:

പർണശാലയിലെ പാനപാത്രങ്ങളിലില്ല മദ്യം,
താണ്ടിയ വഴി തന്നെ താണ്ടുന്നു വിദ്യാലയം;
കവിസദസ്സിൽ നിന്നു ഞാനെഴുന്നേററു ഖിന്നനായ്,
മുളന്തണ്ടിൻെറ നാദം മൃതം.

മുസ്ലിംലോകം മുഴുവൻ താൻ കറങ്ങിയെങ്കിലും മരണത്തെ പേടിക്കാത്ത നിർഭയനായ ഒരു മുസ്ലിമിനെ എങ്ങും കണ്ടില്ലെന്ന് ഇഖ്ബാൽ പറയുന്നു. യഥാർഥ മുസ്ലിമിനെ മരണത്തിനു ഭയമാണ്. മരണത്തിനു മരണസന്ദേശമാണവൻെറ അസ്തിത്വം:

നീ തന്ന ചിറകുകളുമായി പറന്നു ഞാൻ,
എൻെറ ഗാനത്തിൻ അഗ്നിയാൽ എന്നെത്തന്നെ ദഹിപ്പിച്ചു ഞാൻ;
മരണത്തെ വിറ കൊള്ളിക്കും മുസൽമാൻ,
ലോകമെങ്ങും തിരഞ്ഞെങ്കിലും കണ്ടില്ല ഞാൻ!

ഹൃദയമുണ്ടായതു കൊണ്ടു കാര്യമായില്ല. സ്നേഹഭാജനമുണ്ടായാലേ സമാധാനം ലഭിക്കൂ. സ്നേഹിക്കപ്പെടാൻ ഒന്നുമില്ലാത്ത അവസ്ഥയിൽ വ്യക്തിയുടെയും സമൂഹത്തിൻെറയും സകലശക്തികളും വ്യഥാവിലാകും:

ഒരു നിശയിൽ ദൈവസന്നിധിയിൽ വിലപിച്ചു ഞാൻ,
മുസ്ലിംകളെന്തു കൊണ്ടു ലോകത്തു പിന്നോക്കമായി?
വന്നു മറുപടി: അറിയില്ലേ നീ,
ഈ സമുദായത്തിനുണ്ടു ഹൃദയം, പക്ഷേ അതിനില്ല പ്രേമഭാജനം.

ഈ നിരവധി പ്രാതികൂല്യങ്ങൾക്കിടയിലും ഇഖ്ബാൽ ഭഗ്നാശനല്ല. അദ്ദേഹത്തിനു മുസ്ലിംകളിൽ നല്ല പ്രതീക്ഷയുണ്ട്. ദൈവാനുഗ്രഹത്തെ കുറിച്ചു ശുഭാപ്തിവിശ്വാസവുമുണ്ട്. പരാശ്രയം മാത്രം കൈമുതലായി ഏതു കാര്യവും മററുള്ളവരുടെ വീക്ഷണത്തിലൂടെ നോക്കിക്കാണുന്നവരെ അദ്ദേഹം കഠിനമായി വിമർശിക്കുന്നു. ഹറമിൻെറ കാവൽക്കാർ വിഗ്രഹശാല

www.abulhasanalinadwi.org

യുടെ പാറാവുകാരായി മാറിയെന്ന് അദ്ദേഹം സങ്കടപ്പെടുന്നു. അവരുടെ വിശ്വാസം മരിച്ചിരിക്കുന്നു. അവർക്കാകട്ടെ, സ്വന്തമായി ഒരു അഭിപ്രായവുമില്ല:

ഹറമിൻെറ കാവൽക്കാരൻ വിഗ്രഹശാലയുടെ ശില്പി,
അവൻെറ വിശ്വാസം മൃതം, അവൻെറ കണ്ണുകളോ അവൻെറതല്ല;
അവൻെറ നോട്ടത്തിൽ നിന്നു വ്യക്തം,
നൻമയുടെ സാധ്യതയിലില്ല അവനു പ്രതീക്ഷ.

മുസ്ലിംകൾ ദുർബലരും നിസ്സഹായരുമാണെങ്കിലും സാമർഥ്യത്തിൽ അവർ രാജാക്കൻമാരെക്കാൾ മുമ്പിലാണ്. അല്പസമയത്തേക്കെങ്കിലും തങ്ങളുടെ യഥാർഥസ്ഥാനം അവർക്കു നൽകപ്പെട്ടാൽ വിശ്വത്തെ മുഴുവൻ പ്രകാശവത്താക്കാൻ പോന്ന അവരുടെ സൗന്ദര്യം ആഗോളശക്തിയായി മാറുന്നതു കാണാനാകും:

മുസ്ലിമിനു സേനാവ്യൂഹങ്ങളില്ലെങ്കിലും,
അവൻെറ മനഃസാക്ഷി രാജാവിൻെറ മനഃസാക്ഷി;
പദവി തിരിച്ചു കിട്ടീടുകിൽ,
അവൻെറ ശക്തിയും സൗന്ദര്യവും അതിഗംഭീരം.

തൻെറ കാലഘട്ടത്തെയും അതു സൃഷ്ടിക്കുന്ന പരീക്ഷണങ്ങളെയും പരിഗണിച്ചുകൊണ്ട് ഇഖ്ബാൽ പറയുന്നു:

ഇടയ്ക്കു ഞാൻ പോകുന്നു, ഇടയ്ക്കു ഞാൻ ഉയരുന്നു,
വാളില്ലാതെ ഞാനെന്തു രക്തം ചിന്താൻ!
മേൽക്കൂരയിൽ നിന്നേകീടുക സ്നേഹകടാക്ഷം,
ആയുധധാരിയായി നില്പൂ ഞാൻ എൻെറ കാലത്തിനെതിരെ.

ഇഖ്ബാലിൻെറ മുഴുജീവിതവും ആധുനികകാലഘട്ടത്തിനെതിരായ സമരത്തിലാണു വിനിയോഗിച്ചതെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. അദ്ദേഹം പാശ്ചാത്യസംസ്കാരത്തെയും ഭൗതികതത്വശാസ്ത്രങ്ങളെയും നിഷേധിച്ചുവെന്നുമാത്രമല്ല, അവയെ വിമർശിക്കുകയും വെല്ലുവിളിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ദീപ്തമായ മനഃസാക്ഷി അഗാധമായ അഭിവീക്ഷണത്തോടെയും അചഞ്ചലമായ ധീരതയോടെയും കണ്ണുകളിൽ നിന്നു മറച്ചുപിടിച്ചിരുന്ന അവയുടെ അവിശുദ്ധി വെളിക്കുകൊണ്ടുവന്നു. യഥാർഥത്തിൽ വഞ്ചനയുടെ പൊയ്മുഖം തകർക്കുകയാകുന്നു ഇഖ്ബാൽ. ഈ സുപ്രധാനമായ സേവനം വഴി അദ്ദേഹം പുതിയ തലമുറയുടെ വലിയൊരു അഭ്യുദയകാംക്ഷിയായിത്തീർന്നിരിക്കുന്നു. തികഞ്ഞ ആത്മവിശ്വാസത്തോടെയും

www.abulhasanalinadwi.org

തൻെറ ഇസ്ലാമികവ്യക്തിത്വത്തെ കുറിച്ചുള്ള പൂർണമായ അവബോധത്തോടെയും അദ്ദേഹം ഭൗതികതയ്ക്കെതിരായി കലാപം നയിച്ചു. ഇഖ്ബാലിൻെറ ഈ അവകാശവാദം സത്യസന്ധമാണ്:

റൂമിയെപ്പോലെ ഞാനും ബാങ്കുമുഴക്കീ ഹറമിൽ,
അദ്ദേഹത്തിൽ നിന്നു ഞാൻ പഠിച്ചു സ്വത്വത്തിൻ രഹസ്യങ്ങൾ;
കഴിഞ്ഞ കാലത്തിൻ കുഴപ്പത്തിലദ്ദേഹം ജീവിച്ചു,
ഇക്കാലത്തെ കുഴപ്പത്തിൽ ഞാനും ജീവിപ്പൂ.

പാശ്ചാത്യവിദ്യാഭ്യാസത്തിനെതിരെ താൻ ചെയ്ത സമരത്തെ ഇഖ്ബാൽ അഭിമാനപൂർവം അനുസ്മരിക്കുന്നു. തൻെറ വിശ്വാസവും വ്യക്തിത്വവും കാത്തു സൂക്ഷിക്കുന്നതിനായി സഹിക്കേണ്ടി വന്ന വിഷമഘട്ടങ്ങളെ അദ്ദേഹം പരാമർശിക്കുന്നു. നംറൂദിൻെറ അഗ്നികുണ്ഠത്തിൽ നിന്നു പുഞ്ചിരിച്ചു പുറത്തു കടന്ന ഹ: ഇബ്റാഹിമി(അ)നെപ്പോലെയാണു പാശ്ചാത്യസംസ്കൃതിയുടെ മരണക്കെണിയിൽ നിന്നു താൻ രക്ഷപ്പെട്ടതെന്നും പാശ്ചാത്യ വിജ്ഞാനീയങ്ങളുടെ പുറന്തോടു പൊട്ടിച്ച് അതിൻെറ കാമ്പു പുറത്തെടുക്കാനും കിഴക്കിനെയും പടിഞ്ഞാറിനെയും മയക്കിയ അതിൻെറ കൺകെട്ടുവിദ്യയെ കണ്ടറിഞ്ഞു തോൽപിക്കാനും തനിക്കു കഴിഞ്ഞുവെന്നും ഇഖ്ബാൽ അവകാശപ്പെടുന്നു:

ആധുനിക ബോധനത്തിൻ ആഭിചാരം തകർത്തു ഞാൻ,
തോടു വിട്ടേച്ചു കാമ്പെടുത്തു ഞാൻ;
ദൈവത്തിനറിയാം ഇബ്റാഹിമിനെപ്പോലെ ഞാൻ,
ശാന്തചിത്തനായതിൻ തീയിലിരുന്നു.

യൂറോപ്പിലെ വൻനഗരങ്ങളിൽ താൻ കഴിച്ചു കൂട്ടിയ കാലഘട്ടം ഇഖ്ബാൽ ഓർക്കുന്നു. ശുഷ്കമായ ഗ്രന്ഥങ്ങളും ശൂന്യമായ തത്വവിചാരങ്ങളും ആപൽക്കരമായ സൗന്ദര്യവും ഹൃദയാവർജകമായ മനോഹരദൃശ്യങ്ങളും മാത്രമുണ്ടു സ്മൃതിപഥത്തിൽ ബാക്കി. അവിടെ നിന്ന് എന്തെങ്കിലും ലഭിച്ചുവെങ്കിൽ സ്വന്തം ഉൺമയിൽ നിന്നു തന്നെ അന്യനാക്കുന്ന ആത്മവിസ്മൃതി മാത്രമായിരുന്നു:

യൂറോപ്യൻ വിഗ്രഹങ്ങൾക്കു നൽകി ഞാനെൻെറ ഹൃദയം,
അമ്പലവാസികൾക്കിടയിൽ ഉരുകി ഞാൻ;
എൻെറ കണ്ണുകൾക്കു തന്നെ അന്യനായി ഞാൻ,
എന്നെ കണ്ടപ്പോഴോ തിരിച്ചറിഞ്ഞില്ല ഞാൻ.

അക്കാലത്തെ ചൈതന്യരാഹിത്യം ഇഖ്ബാലിനെ ദുഃഖിതനാക്കുന്നു.

www.abulhasanalinadwi.org

പടിഞ്ഞാറിൻെറ മദ്യശാല തനിക്കു നൽകിയതു തലവേദന മാത്രമാണെന്ന് അദ്ദേഹം പരിതപിക്കുന്നു. പാശ്ചാത്യധിഷണാശാലികളുമായുള്ള സമ്പർക്കം തനിക്കു സമ്മാനിച്ച അന്ധതയുടെ അനുഭവത്തിനു ജീവിതത്തിൽ വേറെ ഉദാഹരണമില്ല:

പടിഞ്ഞാറൻ മദ്യശാലയിൽ നിന്നു മദ്യം നുകർന്നു ഞാൻ,
ജീവിതം വിററു തലവേദന വിലയ്ക്കെടുത്തു ഞാൻ;
യൂറോപ്യൻ പ്രതിഭാശാലികളുടെ കൂടെയിരുന്നു ഞാൻ,
ഇത്ര നഷ്ടമുള്ളൊരു കാലം മറ്റൊരിക്കലും ചെലവഴിച്ചില്ല ഞാൻ.

പിന്നീടു വിനയാന്വിതനായി വിശുദ്ധപ്രവാചക(സ)നെ അഭിസംബോധന ചെയ്തുകൊണ്ട് ഇഖ്ബാൽ പറയുന്നു: അങ്ങയുടെ ഔദാര്യമിഴികളാണ് എന്നെ വളർത്തിയത്. പാണ്ഡിത്യമുള്ളവരുടെ കനപ്പെട്ട ചർച്ചകൾ എന്നെ രോഗിയാക്കുന്നു. അങ്ങയുടെ വാതിൽക്കലെ യാചകനാണു ഞാൻ; അങ്ങയുടെ തെരുവിലെ വെറുമൊരു തെണ്ടി. മററുള്ളവരുടെ സന്നിധിയിൽ പോയി നിൽക്കേണ്ട എന്താവശ്യമാണ് എനിക്കുള്ളത്?

ഞാനൊരു യാചകൻ, അങ്ങയോടു ചോദിപ്പൂ ഞാനെന്തു ചെയ്യണമെന്ന്,
എൻെറ ഈ ചീത്ത മേനിയിൽ എനിക്കാവശ്യം പർവതങ്ങളെ
വെട്ടിമുറിക്കും ഹൃദയം;

തത്വചിന്താവിചാരങ്ങളെനിക്കു നൽകുന്നതു തലവേദന,
അങ്ങയുടെ തിരുനോട്ടമല്ലോ എന്നെ വളർത്തിയത്.

തുടർന്ന് ഇഖ്ബാൽ മതത്തിൻെറയും വിജ്ഞാനത്തിൻെറയും പ്രതിനിധികളെന്നു ഗണിക്കപ്പെടുന്ന മതപണ്ഡിതൻമാരുടെ സ്ഥിതി വിവരിക്കുന്നു. സ്നേഹവും താപവുമല്ല വന്ധ്യതയും മുരടിപ്പുമാണ് അവരിൽ കാണപ്പെടുന്നത്. ചുടേറിയ വിലയുള്ള വിവരങ്ങളും ഭാരമേറിയ സാങ്കേതികത്വങ്ങളുമാണ് അവരുടെ കൈമുതൽ. അവരുടെ മരുഭൂമിയിൽ കഅബയും സംസവുമില്ല. എന്നാൽ ഈ രണ്ടുമാകുന്നു ഹിജാസിയൻ മരുഭൂമിയുടെ മൂല്യം. അവയില്ലാതെ കുറെ മൺൽപ്പരപ്പും മൊട്ടക്കുന്നുകളുമുണ്ടായിട്ടെന്തു കാര്യം? ഇന്നത്തെ മതപണ്ഡിതൻമാർക്ക് അഗാധമായ അറിവും അപാരമായ ബുദ്ധിയും വാചാലമായ നാവുമുണ്ടെങ്കിലും അവരുടെ കണ്ണുകളിൽ സ്നേഹത്തിൻെറ ഒരു തുള്ളി കണ്ണുനീരോ ഹൃദയങ്ങളിൽ ഒരു കൊച്ചു സ്പന്ദനമോ ഇല്ല. ഈ വിശുദ്ധ മണ്ണിൽ നിന്ന് അവർക്കു ലഭിച്ചതു തണുപ്പും കാരുണ്യവുമല്ല, ഉഷ്ണവും കാഠിന്യവും മാത്രമാണ്:

മുല്ലയുടെ ഹൃദയത്തിലില്ല വിഷാദം,
അവൻെറ കണ്ണുകൾക്കു കാഴ്ചയുണ്ടെങ്കിലും അതിലില്ല ഈർപ്പം;

www.abulhasanalinadwi.org

മതപാഠശാലയിൽ നിന്നോടി ഞാൻ,
അതിൻെറ അറേബിയൻ മരുഭൂതലത്തിലില്ല സംസം പ്രവാഹം.

അല്ലാഹു അല്ലാത്തവരെ ഒരു തവണ താൻ ആശ്രയിച്ചപ്പോൾ അതിൻെറ ശിക്ഷയെന്നോണം ഇരുനൂറു തവണ താൻ തരംതാഴ്ത്തപ്പെട്ടുവെന്ന് ഇഖ്ബാൽ പറയുന്നു. കൈയൂക്കോ ബുദ്ധിശക്തിയോ മനുഷ്യനു ഫലം ചെയ്യില്ല. ദൈവവിധി മാത്രമെ അതിജയിക്കൂ. മനുഷ്യൻെറ ചെറിയൊരു അബദ്ധം പോലും അവൻെറ സ്ഥാനം വളരെയേറെ താഴ്ത്തിക്കളയാൻ ഇടയാക്കും:

ആരെയും ഏൽപ്പിച്ചില്ല ഞാനെൻെറ ഹൃദയം,
ഞാൻ തന്നെ അഴിച്ചു എൻെറ കെട്ടുകൾ;
ഒരു തവണ ദൈവേതരൻമാരെ ആശ്രയിക്കവെ,
ഇരുനൂറു തവണ താഴെ വീണു ഞാനെൻ പദവിയിൽ നിന്ന്.

ഇക്കാലത്തു ആത്മാർഥതയ്ക്കു വിലയില്ല. എല്ലാവർക്കും പ്രയോജനാത്മകതയിൽ മാത്രമാണു താല്പര്യം. കൃത്രിമവും മൃഗീയവുമായ ഹൃദയങ്ങളിൽ നിഷ്കളങ്കതയ്ക്കു സ്ഥാനമില്ല. ഇത്തരമൊരു ദുസ്ഥിതിയിൽ കരൾ ച്ചോര കുടിച്ചു കഴിയുകയല്ലാതെന്തു ചെയ്യും?

ഞാൻ കാണുന്നതിൽ നിന്ന് എൻെറ കണ്ണു വിമുഖം,
ആന്തരികാഗ്നിയിൽ ഉരുകുന്നു ഹൃദയം;
ആത്മാർഥ വികാരങ്ങളില്ലാത്ത കാലം,
പറഞ്ഞുതരൂ, ഇതെന്തു കഷ്ടം!

ഇഖ്ബാലിന് ഏകാന്തത അനുഭവപ്പെടുന്നു. വിശാലമായ ഈ ലോകത്തു തനിക്ക് അനുഭാവിയായിട്ട് ആരുമില്ലെന്ന് അദ്ദേഹം ആവലാതിപ്പെടുന്നു. വേദനകൾ സ്വന്തം ഹൃദയത്തോടല്ലാതെ ആരോടു പറയാൻ!

കിഴക്കും പടിഞ്ഞാറും ഞാനൊരപരിചിതൻ, നിരാലംബൻ,
സ്നേഹിതരും വിശ്വസ്തരുമില്ലെനിക്ക്;
എൻെറ കദനം ഹൃദയത്തോടു ചൊല്ലി ഞാൻ,
എത്ര നിഷ്കളങ്കമായി ഏകാന്തതയെ ചതിക്കുന്നു ഞാൻ.

ആത്മാർഥമായ തൻെറ ഉപദേശനിർദേശങ്ങൾ സ്വീകരിച്ച് അതനുസരിച്ചു പ്രവർത്തിക്കാൻ ആരും തയ്യാറാകുന്നില്ലെന്ന് ഇഖ്ബാൽ പരിതപിക്കുന്നു. തൻെറ അറിവിൻെറ പഴങ്ങൾ ആരും ഭുജിക്കുന്നില്ല. നിഗൂഢതകൾക്കു താൻ നൽകിയ വ്യാഖ്യാനങ്ങൾ ബധിരകർണങ്ങളിലാണു ചെന്നു തറച്ചത്. യാഥാർഥ്യങ്ങളുടെ അവതാരകനെന്നതിനു പകരം കേവലം ഒരു ഗസൽഗാ

www.abulhasanalinadwi.org

യകനായി ജനങ്ങൾ തന്നെ പരിഗണിക്കുന്നുവെന്ന് ഇഖ്ബാൽ വിശുദ്ധപ്രവാചകതിരുമേനി(സ)യോടു പരാതിപ്പെടുന്നു:

അവർ ഗ്രഹിക്കുന്നില്ല ഞാൻ അനാവരണം ചെയ്യുന്ന രഹസ്യം,
അവർ ഭുജിക്കുന്നില്ല എന്റെ അറിവിന്റെ കനി;
ഹേ, ജനതതികളുടെ നായകാ ! അങ്ങിൽ നിന്നു ഞാൻ തേടുന്നു നീതി,
അവരുടെ കണ്ണിൽ ഞാനൊരു ഗസൽ ഗായകൻ !

ജീവിതത്തിന്റെയും അതിന്റെ അനശ്വരതയുടെയും സന്ദേശം ജനങ്ങൾക്കെത്തിക്കണമെന്നാണ് പ്രവാചകകൽപന. പക്ഷേ, ഈ വിവരം കെട്ടവർ പ്രതീക്ഷിക്കുന്നതു സാധാരണകവികളെയും കവിത്തൊഴിലാളികളെയും പോലെ താനും ആളുകളുടെ ജനനമരണങ്ങളെ അധികരിച്ചു കവിത രചിക്കണമെന്നാണ്!

അങ്ങെന്നോടു കൽപിക്കുന്നു അനശ്വരതയുടെ പാട്ടു പാടാൻ,
മൃതർക്കായി ജീവന്റെ സന്ദേശം നൽകീടുവാൻ;
പക്ഷേ, ഈ അജ്ഞതാവശ്യപ്പെടുന്നു,
ഇയാളുടെയും അയാളുടെയും ജനിമൃതികൾ ഗാനമാക്കാൻ.

തന്റെ കവിത പ്രദാനം ചെയ്യുന്ന വിജ്ഞാനത്തിലും സന്ദേശത്തിലും ജനങ്ങൾക്കു താൽപര്യമില്ലെന്നതാണ് ഇഖ്ബാലിന്റെ ആക്ഷേപം. തന്റെ വിഭവങ്ങളെല്ലാം അങ്ങാടിയിൽ പ്രദർശിപ്പിച്ചെങ്കിലും അതു വാങ്ങാൻ ആളില്ലാത്ത ദുരവസ്ഥ കവിയെ ദുഃഖിപ്പിക്കുന്നു. ഹൃദയം തന്നെ ഉപഹാരമായി സമർപ്പിച്ചിട്ടും അതു തിരസ്കരിക്കപ്പെടുകയാണെങ്കിൽ അതിൽപരം വേദനാജനകമായി മറ്റെന്തുണ്ട്?

ഹൃദയമെടുത്തു കൈയിൽ വച്ചു ഞാൻ, പക്ഷേ അതു വാങ്ങാൻ
ആളില്ലായിരുന്നു;
എന്റെ കൈയിലുണ്ടു കച്ചവടച്ചരക്ക്, പക്ഷേ എടുക്കാനാളെവിടെ?
വരൂ, എന്റെ നെഞ്ചകം ഭവനമാക്കൂ,
എന്നെക്കാൾ ഏകാന്തനായിട്ടില്ലൊരു മുസൽമാനും!

അവസാനമായി, അറേബിയയുടെ ഭരണാധികാരി ഇബ്നുസുഊദ് രാജാവിനോടാണ് ഇഖ്ബാൽ സംസാരിക്കുന്നത്. യഥാർഥത്തിൽ മുസ്ലിം ലോകത്തെ സകല ഭരണാധികാരികളോടുമുള്ള അഭിസംബോധനയാണിത്. വിദേശശക്തികളെ ആശ്രയിക്കുന്നതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചു മുന്നറിയിപ്പു നൽകിക്കൊണ്ടു തങ്ങളുടെ കാര്യങ്ങൾ ദൈവത്തെ മാത്രം ഭരമേൽപിക്കാൻ ഇഖ്ബാൽ ആവശ്യപ്പെടുന്നു. കയർ സ്വന്തമായിട്ടുണ്ടെങ്കിൽ

www.abulhasanalinadwi.org

എവിടെയും കൂടാരം കെട്ടാം. എന്നാൽ ഇരവു വാങ്ങിയ കയറു കൊണ്ടു സ്വതന്ത്രമായൊന്നും ചെയ്യാനാവില്ല. മുസ്‌ലിംഭരണാധികാരികൾ തങ്ങളെ തന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു. അത്യുന്നതമായ സ്ഥാനമാണു ഭൂമിയിൽ അവർക്കുള്ളത്. അവരുടെ പ്രദോഷങ്ങൾ മററുള്ളവരുടെ പ്രഭാതങ്ങളെക്കാൾ തിളക്കമുള്ളതാകുന്നു:

ഊഷരമാം മരുഭൂമിയിൽ നിങ്ങളുടെ സ്ഥാനം എത്ര ഉന്നതം,
നിങ്ങളുടെ സന്ധ്യകൾക്കുണ്ടു കണ്ണാടിയുടെ തിളക്കം;
നിങ്ങളിച്ഛിക്കുന്നിടത്തു പണിതീടുക നിങ്ങളുടെ കൂടാരങ്ങൾ,
കയറു കടം വാങ്ങൽ നിങ്ങൾക്കു നിഷിദ്ധം. ●

www.abulhasanalinadwi.org

14

ചരിത്രവീക്ഷണം

[അമേരിക്കയിലെ ചിക്കാഗോവിൽ ഒരു വിജ്ഞാനസദസ്സിൽ അവതരിപ്പിക്കാൻ വേണ്ടി ഉർദുവിൽ എഴുതിയതായിരുന്നു ഈ പ്രബന്ധം. ഡോ. മുഹമ്മദ് ആസിഫ് ഖിദ്വായി സാഹിബ് ഇതിന്റെ ഇംഗ്ലീഷ് പരിഭാഷയും തയ്യാറാക്കിയിരുന്നു. എം.എസ്.എ.യുടെ ക്ഷണ പ്രകാരം എനിക്കു പ്രിയങ്കരനും ബഹുമാന്യനുമായ ഇർഫാൻ അഹ്മദ് സാഹിബിന്റെ പ രിശ്രമത്താലും 1975 ജൂലായ് 11 ന് അമേരിക്കയിലേക്കു പുറപ്പെടാൻ നിശ്ചയിച്ചതുമായി രുന്നു. എന്നാൽ ചില തടസ്സങ്ങളെ തുടർന്ന് ആ യാത്ര നടക്കാതെ പോയി. മാറ്റിവച്ച യാത്ര യുടെ ഓർമയ്ക്കായി ഈ ലേഖനം *നുഖൂശെ ഇഖ്ബാലി*ന്റെ മൂന്നാം പതിപ്പിൽ ഉൾപ്പെടു ത്തുകയാണ്. ഇവിടെയാണ് ഇതിന്റെ യഥാർഥസ്ഥാനമെന്നു തോന്നുന്നു.]

ചരിത്രം ഐച്ഛികവിഷയമായെടുത്ത വിദ്യാർഥിയൊന്നുമായിരുന്നി ല്ല ഇഖ്ബാൽ. അദ്ദേഹം ഒരിക്കലും അതിൽ വൈദഗ്ധ്യവും അവഗാഹവും അവകാശപ്പെട്ടിട്ടുമില്ല. മാത്രമല്ല, ഒരു ചരിത്രകൃതി നിരൂപണം ചെയ്യാൻ എ പ്പോഴെങ്കിലും ആവശ്യപ്പെട്ടാൽ ചരിത്രം തന്റെ പ്രത്യേകവിഷയമല്ലെന്നു പറഞ്ഞ് അദ്ദേഹം വിനയപൂർവം ഒഴിഞ്ഞുമാറുകയായിരുന്നു പതിവ്. പ്രാഥ മികമായി തത്വചിന്തയുടെയും അതുകഴിഞ്ഞാൽ ഖുർആനിന്റെയും വിദ്യാർ ഥിയായിരുന്നു ഇഖ്ബാൽ. പക്ഷേ, എല്ലാവർക്കും അറിയുന്നതുപോലെ അ ദ്ദേഹത്തിന്റെ വായന വിശാലവും അഗാധവുമായിരുന്നു. രാഷ്ട്രങ്ങൾ, ഭര

www.abulhasanalinadwi.org

ണകൂടങ്ങൾ, മതങ്ങൾ, ധാർമികമൂല്യങ്ങൾ, സമൂദായങ്ങൾ, സംസ്കാരങ്ങൾ എന്നിവ അദ്ദേഹം സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാക്കി. അതുകൊണ്ടു തന്നെ ചരിത്രം അദ്ദേഹത്തിൻെറ പാഠ്യവിഷയമായിരുന്നില്ലെങ്കിൽ പോലും മാനവൻെറ നിയതിയിലും ഉത്ഥാനപതനങ്ങളിലും അവൻെറ പ്രശ്നങ്ങളിലും തൽപരനായ ഏതൊരാളെയും പോലെ ഇഖ്ബാലും അതിൽ ശ്രദ്ധ പുലർത്തി. അതിനു പുറമെ തത്വചിന്ത മനുഷ്യനിൽ സൃഷ്ടിക്കുന്ന യാഥാർഥ്യാന്വേഷണം, വിരുദ്ധങ്ങളായ ഘടകങ്ങളുടെ സമന്വയം, പൊതുവായതിൽ നിന്നു പ്രത്യേകമായതിലേക്കും ഉപരിപ്ലവതയിൽ നിന്നു അഗാധതയിലേക്കുമുള്ള പ്രയാണം എന്നിവയുടെ പിൻബലത്താൽ ചരിത്രത്തിൻെറ പല നിഗൂഢതകളും കണ്ടെത്താൻ ഇഖ്ബാലിനു സാധിച്ചു. ദാർശനികവീക്ഷണം കൈവശമില്ലാത്ത ചരിത്രകാരൻമാർക്കും പരമ്പരാഗത ചരിത്രപാഠശാലയിലെ അധ്യാപകർക്കും അധ്യേതാക്കൾക്കും അപ്രാപ്യമായിരുന്നു അവയത്രയും.

വിശുദ്ധ ഖുർആനിൻെറ നിരന്തരമായ പഠനവും ഈ വിഷയത്തിൽ ഇഖ്ബാലിനെ സഹായിക്കുകയുണ്ടായി. മനുഷ്യവർഗത്തിൻെറ ജയാപജയങ്ങളുടെയും സൗഭാഗ്യനിർഭാഗ്യങ്ങളുടെയും നിയാമകഘടകങ്ങളും ജനസമൂഹങ്ങളുടെ വളർച്ചയുടെയും തളർച്ചയുടെയും അടിസ്ഥാനങ്ങളും ലോകത്ത് അനുദിനമുണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങളുടെ യഥാർഥകാരണങ്ങളും മനുഷ്യബുദ്ധിയെ വിസ്മയിപ്പിക്കുന്ന വൈദഗ്ധ്യത്തോടെ അവതരിപ്പിക്കുന്ന ഖുർആനികശൈലി അദ്ദേഹത്തിനു വലിയൊരു പ്രചോദനമായിരുന്നു. ഇഖ്ബാലിൻെറ തന്നെ വാക്കുകളിൽ മരുഭൂവാസിയായ ഒരു നിരക്ഷരന് അവതീർണമായ ഈ ഗ്രന്ഥം സൃഷ്ടിക്കുന്ന അദ്ഭുതത്തിന് ആകാശഭൂമികളുടെ സ്രഷ്ടാവായ സർവജ്ഞൻെറ വചനമെന്നല്ലാതെ മറ്റൊരു ന്യായവുമില്ല തന്നെ. അഫ്ഗാനിസ്താനിലെ ശഹീദ് നാദിർ ശാക്ക് വിശുദ്ധ ഖുർആനിൻെറ ഒരു പ്രതി സമ്മാനിക്കവെ ഇഖ്ബാൽ അതിനെ വിശേഷിപ്പിച്ചത് ഇങ്ങനെയാണ്:

> ഞാൻ പറഞ്ഞു, അതു സത്യവാൻമാരുടെ വിജ്ഞാന ഖനിയെന്ന്,
> അതിൻ മനഃസാക്ഷിയിൽ പാർപ്പു കേവലജീവിതം;
> അതിലാണു സകലതിൻെറയും അന്ത്യം,
> ഹൈദറിനെ ഖൈബറി[1]ൻ ജേതാവാക്കി അതിൻെറ കുന്തം.

*അസ്റാറെ ഖുദി*യിൽ ഇഖ്ബാൽ പറയുന്നു:

> തത്വജ്ഞാന നിർഭരമാം ഖുർആൻ–ജീവിക്കുന്ന ഗ്രന്ഥം,
> ചിരന്തന, നിരന്തര വിജ്ഞാനം;

1. ഇസ്ലാമിക ചരിത്രത്തിലെ ഒരു യുദ്ധം

www.abulhasanalinadwi.org

ജീവിത, സൃഷ്ടി രഹസ്യത്തിൻ കുറിമാനം,
അസ്ഥിരമായതിനെ സ്ഥിരമാക്കീടും ശക്തിവിശേഷം.

ഇഖ്ബാലിൻെറ ചരിത്രവീക്ഷണം കണ്ടെത്താനുള്ള ഉദ്ദേശ്യത്തോടെ അദ്ദേഹത്തിൻെറ കവിതകൾ പഠനവിഷയമാക്കുന്നതു പ്രയോജനകരമായിരിക്കും. ചരിത്രത്തിൽ നിന്നു പാഠം പഠിക്കാൻ ഉദ്ദേശിക്കുന്ന അതിൻെറ സത്യസന്ധരായ വിദ്യാർഥികൾക്കു മാർഗദർശനം നൽകാൻ പോന്ന വിജ്ഞാന ശകലങ്ങൾ അതിൽ ഒളിഞ്ഞു കിടപ്പുണ്ട്. ഇഖ്ബാൽകവിതയിൽ പരാമർശിക്കപ്പെടുന്ന ചരിത്രപരമായ സൂചനകൾ വിശദീകരിക്കാൻ ഒരുമ്പെട്ടാൽ നിരവധി ഗ്രന്ഥങ്ങൾ തന്നെ രചിക്കേണ്ടതായി വരും. കൊച്ചു കവിതകളിലൂടെയോ ഏതാനും ഈരടികളിലൂടെയോ ചിലപ്പോഴൊക്കെ ഒറ്റ വരിയിലൂടെയോ ചരിത്രവിജ്ഞാനത്തിൻെറ മഹാസാഗരത്തെ അദ്ദേഹം കമണ്ഡലുവിൽ ഒതുക്കിയിട്ടുണ്ട്. കവിതയുടെ മാധ്യമത്തിലൂടെ അദ്ദേഹം ആറ്റിക്കുറുക്കി അവതരിപ്പിച്ച യാഥാർഥ്യങ്ങൾ വേണ്ടത്ര വിശദീകരണങ്ങളോടെയും തെളിവുകളോടെയും പുസ്തകങ്ങളുടെ റഫറൻസു സഹിതം ഗദ്യത്തിൽ എഴുതപ്പെടുകയാണെങ്കിൽ ഇത്രയേറെ ആകർഷണീയതയോ സ്വാധീനശക്തിയോ ഹൃദയവശീകരണശേഷിയോ അതിനു കൈവരുമായിരുന്നില്ല.

ചരിത്രത്തിൽ, വിശിഷ്യാ ഇസ്‌ലാമികചരിത്രത്തിൽ ആഴമേറിയ അറിവും ഖുർആനിക വിജ്ഞാനീയങ്ങളിൽ വ്യുൽപത്തിയും ഉള്ളവർക്കു മാത്രമെ ഇഖ്ബാൽകവിതയുടെ സാഹിത്യമൂല്യത്തെയും അതിൻെറ ചരിത്രപരമായ വിശകലനത്തെയും ശരിയായി വിലയിരുത്താനാകൂ. യഹൂദ, ക്രൈസ്തവമതങ്ങൾ, പൗരാണിക ഇന്ത്യൻമതങ്ങൾ, പേർഷ്യൻ ദർശനം, സാഹിത്യം, പാശ്ചാത്യഎഴുത്തുകാർ 'ഇരുണ്ടയുഗ'മെന്നു വിശേഷിപ്പിച്ച മധ്യകാലഘട്ടം എന്നിവയെ സംബന്ധിച്ച സമഗ്രമായ ധാരണയും ഇതിനാവശ്യമാണ്.

ഇഖ്ബാലിൻെറ ചരിത്രവീക്ഷണത്തെയും ഖുർആനികബോധത്തെയും പരിചയപ്പെടാനുതകുന്ന ഏതാനും മാതൃകകൾ അദ്ദേഹത്തിൻെറ കവിതകളിൽ നിന്ന് എടുത്തു ചേർക്കുകയാണിവിടെ. അദ്ദേഹത്തിൻെറ രചനകളെ സമൂലം പരിശോധിച്ചുകൊണ്ടല്ല ഈ മാതൃകകൾ തെരഞ്ഞെടുത്തിട്ടുള്ളത്. ഒട്ടു മിക്കവാറും ഓർമയിൽ നിന്നെടുത്തതാണവ. ഒരു ശരാശരി വായനക്കാരൻെറ ധാരണയെയാണ് ഇക്കാര്യത്തിൽ ആശ്രയിച്ചിട്ടുള്ളത്. ഇഖ്ബാൽ സൂചിപ്പിക്കുന്ന ചരിത്രസംഭവങ്ങളെ നേരാംവണ്ണം മനസ്സിലാക്കാൻ അവയുടെ പശ്ചാത്തലവും സാമൂഹികസാഹചര്യങ്ങളും പഠനവിധേയമാക്കേണ്ടതുണ്ട്. അതുകൊണ്ടു കവിതകൾ ഉദ്ധരിക്കും മുമ്പ് അവയുടെ രചനക്കാധാരമായ ചുറ്റുപാടുകളെ ചുരുക്കി വിവരിക്കാം.

പൗരാണികമതങ്ങൾ പ്രത്യേകിച്ചും ക്രിസ്തുമതം മനുഷ്യജീവിത

www.abulhasanalinadwi.org

ത്തെ രണ്ടു കള്ളറകളിലാക്കി വിഭജിച്ചു–ഭൗതികവും ആത്മീയവും. ലോകത്തെയും അവർ രണ്ടായി കണ്ടു. ഭൗതികരുടെയും ആത്മീയരുടെയും ലോകങ്ങൾ. ഇവ രണ്ടിനുമിടയിൽ വിശാലമായ വിടവുണ്ടായിരുന്നു. രണ്ടു മണ്ഡലങ്ങളും പരസ്പരസംഘട്ടനത്തിലുമായിരുന്നു. വിശ്വാസത്തിന്റെ ലോകവും ഭൗതികരുടെ ലോകവും രണ്ടു തട്ടിലാണെന്ന ധാരണയാണ് ഈ വിഭജനത്തിലേക്കു നയിച്ചത്. ഒന്നിനെ കൊള്ളാൻ മറ്റൊന്നിനെ തള്ളണമെന്ന തെറ്റു ധാരണ. രണ്ടു തോണിയിൽ കാൽ വച്ചു യാത്ര ചെയ്യാനാവില്ലെന്ന ന്യായവും ഈ വിഭജനത്തിന്റെ വക്താക്കൾ അവതരിപ്പിച്ചു. ദൈവികാധിപത്യത്തെയും ദൈവശാസനകളെയും ധാർമികസദാചാരമൂല്യങ്ങളെയും അവഗണിച്ചുകൊണ്ടല്ലാതെ ഭൗതികപുരോഗതി സാധ്യമല്ലെന്നവർ വിശ്വസിച്ചു. ഇഹലോകത്തെ ത്യജിച്ചു കൊണ്ടു മാത്രമെ മനുഷ്യനു മതകീയജീവിതം നയിക്കാനാകൂ എന്നും അവർ സിദ്ധാന്തിച്ചു.

മനുഷ്യൻ സുഖപ്രിയനാണ്. തീർത്തും ന്യായമായ ഐഹികാനന്ദങ്ങൾക്കും ഭൗതികപുരോഗതിക്കും അധികാരലബ്ധിക്കും യാതൊരു പഴുതും നൽകാത്ത മതം അധികമാളുകൾക്കും സ്വീകാര്യമായിക്കൊള്ളണമെന്നില്ല. മനുഷ്യപ്രകൃതിക്കെതിരായ യുദ്ധപ്രഖ്യാപനമായിരിക്കും അത്. അവന്റെ നൈസർഗികമായ വാസനകൾ അടിച്ചമർത്താനുള്ള പാഴ്വേല. ഈ മൂഢവിശ്വാസത്തിന്റെ ഫലമായി വിദ്യാസമ്പന്നരും സംസ്കൃതചിത്തരും കർമനിരതരുമായ നിരവധി ആളുകൾ വിശ്വാസത്തിനു പകരം ഭൗതികതയെ സ്വയം വരിച്ചു. വിഭജനത്തിന്റെ സിദ്ധാന്തം അവർക്ക് ഏറെ രസിച്ചു. ആത്മീയ പുരോയാനത്തിന്റെ സകല വഴികളും അവരെ നിരാശപ്പെടുത്തി. അങ്ങനെ തങ്ങളുടെ മുഴുവൻ വിഭവങ്ങളും ഭൗതികതാൽപര്യങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി വിനിയോഗിക്കാൻ അവർ തീരുമാനിച്ചു. ഐഹികവും ആധ്യാത്മികവുമായ ജീവിതങ്ങളിലെ വൈരുധ്യം മനുഷ്യർക്കിടയിലെ വിവിധ തട്ടുകളിൽ പെട്ടവരെ മതവുമായി വിട പറയാനാണു പ്രേരിപ്പിച്ചത്. ഭരണകൂടം ചർച്ചിനെതിരെ കലാപം നയിച്ച് അതിന്റെ പിടുത്തത്തിൽ നിന്നു സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഭരണം അധികാരപ്രമത്തവും സമൂഹം അലക്ഷ്യവുമാവുകയായിരുന്നു അതിന്റെ ഫലം. ദേഹത്തിന്റെയും ദേഹിയുടെയും ദ്വൈതഭാവവും മതവിശ്വാസികളുടെയും ഭൗതികൻമാരുടെയും പരസ്പര സംഘട്ടനവും ധാർമികതയുടെയും നൈതികതയുടെയും നട്ടെല്ലൊടിക്കുകയും മനുഷ്യസമൂഹത്തെ ദൈവികാനുഗ്രഹങ്ങളിൽ നിന്ന് അന്യവൽക്കരിക്കുകയും ദൈവനിഷേധത്തിന്റെയും മതനിരാസത്തിന്റെയും അണക്കെട്ടുകൾ തുറന്നു വിടുകയും ചെയ്തു. അന്ധമായ ഈ ഭൗതികതയ്ക്ക് ആദ്യം ഇരയായത് യൂറോപ്പായിരുന്നു. പിന്നീടു പടിഞ്ഞാറിന്റെ ധൈഷണികവും രാഷ്ട്രീയവുമായ സ്വാധീനത്തിലകപ്പെട്ട രാഷ്ട്രങ്ങളൊക്കെ ഒന്നിനു പിറകെ മറ്റൊ

www.abulhasanalinadwi.org

ന്നായി അതിൻെറ വെള്ളപ്പാച്ചിലിൽ അകപ്പെട്ടു. മനുഷ്യനായിരിക്കുന്ന അവസ്ഥയിൽ കവിഞ്ഞ് ഒരു തടസ്സവും ആധ്യാത്മിക പുരോഗതിയുടെ വഴിയിലില്ലെന്നു പ്രചരിപ്പിച്ച മധ്യകാലഘട്ടത്തിലെ ക്രൈസ്തവസന്യാസിമാർ എരിതീയിൽ എണ്ണ ഒഴിക്കുകയായിരുന്നു[2]. ക്രൂരവും മൃഗീയവുമായ ഭാവങ്ങൾ നൽകിയാണ് അവർ മതത്തെ അവതരിപ്പിച്ചത്. തദ്ഫലമായി മത ധാർമികമൂല്യങ്ങളുടെ ശോഷണവും ദേഹപൂജയുടെ അഭ്യുന്നതിയും പൂർണമായി. ചുരുക്കത്തിൽ, മതകീയതയുടെയും ഐഹികതയുടെയും ധ്രുവീകരണം ധാർമികാധ:പതനത്തിൻെറയും മതരാഹിത്യത്തിൻെറയും പടുകുഴിയിൽ മനുഷ്യനെ കൊണ്ടു ചെന്നെത്തിച്ചു[3].

വിശുദ്ധ മുഹമ്മദ്നബിതിരുമേനി(സ)യുടെ പ്രവാചകത്വത്തിൻെറ അമൂല്യമായ ഒരു സംഭാവന മനുഷ്യൻെറ പ്രവർത്തനങ്ങളുടെയും അതു സൃഷ്ടിക്കുന്ന ഫലങ്ങളുടെയും യഥാർഥമായ അടിസ്ഥാനം അവൻെറ മനസ്സിലെ ഉദ്ദേശ്യമാണെന്ന അതിൻെറ പ്രഖ്യാപനമാണ്. ഇസ്ലാമിക നിയമസംഹിതയിൽ സാങ്കേതികമായി 'നിയ്യത്ത്' എന്ന ലളിതവും വിശാലവുമായ പദപ്രയോഗം കൊണ്ടാണ് അതിനെ വ്യവഹരിക്കുന്നത്[4]. ഇസ്ലാമികവീക്ഷണത്തിൽ മതത്തിനും ലോകത്തിനും കേവലത്വമോ സ്വതന്ത്രഭാവമോ ഇല്ല. എത്ര വലിയ ഭൗതികകർമങ്ങളെയും ദൈവികസംതൃപ്തിയിലേക്കുള്ള മാർഗമാക്കി മാറ്റാൻ കഴിയുമെന്നാണ് അതിൻെറ അധ്യാപനം. ഭരണം, യുദ്ധം, ജീവിതായോധനം, കുടുംബജീവിതം, അനുവദനീയമായ ജഡികസുഖങ്ങൾ എന്നിവ അടക്കമുള്ള ഏത് ഐഹികകാര്യവും ദൈവസാമീപ്യം കരസ്ഥമാക്കാനുള്ള ഉപാധിയാക്കാവുന്നതേയുള്ളൂ. അതെസമയം എത്ര വലിയ ആരാധനാകർമവും ഏതു വലിയ മതകൃത്യവും ദൈവികസംതൃപ്തിയുടെ ഉദ്ദേശ്യമില്ലെങ്കിൽ ഫലം ചെയ്യാത്ത കേവല ഭൗതികകർമമായി തീരുമെന്നാണ് ഇസ്ലാമിൻെറ വീക്ഷണം. ആരാധനാസംബന്ധിയായ നിർബന്ധാനുഷ്ഠാനങ്ങൾ, ഇസ്ലാമികസ്തംഭങ്ങളായ ദൈവമാർഗത്തിലെ പലായനം, ദൈവമാർഗത്തിലെ സമരം, ദൈവത്തിനായുള്ള ബലിയർപ്പണം, ദൈവസ്മരണ,

---

2. വിശദമായ പഠനത്തിനു ഡബ്ളിയു.എച്ച്. ലേക്കിയുടെ *ഹിസ്റ്ററി ഓഫ് യൂറോപ്യൻ മോറൽസ്* നോക്കുക.

3. ജെ.ഡബ്ളിയു. ഡ്രാപ്പർ, *ഹിസ്റ്ററി ഓഫ് ദി കോൺഫ്ലിക്റ്റ് ബിറ്റ്വീൻ റിലീജ്യൻ ആൻറ് സയൻസ്.* ഗ്രന്ഥകാരൻെറ തന്നെ *ഇസ്ലാമും ലോകവും* എന്ന കൃതിയും കാണുക.

4. "നിശ്ചയം, പ്രവൃത്തികൾ അവയ്ക്കു പിന്നിലെ ഉദ്ദേശ്യങ്ങൾക്കനുസരിച്ചാണു നിലകൊള്ളുന്നത്. അറിയുക, ഓരോ വ്യക്തിക്കും അവനെന്തു കരുതിയോ അതു ലഭിക്കും" എന്ന നബിവചനം വളരെ പ്രസിദ്ധമാണ്. പ്രശസ്ത നബിവചനസമാഹാരമായ *സഹീഹു ബുഖാരി* എന്ന തൻെറ ഗ്രന്ഥത്തിൻെറ തുടക്കത്തിൽ പ്രഗദ്ഭ ഹദീസുശാസ്ത്രവിശാരദനായ ഇമാം ബുഖാരി(റ) ചേർത്തിട്ടുള്ളത് ഈ നബിവചനമത്രെ. ചില ഇസ്ലാമിക പണ്ഡിതരുടെ വീക്ഷണത്തിൽ ഇസ്ലാമിൻെറ മൂന്നിലൊന്നു ഭാഗവും ഇതിലടങ്ങിയിരിക്കുന്നു.

www.abulhasanalinadwi.org

ദൈവനാമങ്ങളുടെ പ്രകീർത്തനം തുടങ്ങിയവയെല്ലാം യഥാർഥ ഉദ്ദേശ്യമോ നിശ്ചയമോ കൂടാതെ നിർവഹിക്കപ്പെടുകയാണെങ്കിൽ ദൈവത്തോട് അടുക്കുന്നതിനു പകരം അവനിൽ നിന്ന് അകലാനും ശിക്ഷയ്ക്കു പാത്രീഭൂതനായിത്തീരാനും വരെ ഹേതുവാകും[5].

വിശ്വാസവും ലോകവും തമ്മിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന സംഘർഷം അവസാനിപ്പിച്ച് അവയെ സമഗ്രമായി സമന്വയിപ്പിച്ചു എന്നതാണു വിശുദ്ധപ്രവാചകൻ മുഹമ്മദ്നബിതിരുമേനി(സ)യുടെ മഹത്തരമായ നേട്ടം. കടുത്ത യുദ്ധങ്ങൾക്ക് അറുതി വരുത്തുന്നതായിരുന്നു വിപ്ലവകരമായ ഈ സംയോജനം. അവിടുന്ന് അക്ഷരാർഥത്തിൽ ഏകത്വത്തിന്റെ പ്രവാചകനും അതെസമയം സുവിശേഷകനും മുന്നറിയിപ്പുകാരനുമായിരുന്നു. പരസ്പരസംഘട്ടനത്തിൽ ഏർപ്പെട്ട കൂടാരങ്ങളിൽ നിന്നു മനുഷ്യരെ മോചിപ്പിച്ചു സൽക്കർമത്തിന്റെയും പൊതുജനസേവയുടെയും ദൈവികസംതൃപ്തിയുടെയും ഒറ്റ മേഖലയിലേക്ക് അവരെ നയിച്ച പുണ്യപ്രവാചകൻ(സ) തന്റെ അനുയായികളെ പഠിപ്പിച്ച പ്രാർഥന ഇതായിരുന്നു: "ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് ഇഹലോകത്തും പരലോകത്തും നന്മ നൽകീടണേ ! ഞങ്ങളെ നരകശിക്ഷയിൽ നിന്നു കാത്തിടേണമേ!" "നിശ്ചയം, എന്റെ പ്രാർഥനയും ബലിയും ജീവിതമഖിലവും മരണവും ലോകങ്ങളുടെ നിയന്താവായ അല്ലാഹുവിനാകുന്നു" എന്നു പ്രഖ്യാപിക്കുക വഴി, വിശ്വാസിയുടെ ജീവിതം പരസ്പരവിരുദ്ധമായ ഘടകങ്ങളുടെ സാകല്യമല്ലെന്നും അനുസരണത്തിന്റെയും സമർപ്പണത്തിന്റെയും ഏകകമാണെന്നും അവിടുന്നു സ്ഥാപിച്ചു. ഐഹികലോകത്തിന്റെ വസ്ത്രങ്ങളണിഞ്ഞ പരിവ്രാജകനെയും രാജാവിന്റെ ഉടുപ്പിട്ട വൈരാഗിയെയും സൃഷ്ടിച്ചുകൊണ്ടു രാവുകളിലെ അവധൂതൻമാരെ പകൽവേളകളിലെ അശ്വാരൂഢൻമാരാക്കുന്ന മഹാദ്ഭുതം അതോടെ ലോകത്തിനു കാണായി.

ഈ മുഖവുരയ്ക്കു ശേഷം ഇഖ്ബാലിന്റെ *ദീൻ ഒ സിയാസത്*[6] എന്ന കവിത വായിക്കുക. ക്രൈസ്തവതയെയും ഇസ്ലാമിനെയും മധ്യകാലത്തെയും ആധുനികകാലത്തെയും അദ്ദേഹം ഈ കവിതയിൽ സമർഥമായി സംലയിപ്പിച്ചിരിക്കുന്നു. ഈ വരികളുടെ മധുരിമയും മനോഹാരിതയും ആസ്വാദ്യകരം തന്നെ !

---

5. നിരവധി നബിവചനങ്ങൾ ഈ ഇസ്ലാമികാധ്യാപനത്തിനു പിൻബലം നൽകുന്നു. ഹദീസുഗ്രന്ഥങ്ങളിലെ ഇഖ്ലാസ്(ആത്മാർഥത), നിയ്യത്(ഉദ്ദേശ്യം), ഈമാൻ (വിശ്വാസം), ഇഹ്തിസാബ് (ആത്മപരിശോധന) എന്നിവ സംബന്ധിച്ചുള്ള അധ്യായങ്ങൾ നോക്കുക.

6. *ദീൻ ഒ സിയാസത്* = മതവും രാഷ്ട്രീയവും.

www.abulhasanalinadwi.org

ചർച്ചിൻെറ അടിസ്ഥാനം സന്യാസമായിരുന്നു,
പരിവ്രാജകനെങ്ങനെ രാജാവാകാൻ ?
രാജകീയതയും സന്യാസവും വൈരാഗ്യത്തിലായിരുന്നു,
ഒന്നിനുയർച്ച, മറ്റേതിൻ തകർച്ചയിൽ.
രാഷ്ട്രീയത്തിൽ നിന്നു മുക്തമായീ മതം,
ഒരു ഫലവും ചെയ്തില്ല ചർച്ചിലെ പുരോഹിതൻെറ പുണ്യം;
മതവും ധനവും വഴി പിരിഞ്ഞപ്പോൾ,
അവശേഷിച്ചത് അതിമോഹത്തിൻ അധികാരം.
മത, രാഷ്ട്രീയങ്ങളുടെ ദ്വൈതം നിർഭാഗ്യം,
അതു സംസ്കാരനയനത്തിൻ തിമിരം.
ഒരു മരുഭൂവാസി സൃഷ്ടിച്ച വിപ്ലവം,
താക്കീതിൻെറ ദർപ്പണം ശുഭവൃത്താന്തം.
അതിലല്ലോ മാനുഷ്യകത്തിൻ സുരക്ഷിതത്വം,
അതിലല്ലോ സൂഫി, ചക്രവർത്തിമാരുടെ ഏകത്വം.

മനുഷ്യവംശത്തിൻെറ ദീർഘമായ ചരിത്രം സംഗമങ്ങളുടെതിനെക്കാൾ സംഘട്ടനത്തിൻേറതാണെന്നു കാണാം. അധികാരപ്രമത്തത സൃഷ്ടിച്ച ദുരന്തങ്ങളെക്കൊണ്ടു നിർഭരമാണു ചരിത്രത്തിൻെറ താളുകൾ. തങ്ങളെക്കാൾ ശക്തരായി ആരുമില്ലെന്നും മറ്റുള്ളവരൊക്കെ തങ്ങളുടെ ചൊല്പടിക്കു നിൽക്കേണ്ടവരാണെന്നും കൈയൂക്കാണ് അന്തിമനിയമമെന്നും ധരിച്ചുവശായി അധികാരം പ്രയോഗിക്കുന്ന വ്യക്തികളും സംഘങ്ങളും മനഷ്യത്വം, ധർമം, നീതി എന്നിവ അർഥമില്ലാത്ത പദങ്ങളാക്കിത്തീർക്കുന്നു. ശക്തിയാണു സത്യമെന്ന കാട്ടുനീതി നിലവിൽ വരികയും സകല കാര്യങ്ങളുടെയും നിയന്ത്രണാവകാശം മനുഷ്യധിഷണ ഏറ്റെടുക്കുകയും ചെയ്യുമ്പോൾ ദൈവഭയം, മാനവികതയോടുള്ള ബഹുമാനം, സദാചാരനിഷ്ഠ, മാനം, ലജ്ജ എന്നിവ ബലഹീനതയുടെയും ഭീരുത്വത്തിൻെറയും ലക്ഷണങ്ങളായി ഗണിക്കപ്പെടുന്നു. അധികാരത്തിൻെറ മത്തു തലക്കു പിടിച്ച വ്യക്തികളും, സമൂഹങ്ങളും ഏറ്റവും വലിയ സംഹാരശക്തികളാണ്. നാഗരികതകളും ധാർമിക മൂല്യങ്ങളും കലാസാഹിത്യസൃഷ്ടികളുമടക്കം മതപ്രവാചകൻമാരും പ്രതിഭാശാലികളായ പരിഷ്കർത്താക്കളും കഠിനാധ്വാനം ചെയ്തു നേടിയെടുത്ത സദ്ഫലങ്ങളെ ഒരു പിടി ചാരമാക്കാൻ ഇവരുടെ നശീകരണാഗ്നിക്കു സാധിക്കും. പിന്നെ ഒരു ഉയിർത്തെഴുന്നേൽപ്പിൻെറയോ പുനഃസൃഷ്ടിപ്പിൻെറയോ പ്രതീക്ഷ നൂറ്റാണ്ടുകളോളം നാമ്പെടുക്കുകയില്ലെന്നതാണ് ഏറെ പരിതാപകരം. ഗ്രാമങ്ങളും നഗരങ്ങളും വിജനമാകും. മനുഷ്യരുടെ വാസസ്ഥാനങ്ങൾ ശ്മശാനഭൂമിയായിത്തീരും. ആരാധനാലയങ്ങൾ മദ്യാലയങ്ങളും ചൂതാട്ടശാലകളുമായും കലാലയങ്ങൾ വിനോദകേന്ദ്രങ്ങളായും മാറ്റപ്പെടും.

www.abulhasanalinadwi.org

അഭിമാനങ്ങളത്രയും അപമാനങ്ങളായിത്തീരുന്ന വിധം സംസ്കാരത്തിന്റെ മുഖമുദ്രകളധികവും വികലമാകും.

അനനുകരണീയമായ ശൈലിയിൽ വിശുദ്ധ ഖുർആൻ വളരെ ചെറിയ ഒരു സൂക്തത്തിലൂടെ ഈ ദുഃസ്ഥിതിയിലേക്കു വിരൽ ചൂണ്ടിയിട്ടുണ്ട്. ഷേബാ രാജ്ഞിയുടെ സംസാരം ഉദ്ധരിച്ചു കൊണ്ടു ഖുർആൻ പറയുന്നു: "രാജാക്കൻമാർ ഒരു നാട്ടിൽ കടന്നാൽ അതിനെ നാശമാക്കുകയും അതിലെ അന്തസ്സുറ്റ നിവാസികളെ നിന്ദിതരാക്കുകയും ചെയ്യുന്നു. ഇതു തന്നെയാണ് അവർ ചെയ്യാറുള്ളത് ". (വിശുദ്ധ ഖുർആൻ xxvii:34)

വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെടുന്ന ആദുസമുദായം ഇപ്പറഞ്ഞ പ്രതിഭാസത്തിന് ഒരു ഉദാഹരണമായിരുന്നു. ഗർവും ധിക്കാരവും ദുരഭിമാനവും മാത്രം കൈവശമുണ്ടായിരുന്ന ആ ജനത മദം പൊട്ടിയ കാട്ടാനയെപ്പോലെ സഹജീവികൾക്കുനേരെ തിരിയുകയും അവർക്കു കടുത്ത ദുരിതങ്ങൾ സമ്മാനിക്കുകയും ചെയ്തു: " ആദുവർഗത്തിന്റെ അവസ്ഥയെന്തായിരുന്നുവെന്നോ ? അവർ ഭൂമിയിൽ അന്യായമായി അഹങ്കരിച്ചു. ഞങ്ങളെക്കാൾ ഊക്കേറിയവരാരുണ്ടെന്നവർ ഘോഷിച്ചു. അവരെ സൃഷ്ടിച്ച അല്ലാഹു തീർച്ചയായും അവരെക്കാൾ ശക്തനാണെന്ന് അവർക്കു മനസ്സിലായില്ല. അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു കൊണ്ടേയിരുന്നു." (വിശുദ്ധ ഖുർആൻ XLI:15)

ദൈവത്തെ വിസ്മരിച്ചുകൊണ്ടുള്ള ഈ സ്വേച്ഛാധികാരപ്രയോഗം ശക്തിയുടെ അനിയന്ത്രിതമായ ദുർവിനിയോഗത്തിലാണു കലാശിച്ചത്. ആദുജനതയിലേക്കു നിയുക്തനായ ദൈവത്തിന്റെ പ്രവാചകൻ ഹൂഹൂദ്(അ) ഈ തിൻമകൾക്കെതിരെ താക്കീതു നൽകികൊണ്ടു പറഞ്ഞു: "നിങ്ങൾ ഉയർന്ന സ്ഥലങ്ങളിലൊക്കെ വൃഥാ സ്മാരകസൗധങ്ങളുണ്ടാക്കി കൊണ്ടിരിക്കുകയാണോ? ഗംഭീരമായ കൊട്ടാരങ്ങളും പണിയുന്നുവല്ലോ, നിങ്ങൾക്ക് അനന്തകാലം വസിക്കാനുള്ളതുപോലെ. ആരെയെങ്കിലും ദ്രോഹിക്കുമ്പോൾ നിഷ്ഠൂരമായി ദ്രോഹിക്കുന്നു". (വിശുദ്ധ ഖുർആൻ, xxvi :128-130)

ദൈവഭയമില്ലാത്ത വ്യക്തികളുടെയോ സമൂഹങ്ങളുടെയോ കൈയിൽ അധികാരം വന്നു ഭവിക്കുകയും അതു സ്വന്തം അഭീഷ്ടപ്രകാരം പ്രയോഗിക്കപ്പെടുകയും ചെയ്യുമ്പോൾ മറ്റുള്ളവർ അവരുടെ കാരുണ്യം ആശ്രയിച്ചു ജീവിക്കേണ്ടി വരുന്നു. അത്തരമൊരവസ്ഥയിൽ മനുഷ്യന്റെ സ്ഥാനം ജീവനില്ലാത്ത പ്രതിമകളുടെതോ വെറും കടലാസുകഷണങ്ങളുടെതോ മാത്രം! ഉദാഹരണമായി ഫറോവയെ സംബന്ധിച്ചു വിശുദ്ധ ഖുർആൻ പറയുന്നു: സംഭവമെന്തെന്നാൽ ഫറോവ ഭൂമിയിൽ അതിക്രമിക്കുകയും അതിലെ നിവാസികളെ വിവിധ കക്ഷികളായി വിഭജിക്കുകയും ചെയ്തു. അതിലൊരു

www.abulhasanalinadwi.org

കക്ഷിയെ ദുർബലരാക്കിയിട്ടുണ്ടായിരുന്നു. അവരിലെ ആൺസന്തതികളെ കൊന്നു കളയുകയും പെൺസന്തതികളെ ജീവിക്കാൻ വിടുകയും ചെയ്തു. സത്യത്തിൽ അവൻ നാശകാരികളിൽ പെട്ടവൻ തന്നെയായിരുന്നു." (വിശുദ്ധ ഖുർആൻ, xxviii:4)

സ്വയംകേന്ദ്രീകൃതനാണെങ്കിലും സംസാരത്തിൽ വാചാലനായ ഒരാളുടെ സ്വഭാവം വിശുദ്ധ ഖുർആൻ വിവരിക്കുന്നുണ്ട്. യഥാർഥത്തിൽ അതൊരു വ്യക്തിയുടെയല്ല ഒരു സമൂഹത്തിന്റെ വർണനയാകുന്നു. "ചില മനുഷ്യർ ഇങ്ങനെയുമുണ്ട് ഐഹികജീവിതത്തിൽ അവരുടെ ഭാഷണം താങ്കൾക്കു വളരെ കൗതുകകരമായിത്തോന്നും. തങ്ങളുടെ ഉദ്ദേശ്യശുദ്ധിക്ക് അവർ ദൈവത്തെ അടിക്കടി സാക്ഷിയാക്കിക്കൊണ്ടിരിക്കും. പക്ഷേ, വാസ്തവത്തിൽ അവരാകുന്നു സത്യത്തിന്റെ ബദ്ധവൈരികൾ. അധികാരം കൈവന്നാൽ ഭൂമിയിൽ അവരുടെ പ്രയത്നമഖിലം അവിടെ നാശം വിതയ്ക്കുന്നതിനും കൃഷിയിടങ്ങളെയും മനുഷ്യവംശത്തെയും നശിപ്പിക്കുന്നതിനുമായിരിക്കും. എന്നാൽ അല്ലാഹു കുഴപ്പത്തെ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. അവനോട് അല്ലാഹുവിനെ ഭയപ്പെടുക എന്നു പറഞ്ഞാൽ അവന്റെ ഡംഭ് അവനെ പാപത്തിൽ തന്നെ ഉറപ്പിച്ചു നിർത്തുന്നു. ഇത്തരക്കാർക്കു നരകം തന്നെ മതി. അത് അതിദുർഭഗമായ സങ്കേതം തന്നെ" (വിശുദ്ധ ഖുർആൻ II: 204-206).

ഈ മനസ്ഥിതിയുടെ ഉടമസ്ഥർ ചരിത്രത്തിൽ അങ്ങോളമുണ്ടായിട്ടുണ്ട്. റോമാക്കാരും പേർഷ്യക്കാരും തങ്ങളുടെ കാലഘട്ടങ്ങളിൽ ഈ പ്രവണതയുടെ പ്രതിനിധികളായിരുന്നു. ജെ.ഡബ്ളിയു. ഡ്രാപ്പർ രേഖപ്പെടുത്തിയതു കാണുക: "സാമ്രാജ്യം രാഷ്ട്രീയവും സൈനികവുമായ അർഥത്തിൽ അതിന്റെ ഉച്ചിയിലെത്തിയപ്പോഴേക്കും മത, സാമൂഹികമേഖലകളിൽ ഏറ്റവും വലിയ ധാർമ്മികച്യുതി അതിനെ കീഴടക്കിയിരുന്നു. പൂർണമായും സുഖലോലുപതയിലാണ്ടു പോയ അതിന്റെ തത്വം ജീവിതം ഒരു സദ്യവട്ടമാണെന്നായിരുന്നു. നൻമയെന്നു പറയുന്നത് ഇന്ദ്രിയങ്ങളുടെ സുഖാസ്വാദനം മാത്രമാണെന്നായിരുന്നു അതിന്റെ വീക്ഷണം. സംയമനം എന്നു പറയുന്നതോ ഈ സുഖം നീട്ടിക്കിട്ടാനുള്ള മാർഗവും. സ്വർണം കൊണ്ട് അലങ്കരിച്ചതും രത്നങ്ങൾ പതിച്ചതുമായ ഭോജനശാലകൾ, ആഡംബരസമൃദ്ധമായ സ്നാനാഗാരങ്ങൾ, നാട്യശാലകൾ, വർണപ്പകിട്ടുള്ള വേഷഭൂഷാദികളണിഞ്ഞ സേവകൻമാർ, വാൾപയറ്റുകാരായ അടിമകൾ, അഭിസാരികകളായ സ്ത്രീകൾ ഇത്രയുമായിരുന്നു റോമൻമോഹങ്ങൾ. ആരാധിക്കപ്പെടേണ്ട ഒരേ ഒരു വസ്തു ശക്തി മാത്രമാണെന്നു ലോകത്തെ കീഴടക്കിയവർ മനസ്സിലാക്കിയിരുന്നു. അധ്വാനവും വ്യാപാരവും വഴി കഷ്ടപ്പെട്ടു സമ്പാദിക്കുന്നതെല്ലാം ശക്തി

www.abulhasanalinadwi.org

കൊണ്ടു കരസ്ഥമാക്കാവുന്നതേയുള്ളൂ. ഭൂമിയും മറ്റു വിഭവങ്ങളും പിടിച്ചെടുക്കൽ, പ്രവിശ്യകളിൽ നിന്നു കരമീടാക്കൽ തുടങ്ങിയവ വിജയകരമായ യുദ്ധങ്ങളുടെ ഫലങ്ങളും ചക്രവർത്തി കൈയൂക്കിന്റെ പ്രതീകവുമായിരുന്നു"[7].

പിന്നീടു പതിനേഴാം നൂറ്റാണ്ടിൽ അർധമൃഗീയരായ താർത്താരികൾ വന്നു. അവരുടെ ചോര മണക്കുന്ന കഥകൾ ഇബ്നു കഥീറിന്റെ *അൽബിദായ: വന്നിഹായ:* അടക്കമുള്ള കൃതികളിൽ രേഖപ്പെട്ടു കിടക്കുന്നു. ഏതാനും വിജയങ്ങൾ കൊയ്തപ്പോൾ ലോകത്തു തങ്ങളെ തടയാൻ കെല്പുള്ളവരാരുമില്ലെന്ന് അവർ മനസ്സിലാക്കി. അക്കാലത്തെ സംസ്കൃതസമൂഹത്തെ പിടിച്ചുലച്ച അത്യാപത്തായി മാറി അവരുടെ പ്രവർത്തനങ്ങൾ. അവ കേൾക്കുന്ന മാത്രയിൽ ഇന്നും ഹൃദയങ്ങൾ വിറകൊള്ളുകയും കണ്ണുകൾ ഈറനണിയുകയും ചെയ്യുന്നു. താർത്താരികൾക്കു മുമ്പിൽ ലോകം മുഴുവൻ ഭയചകിതമായിരുന്നു. ചരിത്രഗ്രന്ഥങ്ങളിൽ മാത്രമല്ല, സാഹിത്യപരവും ആധ്യാത്മികവുമായ കൃതികളിൽ പോലും ആ നടുക്കത്തിന്റെ അടയാളങ്ങൾ ദൃശ്യമാണ്[8]. ഈ ഭീകരമനുഷ്യർരാജ്യങ്ങൾക്കു പിറകെ രാജ്യങ്ങൾ തച്ചു തകർക്കുകയും മനോഹരമായ നഗരങ്ങൾ ഒന്നൊന്നായി നാമാവശേഷമാക്കുകയും ചെയ്തു. നൂറ്റാണ്ടുകളുടെ അത്യധ്വാനം കെട്ടിപ്പടുത്ത സാംസ്കാരിക സൗധങ്ങൾ നിലംപരിശായി. മതബോധത്തിന്റെയും ധാർമികനിഷ്ഠയുടെയും വൈജ്ഞാനിക സപര്യയുടെയും രംഗവേദിയായി നിലകൊണ്ട ഇസ്ലാമിക ലോകത്തു മരണത്തിന്റെയും സംഹാരത്തിന്റെയും കാർമേഘങ്ങൾ രൂപം കൊണ്ടു. ദീർഘകാലത്തേക്കു ധിഷണയുടെ ഉറവ വറ്റിപ്പോയി. ഇറാൻ, അഫ്ഗാനിസ്താൻ, തുർക്കിസ്താൻ എന്നിവിടങ്ങളിലെ കുലീനകുടുംബങ്ങൾ ജീവനും അഭിമാനവും കൊണ്ട് ഇന്ത്യയിലേക്കു പലായനം ചെയ്തു. താർത്താരികൾക്കു തുല്യശക്തിയായിരുന്ന ധീരൻമാരായ തുർക്കികളായിരുന്നു ഇന്ത്യ ഭരിച്ചിരുന്നത്. താർത്താരികളുടെ ആക്രമണങ്ങൾ മുസ്ലിംലോകത്തിന്റെ ബുദ്ധിമണ്ഡലത്തെ പിറകോട്ടു നയിച്ചു. ഗവേഷണ മനസ്ഥിതി അവസാനിപ്പിച്ച് അനുകരണത്തിൽ അഭയം തേടാൻ വരെ ചില വൈജ്ഞാനിക കേന്ദ്രങ്ങൾ തയ്യാറായി[9].

---

7. *ഹിസ്റ്ററി ഓഫ് കോൺഫ്ലിക്റ്റ് ബിറ്റ്‌വീൻ റിലിജ്യൻ ആൻറ് സയൻസ്*, പേജ്. 31-32.

8. വിശദവിവരങ്ങൾക്കു ഗ്രന്ഥകാരന്റെ *താരീഖെ ദഅ്‌വത് ഒ അസീമത്*, ഒന്നാം വാല്യം, പേജ്. 393–404 നോക്കുക.

9. ഹിജ്റ എട്ടാം നൂറ്റാണ്ടിൽ ഇസ്ലാമിക പണ്ഡിതൻമാർ ഇജ്തിഹാദിന്റെ വാതിലടക്കാനും തഖ്‌ലീദിന്റെ ആവശ്യകത മനസ്സിലാക്കാനും ഇടയാക്കിയത് ഈ ചരിത്രപരമായ പശ്ചാത്തലമാണെന്ന് അല്ലാമാ ഇഖ്ബാലിന് അഭിപ്രായമുണ്ടായിരുന്നു.

www.abulhasanalinadwi.org

സീസറും അലക്സാന്ദറും ചെങ്കിസ്ഖാനും ഹലാകൂഖാനും തിമൂറും നാദിർശായുമെല്ലാം മനുഷ്യവർഗത്തിന്റെ വേട്ടക്കാരിൽപ്പെട്ടവരായിരുന്നു. തങ്ങളുടെ വാളിന്റെ ശക്തി ലോകത്തിനു കാണിച്ചു കൊടുക്കാനായി അവരൊക്കെ ചെയ്ത ക്രൂരകൃത്യങ്ങൾക്കു കൈയും കണക്കുമില്ല. അവരുടെ ഭീകരമായ സൈനിക മുന്നേറ്റങ്ങളുടെ കഥകൾ വായിക്കുമ്പോൾ വലിയ ചരിത്രപാഠങ്ങൾ ആറ്റിക്കുറുക്കിയ ഇഖ്ബാലിന്റെ ഈ വരികൾ ഓർത്തു പോകുന്നു:

അലക്സാന്ദറുടെയും ചെങ്കിസ്ഖാന്റെയും കരങ്ങൾ പലപ്പോഴും,
മാനിയാം മനുഷ്യന്റെ വസ്ത്രങ്ങളെത്ര കീറിപ്പറിച്ചു;
സമൂഹങ്ങളുടെ ചരിത്രത്തിൻ അനശ്വരമാം സന്ദേശം:
ജ്ഞാനികളേ, ശക്തിയുടെ മത്ത് ആപത്ത്.
ലോകത്തെ തകർക്കുന്നൊരീ കുത്തിയൊഴുക്ക്,
ബുദ്ധിയും യുക്തിയും കലയും വിജ്ഞാനവുമെല്ലാം ചാമ്പൽ.

ഇരുപതാം നൂറ്റാണ്ടിലെ യൂറോപ്പിനെയും അമേരിക്കയെയും ഇതേ അധികാരപ്രമത്തതയുടെ രോഗം ബാധിച്ചിരിക്കുന്നുവെന്നാണു പൗരസ്ത്യലോകത്തെ പല ബുദ്ധിജീവികളുടെയും വിലയിരുത്തൽ. തങ്ങൾ ജനസമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടെയും സംരക്ഷകരും വിധി നിർണയിക്കുന്നവരുമാണെന്നാണ് അവരുടെ വിചാരം. ഏതു പ്രശ്നത്തെയും ശക്തിയുടെ അടിസ്ഥാനത്തിൽ മാത്രമെ അവർ നോക്കിക്കാണൂ. നേർവഴിക്കു നീങ്ങുന്നൊരു നേതൃത്വം ലോകത്തിന്റെ ഏതെങ്കിലും കോണിൽ നിലവിൽ വന്നാൽ പിന്നെ അതിനെ തകർക്കാനായി അവരുടെ നെട്ടോട്ടം. പൗരസ്ത്യലോകത്തെ ഏഷ്യൻരാഷ്ട്രങ്ങളുടെ പ്രത്യേകിച്ചു മുസ്ലിംരാജ്യങ്ങളുടെ സ്ഥിതി വളഷാകാനും അവിടങ്ങളിലെ മനുഷ്യരുടെ ധൈഷണികവും ധാർമികവുമായ ശക്തി ക്ഷയിക്കാനും യഥാർഥകാരണം പടിഞ്ഞാറിന്റെ നേതൃത്വമാണെന്നു കാണാൻ പ്രയാസമില്ല.

നേരും നെറിയുമില്ലാത്ത ചുറ്റുപാടും ലാഭനഷ്ടങ്ങളുടെ സിദ്ധാന്തവുമാണു പൗരസ്ത്യലോകത്തെക്കുറിച്ചുള്ള സത്യസന്ധമായ ചിന്തയിൽ നിന്നും പടിഞ്ഞാറൻ നേതാക്കളെ വിലക്കുന്നത്. നീതി ബലഹീനനായ മർദിതന്റെ കൂടെയാകുന്ന സന്ദർഭത്തിൽ പോലും ശക്തനായ മർദകനെ പിന്തുണയ്ക്കാനാണ് അവർക്കു താൽപര്യം. അതുകൊണ്ടു തന്നെ ഐക്യരാഷ്ട്ര സഭ പോലുള്ള മഹത്തരമെന്നു വിശേഷിപ്പിക്കപ്പെടുന്ന സ്ഥാപനങ്ങൾക്കു സാർവലൗകികസമാധാനത്തിനും സ്വാതന്ത്ര്യത്തിനും പുരോഗതിക്കും വേണ്ടി നിലകൊള്ളാൻ സാധിക്കാതെ വരുന്നു. പാശ്ചാത്യരാഷ്ട്രങ്ങൾ അവികസിതരാജ്യങ്ങൾക്കു പണമായും അന്നമായും നൽകുന്ന വലിയ സഹായ

www.abulhasanalinadwi.org

ങ്ങൾപോലും ആത്മാർഥതയുടെ അഭാവത്തിൽ ഉദ്ദിഷ്ടഫലം ചെയ്യുന്നില്ല. അവ സ്വീകരിക്കുന്ന ഏഷ്യൻ, ആഫ്രിക്കൻ രാഷ്ട്രങ്ങളിലാകട്ടെ, ഇത്തരം ആശ്വാസപ്രവർത്തനങ്ങൾ കൊണ്ട് ഉണ്ടായിത്തീരേണ്ട ധാർമികഫലങ്ങൾ സൃഷ്ടിക്കപ്പെടുന്നുമില്ല.

എന്നാൽ അധികാരവും ശക്തിയും സച്ചരിതനായ ഒരു നായകന്റെ നേതൃത്വത്തിൽ സദുദ്ദേശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കപ്പെടുകയാണെങ്കിൽ അതു മനുഷ്യർക്കു ഗുണകരമായി ഭവിക്കുന്നതാണ്. അത്തരമൊരവസ്ഥയിൽ അതു ലക്ഷ്യമല്ല മാർഗമാണ്. ശിക്ഷയ്ക്കു പകരം രക്ഷയും നിഗ്രഹത്തിനു പകരം അനുഗ്രഹവും മരണത്തിനു പകരം ജീവിതവും സംഹാരത്തിനു പകരം നിർമാണവും അതു പ്രദാനം ചെയ്യും. മർദിതരുടെ മോചനവും മനുഷ്യാവകാശങ്ങളുടെ സംരക്ഷണവും മനുഷ്യന്റെ യഥാർഥസ്ഥാനത്തിന്റെ സ്ഥിരീകരണവും അത് ഉറപ്പുവരുത്തും. പുതിയൊരു കാലവും പുതിയൊരു ലോകവും അതു സൃഷ്ടിക്കും. അധികാരത്തെ കുറിച്ച് ഇഖ്ബാൽ ഒരിടത്തു പറയുന്നു:

മതരഹിതമെങ്കിൽ അതു കൊടുംവിഷം,
മതസംരക്ഷണത്തിലോ അതു സിദ്ധൗഷധം.

ഇഖ്ബാലിന്റെ വീക്ഷണത്തിൽ ഇസ്‌ലാമിക ജേതാക്കളുടെ സൈനികമുന്നേറ്റങ്ങൾ ഇപ്പറഞ്ഞതിന് ഏറ്റവും നല്ല മാതൃകയത്രെ. അവരുടെ തന്നെ ഒരു ദൂതൻ ഒരിക്കൽ പറയുകയുണ്ടായതു പോലെ, മനുഷ്യനെ മനുഷ്യാടിമത്തത്തിൽനിന്നു ദൈവത്തിന്റെ ദാസ്യത്തിലേക്കും ഐഹികസങ്കുചിതത്വങ്ങളിൽനിന്നു പാരത്രികലോകത്തിന്റെ അനന്തതകളിലേക്കും മതങ്ങളുടെ അനീതികളിൽനിന്ന് ഇസ്‌ലാമികനൈതികതയിലേക്കും നയിക്കുകയാണവർ ചെയ്തത്. അറബുസമൂഹത്തെ അഭിസംബോധന ചെയ്തു കൊണ്ട് അവരുടെ സൃഷ്ടിപരവും വിപ്ലവകരവുമായ നേട്ടങ്ങൾ പ്രശംസിക്കവെ, അവർക്ക് ഔന്നത്യം പ്രദാനം ചെയ്ത സന്ദേശമേതെന്ന് ഇഖ്ബാൽ വിവരിക്കുന്നതു കാണുക:

നിരക്ഷരനാം ഒരു പ്രവാചകന്റെ ശ്വാസത്തിൻ സ്പർശത്താൽ,
അറേബിയൻ മണൽപരപ്പിൽ വിടർന്നു തൂലീപുകൾ.
സ്വന്തം മടിത്തട്ടിലവിടുന്നു വളർത്തീ സ്വാതന്ത്ര്യം,
പ്രവാചകന്റെ 'ഇന്നലെ'യിൽ നിന്നല്ലോ രാഷ്ട്രങ്ങളുടെ'ഇന്ന്'.
മനുഷ്യന്റെ മൺകൂടിലവിടുന്നു വച്ചു ഹൃദയം,
അവിടുന്നു നീക്കീ അവന്റെ മുഖാവരണം.
പൗരാണികതയുടെ ദൈവങ്ങളെ തകർത്തു,
ഉണങ്ങിയ ചില്ലകൾ പൂത്തു തളിർത്തു.

www.abulhasanalinadwi.org

ബദ്ർ, ഹുനൈൻ രണാങ്കണങ്ങളിലെ അഗ്നി,
ഹൈദറും സിദ്ദീഖും ഫാറൂഖും ഹുസൈനും.
യുദ്ധത്തിൻ തിരക്കിലും ബാങ്കിൻെറ ഗാംഭീര്യം,
യുദ്ധക്കളത്തിലും *അസ്സാഹാത്തിൻ* പാരായണം.
അയ്യൂബിയുടെ പടവാൾ, ബായസീദിൻെറ കടാക്ഷം,
ഇരു ലോകനിധികളുടെ താക്കോൽ.
ഒരേ ചഷകത്തിൽ ഹൃദയ, മസ്തിഷ്കങ്ങളുടെ ലഹരി,
'നൂമീധ്യാന'ത്തിൻെറയും 'റാസീമനന'ത്തിൻെറയും സംലയനം;
വിദ്യ, ജ്ഞാനം, മതം, നിയമം, ഭരണം, രാഷ്ട്രീയം,
നെഞ്ചകത്തിലെ ഹൃദയമോ അസ്വസ്ഥം.
അൽഹംറയും താജും വിശ്വസൗന്ദര്യത്തിൻ വികാരം,
മാലാഖമാർ പോലും അർപ്പിക്കുന്നു ആദരം;
ഇതെല്ലാം ആ കാലങ്ങളിൽ നിന്നൊരു നിമിഷം മാത്രം,
ആ പ്രകാശധോരണിയിലെ ഒരു കിരണം മാത്രം.
ആ ബാഹ്യകം ഈ ഹൃദയാവർജകമാം ദൃശ്യം,
ആന്തരികമോ ആത്മജ്ഞാനികൾക്കുപോലും അജ്ഞാതം.
സ്തുതി! വിശുദ്ധ പ്രവാചകന് അസംഖ്യം സ്തുതി !
വിശ്വാസത്തിനാൽ മണ്ണിനെ മണിമുത്താക്കിയില്ലയോ അവിടുന്ന് !

ലോകചരിത്രത്തിൽ വൻസാമ്രാജ്യങ്ങൾ പടുത്തുയർത്തുകയും പിന്തള്ളപ്പെട്ടവരെ മഹത്വത്തിലേക്കു നയിക്കുകയും ചെയ്തവരെല്ലാം പൗരുഷവും കരുത്തുമുള്ളവരാണ്. ബലിഷ്ഠകായൻമാരായ അവർ പരുക്കൻജീവിതമായിരുന്നു നയിച്ചത്. ആർഭാടമോ സുഖലോലുപതയോ അവരെ പിടികൂടിയിരുന്നില്ല. അതുകൊണ്ടു തന്നെ പ്രതികൂലമായ സാഹചര്യങ്ങളെ നേരിട്ടുകൊണ്ടു നൂറ്റാണ്ടുകളോളം നിലനിന്ന ഭരണകൂടങ്ങൾ കെട്ടിപ്പടുക്കാൻ അവർക്കു സാധിച്ചു. പക്ഷേ, സമ്പത്തിൻെറ വരവും അനാരോഗ്യകരമായ സാഹചര്യങ്ങളും നാണമില്ലാത്ത സ്തുതിപാഠകരും സ്വാർഥമതികളായ വിദൂഷകൻമാരും അവരുടെ പിന്നാലെ വന്നവരെ ക്രമേണ ദുഷിപ്പിക്കാൻ തുടങ്ങി. തദ്ഫലമായി അവർ ആലസ്യത്തിലും ആഡംബരത്തിലും മുഴുകി. സമരമൈതാനിയിൽ മഹത്വം നേടുന്നതിനു പകരം അവർ ജീവിതത്തിൻെറ സുഖം തേടിപ്പോയി. തങ്ങളുടെ ഭൂപ്രദേശങ്ങൾ പ്രതിരോധിക്കാനോ പുതിയ അധിനിവേശങ്ങൾ നടത്താനോ അവർക്കു സാധിച്ചില്ല. പുതിയ ഇനം ആഹാരങ്ങളും വസ്ത്രങ്ങളും കണ്ടുപിടിച്ചു മേനി നടിക്കാനും പൊങ്ങച്ചം കാണിച്ചു മൃദുലവികാരങ്ങളെ കയറൂരി വിടാനുമായിരുന്നു അവർക്കു താൽപര്യം. ഈ രംഗത്തവർ വല്ലാതെ അതിരു കടക്കുകയും ചെയ്തു. മദ്യവും സ്ത്രീയും ആട്ടവും പാട്ടുമായി അവർ കാലം കഴിച്ചു. സുഖലോലുപതയുടെ അട

www.abulhasanalinadwi.org

യാളങ്ങളിലായിരുന്നു അവർ പരസ്പരം മത്സരിച്ചത്. ചരിത്രത്തിലങ്ങോളം കാണാൻ കഴിയുന്ന ഈ പ്രതിഭാസത്തിന് അപവാദങ്ങൾ കണ്ടെത്തുക പ്രയാസകരമാണ്. പ്രകൃതിയുടെ നിയമമാണിത്. അധികാരത്തിൻെറ ആധിക്യവും സമ്പത്തിൻെറ സമൃദ്ധിയും സൃഷ്ടിക്കുന്ന ഫലങ്ങൾ മനുഷ്യനെ തരംതാഴ്ത്തുന്നു. വിശുദ്ധ ഖുർആൻ അതിൻെറ അദ്ഭുതസിദ്ധിയിലൂടെ അതിമനോഹരമാം വിധം ഈ സത്യം പ്രഖ്യാപിക്കുകയുണ്ടായി: "ഒരിക്കലുമല്ല. തീർച്ചയായും മനുഷ്യൻ ധിക്കാരം പ്രവർത്തിക്കുന്നു. താൻ സ്വയം പര്യാപ്തനാണെന്ന് അവൻ വിചാരിക്കുന്നു". (വിശുദ്ധ ഖുർആൻ, xcvi:6-7).

ഏതു സമൂഹത്തിൻെറയും ഭരണകൂടത്തിൻെറയും ഉയർച്ചയുടെയും തകർച്ചയുടെയും കഥയും വൻകിടസാമ്രാജ്യങ്ങളുടെ സ്ഥാപകരുടെയും പിൻഗാമികളുടെയും ജീവിതരീതിയിലും ധാർമികമാനദണ്ഡങ്ങളിലും ദൃശ്യമാകുന്ന വൈരുധ്യവും ഈ സാമാന്യതത്വത്തെ ബലപ്പെടുത്തുന്നതാണ്. ലോകത്തു നൻമയുടെ മൂല്യങ്ങൾ സ്ഥാപിക്കാൻ വേണ്ടി നിയുക്തരായവരുടെ സമുദായത്തിൽ നിന്നു രണ്ടു ഉദാഹരണങ്ങൾ ഉദ്ധരിക്കാം. ദാരിദ്ര്യം അഭിമാനമായി കരുതിയ അവരുടെ പ്രവാചക(സ)നാണു കഠിനമായ വിശപ്പിൽ വയറ്റത്തു കല്ലു വച്ചു കെട്ടുകയുണ്ടായത്. ആത്മപരിശോധനയും മനുഷ്യസേവയുമായിരുന്നു അവരുടെ സുപ്രധാന തത്വങ്ങൾക്ക് ആധാരം. പേർഷ്യൻ, റോമൻ, ഈജിപ്ഷ്യൻ, ഗ്രീക്കു സാമ്രാജ്യങ്ങളുടെയും സംസ്കാരങ്ങളുടെയും ചരിത്രത്തിൽ നിന്നു നൂറുക്കണക്കിന് ഉദാഹരണങ്ങൾ എടുത്തുദ്ധരിക്കാൻ സാധിക്കും.

അറേബിയൻ ഉപദ്വീപിൽ ഇസ്ലാമിൻെറ സന്ദേശം പ്രചരിപ്പിക്കുകയും ദൈവികഭരണം സ്ഥാപിതമാവുകയും ചെയ്തപ്പോൾ അവിടത്തെ മനുഷ്യരിൽ ഉണ്ടായിത്തീർന്ന മാറ്റം ഏവർക്കും അറിവുള്ളതാണ്. അവർ ശക്തരും ബലിഷ്ഠരുമായിത്തീർന്നു. പരിവ്രാജകൻെറയും പടയാളിയുടെയും ത്യാഗവും സമരവും അവരുടെ ജീവിതത്തിൽ നിഴലിച്ചു കണ്ടു. ശാരീരികമായ സുഖാസ്വാദനങ്ങളിൽ നിന്ന് അവർ ബഹുദൂരം അകലെയായിരുന്നു. സർവവും അധീനപ്പെടുത്താനുള്ള ഇസ്ലാമിൻെറ ശക്തിവിശേഷവും അക്കാലത്തു ലോകത്തു മറ്റാർക്കുമില്ലാത്ത സദ്ഗുണങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് അവർ മഹത്തായ രാഷ്ട്രങ്ങൾ പണിതു. അതിലൊന്ന് അബ്ബാസിയ ഭരണകൂടത്തിൻെറതായിരുന്നു. ഖിലാഫത്തിൻെറ പേരിൽ അഞ്ഞൂറു കൊല്ലക്കാലം ബഗ്ദാദ് തലസ്ഥാനമാക്കിക്കൊണ്ട് അക്കാലത്തെ ലോകത്തിൻെറ പകുതി വരുന്ന പ്രദേശങ്ങളിൽ അതിൻെറ ആധിപത്യം നിലനിന്നു. ഹാറൂനും, മഅ്മൂനും വരെയുള്ള അതിൻെറ സ്ഥാപകരും ആദ്യകാല ഭരണകർത്താക്കളും അവരുടെ രാജകീയപ്രൗഢി വിളിച്ചോതുന്ന പ്രസിദ്ധമായ കഥക

www.abulhasanalinadwi.org

ളോടു കൂടിത്തന്നെ കർക്കശരായ കർമധീരൻമാരും സമരസജ്ജരായ പടയാളികളുമായിരുന്നു. പക്ഷേ, മെല്ലെ മെല്ലെ ഈ ഭരണകൂടത്തെയും സുഖലോലുപതയുടെ രോഗം ബാധിച്ചു തുടങ്ങി. അതിൻെറ ഭരണാധികാരികൾ ഇസ്‌ലാമിക ഖിലാഫത്തിനോടുള്ള ബന്ധത്തിൻെറ അടയാളങ്ങൾ വഹിച്ചുകൊണ്ടു തന്നെ ആർഭാടത്തിൻെറ അന്വേഷകരായി. ദൈവനിന്ദയിലും ഭോഗാസക്തിയിലും ഊന്നിയ ഉയർന്ന ജീവിതം ബഗ്ദാദിനെ കീഴടക്കി. ജനം അശ്രദ്ധയിലും ആത്മവിസ്മൃതിയിലും ആണ്ടുപോയി. പണ്ഡിതൻമാരും ബുദ്ധിജീവികളും വരെ രോഗബാധയിൽ നിന്നു വിമുക്തരായില്ല. ജീവിതത്തിൻെറ ഇമ്പം നുകരാനുള്ള കമ്പം ബഗ്ദാദിൽ നിന്നു ക്രമേണ മറ്റു നഗരങ്ങളിലേക്കും വ്യാപിച്ചു. ദേഹപൂജയുടെ അന്ധമായ മഹത്വവൽക്കരണം കാലത്തിൻെറ നിയമമായി. അതിരു കടന്ന ഈ അധഃപതനമാണു താർത്താരികളുടെ ആക്രമണത്തിൻെറ രൂപത്തിൽ അവസാനത്തെ അബ്ബാസിയാ ഭരണാധികാരി മുസ്ത അ്സിം ബില്ലാഹിൻെറ ഭരണകാലത്തു വിജ്ഞാനത്തിൻെറയും സംസ്കാരത്തിൻെറയും ചേതോഹരമായ ആ കളിത്തൊട്ടിലിനെ കൊടുംഭീകരമായ ഒരു അറവുശാലയാക്കിത്തീർത്തത്.[10]

പ്രസിദ്ധ ചരിത്രകാരനായ മുഫ്തി ഖുത്ബുദ്ദീൻ നെഹ്‌ർവാലി, മുസ്തഅ്സിമിൻെറ കാലത്തെ ബഗ്ദാദിലെ ജീവിതത്തെ ഇപ്രകാരം വിവരിക്കുന്നു: "ആർഭാടനിർഭരമായ ബഗ്ദാദിൻെറ ഊഷ്മളവും മൃദുലവുമായ ശാദ്വലങ്ങളിൽ ആനന്ദത്തിൻെറ ഓടക്കുഴൽ വായിക്കുന്നവർ; ആരാമങ്ങളിലും അരുവികളിലും അലയുന്നവർ; സദാ സ്നേഹിതരുടെയും കൂട്ടുകാരുടെയും സാമീപ്യസമ്പർക്കങ്ങൾ ആസ്വദിക്കുന്നവർ. അവരുടെ തീൻമേശയിലോ വിവിധങ്ങളായ പഴങ്ങളും പാനീയങ്ങളും. സമരവും പ്രഹരവുമായി അവർക്കെന്തു ബന്ധം? അവരുടെ വായും അണ്ണാക്കും ഒരിക്കലും യുദ്ധത്തിൻെറ കയ്പ് അനുഭവിച്ചിട്ടില്ല."[11]

അടുത്ത ഉദാഹരണം സഹീറുദ്ദീൻ ബാബർ ചക്രവർത്തി (1482-1530) സ്ഥാപിച്ച ഇന്ത്യയിലെ മുഗൾ ഭരണത്തിൻെറതാണ്. ആത്മാർഥമായ പശ്ചാത്താപം, കുറ്റകൃത്യങ്ങളിൽ നിന്ന് അകന്നുള്ള ജീവിതം, ധൈര്യം, പൗരുഷം, ലക്ഷ്യത്തെക്കുറിച്ചുള്ള ദൃഢനിശ്ചയം എന്നിവയായിരുന്നു അതിൻെറ അടിസ്ഥാനങ്ങൾ. റാണാ സംഗയുടെ ഒരു ലക്ഷം പട്ടാളക്കാരെ നേരിടാൻ തൻെറ കൂടെ ഇരുപതിനായിരം പടയാളികൾ മാത്രമെ ഉള്ളുവെന്നു മനസ്സിലാക്കിയ ബാബർ വിജയത്തിലെത്താൻ നൂതനമായ ഒരു വഴി കണ്ടെത്തി. അബുൽ ഖാസിം ഫിരിശ്ത: എഴുതുന്നു: "അല്പമൊരു ചിന്തയ്ക്കും സന്ദേഹ

10. ഗ്രന്ഥകാരൻെറ *താരീഖെ ദഅ്‌വത് ഒ അസീമത്* വാള്യം. 1, പേജ്. 393-404.

11. *അൽ അഅ്‌ലാം ബി അഅ്‌ലാം ബൈത്തില്ലാഹിൽ ഹറാം*, പേജ്. 180.

www.abulhasanalinadwi.org

ത്തിനും ശേഷം സ്വർഗം വാസസ്ഥാനമായ ഒരാൾ ചോദിച്ചു: "എന്റെ ഈ ഭീരുത്വത്തെക്കുറിച്ചു ലോകത്തിലെ മുസ്ലിം ഭരണാധികാരികൾ എന്തു വിചാരിക്കും? എന്റെ ജീവൻ രക്ഷിക്കാൻ വിശാലമായ ഒരു രാജ്യം ഞാൻ ഉപേക്ഷിച്ചുവെന്ന് അവരൊക്കെ കരുതുമെന്ന് ഉറപ്പാണ്. രക്തസാക്ഷ്യത്തിന്റെ സൗഭാഗ്യം മുന്നിൽ കണ്ടുകൊണ്ടു ഹൃദയവും ആത്മാവും കൈയിലേന്തി യുദ്ധക്കളത്തിൽ ഇറങ്ങുന്നതാണ് എനിക്കു നല്ലതെന്നു ഞാൻ വിശ്വസിക്കുന്നു".

"അവിടെ കൂടിയിരുന്ന ജനങ്ങൾ ചക്രവർത്തിയുടെ പ്രസംഗം ശ്രവിച്ചു സദസ്സിന്റെ മുക്കുമൂലകളിൽ നിന്ന് ഏകസ്വരത്തിൽ ജിഹാദ്‌വിളി മുഴക്കി. അദ്ദേഹത്തിന്റെ വാക്കുകൾ എല്ലാവരിലും അതിശക്തമായ സ്വാധീനം സൃഷ്ടിച്ചു. ശിരസ്സു കുനിച്ചു കൊണ്ടവർ പറഞ്ഞു: "രക്തസാക്ഷ്യത്തെക്കാൾ പ്രിയതരമായ ഒരു സൗഭാഗ്യവുമില്ല. കൊല്ലുമ്പോൾ ഗാസി(വീരപുരുഷൻ)യും കൊല്ലപ്പെടുമ്പോൾ ശഹീദും (രക്തസാക്ഷി). ഇതാണു മുസ്ലിമിന്റെ തത്വം. യുദ്ധക്കളത്തിൽ നിന്നു പിൻവാങ്ങുന്നതിനെക്കുറിച്ചു ചിന്തിക്കുക പോലുമില്ലെന്നു ശരീഅത്തിന്റെ പേരിൽ ഞങ്ങൾ സത്യം ചെയ്യുന്നു." സ്ഥലത്തുണ്ടായിരുന്ന പ്രഭുക്കൾ പ്രതിജ്ഞ ശക്തിപൂർവം ആവർത്തിച്ചു. മദ്യവും ചഷകധാരിണിയുമില്ലാത്ത ദിനരാത്രങ്ങൾ ചെലവഴിക്കാത്ത ചക്രവർത്തി സന്ദർഭത്തിന്റെ ആവശ്യത്തോടു പ്രതികരിച്ച് അതിൽ നിന്നെല്ലാം വിടവാങ്ങി. ഇസ്ലാമിലെ നിഷിദ്ധകാര്യങ്ങളിൽ നിന്നു മാത്രമല്ല, മക്റൂഹ് (നിഷിദ്ധമല്ലെങ്കിലും ഉപേക്ഷിക്കൽ അഭിലഷണീയം) ആയ സംഗതികളിൽ നിന്നുപോലും അകന്നുനിൽക്കാനും അദ്ദേഹം തീരുമാനിച്ചു. എത്രത്തോളമെന്നാൽ താടി വടിക്കുന്ന സമ്പ്രദായം പോലും അദ്ദേഹം ഉപേക്ഷിച്ചു."[12]

ഇത്ര വലിയ ധീരതയുടെയും ദൃഢനിശ്ചയത്തിന്റെയും ജീവത്യാഗത്തിന്റെയും ദൈവത്തോടുള്ള കരാറിന്റെയും അടിസ്ഥാനത്തിൽ സ്ഥാപിതമായതും ഹുമയൂൺ, അക്ബർ, ഔറംഗസേബ് എന്നിവരെപ്പോലുള്ള ബലിഷ്ഠമായ വ്യക്തിത്വങ്ങളാൽ ശക്തി പ്രാപിച്ചതുമായ ഒരു സാമ്രാജ്യം എങ്ങനെ അധഃപതനത്തിലും പിന്നീടു തകർച്ചയിലുമെത്തി എന്നറിയാൻ മുഹമ്മദ് ശാ (1719-1748)യെപ്പോലുള്ള പിൻഗാമികളുടെ ജീവിതകഥ വായിച്ചു നോക്കിയാൽ മതി. 'റംഗീലെ'(സുഖിയൻ) എന്ന പേരിൽ അദ്ദേഹം ഇന്നും ജനങ്ങൾക്കിടയിൽ പ്രസിദ്ധനാണ്. അദ്ദേഹത്തിന്റെ ജീവിതത്തെയും കൊട്ടാരത്തെയും ഒരു ചരിത്രകാരൻ ചിത്രീകരിക്കുന്നു: "(നാദിർശായുടെ ആക്രമണകാലം) സുഖഭോഗങ്ങളുടെ ഉത്സവകാലമായിരുന്നു. സിംഹാസനാരൂഢനാ

12. *താരിഖെ ഫിരിശ്ത* ഉർദുവിവർത്തനം, ഹൈദരാബാദ്, 1926, പേജ്. 219.

www.abulhasanalinadwi.org

യ അദ്ദേഹത്തിനു ദേഹസുഖവുമായിട്ടല്ലാതെ മറ്റൊന്നുമായും ഒരു ബന്ധവുമുണ്ടായിരുന്നില്ല. കൈയിലെപ്പോഴും ചഷകം; കക്ഷത്തോ മദിരാക്ഷി. നാദിർശായുടെ കത്തിനു മറുപടി അയക്കാൻ ആർക്കുണ്ടു ബുദ്ധി? അല്ലെങ്കിലും അഫ്ഗാനികളെ തടയാനും തുരത്താനുമുണ്ടോ ഹിന്ദുസ്താൻെറ പട്ടാളത്തിനു ശക്തി?"[13]

"(മുഹമ്മദ് ശാഹ്) മുപ്പതു കൊല്ലക്കാലം ഭരിച്ചപ്പോഴേക്കു തിമൂറിയൻ രാജവംശം തകർച്ചയുടെ വക്കത്തെത്തിയിരുന്നു. ഇന്നോളം ധനാഢ്യൻമാരെ നാശത്തിലേക്കു നയിച്ച ആർഭാടജീവിതത്തിൻെറ അടയാളമെല്ലാം അവതരിപ്പിക്കപ്പെട്ടതും അക്കാലത്തായിരുന്നു".[14]

മുൻചൊന്ന രണ്ടു മാതൃകകളുടെ അടിസ്ഥാനത്തിൽ രാഷ്ട്രങ്ങളുടെ ഉദായസ്തമയങ്ങളെയും സമൂഹങ്ങളുടെ ഉത്ഥാനപതനങ്ങളെയും സംബന്ധിച്ചു നടത്തപ്പെടുന്ന വിശകലനം സഹസ്രാബ്ദങ്ങളുടെ ചരിത്രത്തിൻെറ സംഗ്രഹമെന്നു പറയാവുന്ന ഇഖ്ബാലിൻെറ ഈ വരികളെ അന്വർഥമാക്കുന്നുണ്ട്:

ഞാൻ നിന്നെ അറിയിക്കെട്ടയോ സമൂഹങ്ങളുടെ ഭാഗധേയമെന്തെന്ന്:
ഖഡ്ഗവും കുന്തവും തുടക്കം, മയിലും വീണയും ഒടുക്കം !

മയിലാട്ടം പൊടി പൊടിക്കുകയും വീണാനാദം മുറുകുയും ചെയ്യുമ്പോൾ മനുഷ്യൻ ആത്മവിസ്മൃതനായി ആനന്ദമാരിയിൽ ആറാടുന്നു. ആ ലഹരിയിൽ അവൻ ധാർമികമൂല്യങ്ങളെ ചവിട്ടിത്തേക്കുന്നു. അപ്പോഴാണു ദൈവികമായ ഒരു ശസ്ത്രക്രിയയ്ക്കു സമയമാവുന്നത്. അതു നിർവഹിക്കാനായി വല്ല ചെങ്കിസ്ഖാനോ തിമൂറോ നാദിർശായോ നിയമിക്കപ്പെടുന്നു. അവരീ കുഴപ്പം പിടിച്ച കുരു പൊട്ടിച്ചു കീറി മുറിക്കുന്നു. ഇഖ്ബാലിൻെറ വാക്കുകളിൽ:

രാജകീയത സൃഷ്ടിക്കുന്നു ഭ്രാന്തിൻെറ ലക്ഷണങ്ങൾ,
അല്ലാഹുവിൻ ശസ്ത്രക്രിയോപകരണം തിമൂറും ചെങ്കീസും !

പൗരാണിക രാജവംശങ്ങളുടെ കാലം പോയി. ഇതു ജനാധിപത്യയുഗമാണ്. ലോകത്തിൻെറ സമ്പത്തും നേതൃത്വവും യൂറോപ്പും അമേരിക്കയുമടങ്ങിയ പടിഞ്ഞാറൻ മേഖലയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ആരോഹണത്തിൻെറ ഉച്ചിയിലെത്തി തങ്ങളുടെ മുഴുവൻ വിഭവങ്ങളും പ്രദർശിപ്പിക്കാനുള്ള തിടുക്കത്തിൽ പാശ്ചാത്യർ പൗരാണികകാലത്തെ രാജാക്കൻമാരെപ്പോലെ ബുദ്ധിഭ്രമത്തിൻെറ മണ്ഡലത്തിലേക്കു നീങ്ങികൊണ്ടിരിക്കുകയാണ്.

13. സകാഉല്ലാഹ്, *താരീഖെ ഹിന്ദുസ്താൻ*, പേജ്. 252.

14. അതെ പുസ്തകം, പേജ്. 284.

www.abulhasanalinadwi.org

യാഥാർഥ്യങ്ങളുടെ നേരെയുള്ള അന്ധത, പീഡിതരുടെ അവകാശങ്ങളോടുള്ള അവഗണന, സുഖഭോഗങ്ങളുടെ വർധന, യഥാർഥജീവിതത്തെക്കുറിച്ചുള്ള അശ്രദ്ധ, ധാർമികമായ തകർച്ച, അമിതമായ ലൈംഗികത എന്നിവയാണ് അവരുടെ സംസ്കാരത്തിന്റെ മുഖമുദ്രകൾ. സാമൂഹികതയ്ക്കു മീതെ വ്യക്തിപരതയെ പ്രതിഷ്ഠിച്ചും അന്തിമഫലങ്ങളെക്കുറിച്ച് ആലോചിക്കാതെ പ്രയോജനാത്മകതയ്ക്കു മാത്രം പ്രധാന്യം നൽകിയും സകല നൻമകളെയും നഷ്ടപ്പെടുത്തിയ അവരുടെ നേതൃത്വം ഇന്നു മരണവെപ്രാളത്തിലാണ്.

ലോകത്തിനു പുതിയൊരു നേതൃത്വവും പുതിയൊരു ശക്തിയും ലഭിക്കേണ്ട അവസരമാണിത്. മാനവരയുടെ ജഡത്തെ മരണവക്ത്രത്തിൽ നിന്നു രക്ഷിച്ച്, അതിന്റെ സിരകളിൽ ജീവരക്തം പ്രവഹിപ്പിക്കേണ്ട സന്ദർഭം. പക്ഷേ, രണ്ടാമതൊരു നേതൃത്വം ലോകത്ത് ഉയർന്നുവരാൻ പടിഞ്ഞാറുകാർ അനുവദിക്കുന്നില്ല. അതുകൊണ്ടു പുതിയൊരു നേതൃത്വത്തിന്റെ ഉദയത്തെക്കുറിച്ചു പ്രതീക്ഷിക്കാൻ നിർവാഹമില്ല. സകല രാഷ്ട്രങ്ങളുടെയും നായകൻമാർ പാശ്ചാത്യരുടെ ദാസൻമാരായിക്കഴിഞ്ഞു. ശസ്ത്രക്രിയ നിർവഹിക്കാൻ ഒരു ബാഹ്യശക്തിയും കടന്നുവരാനില്ല. അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നുമില്ല. കാരണം, ഇഖ്ബാലിന്റെ വാക്കുകളിൽ സ്വയം സൃഷ്ടിച്ച മുറിവുകൾ മരണത്തിലേക്കു നയിക്കുന്നതാണ്:

ഒളിഞ്ഞിരിക്കും മുറിവുകളാൽ,
ആപത്തിനിരയായീ യൂറോപ്പ്.

ഏറെക്കാലമായി ഈ അപകടകരമായ വഴിയിലൂടെയാണു പടിഞ്ഞാറിന്റെ സഞ്ചാരം. ഈ സഞ്ചാരമാകട്ടെ, അവസാനത്തിലേക്കുള്ളതാണ്:

പ്രകൃതിശക്തികളെ വസ്ത്രവിഹീനമാക്കിക്കളഞ്ഞു ആ ദുഷ്ടചിന്ത;
അതിൻ അസ്വസ്ഥമാം ഇടിമിന്നലിൻ അപകടത്തിലാണതിൻ
വാസസ്ഥാനം.

www.abulhasanalinadwi.org

15

കലാസാഹിത്യങ്ങൾക്കു പുതിയ മുഖം

(1985 ജനുവരി 16നു ചെയ്ത മദീനാപ്രഭാഷണം)

ബഹുമാന്യരേ,

വിശുദ്ധറസൂലി(സ)ന്റെ അയൽപക്കത്ത്, തിരുമേനി(സ)യുടെ ദീപ്തവും പുണ്യപൂരിതവുമായ മസ്ജിദിന്റെ തണലിൽ അവിടുന്നല്ലാത്ത മറ്റൊരു വ്യക്തിയെ പ്രശംസിച്ചു സംസാരിക്കുന്നതിൽ ഞാൻ ലജ്ജിക്കുന്നു. ഒരു അറബിക്കവിയുടെ ഈ വരികൾ ഈ സന്ദർഭത്തിന് ഏററവും അനുയോജ്യമാണെന്നു തോന്നുന്നു:

തുഷാരബിന്ദുക്കൾ ഹരിതാഭമാക്കിയ സ്ഥലത്തു ഞങ്ങളെത്തവെ,
ഉദ്യാനത്തെ അലങ്കരിച്ച പൂമൊട്ടുകൾ കണ്ടു;
പ്രകൃതിയുടെ സൗന്ദര്യവും വശ്യതയും ഹൃദയാഭിലാഷങ്ങളെ ഉണർത്തി,
ഞങ്ങളേറെ ആഗ്രഹിച്ചു, പക്ഷേ ആഗ്രഹങ്ങളുടെ ലക്ഷ്യം നീയായിരുന്നു.

ആകാശസന്ദേശം സൗന്ദര്യവും പ്രവാചകസാമീപ്യം സൗരഭ്യവും പ്രദാനം ചെയ്ത ഹൃദയത്തിന്റെയും നയനത്തിന്റെയും സ്വർഗഭൂമിയാണിത്. അതുകൊണ്ടു തന്നെ ഈ നഗരത്തിനു മഹത്വവും ഔന്നത്യവും മാനവസ

www.abulhasanalinadwi.org

മുദായത്തിനു നവജീവിതവും യഥാർഥമായ മൂല്യവും എന്നെന്നേക്കുമായി നേടിക്കൊടുത്ത അനുഗ്രഹങ്ങളുടെ വിളനിലമായ ആ വിശുദ്ധവ്യക്തിത്വമാണ് ഇവിടെ ഓർമിക്കപ്പെടേണ്ടത്. എന്നാൽ, പുണ്യപ്രവാചക(സ)നുമായി സുദൃഢവും അഗാധവുമായ ബന്ധം പുലർത്തിയ ഒരു വ്യക്തിയെയാണ് ഇപ്പോൾ ഞാൻ ഇവിടെ സ്മരിക്കുന്നത്. ആ ബന്ധം തന്നെയാണു വിശുദ്ധന ബി(സ)യുടെ മസ്ജിദിൽ നിന്ന് ഒരു വിളിപ്പാടകലെ മാത്രം സ്ഥിതിചെയ്യുന്ന ഈ സ്ഥലത്തുവച്ചു നടത്തപ്പെടുന്ന ഈ അനുസ്മരണത്തെ അനുവദനീയമാക്കുന്നതും.

നമ്മുടെ മഹാനായ കവി മുഹമ്മദ് ഇഖ്ബാലിൻെറ സ്ഥിതി അദ്ഭുതകരമായിരുന്നു. പ്രവാചകതിരുമേനിയുടെ വിശുദ്ധവ്യക്തിത്വം (അതിനായി എൻെറ ആത്മാവു ദണ്ഡം ചെയ്യട്ടെ!) അദ്ദേഹത്തിനു വലിയൊരു വിഷയമായിരുന്നുവെന്നും മദീനാനഗരിയുടെ പേരു കേൾക്കുന്ന മാത്രയിൽ അദ്ദേഹത്തിൻെറ കണ്ണുകൾ നിറയുകയും ഹൃദയം അസ്വസ്ഥമാവുകയും ചെയ്യുമായിരുന്നുവെന്നും സ്വന്തം അനുഭവത്തിൽനിന്ന് എനിക്കു മനസ്സിലായിട്ടുണ്ട്. മസ്ജിദുന്നബവിയുടെ ഈ പരിസരത്തുവച്ച് അതു സാക്ഷ്യപ്പെടുത്താനും ഞാൻ സന്നദ്ധനാണ്.

ഇവിടെ പേർഷ്യൻഭാഷയറിയുന്നവർ കൂടി സന്നിഹിതരാകയാൽ ഇഖ്ബാലിൻെറ ഈ പേർഷ്യൻഈരടികൾ ചൊല്ലാൻ എന്നെ അനുവദിച്ചാലും!

പ്രേമത്തിൻ നിർവൃതിയാൽ പാട്ടുപാടി,
ഈ വാർധക്യത്തിലും എത്തി ഞാൻ യഥ്രിബിൽ;
സന്ധ്യാവേളയിൽ കൂടണയും പക്ഷി,
ഔത്സുക്യത്താൽ ചിറകു വീശും പോൽ.

പ്രായാധിക്യത്തിൽ താൻ നടത്തുന്ന മദീനായാത്ര തൻെറ സ്നേഹിതരെ അദ്ഭുതപ്പെടുത്തിയതായി മഹാകവി പറയുന്നു. ഞാനവരോട് പറഞ്ഞു: പകൽ മുഴുവൻ വിവിധ ദേശങ്ങളിൽ പാറിപ്പറന്ന കിളി രാവിൻെറ സന്ദേശവുമായി സന്ധ്യ വന്നണയുമ്പോൾ തൻെറ കൂടിനെക്കുറിച്ച് ഓർക്കാറില്ലേ? അസ്ത്രത്തിൻെറ വേഗതയിൽ അതിലേക്കു പറന്നെത്താറില്ലേ? അപ്രകാരം മദീനാനഗരി മുസ്ലിമിൻെറ ആത്മാവാകുന്ന പക്ഷിയുടെ വാസസ്ഥാനമത്രെ. അവൻെറ വിശ്വാസത്തിൻെറയും പ്രേമത്തിൻെറയും ചുമലാണത്. ആത്മീയശാന്തിയുടെയും ആന്തരികാനന്ദത്തിൻെറയും അവസാനത്തെ ആലംബം. എൻെറ ജീവിതം സായംസന്ധ്യയോടടുത്ത ഈ സന്ദർഭത്തിൽ ഞാനെങ്ങനെ കൂടണയാതിരിക്കും?

www.abulhasanalinadwi.org

സ്നേഹിതരേ, മഹത്തുക്കളേ, സാഹിത്യത്തെ ഒരു സജീവാസ്തിത്വമായിട്ടാണു ഞാൻ പരിഗണിക്കുന്നത്. ആർദ്രമായ ഹൃദയം, വിവേകമുള്ള മനഃസാക്ഷി, ജീവനുള്ള വികാരങ്ങൾ, പക്വമായ വിശ്വാസം എന്നിവയാണ് അതിൻെറ അടിസ്ഥാനങ്ങൾ. സാഹിത്യത്തിനു സുവ്യക്തവും സുനിശ്ചിതവുമായ ഒരു ലക്ഷ്യമുണ്ട്. ജീവിതത്തിൻെറ വേദനകൾ അതിനു വിഷാദവും ജീവിതാനുഭൂതികൾ അതിന് ആഹ്ലാദവും പ്രദാനം ചെയ്യുന്നു. ഇങ്ങനെയൊന്നുമല്ലെങ്കിൽ സാഹിത്യം നിർജീവവും ജീർണവുമാണ്. ചെപ്പടിവിദ്യക്കാരൻെറ മായാജാലവും മെയ്യഭ്യാസിയുടെ കായികപ്രകടനവും മാത്രമാണത്. കേവലമായ മാനസികോല്ലാസം പ്രദാനം ചെയ്യാനോ സമയം കളയാനോ ആയിരിക്കരുത് സാഹിത്യം. മനുഷ്യനെ ഉന്നതമായ ലക്ഷ്യങ്ങളിലേക്കു നയിക്കാനും അവൻെറ പ്രകൃതത്തെ സ്വാധീനിക്കാനും സാധിക്കുന്ന ഏററവും നല്ല മാധ്യമമാണത്. ഈ മഹാനായ കവിയുടെ സാഹിത്യവീക്ഷണം പരിചയപ്പെടാൻ സഹായിക്കുന്ന ഏതാനും വരികൾ പരിശോധിക്കാം. ഹൃദയത്തിൻെറ അഗാധതകളിൽ നിന്നു ജീവനും കരുത്തും നേടാത്തതും കരൾച്ചോരയിൽ കുതിരാത്തതുമായ സാഹിത്യം സാഹിത്യമല്ലെന്ന് ഇഖ്ബാൽ വിശ്വസിച്ചു. ഇഖ്ബാലിൻെറ ചിന്താപരവും സാഹിതീയവുമായ വിദ്യാലയം ഈ വരികളുടെ അസ്ഥിവാരത്തിലാകുന്നു സ്ഥാപിതമായിട്ടുള്ളത്:

ഹൃദ്രക്തത്തിൻ പ്രവാഹമില്ലെങ്കിൽ,
രചനകളൊക്കെയും നിഷ്ഫലം;
കരൾച്ചോര തുടിച്ചില്ലെങ്കിൽ,
സംഗീതമോ വെറും ശബ്ദഘോഷം.

ഉർദുവിൽ അദ്ദേഹം രചിച്ച ഈ വരികൾ കൂടി ശ്രദ്ധിക്കുക:

കലാകാരൻമാരേ, കലാഭിരുചി അമൂല്യംതന്നെ, പക്ഷേ,
കാണുന്നില്ല യാഥാർഥ്യമെങ്കിൽ കല അർഥശൂന്യം;
അനശ്വരജീവിതത്തിൻ ജ്വാല കലയുടെ ലക്ഷ്യം,
ഈ ഒന്നുരണ്ടു നിശ്വാസങ്ങൾ തൻ തീപ്പൊരി കൊണ്ടെന്തു നേടാൻ?
കടലിൽ കോളിളക്കം സൃഷ്ടിക്കാൻ അരുവി തൻ കണത്തിനാവില്ലെങ്കിൽ,
ഈ ശംഖും മുത്തും നിഷ്ഫലം.
കവി തൻ കവനമാട്ടെ, ഗായകൻെറ രാഗമാട്ടെ,
ഉദ്യാനത്തെ ഉണക്കിക്കളയും തെന്നൽ കൊണ്ടെന്തു പ്രയോജനം?
ഒരദ്ഭുതം കൂടാതെ വികാസം കൊള്ളില്ല രാഷ്ട്രങ്ങൾ,
മൂസയുടെ പ്രഹരമേൽപിക്കാത്ത കല കലയല്ലതന്നെ!

കലാസാഹിത്യരംഗത്തെ വിപ്ളവകരമായ ഒരു വഴിത്തിരിവാകുന്നു

www.abulhasanalinadwi.org

ഈ വീക്ഷണം. അത് അവതരിപ്പിക്കാൻ അല്ലാഹു കണ്ടെത്തിയതാകട്ടെ, പൗരാണികവും ആധുനികവുമായ ദർശനങ്ങളെയും കലാസാഹിത്യങ്ങളെയും തൻെറ അഗാധമായ പഠനത്തിനു വിധേയമാക്കിയ വ്യക്തിയെയായിരുന്നു. ഇഖ്ബാൽ ദീർഘകാലം യൂറോപ്പിലെ പ്രശസ്തമായ സർവകലാശാലകളിൽ പഠനഗവേഷണങ്ങൾ നടത്തുകയുണ്ടായി. യൂറോപ്യൻ ചിന്തകരുടെയും അധ്യാപകരുടെയും വൈജ്ഞാനിക സാമീപ്യവും അദ്ദേഹം വേണ്ടുവോളം ഉപയോഗപ്പെടുത്തി. പക്ഷേ, അല്ലാഹു അദ്ദേഹത്തെ ഇസ്‌ലാമിൻെറ സാർവലൗകികമായ സന്ദേശത്തിൻെറ പ്രചാരണത്തിനായി തെരഞ്ഞെടുക്കുകയായിരുന്നു. തദാവശ്യാർഥം കവിതയും സാഹിത്യവും അദ്ദേഹം തൻെറ മാധ്യമമാക്കി. സാഹിത്യം നാവിൻെറയും ഹൃദയത്തിൻെറയും മനഃസാക്ഷിയുടെയും ഭാഷയാകുന്നു. അസ്വസ്ഥമായ അന്തഃപ്രജ്ഞയുടെ വ്യാഖ്യാനമാണത്. ഇഖ്ബാൽ അത്യന്തം മികവുററതും അതീവ മനോഹരവുമായ ശൈലിയിൽ ഇസ്‌ലാമിൻെറ സന്ദേശം പ്രചരിപ്പിച്ചു. അദ്ദേഹത്തിൻെറ ഈ പ്രവർത്തനമോ കലാസാഹിത്യരംഗങ്ങളെ അസാധാരണമാം വിധം സ്വാധീനിച്ചു. ഉർദുകവിതയുടെ ചരിത്രത്തിൽ ഒരു പുതിയ ചിന്താരീതി പ്രകടമായി. ആശയങ്ങളിലും അർഥങ്ങളിലും ഭാവനകളിലും മാത്രമല്ല, ഘടനയിലും വർണത്തിലും രാഗത്തിലും പുതുമ ദൃശ്യമായി.

ഇഖ്ബാലിൻെറ മഹത്വത്തിനു മകുടം ചാർത്തിയ ചില പ്രത്യേകതകളുണ്ട്. ആദ്യമായി, അദ്ദേഹത്തിൻെറ വിശ്വാസം തന്നെ. അദ്ദേഹം വ്യവസ്ഥാപിത പ്രമാണങ്ങളിൽ വിശ്വസിച്ചിരുന്ന മുസൽമാനായിരുന്നു. ഞാൻ ഉദ്ദേശിക്കുന്നത്, ഇസ്‌ലാം ശരിയും സത്യസന്ധവുമാണെന്നുള്ള സാധാരണ വിശ്വാസമല്ല. ഏതു മുസ്‌ലിമിൻെറയും പ്രാഥമികബാധ്യതയായ അതിൽ ഇഖ്ബാലിനായി പ്രത്യേകതയൊന്നുമില്ല. അതിനുമപ്പുറം ഇസ്‌ലാമിൻെറ നേതൃത്വസിദ്ധിയിലും മനുഷ്യർക്കായി നൽകപ്പെട്ട അതിൻെറ അന്തിമസന്ദേശത്തിലും അദ്ദേഹത്തിന് അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നുവെന്നതാണു ശ്രദ്ധേയമായ സംഗതി. ഇസ്‌ലാമിനു മാത്രമെ, ജീവിതനൗകയെ വിജയത്തിൻെറ കരയ്ക്കടുപ്പിക്കാനാവൂ എന്ന് അദ്ദേഹത്തിന് ഉത്തമബോധ്യമുണ്ടായിരുന്നു. അജ്ഞാനം, പാരതന്ത്ര്യം, മനുഷ്യാടിമത്തം, മോഹാവേശങ്ങളുടെയും ആമാശയത്തിൻെറയും ദാസ്യം, വിവിധ രൂപങ്ങളിലുള്ള വിഗ്രഹപൂജ തുടങ്ങിയവയിൽ നിന്നെല്ലാം മനുഷ്യനു മോചനം നൽകാൻ ഇസ്‌ലാമിനു മാത്രമെ സാധിക്കുകയുള്ളുവെന്ന് ഉറച്ചു വിശ്വസിച്ച ഇഖ്ബാൽ പുണ്യറസൂൽതിരുമേനി(സ)യെ 'മാർഗമറിഞ്ഞുകൊണ്ടു താൻ കടന്നുപോയ വഴിയിലെ സകലർക്കും നേതൃത്വം നൽകുകയും മൺതരികൾക്കു സീനായ് താഴ്‌വാരത്തിൻെറ തേജസ്സു നൽകുകയും ചെയ്ത അന്ത്യപ്രവാചകനായിട്ടാണു കണക്കാക്കിയത്:

www.abulhasanalinadwi.org

മാർഗമറിയുന്നോർ, സകലർക്കും യജമാനൻ, അന്ത്യ പ്രവാചകൻ,
വഴിത്താരയിലെ മണ്ഡൂളികൾക്കു നൽകീ സീനായ് താഴ്‌വാരത്തിൻ
തിളക്കം.

കലാകാരനും സാഹിത്യകാരനുമെന്ന നിലയിൽ വിശിഷ്ടമായ സേവനമാണ് ഇഖ്ബാൽ നിർവഹിച്ചത്. സമകാലികരായ ചിന്തകൻമാരിൽ ആർക്കും സാധിതപ്രായമാകാത്ത സ്വാധീനമാണ് ആധുനികവിദ്യാഭ്യാസം നേടിയ യുവതലമുറയിൽ അദ്ദേഹം ചെലുത്തിയത്. തദ്ഫലമായി ഇഖ്ബാലിനെ പിൻപററാത്ത ഒരു കവിയോ സാഹിത്യകാരനോ തൂലികാകാരനോ പിൽക്കാലത്തുണ്ടായില്ല. ഇന്ത്യയിലെയും പാക്കിസ്ഥാനിലെയും ഒട്ടു മിക്കവാറും സാഹിത്യകാരൻമാരും കവികളും, പദങ്ങളും ശൈലികളും ആശയങ്ങളും അലങ്കാരങ്ങളും ഇഖ്ബാലിൽ നിന്നു സ്വീകരിച്ചുവെന്നു സാഹിത്യചരിത്രവുമായുള്ള ബന്ധത്തിൻെറ അടിസ്ഥാനത്തിൽ എനിക്കു പറയാൻ സാധിക്കും.

ഇഖ്ബാൽ തങ്ങളെ ഒട്ടും സ്വാധീനിച്ചിട്ടില്ലെന്ന് അവകാശപ്പെടുന്നവരും അദ്ദേഹത്തിൻെറ ചിന്താരീതിയുമായി അഭിപ്രായാന്തരമുള്ളവരുമെല്ലാം അറിഞ്ഞോ അറിയാതെയോ അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നു.

ധിഷണയുടെ ലോകത്തു തൻെറ മുദ്രകൾ പതിപ്പിക്കാൻ സാധിക്കുന്നതിലാണു കലാകാരൻെറയും സാഹിത്യകാരൻെറയും ശക്തി കുടികൊള്ളുന്നത്. ആശയങ്ങളുടെ പുതിയൊരു മേഖല സൃഷ്ടിക്കാൻ അവർക്കു മാത്രമെ സാധിക്കൂ. അത്തരമൊരു വ്യക്തിത്വമായിരുന്നു മൗലാനാ ജലാലുദ്ദീൻ റൂമി(റ)യുടെത്. അന്തർജ്ഞാനപ്രവാഹമായിരുന്ന അദ്ദേഹത്തിൻെറ ഗീതകങ്ങൾ ശതകങ്ങളോളം പേർഷ്യൻ ചിന്തയിലും കലാസാഹിത്യങ്ങളിലും അനുരണനങ്ങൾ സൃഷ്ടിച്ചു. ശൈഖ് മുസ്‌ലിഹുദ്ദീൻ സഅ്ദീ ശീറാസി(റ)യെപ്പോലുള്ള വേറെയും ചിലരെ ഈ ഗണത്തിൽ പെടുത്താൻ കഴിഞ്ഞേക്കും. ഇഖ്ബാലിനെ സംബന്ധിച്ച് എഴുതപ്പെടുന്ന ഗ്രന്ഥങ്ങളുടെ എണ്ണം അനുദിനം വർധിക്കുകയാണ്. ഇംഗ്ലീഷ്, ജർമൻ, ഫ്രഞ്ച്, പേർഷ്യൻ, അറബി തുടങ്ങിയ ഭാഷകളിൽ രചന നിർവഹിച്ച ഒരു കവിയും ഇഖ്ബാലിൻെറതുപോലുള്ള സ്വീകാര്യത നേടിയിട്ടില്ലെന്നു പറയപ്പെടുന്നു. ഇംഗ്ലീഷുസാഹിത്യകാരനായ ഷേക്സ്പിയറും ഇററാലിയൻകവി ദാന്തെയും ഇന്ത്യാക്കാരനായ രവീന്ദ്രനാഥ ടാഗോറും അറബിയിലെ മാന്ത്രികസിദ്ധിയുള്ള കവി അബൂതയ്യിബ് അൽ മുതനബ്ബിയും ദാർശനികകവി അബുൽ അലാ അൽമഅർറിയുമൊക്കെ ഇക്കാര്യത്തിൽ ഇഖ്ബാലിൻെറ പിന്നിലത്രെ. ഇതിനുകാരണം ഇഖ്ബാലിൻെറ മഹത്തായ വ്യക്തിത്വമുൾക്കൊണ്ട വിശ്വാസത്തിൻെറ ശക്തിയും അന്തഃപ്രജ്ഞയുടെ അഗാധതയുമാകുന്നു. അന്തഃകരണത്തിൻെറ കരുത്തില്ലാത്ത സാഹിത്യം അനുകരണത്തിൻെറ സാഹിത്യമാണ്. സാഹിത്യത്തിന് അന

www.abulhasanalinadwi.org

ശ്വരത പ്രദാനം ചെയ്യുന്നതും മനുഷ്യന്റെ ഉൾവിളി തന്നെ. അതു ഹൃദയങ്ങളെ സ്പന്ദിപ്പിച്ചുകൊണ്ടു പൊതുവായ സ്വീകാര്യത നേടിയെടുക്കുന്നു. അല്ലാഹു ഇഖ്ബാലിനു നൽകിയ മഹത്തായ സിദ്ധിയായിരുന്നു അദ്ദേഹത്തിന്റെ അന്തഃപ്രജ്ഞ.

സമുദായത്തിന്റെയെന്ന പോലെ സാഹിത്യകാരന്റെയും മുന്നിൽ വ്യക്തമായ ലക്ഷ്യവും സമ്പൂർണമായ മാതൃകയുമുണ്ടായിരിക്കണം. അല്ലാഹുവിന്റെ സന്നിധിയിൽ സമകാലികമുസ്ലിംസമൂഹത്തിന്റെ അധോഗതിയെ സംബന്ധിച്ചു താൻ ആവലാതിപ്പെട്ടപ്പോൾ മുസ്ലിംസമുദായത്തിനു ഹൃദയമുണ്ടെങ്കിലും പ്രേമഭാജനമില്ലെന്നു മറുപടി ലഭിച്ചതായി ഇഖ്ബാൽ പറയുന്നു. സ്നേഹത്തിന്റെ വികാരമുണ്ട്. പക്ഷേ, സ്നേഹിക്കേണ്ടത് ആരെയെന്നറിയാത്ത ദുസ്ഥിതി!

ഒരു നിശയിൽ ദൈവസന്നിധിയിൽ വിലപിച്ചു ഞാൻ;
മുസ്ലിംകളെന്തു കൊണ്ടു ലോകത്തു പിന്നോക്കമായി?
വന്നു മറുപടി: അറിയില്ലേ നീ?
ഈ സമുദായത്തിനുണ്ടു ഹൃദയം, പക്ഷേ അതിനില്ല പ്രേമഭാജനം!

കലാകാരനും സാഹിത്യകാരനും സമൂഹനായകനും ദാർശനികനുമെല്ലാം ഒരു പ്രേമകേന്ദ്രത്തിന്റെ അനിവാര്യതയുണ്ട്. അതിന്റെ നേരെ തിരിഞ്ഞുകൊണ്ടു വേണം അവർക്കു സ്നേഹവികാരങ്ങൾ പ്രകടിപ്പിക്കാൻ.

അല്ലാഹു ഇഖ്ബാലിനു നൽകിയ മറ്റൊരു സവിശേഷത ഇസ്ലാമിന്റെ പേരിൽ അദ്ദേഹത്തിനുണ്ടായിരുന്ന അഭിമാനമായിരുന്നു. അദ്ദേഹത്തിനു വലിയൊരു സൗഭാഗ്യമായിരുന്നു ഈ സദ്ഗുണം. തന്റെ അഗാധവും വിശാലവുമായ ദാർശനിക ഗവേഷണങ്ങളുടെ ഫലമായി ഇഖ്ബാൽ എത്തിച്ചേർന്നത് ഇസ്ലാം മാനവതയുടെ മതവും വിശുദ്ധ റസൂൽതിരുമേനി(സ) മാനുഷ്യകുലത്തിന്റെ ഉത്തമമാതൃകയും ആണെന്ന ദൃഢമായ വിശ്വാസത്തിലായിരുന്നു. പുണ്യപ്രവാചക(സ)ന്റെ സ്മരണ മനസ്സിൽ കടന്നുവരുമ്പോഴേക്കും ഹൃദയത്തിൽ വികാരങ്ങളുടെ വേലിയേററവും കണ്ണിൽ ബാഷ്പമണികളുടെ തിളക്കവും ഇഖ്ബാലിനു പതിവായിരുന്നു.

ഇവിടെ ഇഖ്ബാലിന്റെ ജീവിതത്തിലെ ഒരു സംഭവം ഓർമ വരുന്നു. ഇംഗ്ളീഷു ഭരണകാലത്തെ ഒരു ഭൂപ്രഭു മുഗൾ ചക്രവർത്തിമാരിൽ നിന്നു തന്റെ പൂർവപിതാക്കൾക്കു ലഭിച്ച ഭൂമിയുടെ രേഖകൾ വായിക്കാനും ഇംഗ്ളീഷിലേക്കു പരിഭാഷപ്പെടുത്താനുമായി നിയമജ്ഞനും അഭിഭാഷകനുമായ ഇഖ്ബാലിനെ ക്ഷണിച്ചു: ഇഖ്ബാലിന്റെ താമസത്തിനായി അദ്ദേഹം നല്ലൊരു ബംഗ്ളാവു സജ്ജീകരിച്ചു വച്ചു. അദ്ദേഹത്തിന്റെ വിശ്രമത്തിനാ

www.abulhasanalinadwi.org

യി ഒരു മുറി പ്രത്യേകമായി ആർഭാടനിർഭരമാക്കിവച്ച് ഇഖ്ബാലിനെ അതിൽ താമസിപ്പിച്ചു. ബഹുമാന്യനായ തന്റെ അതിഥിക്കായി താൻ ഒരുക്കിയ സൗകര്യങ്ങളിൽ വല്ലതിന്റെയും കുറവുണ്ടോ എന്നന്വേഷിക്കാൻ പെട്ടെന്ന് അദ്ദേഹം മുറിയിൽ പ്രവേശിച്ചു. വിരിപ്പു നിലത്തു വിരിച്ചു കിടക്കുന്ന അതിഥിയെയാണ് അദ്ഭുതത്തോടെ അദ്ദേഹം കണ്ടത്. തനിക്കായി തയ്യാറാക്കിവച്ച പൂമെത്ത ഉപയോഗിക്കാതെ നിലത്തു കിടക്കുന്നതെന്തെന്ന് അദ്ദേഹം ഇഖ്ബാലിനോട് ചോദിച്ചു. ഇഖ്ബാൽ ഒന്നും മിണ്ടിയില്ല. പിന്നെയും പ്രേരിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "എനിക്കു ബന്ധം പ്രവാചക(സ)നോടാണ്. എനിക്ക് അഭിമാനവും ശ്രേഷ്ഠതയും നേടിത്തന്ന ആ പ്രവാചകൻ(സ) നിലത്തുവിരിച്ച സാധാരണ വിരിപ്പിലായിരുന്നു നിദ്രകൊണ്ടത്. പിന്നെ എങ്ങനെ ഞാനീ മൃദുലമനോഹരശയ്യയിൽ കിടന്നുറങ്ങും?" അത്രയും പറഞ്ഞപ്പോഴേക്കും അദ്ദേഹത്തിന്റെ കണ്ണുകൾ ചാലിട്ടൊഴുകി. അതുകണ്ട ആ ഹിന്ദു ഭൂപ്രഭു പോലും വികാരാധീനനായി. *അസ്റാറെ ഖുദി*യിൽ ഇഖ്ബാൽ പറയുന്നു:

അവിടുന്നു നിദ്രകൊണ്ടത് ഓലപ്പായയിൽ,
ആ തൃച്ചേവടികളെ ചുംബിച്ചതോ സീസറിൻ കിരീടവും;
ഹിറാഗുഹ തന്നേകാന്തതയിൽ രാപ്പാർത്തോരവർ,
സ്ഥാപിച്ചേകിയതോ രാഷ്ട്രവും ഭരണവും നിയമവും.
നിദ്രാവിഹീനനായി ഇരവുകളേറെ കഴിച്ചു നബി,
തന്റെയാൾക്കാർ സീസറിൻ സിംഹാസനത്തിൽ സുഷുപ്തി
കൊണ്ടീടുവാൻ.
യുദ്ധവേളയിൽ ആ ഖഡ്ഗത്തിൽനിന്ന് അയസ്സുരുകിയൊഴുകി,
പ്രാർഥനാവേളയിലോ ആ നയനത്തിൽ നിന്ന് അശ്രു ചാലിട്ടൊഴുകി.

കിസ്റായുടെ കിരീടം തകർത്തു തരിപ്പണമാക്കിയവരുടെ നായകൻ ഓലപ്പായയിലായിരുന്നു ഉറങ്ങാറുണ്ടായിരുന്നത്. അനുയായികൾ രാജസിംഹാസനത്തിൽ വിശ്രമിച്ചപ്പോൾ നായകൻ രാവുകളെ നിദ്രാവിഹീനമാക്കുകയായിരുന്നു. അവിടുന്നു ഹിറാഗുഹയുടെ ഏകാന്തതയിൽ ചെലവഴിച്ച നിശകൾ നവീനമായൊരു സമുദായവും സമ്പൂർണമായൊരു ഭരണഘടനയും ശക്തമായൊരു ഭരണകൂടവും പ്രദാനം ചെയ്തു.

എന്റെ സ്നേഹിതരേ, എന്നോടു ക്ഷമിക്കുക. നാം അന്തഃകരണത്തിന്റെ ശക്തി കളഞ്ഞു കുളിച്ചിരിക്കുന്നു. ചില സാഹിത്യകാരൻമാരുടെ കൃതികൾ വായിക്കുമ്പോൾ തിരശ്ശീലയ്ക്കു പിന്നിൽ നാം കാണുന്നതു സമർഥനായ അഭിനേതാവിനെയാണ്. പദഭംഗിയും ശൈലീസുഭഗതയുമെല്ലാം

1. മർഹൂം മൗലാനാ സയ്യിദ് അബുൽ അഅ്ലാ മൗദൂദിയുടെ വിവരണത്തിൽനിന്ന്.

www.abulhasanalinadwi.org

അവരുടെ രചനകളിലുണ്ടാകും. പക്ഷേ, അവരുടെ വാക്കുകൾ ഉള്ളിനെ സ്പർശിക്കുകയില്ല. നാം പെട്ടെന്ന് അവരിൽ നിന്നും മുക്തി നേടുന്നു. ഹൃദയത്തിൽ നിന്ന് ഉദ്ഭൂതമാകുന്ന രചന മാത്രമേ ഹൃദയങ്ങളെ കീഴടക്കുകയുള്ളൂ. കവിതയും ദർശനവുമെല്ലാം അന്തരാളത്തിൽ നിന്നു പിറവിയെടുക്കണം. മസ്തിഷ്കത്തിൽ നിന്നു വരുന്നതു മസ്തിഷ്കത്തെ മാത്രമെ ബാധിക്കൂ. മുസ്ലിം ലോകത്തിനു മാത്രമല്ല, മുഴുവൻ മാനുഷ്യകത്തിനും ആവശ്യമായിട്ടുള്ള സജീവസാഹിത്യത്തെ സൃഷ്ടിക്കാൻ അതിനാവില്ല.

സ്നേഹിതരേ, ഉപരിപ്ളവമായ സാഹിത്യം കൊണ്ടു നാം മടുത്തുപോയിരിക്കുന്നു. എല്ലാ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും അതു നമ്മുടെ മുമ്പിലെത്തുന്നുണ്ട്. ജീവനില്ലാത്ത ചിത്രങ്ങളും സ്ഫടികശില്പങ്ങളും ശിലാവിഗ്രഹങ്ങളുമാണു നാം അതിൽ കാണുന്നത്. നമുക്ക് ഇന്നാവശ്യം നമ്മുടെയുള്ളിൽ നവജീവൻ സൃഷ്ടിക്കാനും പുതിയൊരു ആത്മാവിനെ പ്രദാനം ചെയ്യാനും സാധിക്കുന്ന സാഹിത്യമാണ്. ഭാഷാസ്ഫുടതയുടെ മൂല്യമറിഞ്ഞ വിശുദ്ധ ഖുർആൻ അതിനെ സ്വയം വിശേഷിപ്പിച്ചിട്ടുള്ളത് 'സുവ്യക്തമായ അറബി'യിലുള്ള ഗ്രന്ഥമായിട്ടാണ്. ഖുർആനിന് ഏതെങ്കിലും ബാഹ്യവസ്തുവിൻെറയും പരിശുദ്ധനായ അല്ലാഹുവിനു മററാരുടെയും ആശ്രയം ആവശ്യമില്ല. പക്ഷേ, അവൻ ഖുർആനികഭാഷയെ 'സുവ്യക്തമായ അറബി'യെന്നു പരിചയപ്പെടുത്തുന്നു. 'സുവ്യക്തമായ അറബി ജിഹ്വയിലൂടെ' എന്നു വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നു: "നാം സന്ദേശം നൽകുന്നതിനായി ഏതു ദൂതനെ അയച്ചിട്ടുണ്ടെങ്കിലും അദ്ദേഹം സ്വന്തം ജനതയുടെ ഭാഷയിലാണു സന്ദേശം നൽകിയിട്ടുള്ളത്. അദ്ദേഹം അവരെ കാര്യങ്ങൾ സുവ്യക്തമായി ബോധിപ്പിക്കാൻ വേണ്ടിയാണിത്." (വിശുദ്ധ ഖുർആൻ: XIV:4)

ജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയുമായി പ്രവാചകൻമാരെ നിയോഗിച്ചു എന്നു മാത്രമല്ല ഇതിൻെറ താൽപര്യം. അവർക്കു വാഗ്വിലാസവും നൽകിയിരുന്നുവെന്നാണു ഖുർആൻ പറയുന്നത്. ഖുർആനിൽ 'ലിസാൻ' (ജിഹ്വ, ഭാഷ) എന്ന പദത്തിൻെറ വിവക്ഷ ഇതാണ്. കുഞ്ഞുങ്ങളോ വാചാലതയില്ലാത്ത മുതിർന്നവരോ ഉപയോഗിക്കുന്ന നാവല്ല ഉദ്ദേശ്യം. വിശുദ്ധ റസൂൽതിരുമേനി(സ) തന്നെ പറയുകയുണ്ടായി: "ഞാൻ നിങ്ങളിൽവച്ച് ഏററവും വാഗ്മിതയുള്ളവനാണ്. ഞാൻ ഖുറൈശിയാണ്. ബനീസഅ്ദ് ഇബ്നു ബകറിലാണു ഞാൻ വളർന്നത്."[2] കലാസാഹിത്യങ്ങളുടെ മൂല്യത്തെ സംബന്ധിച്ചു പുണ്യപ്രവാചകതിരുമേനി(സ) പ്രസ്താവിച്ചു: "നിശ്ചയം, ചില പ്രസംഗങ്ങൾ ആഭിചാരവും ചില കവിതകൾ തത്വജ്ഞാനവുമാകുന്നു."[3]

---

2. *സീറത് ഇബ്നു ഹിശാം*, ഒന്നാം വാള്യം, പേജ് 167.

www.abulhasanalinadwi.org

ഈ സമുദായത്തിലെ ഉത്തമരായ വ്യക്തികളൊക്കെ ഒന്നാന്തരം വാഗ്മികളായിരുന്നു. ഹ: അബൂബക്കർ സിദ്ദീഖി(റ)ന്റെ പ്രഭാഷണങ്ങൾ ഭാഷയുടെയും സാഹിത്യത്തിന്റെയും ഏററവും നല്ല മാതൃകകളായിരുന്നു. ഖിലാഫതുർറാശിദ:യിലെ ഹ: അലി(റ) അടക്കമുള്ള മററു ഖലീഫമാരും പ്രമുഖരായ മററു സഹാബികളും സാഹിത്യസമ്പുഷ്ടമായ ശൈലിയിൽ ഹൃദയാവർജകമായ പ്രസംഗങ്ങൾ നിർവഹിക്കുന്നതിൽ പ്രാഗദ്ഭ്യം തെളിയിച്ചവരായിരുന്നു. *നഹ്ജുൽ ബലാഗ:* പൂർണമായ അർഥത്തിൽ ഹ: അലി(റ)യുടെ സ്വന്തമായ പ്രസംഗങ്ങളും രചനകളുമാണെന്നു പറയാൻ ചരിത്രപരമായി സാധ്യമല്ല. എങ്കിൽപോലും ഹ:അലി(റ)യുടെതായ അതിലെ യഥാർഥഭാഗങ്ങൾ ഉത്കൃഷ്ടമായ സാഹിത്യമാകുന്നു. അപ്രകാരം തന്നെ ഇസ്‌ലാമിലെ പണ്ഡിതരും പരിഷ്കർത്താക്കളും പ്രസംഗവൈഭവം കൊണ്ട് അനുഗൃഹീതരായ പ്രബോധകരായിരുന്നു. സത്യത്തെ പ്രാപിക്കുക വഴി സ്വീകാര്യയോഗ്യരിൽ ഉൾപെട്ട സയ്യിദുനാ അബ്ദുൽ ഖാദിർ ജീലാനി(റ)യുടെ സൂക്ഷിക്കപ്പെട്ട പ്രസംഗങ്ങൾ വായിക്കുമ്പോൾ മേഘങ്ങൾ ഗർജിക്കുന്നതായും കൊള്ളിയാൻ മിന്നുന്നതായും തിരമാലകൾ ആർത്തലയ്ക്കുന്നതായും നമുക്ക് അനുഭവപ്പെടുന്നു. കലയുടെയും സാഹിത്യത്തിന്റെയും ഈ ശക്തിയാണു നമുക്കാവശ്യം.

തന്റെ നൈസർഗികമായ കവിത്വസിദ്ധി മാനവതയുടെയും ഇസ്‌ലാമിന്റെയും നൻമയ്ക്കായി വിനിയോഗിച്ചുവെന്നതാണ് ഇഖ്ബാലിന്റെ മാഹാത്മ്യം. തന്റെ പല സമകാലികരെയും പോലെ കലയുടെയും സാഹിത്യത്തിന്റെയും മണിമാളികയിൽ ഉന്നതമായ സ്ഥാനം അദ്ദേഹത്തിനും നേടാമായിരുന്നു. പക്ഷേ, അതെല്ലാം തിരസ്കരിച്ചുകൊണ്ട് അദ്ദേഹം തന്റെ രചനാവൈഭവം ഇസ്‌ലാമിനും മനുഷ്യസമുദായത്തിനും വേണ്ടി സമർപ്പിച്ചു. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെയും പേർഷ്യൻഭാഷ സംസാരിക്കുന്ന ഇറാൻ, അഫ്ഗാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലെയും ലക്ഷോപലക്ഷം യുവാക്കളിൽ അദ്ദേഹം ഇസ്‌ലാമികവിശ്വാസവും പ്രവാചകപ്രേമവും കരുപ്പിടിപ്പിച്ചു. തന്റെ സന്ദേശം ലോകമെങ്ങും പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം അറബിഭാഷയും കൂടി തന്റെ മാധ്യമമാക്കിയിരുന്നുവെങ്കിൽ എന്നാഗ്രഹിച്ചുപോകുന്നു. അറബിഭാഷ പഠിച്ച ഇഖ്ബാലിനു ലണ്ടൻ യൂണിവേഴ്സിററിയിൽ പ്രൊഫ. നിക്കൾസന്റെ പ്രതിനിധിയായി അല്പകാലം അറബി അധ്യാപകനായിരിക്കാനും അവസരം ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ ചില കവിതകളുടെ അറബിഭാഷാന്തരവും *ഹമാസ*യിലെ ചില കവിതകളും ഞാൻ കേൾപ്പിച്ചപ്പോൾ അദ്ദേഹത്തിന് അവ മനസ്സിലാവുകയും ഇഷ്ടപ്പെടുകയും

3. തിർമുദി(റ)യും അബൂദാവൂദും(റ) ഉദ്ധരിച്ച ഇബ്നു അബ്ബാസി(റ)ന്റെ വിവരണം.

www.abulhasanalinadwi.org

ചെയ്തതോർക്കുന്നു. പക്ഷേ, ഏതെങ്കിലും ഒരു ഭാഷയിലെ അഭിജ്ഞതയും അതിലെ കവിതാരചനയും തമ്മിൽ വലിയ ബന്ധമില്ല.

അല്ലാഹുവിനു സ്തുതി! അറബുലോകത്തു വലിയ പണ്ഡിതർക്കും ചിന്തകർക്കും സാഹിത്യകാരൻമാർക്കും ഗ്രന്ഥകാരൻമാർക്കും കലാശാലകൾക്കും ഗവേഷണസ്ഥാപനങ്ങൾക്കും ഗ്രന്ഥാലയങ്ങൾക്കും ഒരു കുറവുമില്ല. പക്ഷേ, നിർഭാഗ്യകരമെന്നു പറയട്ടെ, ഇഖ്ബാലിനെപ്പോലെ അനന്യസാധാരണത്വമുള്ള ഒരു കവിയെ അവിടെയെങ്ങും കാണാനില്ല. അമീറുശ്ശുഅറാഅ് അഹ്മദ് ശൗഖി ഈജിപ്തിൻെറ മാത്രമല്ല, തൻെറ കാലത്തെ അറബുലോകത്തിൻെറ തന്നെ മഹാനായ കവിയാകുന്നു. ആധുനിക അറബിക്കവിതയ്ക്ക് ഇസ്ലാമികവികാരങ്ങൾ പകരാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുമുണ്ട്. അദ്ദേഹത്തിനു ശേഷം ഹാഫിസ് ഇബ്റാഹീമുമുണ്ട്. പക്ഷേ, അറബുലോകത്തിൻെറ ഒരററം മുതൽ മറ്റേ അററം വരെ തിരഞ്ഞാലും ഇഖ്ബാലിൻെറ സ്ഥാനമലങ്കരിക്കുന്ന ഒരു കവിയെ കണ്ടെത്താനാവില്ല. ഹൃദയത്തെ ഗാനശാലയാക്കാനും സാഹിത്യചക്രവാളത്തിൽ കാന്തികതരംഗങ്ങൾ സൃഷ്ടിക്കാനും മുസ്ലിംസമൂഹത്തിൻെറ മനഃസാക്ഷി ഉണർത്താനും സാധിക്കുന്ന വിധം ഇസ്ലാമിൻെറ ഒട്ടുകസംഘത്തിനു പാട്ടു പാടിക്കൊടുക്കുന്ന ഹദികാൻെറ ദൗത്യം ഇഖ്ബാലിനെപ്പോലെ നിർവഹിക്കാനാരുണ്ട്?[4]

കലാസാഹിത്യങ്ങൾക്കു നേതൃത്വം നൽകാൻ പോന്ന പരിവർത്തനപരമായ വീക്ഷണമാണ് ഇഖ്ബാലിൻെറത്. ഈ പുണ്യനഗരത്തിലെ പാവനമായ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ടു സാഹിത്യകാരൻമാരോടും നിരൂപകൻമാരോടും എനിക്കു പറയാനുള്ളതു തിൻമ നിറഞ്ഞ സാഹചര്യങ്ങളെ നൻമയിലേക്കു നയിക്കാവുന്ന വിധം അറബുസാഹിത്യത്തെ രൂപകൽപന ചെയ്തും അതിനെ ഉപരിപ്ളവമായ വൈകാരികതയിൽ നിന്നു മോചിപ്പിച്ചും ഉന്നതമായ ലക്ഷ്യങ്ങളിലെത്തിക്കണമെന്നാണ്.

വിശുദ്ധ ഖുർആൻ അതിൻെറ വിശിഷ്ടശൈലിയിൽ ജീർണസാഹിത്യത്തെ 'വർണപ്പകിട്ടുള്ള വഞ്ചനാത്മകമായ വാക്ക് ' എന്നാണു വിളിക്കുന്ന

---

4. അറബു ലോകത്തെ ഗദ്യസാഹിത്യവും പത്രപ്രവർത്തനവും പുരോഗതി പ്രാപിക്കുമ്പോൾ കവിതാസാഹിത്യം പിറകോട്ടടിക്കുന്നത് അവിടത്തെ നിരൂപകൻമാരും സാഹിത്യകാരൻമാരും ചരിത്രകാരൻമാരും തങ്ങളുടെ പഠനഗവേഷണങ്ങൾക്കു വിഷയമാക്കി ഈ പ്രവണതയുടെ കാരണങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. എന്തുകൊണ്ടാണ് അതുല്യമായ *മുസദ്ദസ്* രചിച്ച ഖാജാ അൽതാഫ് ഹുസൈൻ ഹാലി, 'കാലഘട്ടത്തിൻെറ നാവ്' എന്നു വിശേഷിപ്പിക്കപ്പെട്ട മീർ അക്ബർ ഹുസൈൻ ഇലാഹാബാദി, ഇന്ത്യൻ മുസ്ലിംകളുടെ ശക്തനായ ഇസ്ലാമികകവി മൗലാനാ സഫർ അലിഖാൻ, *ശാഹ് നാമയെ ഇസ്ലാം* എന്ന കാവ്യഗ്രന്ഥത്തിൻെറ കർത്താവായ ഹാഫിസ് ജലന്ധരി, അല്ലാമാ ഇഖ്ബാൽ എന്നീ ഇന്ത്യക്കാരെപ്പോലുള്ള കവികൾ അറബികൾക്കിടയിൽ ഉണ്ടാകാതെ പോയത്?

www.abulhasanalinadwi.org

ത്. ഉപരിപ്ളവതയുടെ കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. നമ്മുടെ മുമ്പിലുള്ളതിലധികവും ഉപരിപ്ളവമായ സാഹിത്യമാണ്. പക്ഷേ, നമ്മുടെയും നമ്മുടെ കാലഘട്ടത്തിൻെറയും വിശിഷ്യാ അറബുലോകത്തിൻെറയും ഏററവും വലിയ ആവശ്യം സോദ്ദേശ്യസാഹിത്യമാകുന്നു. ജീവിതവും കരുത്തും ഔന്നത്യവും ഉയർത്തിപ്പിടിച്ച് അഗാധത പ്രദാനം ചെയ്യാനും ഇസ്ലാമിൻെറ മാനവികമായ സന്ദേശം വഹിക്കാനും അതിനു മാത്രമെ സാധിക്കൂ.

ഇപ്പോൾ ഇത്രമാത്രം പറയാനേ അവസരമുള്ളൂ. സമയത്തിൻെറ ഇടുക്കം പരിഗണിച്ചു ഞാൻ ഉപസംഹരിക്കുന്നു. മസ്ജിദുന്നബവിയിൽ ഇശാ പ്രാർഥന നിർവഹിക്കുന്നതിൻെറ സൗഭാഗ്യം നമുക്കു കരസ്ഥമാക്കേണ്ടതുണ്ട്; ഇൻശാ അല്ലാഹ് !

അസ്സലാമു അലൈകും വറഹ്മതുല്ലാഹി വബറകാതുഹു!

www.abulhasanalinadwi.org

"അല്ലാഹു തആലാ പഞ്ചാബിൽ രണ്ടു വ്യക്തികളെ ജനിപ്പിച്ചു. (മൗലാനാ സയ്യിദ് മുഹമ്മദലി മോംഗീരി(റ), മൗലാനാ സനാഉല്ലാഹ് അമൃതസരി(റ), മൗലാനാ മുഹമ്മദ് ഹുസൈൻ ബട്ടാലവി (റ), അല്ലാമാ അൻവർ ശാഹ് കശ്മീരി(റ), മൗലാനാ സയ്യിദ് അതാഉല്ലാഹ് ശാഹ് ബുഖാരി(റ), പ്രൊ. ഇല്യാസ് ബർണി, മൗലാനാ സയ്യിദ് അബുൽ അഅ്ലാ മൗദൂദി എന്നിവരെ തൽക്കാലം മാററിവയ്ക്കുക. അവരിൽ ഓരോരുത്തരുടെയും സേവനങ്ങൾ വിവരിക്കാൻ ഓരോ പുസ്തകം തന്നെ വേണ്ടിവരും.) അവരെ നിങ്ങൾ ദുആകളിൽ ഓർക്കണമെന്ന് അപേക്ഷിക്കുന്നു. അല്ലാമാ ഇഖ്ബാലും *സമീന്ദാറി*ൻെറ പത്രാധിപർ മൗലാനാ സഫർ അലി ഖാനുമാണ് ഈ രണ്ടുപേർ. ഇവരിരുവരും പ്രവർത്തനഗോദയിൽ ഇറങ്ങിയിട്ടില്ലായിരുന്നുവെങ്കിൽ നമ്മുടെ (മതപണ്ഡിതരുടെ) ഭാഷ മനസ്സിലാകാത്ത പുതിയ തലമുറയെ രക്ഷപ്പെടുത്താൻ പ്രയാസപ്പെടുമായിരുന്നു."

–മൗലാനാ സയ്യിദ് അബുൽഹസൻ അലി നദ്‌വി
(*നബീ ഖാതിം ഒ ദീനെ കാമിൽ* എന്ന കൃതിയിൽനിന്ന്)

www.abulhasanalinadwi.org

www.abulhasanalinadwi.org



വിവർത്തനകൃത്യത്തിനായി ഗ്രന്ഥകാരൻ പുസ്തകത്തിൻെറ ഒരു പ്രതി എറണാകുളത്തുവച്ചു പരിഭാഷകനു കൈമാറുന്നു.

www.abulhasanalinadwi.org

With the Compliments of the Author
presented to me Abdussamad
Samadani with the hope
of rendering it to Malyalam

S. A. Abul Hasan Ali
Nadwi

Ernakulam 14/11/65

ഗ്രന്ഥകാരൻ ഒപ്പിട്ടു നൽകിയ കുറിപ്പോടു കൂടിയ പേജ്.

www.abulhasanalinadwi.org